ഹയർ സെക്കണ്ടറി തുല്യത കോഴ്സ്

രണ്ടാം വർഷം

XII

മലയാളം

സ്വയംപഠന സാമഗ്രി

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്:

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (KSLMA)

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2020

ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാ ഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by:

Kerala State Literacy Mission Authority (KSLMA)

'Aksharam', Near Pettah Govt. Boys HSS, Pettah P.O., Thiruvananthapuram-24
Ph: Off . (0471) 2472253/2472254 Tele-Fax : (0471) 2462252)
E-mail : info.kslma@kerala.gov.in, Web: www.literacymissionkerala.org

State Council of Educational Reserach and Training (SCERT)

Poojappura, Thiruvananthapuram-695012, Kerala
Website: www.scertkerala.gov.in e-mail: scertkerala@gmail.com
Phone: 0471 - 234183, Fax : 0471 - 234869

First Edition	:	2016
Second Edition	:	2018
Third Edition	:	2020
Typesetting & Layout	:	KSLMA
Cover design	:	KSLMA
Printed at	:	
Price	:	**Rs. 100**

(C) Department of Education, Government of Kerala

ആമുഖം

പ്രിയ പഠിതാക്കളേ,

മലയാള ഭാഷയുടെ സൗന്ദര്യവും മാധുര്യവും ശ്രേഷ്ഠതയും നുകരാൻ നിങ്ങൾക്കായി ഒരുക്കിയതാണ് ഈ പുസ്തകം. ഈ പുസ്തകത്തിലെ രചനകൾ ഒരേസമയം അറിവും ആഹ്ലാദവും നൽകുന്നവയാണ്. ചിരിക്കാനും ചിന്തിക്കാനും സാഹിത്യരൂപങ്ങൾ ആസ്വദിക്കാനും സ്വന്തം രചനകളിൽ ഏർപ്പെടാനും അവസരം നൽകുന്നതാണ് ഈ സ്വയം പഠനസാമഗ്രി. ഭാഷയും സംസ്കാരവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മാതൃഭാഷയോടും ദേശത്തോടും സ്നേഹവും ആദരവും വളർത്താൻ ഉതകുന്ന മികച്ച സാഹിത്യരചനകൾ ഉൾക്കൊള്ളുന്ന ഈ പഠനസാമഗ്രി അഭിമാനപൂർവം നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു.

ഡോ. ജെ.പ്രസാദ്
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

മൗലിക കർത്തവ്യങ്ങൾ

51. ക. മൗലിക കർത്തവ്യങ്ങൾ- താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്.

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക.

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക.

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക.

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവുവരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക.

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യുക.

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം നിലനിർത്തുകയും ചെയ്യുക.

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക.

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിന്നാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടികൾക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതിപോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

പഠിതാക്കളോട്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 1998ൽ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടികളിൽ ഏറ്റവും ശ്രദ്ധേയവും ജനകീയവുമാണ് തുല്യതാപരിപാടി. നവസാക്ഷരർ, സ്കൂളിൽനിന്ന് കൊഴിഞ്ഞുപോയവർ തുടങ്ങി ഔപചാരിക വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കാതെ പോയവർക്ക് അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ തുടർപഠനത്തിന് സാക്ഷരതാമിഷൻ അവസരം നൽകുന്നു. നാലാം തരം, ഏഴാംതരം, പത്താംതരം തുല്യതയിലൂടെ വിജയിച്ച ആയിരക്കണക്കിനാളുകൾക്ക് ഉപരിപഠനത്തിനും സ്ഥാനക്കയറ്റത്തിനും ഇതിലൂടെ അവസരവും ലഭിച്ചിട്ടുണ്ട്.

ഔപചാരികവിദ്യാഭ്യാസത്തിന്റെ പഠനാനുഭവങ്ങൾ പൂർണമായി ലഭിക്കാത്തവരും പലവിധ കാരണങ്ങളാൽ പഠനം പാതിവഴിയിൽ നിർത്തേണ്ടിവന്നവരും ജീവിതായോധനത്തിനായി വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ് തുല്യതാപഠനത്തിലെ ബഹുഭൂരിപക്ഷം പഠിതാക്കളും. ജീവിതത്തെ ആഴത്തിൽ മനസ്സിലാക്കാനും വസ്തുനിഷ്ഠമായി സമീപിക്കാനും കഴിയുന്ന പഠനരീതിയാണ് സ്വയംപഠന സാമഗ്രികളിൽ സ്വീകരിച്ചിരിക്കുന്നത്.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റുപാഠപുസ്തകങ്ങളിൽനിന്ന് വ്യത്യസ്തമായി 'സ്വയം പഠന സാമഗ്രി'കളാണ് സാക്ഷരതാ മിഷൻ തയാറാക്കിയിട്ടുള്ളത്. എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക സഹകരണത്തോടെ പരിചയസമ്പന്നരായ അധ്യാപകരുടെയും അനൗപചാരികവിദ്യാഭ്യാസ വിദഗ്ധരുടെയും മേൽനോട്ടത്തിൽ ശാസ്ത്രീയമായ രീതിയിൽ മുതിർന്നവരുടെ ബോധനശാസ്ത്രത്തിന്റെ വെളിച്ചത്തിൽ നിരവധി ശില്പശാലകളിലൂടെയാണ് പഠനസാമഗ്രികൾ തയാറാക്കിയിട്ടുള്ളത്. സ്ഥിതിസമത്വം, സാമൂഹികനീതി, ജനാധിപത്യബോധം, മതേതരത്വം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക, തൊഴിൽ/സംരംഭകത്വശേഷിക്ക് സഹായകമായ നേതൃപാടവം, ആശയവിനിമയശേഷി, സംഘാടക നൈപുണി തുടങ്ങിയ വികസിപ്പിക്കുക എന്നിവ ഇതിന്റെ ലക്ഷ്യങ്ങളാണ്. പരീക്ഷാനടത്തിപ്പ്, മൂല്യനിർണയം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ നടത്തുന്നത് പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള ഹയർ സെക്കണ്ടറി ഡയറക്ടറേറ്റാണ്.

ഈ കോഴ്സിന് ആവശ്യമായ സ്വയംപഠനസാമഗ്രികൾ തയാറാക്കുന്നതിന് സഹായിച്ച അനൗപചാരികവിദ്യാഭ്യാസവിദഗ്ധർ, ഹയർ സെക്കണ്ടറി/കോളജ് അധ്യാപകർ, ഉദ്യോഗസ്ഥർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു. സമ്പർക്കപഠന ക്ലാസുകൾക്ക് നേതൃത്വം നൽകുന്ന അധ്യാപകർക്കും മറ്റ് സഹപ്രവർത്തകർക്കും ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

ഡോ.പി.എസ്.ശ്രീകല

ഡയറക്ടർ

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

ശില്പശാലയിൽ പങ്കെടുത്തവർ

അധ്യാപകർ

1. എൻ.കാർലോസ്	ജി.എച്ച്.എസ്.എസ്, കോയിക്കൽ കൊല്ലം
2. സൈജു ചാവർകാട്	ഗവ.ഗേൾസ്. എച്ച്.എസ്.എസ് ചേർത്തല
3. ഡോ.ഹേമ വി.കൃഷ്ണൻ	എൻ.എസ്.എസ് എച്ച്.എസ്.എസ്, കരുവാറ്റ ആലപ്പുഴ
4. രതീഷ് കുമാർ.ബി	ജി.എച്ച്.എസ്.എസ്, തണ്ണീർമുക്കം ആലപ്പുഴ
5. റെജിൻ. ടി.പി	ജി.എച്ച്.എസ്.എസ്, എഴുമറ്റൂർ പത്തനംതിട്ട

വിദഗ്ധസമിതി

ഡോ.സി.നാരായണപിള്ള	പ്രിൻസിപ്പൽ, ഇമ്മാനുവൽ B.Ed കോളേജ്
ഡോ.പി.സത്യനേശൻ	റിട്ട.എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി

അക്കാദമിക് ചുമതല

എം.സി.ജോസ്കുട്ടി	റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

കോഡിനേഷൻ

കെ.അയ്യപ്പൻനായർ	അസി.ഡയറക്ടർ (തുല്യത & അക്കാദമിക്) സംസ്ഥാന സാക്ഷരതാ മിഷൻ

കോഡിനേഷൻ സഹായം

റിയാന അൻസാരി	പ്രോഗ്രാം ഓഫീസർ, സംസ്ഥാന സാക്ഷരതാ മിഷൻ
ബീന എ.ആർ	പ്രോഗ്രാം ഓഫീസർ, സംസ്ഥാന സാക്ഷരതാ മിഷൻ
എം.എം.ഷറഫുദീൻ	കോർഡിനേറ്റർ(തുല്യത), സംസ്ഥാന സാക്ഷരതാ മിഷൻ

ഉള്ളടക്കം

1 മാനവികം 9

1. ഗാന്ധാരീ വിലാപം – എഴുത്തച്ഛൻ
2. വെള്ളപ്പൊക്കത്തിൽ – തകഴി ശിവശങ്കരപിള്ള
3. പെങ്ങൾ – ഒ.എൻ.വി
4. ഉദാത്തമായ സന്ദേശങ്ങൾ – ഡോ. എ. പി. ജെ. അബ്ദുൾ കലാം

2 മുദ്രകൾ 52

1. വളയിട്ട കൈകൾ – കലാപഠനം
2. സുകൃതം – എം. ടി. വാസുദേവൻനായർ
3. പത്രമാധ്യമങ്ങളുടെ പ്രസക്തി – കെ. കെ. ശ്രീധരൻനായർ

3 അതിജീവനം 91

1. കോഴി – കടമ്മനിട്ട രാമകൃഷ്ണൻ
2. അതിരുകളില്ലാത്ത സ്നേഹം – ഡോ. വി. പി. ഗംഗാധരൻ
3. ജീവന്റെ വഴി – ടി. പത്മനാഭൻ
4. നാടോടികളും വീട്ടുകാരും – എസ്. ജോസഫ്

4 കാഴ്ചപ്പാട് 139

1. ഉദ്ബോധനം – ഉള്ളൂർ. എസ്. പരമേശ്വരയ്യർ
2. ഗൗളിജന്മം – ഗ്രേസി
3. ജൈവകൃഷി – ഡോ. ആർ. പ്രകാശ്, ഡോ. കെ. രാജ്മോഹൻ

1

മാനവികം

ആധുനികലോകം ആഗോളഗ്രാമമായി മാറിക്കഴിഞ്ഞു. എന്നാൽ അത് സൃഷ്ടിച്ച സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾ ലോകത്താകമാനം അശാന്തിയും അസഹിഷ്ണുതയും വളർത്തുന്നു. ഉപഭോഗജീവിതം മനുഷ്യരെ സ്വാർഥതയിലേക്കും ആർത്തിയിലേക്കും നയിക്കുന്നു. എന്തിലും ലാഭംമാത്രം പ്രതീക്ഷിക്കുന്നവർക്ക് സ്നേഹം, ദയ, സഹിഷ്ണുത മുതലായ മാനവികമൂല്യങ്ങളിൽ വിശ്വാസമില്ല. ഭൗതികമായി നാം വികസിക്കുമ്പോഴും പ്രാദേശികവാദങ്ങളും മൗലികവാദങ്ങളും ജനജീവിതത്തിന് വെല്ലുവിളി ഉയർത്തുന്നു. മൂല്യാധിഷ്ഠിതജീവിതം നയിക്കുന്ന സമൂഹമായി നാം രൂപാന്തരപ്പെടുന്നില്ലെങ്കിൽ ഭാവിജീവിതം ശുഭകരമായിരിക്കില്ല. മാനവികമൂല്യങ്ങൾ തിരിച്ചുപിടിക്കാൻ പഠിതാക്കളെ പ്രാപ്തമാക്കേണ്ടതുണ്ട്. അത് ലക്ഷ്യമാക്കി 'മാനവികം' എന്ന യൂണിറ്റിൽ നാല് പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. യുദ്ധത്തിന്റെ ദുരന്തചിത്രീകരണത്തിലൂടെ യുദ്ധവിരുദ്ധസന്ദേശം തലമുറകൾക്ക് പകരാൻ പ്രാപ്തമാണ് എഴുത്തച്ഛന്റെ മഹാഭാരതം കിളിപ്പാട്ടിലെ 'ഗാന്ധാരീവിലാപം' കാവ്യഭാഗം. മരിക്കുവോളം യജമാനസ്നേഹം മറക്കാത്ത നായയുടെ ദുരന്തം അവതരിപ്പിക്കുന്ന തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ' എന്ന കഥ സഹജീവികളോടുള്ള മനുഷ്യന്റെ മനോഭാവങ്ങൾക്കുനേരെ വിരൽചൂണ്ടുന്നു. സ്ത്രീയെ അമ്മയായി ആദരിക്കുന്ന ഭാരതീയത പെങ്ങളെയും അമ്മയ്ക്ക് സമമായി കാണുന്നു. ഏത് പെണ്ണിന്റെ സങ്കടവും സ്വന്തം പെങ്ങളുടേത് പോലെ ഹൃദയത്തിൽ ഏറ്റുവാങ്ങാൻ പുരുഷന് കഴിയണമെന്ന് ഒ.എൻ.വി.യുടെ 'പെങ്ങൾ' എന്ന കവിത ഓർമ്മിപ്പിക്കുന്നു. ഡോ.എ.പി.ജെ അബ്ദുൾ കലാമിന്റെ 'ജ്വലിക്കുന്ന മനസ്സു'കളിൽ നിന്നെടുത്ത 'ഉദാത്തമായ സന്ദേശങ്ങൾ' എന്ന ആത്മകഥാഭാഗം അദ്ദേഹത്തിന്റെ വിദ്യാർഥി ജീവിതകാലഘട്ടത്തിലെ ഏതാനും അവിസ്മരണീയ മുഹൂർത്തങ്ങളാണ്. മതേതരചിന്തയും സഹവർത്തിത്വവും ബാല്യംമുതൽ കുട്ടികളിലുണ്ടാവാൻ മുതിർന്നവർ ശ്രദ്ധിക്കേണ്ടതാണെന്ന സന്ദേശമാണ് പാഠം നല്കുന്നത്.

പഠനനേട്ടങ്ങൾ

- വിവിധസാഹിത്യരചനകൾ വിശകലനം ചെയ്ത് മാനവികയുടെ അനിവാര്യത ബോധ്യപ്പെടുകയും അതിനെ അടിസ്ഥാനമാക്കിയുള്ള പ്രഭാഷണങ്ങൾ, പ്രസംഗങ്ങൾ എന്നിവ തയാറാക്കുകയും ചെയ്യുന്നു.
- മാനവികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലഘുചിത്രങ്ങളും ഡോക്യുമെന്ററികളും നിർമ്മിക്കുന്നു.
- മനുഷ്യനും പ്രകൃതിയും വരുത്തിവയ്ക്കുന്ന ദുരന്തങ്ങളുടെ ഭീകരത വെളിവാക്കുന്ന ചിത്രങ്ങൾ, വാർത്തകൾ തുടങ്ങിയവ ശേഖരിച്ച് പ്രദർശനംനടത്തുന്നു.
- മാനവമൈത്രി, സാഹോദര്യം, മതേതരത്വം എന്നിവ വിഷയമാക്കി കഥ, കവിത, ലേഖനം തുടങ്ങിയ രചനകളിൽ ഏർപ്പെടുകയും സാഹിത്യസദസ്സുകളിൽ അവതരിപ്പിക്കുകയുംചെയ്യുന്നു.
- യുദ്ധം വരുത്തിവയ്ക്കുന്ന വിനാശത്തെയും അത് ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയെയും സംബന്ധിച്ച പ്രബന്ധങ്ങൾ തയാറാക്കുകയും സെമിനാറുകളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.
- യുദ്ധത്തിന്റെ ദുരന്തം നേരിട്ട് അറിയുന്നവരെ കണ്ടെത്തുകയും ചോദ്യാവലി തയാറാക്കി അഭിമുഖം നടത്തുകയും ചെയ്യുന്നു.
- സമാധാനം. സ്ത്രീസുരക്ഷ, മതേതരത്വം, സഹജീവിസ്നേഹം എന്നിവയുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ പോസ്റ്ററുകൾ, പ്ലക്കാർഡുകൾ, മുദ്രാഗീതങ്ങൾ, സന്ദേശവാക്യങ്ങൾ തുടങ്ങിയവ തയാറാക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.
- മാനവികത പ്രമേയമായിവരുന്ന കഥ, കവിത തുടങ്ങിയവ വിശകലനംചെയ്ത് ആസ്വാദനാംശങ്ങൾ കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നു.
- ഒരു സാഹിത്യരചനയെ ആശയച്ചോർച്ചയില്ലാതെ വ്യത്യസ്തവ്യവഹാരരൂപങ്ങളിൽ അവതരിപ്പിക്കുന്നു.

1

ഗാന്ധാരീ വിലാപം

എഴുത്തച്ഛൻ

കണ്ടീലയോ നീ മുകുന്ദാ! ധരണിയി-
ലുണ്ടായ മന്നരിൽ മുമ്പൻ ഭഗദത്തൻ
തൻകരിവീരനരികേ ധനുസ്സുമായ്
സംക്രന്ദനാത്മജനെയ്ത ശരത്തിനാൽ
വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ! ശിവ!
നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ.
ചൊല്ലെഴുമർജുനൻ തന്റെ തിരുമകൻ
വല്ലവീവല്ലഭ! നിന്റെ മരുമകൻ.
കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻതന്നെനീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ
അല്ലലാകുന്നുതേ കണ്ടതോറുമിനി-
ക്കൊല്ലായ്കിലും പൊളിയല്ലിതു ദൈവമേ!
മന്ദസ്മിതം പൂണ്ടു സുന്ദരമാം മുഖ-
മിന്ദീവരേക്ഷണ! കണ്ടാൽ പൊറുക്കുമോ?
എത്രയും ബാലയായ് മേവിനോരുത്തര
ചിത്തമുഴന്നലറുന്നതു കാൺക നീ
സുന്ദരിയായ സുഭദ്രയും ഭൂമിയിൽ
ക്രന്ദനം ചെയ്തരുളുന്നതു കാൺക നീ
അല്ലൽപൂണ്ടിങ്ങനെ ഞങ്ങൾ കേഴുന്നതി-
ലില്ലയോ ഖേദം ചെറുതു നിന്മാനസേ?

പദപരിചയം: *ധരണി - ഭൂമി, കരി-ആന, ശോണിതം - രക്തം, മരതകം -നവരത്നങ്ങളിലൊന്ന്, ചൊല്ലെഴും - കീർത്തികേട്ട, അല്ലൽ - ദുഃഖം, ക്രന്ദനം - കരച്ചിൽ, ഖേദം - പരിഭവം, ആത്മജൻ - പുത്രൻ, പുക്കാൻ - അവൻ പ്രവേശിച്ചു,*

കല്ലുകൊണ്ടോ മനം താവകമാകില-
ക്കല്ലിനുമാർദ്രതയുണ്ടിതുകാണുമ്പോൾ.
അല്ലേ! ഘടോൽക്കചനായ ഭീമാത്മജ-
നല്ലോ കിടക്കുന്നതങ്ങതിനപ്പുറം.
നീലമലപോലെ കർണ്ണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലൻപുരിപുക്കാൻ
കണ്ഠം മുറിഞ്ഞു ജയദ്രഥൻ തന്നുടൽ
കണ്ടാലുമർജുനനെയ്ത ശരത്തിനാൽ
എന്മകൾ ദുശ്ശള കേഴുന്നതോർത്തുള്ളി-
ലെന്മനം വെന്തുരുകുന്നു ശിവ! ശിവ!
ദ്രോണരെ സംസ്കരിച്ചോരു നിലമതാ
കാണായതാരണനായതതല്ലയോ?
ധൃഷ്ടതയുള്ള ധൃഷ്ടദ്യുമ്നനേറ്റവും
ശിഷ്ടനായോരു ഗുരുവിനെക്കൊല്ലുവാൻ
മറ്റൊരുത്തന്നു തോന്നീടുമോ മാനസേ
മുറ്റുമിവനൊഴിഞ്ഞോർക്കിൽ മഹാമതേ!

(മഹാഭാരതം കിളിപ്പാട്ട് സ്ത്രീപർവം)

താവകം- നിന്റെ, ആർദ്രത-അലിവ്, ധൃഷ്ടത - അഹങ്കാരം, ആത്മൻ-പ്രധാനൻ

അവധാരണചോദ്യങ്ങൾ

1. 'നല്ല മരതകക്കല്ലിനോടൊത്തൊരു കല്യാണരൂപൻ' എന്ന് സംബോധനചെയ്യുന്നത് ആരെ?
2. കർണൻ പ്രയോഗിച്ച വേലുതറച്ച് ഘടോൽക്കചൻ വീണതെങ്ങനെ?
3. ഗുരുദ്രോണർക്ക് സംഭവിച്ചതെന്ത്?
4. ഗാന്ധാരി വിലാപത്തോടെ കൃഷ്ണനോട് പറഞ്ഞകാര്യങ്ങൾ എന്തെല്ലാം?
5. 'കൊല്ലാതെ കൊള്ളാഞ്ഞതെന്തേ' എന്ന് ഗാന്ധാരി കൃഷ്ണനോട് ചോദിക്കുന്നതിന്റെ കാരണമെന്ത്?

അവധാരണചോദ്യങ്ങളുടെ ഉത്തരസൂചിക

1. അഭിമന്യുവിനെ
2. നീലമലപോലെ
3. ധൃഷ്ടദ്യുമ്നൻ യാതൊരു കരുണയുമില്ലാതെ ഗുരുദ്രോണരെ വീഴ്ത്തി.
4. കൊല്ലിക്കുന്നത് കൃഷ്ണന് രസമാണ്. ദു:ഖാർത്തരായി ഞങ്ങൾ വിലപിക്കുന്നതിൽ നിനക്ക് അശേഷം സങ്കടമില്ലേ. നിന്റെ ഹൃദയം കല്ലുകൊണ്ടു നിർമ്മിച്ചതാണോ?. കല്ലാണെങ്കിൽ അതിനുപോലും ആർദ്രത ഉണ്ടാകും.
5. പാണ്ഡവർക്കും കൗരവർക്കും ഏറെ പ്രിയപ്പെട്ട മക്കളും ചെറുമക്കളും ഗുരുക്കളും ബന്ധുക്കളുമാണ് യുദ്ധക്കളത്തിൽ വീണുപോയത്. കുരുകുലത്തെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം കൃഷ്ണനുണ്ടായിരുന്നു എന്ന് ഗാന്ധാരി കരുതുന്നു.

പാഠപ്രഥനം

മഹാഭാരതം കിളിപ്പാട്ടിലെ ശ്രദ്ധേയഭാഗമാണ് ഗാന്ധാരീവിലാപം. കുരുക്ഷേത്രയുദ്ധഭൂമിയിലെത്തിയ ഗാന്ധാരി, യുദ്ധത്തിൽ മരിച്ചവരെയും പരിക്കേറ്റുകിടക്കുന്നവരെയും കാണുന്നു. ഹൃദയഭേദകമായ ഈ കാഴ്ച ഗാന്ധാരിയിലുണ്ടാക്കിയ നടുക്കവും വേദനയുമാണ് കണ്ണീരായും ഗദ്ഗദമായും പുറത്തുവരുന്നത്.

യുദ്ധത്തിന് കാരണക്കാരനായ ശ്രീകൃഷ്ണനെ വിളിച്ചാണ് ഗാന്ധാരി വിലപിക്കുന്നത്. കൃഷ്ണൻ വിചാരിച്ചിരുന്നെങ്കിൽ ഈ യുദ്ധം ഒഴിവാക്കാമായിരുന്നു എന്ന ചിന്ത ഗാന്ധാരിക്കുണ്ട്. വീണുകിടക്കുന്ന ഭഗദത്തൻ, അഭിമന്യു മുതലായവരുടെ പൊന്നോമനമുഖങ്ങൾ കാണുന്ന ഗാന്ധാരിക്ക് സഹിക്കാനാവുന്നില്ല. "കൊല്ലിക്കയത്രേ നിനക്കു രസമെടോ" എന്ന് കൃഷ്ണനെ അവൾ കുറ്റപ്പെടുത്തുന്നു.

ഉത്തരയുടെയും സുഭദ്രയുടെയും കരച്ചിൽ ഹൃദയഭേദകമാണ്. യുദ്ധത്തിന്റെ ദുരിതം പേറുന്ന സ്ത്രീകളുടെയാകെ പ്രതിനിധികളായി മാറുകയാണ് ഗാന്ധാരിയും ഉത്തരയും സുഭദ്രയും. ഈ ദു:ഖം കണ്ടിട്ടും കുലുക്കമില്ലാതിരിക്കുന്ന കൃഷ്ണനോട് ഗാന്ധാരി ചോദിക്കുന്നു. 'നിന്റെ ഹൃദയം കല്ലുകൊണ്ടാണോ നിർമ്മിച്ചിരിക്കുന്നത്. കല്ലാണെങ്കിൽ ആ കല്ലിനുപോലും ഇത്തരം കാഴ്ച കണ്ടാൽ ആർദ്രത ഉണ്ടാകും'. കൃഷ്ണന്റെ ഹൃദയകാഠിന്യമാണ് ഗാന്ധാരി സൂചിപ്പിക്കുന്നത്.

കർണന്റെ വേൽപ്രയോഗത്തിൽ നീലമല പോലെ വീണുകിടക്കുന്ന ഘടോൽക്കചനും കഴുത്തറ്റുകിടക്കുന്ന ജയദ്രഥനും നിലവിളിക്കുന്ന ദുശ്ശളയും ഗാന്ധാരിയെ തീവ്രദു:ഖത്തിലാഴ്ത്തുന്നു.

ഗുരുവായ ദ്രോണരെ സംസ്കരിച്ച സ്ഥലം കാണുമ്പോൾ ഗുരുഘാതിയായ ധൃഷ്ടദ്യുമ്നന്റെ ക്രൂരത എത്രകടന്നു പോയി എന്ന് ഗാന്ധാരിവിലപിക്കുന്നു.

യുദ്ധത്തിനെതിരായ മനോഭാവം വളർത്തുന്നതിനും യുദ്ധത്തിന്റെ ഭീകരത ഏറ്റവും ശക്തമായി ആവിഷ്കരിക്കുന്നതിനും സഹായകമായ പാഠഭാഗമാണിത്. യുദ്ധം ഒരിക്കലും സമാധാനത്തിനുവേണ്ടിയല്ല. അത് നന്മതിന്മകളെ വേർതിരിക്കുന്നില്ല. യുദ്ധം സർവനാശകമാണെന്നും മാനവികതയ്ക്ക് എതിരാണെന്നും എഴുത്തച്ഛൻ ഗാന്ധാരീവിലാപത്തിലൂടെ ഉദ്ഘോഷിക്കുന്നു. ഭാവിതലമുറയിൽ യുദ്ധവിരുദ്ധമനോഭാവം സൃഷ്ടിക്കുന്നതിനുള്ള ആഹ്വാനം കൂടിയാണ് പാഠഭാഗം.

അപഗ്രഥനചോദ്യങ്ങൾ

1. യുദ്ധക്കളത്തിലെത്തുന്ന ഗാന്ധാരിക്ക് ശത്രുമിത്രഭേദം തോന്നുന്നില്ല. എന്തായിരിക്കാം അതിന്റെ കാരണം? നിരീക്ഷണക്കുറിപ്പെഴുതുക.
2. മരിച്ചുപോയവർക്കുവേണ്ടിയല്ല ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയാണ് ഗാന്ധാരി വിലപിക്കുന്നത്- പ്രതികരണക്കുറിപ്പ് തയാറാക്കുക.
3. യുദ്ധരംഗത്തെ ഏതെല്ലാം കാഴ്ചകളാണ് ഗാന്ധാരിയെ വേദനിപ്പിക്കുന്നത്? പാഠഭാഗം പരിശോധിച്ച് കുറിപ്പുതയാറാക്കുക
4. 'നീലമല പോലെ കർണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലപുരി പുക്കാൻ'
ഈ വരികളിലെ പ്രയോഗഭംഗി കണ്ടെത്തി കുറിപ്പെഴുതുക

അപഗ്രഥനചോദ്യങ്ങളുടെ ഉത്തരസൂചിക

1. * യുദ്ധത്തിൽ വീണുപോയവരെല്ലാം ഗാന്ധാരിയുടെ മക്കളോ ചെറുമക്കളോ ബന്ധുക്കളോ ആണ്
   * മനംതകർക്കുന്ന കാഴ്ചകൾ
   * ഇരുഭാഗത്തിനും വേണ്ടിയുള്ള വിലാപം

2. * യുദ്ധം സർവനാശകം
   * ചരിത്രമുണ്ടായകാലം മുതൽ യുദ്ധമുണ്ട്
   * യുദ്ധം യാതൊന്നിനും പരിഹാരമല്ല.
   * സമാധാനവും ശാന്തിയും സ്ഥാപിക്കേണ്ടത് മനുഷ്യനന്മയ്ക്ക് അനിവാര്യം.
   * ഭാവിതലമുറയുടെ ക്ഷേമം നമ്മുടെ കടമയാണ്.

3. * ഭഗദത്തന്റെ വീഴ്ച.
   * അഭിമന്യു, ഘടോൽക്കചൻ എന്നിവരുടെ പതനം
   * ഉത്തരയുടെയും സുഭദ്രയുടെയും വിലാപവും ദു:ഖവും
   * ജയദ്രഥന്റെ മരണവും ദുശ്ശളയുടെ സങ്കടവും
   * ദ്രോണരുടെ മൃത്യു, ധൃഷ്ടദ്യുമ്നന്റെ ഗുരുനിന്ദ

4. * ഘടോൽക്കചനെ നീലമലയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.
   * ലളിതപദപ്രയോഗത്തിലുള്ള അലങ്കാരകല്പന സൃഷ്ടിക്കുന്ന ഭംഗി
   * ഘടോൽക്കചന്റെ രൂപം, നിറം, പ്രാധാന്യം എന്നിവ പ്രകാശിപ്പിക്കൽ
   * ഘടോൽക്കചന്റെ വീഴ്ച കുരുകുലത്തിന്റെ വീഴ്ചയായി കാണുന്ന ഗാന്ധാരിയുടെ മനോഭാവം.

വിലയിരുത്തൽ ചോദ്യങ്ങൾ

1. "നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ".
ഈ കല്പനയുടെ ഔചിത്യം പരിശോധിച്ച് കുറിപ്പുതയാറാക്കുക

2. 'എല്ലാ യുദ്ധവും ദുരന്തങ്ങൾ മാത്രമാണ് സമ്മാനിക്കുന്നത്'. ഗാന്ധാരീവിലാപത്തെ അടിസ്ഥാനമാക്കി വിലയിരുത്തൽകുറിപ്പ് തയാറാക്കുക."

വിലയിരുത്തൽചോദ്യങ്ങളുടെ ഉത്തരസൂചിക

1.
- എഴുത്തച്ഛന്റെ ഭാഷാപ്രയോഗഭംഗി,
- അലങ്കാര പ്രയോഗം.
- വർണ്യവസ്തുവിന്റെ സൗന്ദര്യം, മൂല്യം.

2.
- യുദ്ധം എല്ലാത്തിനെയും നശിപ്പിക്കുന്നു
- ആർത്തിയും അസഹിഷ്ണുതയുമാണ് ആക്രമണങ്ങൾക്ക് പിന്നിൽ
- യുദ്ധം അനാഥത്വവും അനിശ്ചിതത്വവും സൃഷ്ടിക്കുന്നു
- യുദ്ധത്തിൽ ആത്യന്തികജയം ആർക്കുമില്ല.
- പാണ്ഡവരുടെയും കൗരവരുടെയും പതനം തന്നെയായിരുന്നു മഹാഭാരതയുദ്ധം
- യുദ്ധക്കളത്തിലെ ഭീകരക്കാഴ്ചകൾ.

തുടർപ്രവർത്തനങ്ങൾ

- യുദ്ധങ്ങൾക്കും അസഹിഷ്ണുതകൾക്കുമെതിരെ ബോധവൽക്കരണപ്രവർത്തനങ്ങൾക്ക് ആവശ്യമായ മൗനജാഥകൾക്ക് പ്ലക്കാർഡുകൾ നിർമ്മിക്കുക
- ഗാന്ധാരീവിലാപം ക്ലാസ്സിൽ ഏകാഭിനയ (മോണോ ആക്ട്)രൂപത്തിൽ അവതരിപ്പിക്കുക

വിപുലപഠനത്തിന്

- മഹാഭാരതം കിളിപ്പാട്ട് - എഴുത്തച്ഛൻ
- യുദ്ധം (കഥ) - ലൂയിപിരാന്റലോ
- എന്തുനേടി (കഥ) - ഏകലവ്യൻ
- പട്ടാളക്കാരൻ (കഥ) - തകഴി

ഗ്രന്ഥകാര പരിചയം

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ

എ.ഡി. പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. ഉത്തരകേരളത്തിലെ മലപ്പുറംജില്ലയിൽ പൊന്നാനിതാലൂക്കിൽ തിരൂർ തൃക്കണ്ടിയൂർ ക്ഷേത്രത്തിനുസമീപമുള്ള തുഞ്ചൻപറമ്പാണ് ജനനസ്ഥലം. ആധുനികമലയാളഭാഷയുടെ പിതാവ്, കിളിപ്പാട്ടിനെ ഭാഷയിലെ ഒരു കാവ്യപ്രസ്ഥാനമാക്കി വികസിപ്പിച്ചയാൾ, ഭക്തിപ്രസ്ഥാനത്തിന്റെ കേരളത്തിലെ മുഖ്യപ്രയോക്താവ് എന്നീ നിലകളിൽ പ്രശസ്തൻ. പ്രധാനകൃതികൾ: അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്, ഹരിനാമകീർത്തനം, ചിന്താരത്നം, ഇരുപത്തിനാലുവൃത്തം. ആധുനിക മലയാളഭാഷാപിതാവായ എഴുത്തച്ഛൻ പില്ക്കാലസാഹിത്യത്തിലും രചയിതാക്കളിലും ഗണ്യമായ സ്വാധീനം ചെലുത്തി.

2

വെള്ളപ്പൊക്കത്തിൽ

തകഴി ശിവശങ്കരപ്പിള്ള

നാട്ടിലെ പൊക്കംകൂടിയ സ്ഥലം ക്ഷേത്രമാണ്. അവിടെ, ദേവൻ കഴുത്തറ്റം വെള്ളത്തിൽ നില്ക്കുന്നു. വെള്ളം! സർവത്ര ജലം! നാട്ടുകാരെല്ലാം കര തേടിപ്പോയി. വീടുകാവലിന് ഒരാൾ, വള്ളമുണ്ടെങ്കിൽ ഉണ്ട്, ക്ഷേത്രത്തിലെ മൂന്നു മുറിയുള്ള മാളികപ്പുറത്ത് 67 കുടിയുണ്ട്. 356 ആളുകൾ, പട്ടി, പൂച്ച, ആട്, കോഴി മുതലായ വളർത്തുമൃഗങ്ങളും എല്ലാം ഐകമത്യമായി കഴിയുന്നു. ഒരു ശണ്ഠയുമില്ല.

ചേന്നപ്പറയൻ ഒരു രാത്രിയും ഒരു പകലുമായി വെള്ളത്തിൽതന്നെ നിൽക്കുന്നു. അവനു വള്ളമില്ല. അവന്റെ തമ്പുരാൻ മൂന്നായി പ്രാണനുംകൊണ്ട് കരപറ്റിയിട്ട്. ആദ്യം പുരയ്ക്കകത്തേക്ക് വെള്ളം എത്തിനോക്കിത്തുടങ്ങിയപ്പോഴേ മടലും കമ്പും കൊണ്ട് തട്ടും പരണും കെട്ടിയിരുന്നു. വെള്ളം പെട്ടെന്നിറങ്ങുമെന്നു കരുതി രണ്ടു ദിവസം അതിൽ കുത്തിയിരുന്നു കഴിച്ചുകൂട്ടി. കൂടാതെ നാലഞ്ചുവാഴക്കുലയും, ഒരു തുറുവും കിടക്കുന്നു. അവിടെനിന്നും പോയാൽ അവയെല്ലാം ആണുങ്ങൾ കൊണ്ടുപോകയും ചെയ്യും.

ഇപ്പോൾ തട്ടിന്റെയും പരണിന്റെയും മുകളിൽ മുട്ടറ്റം വെള്ളമുണ്ട്. മേൽക്കൂരയുടെ രണ്ടുവരി ഓല വെള്ളത്തിനടിയിലാണ്. അകത്തുകിടന്നു ചേന്നൻ വിളിച്ചു. ആരു വിളി കേൾക്കും? അടുത്താരുണ്ട്? ഗർഭിണിയായ ഒരു പറച്ചി, നാലു കുട്ടികൾ, ഒരു പൂച്ച, ഒരു പട്ടി. ഇത്രയും ജീവികൾ അവനെ ആശ്രയിച്ചിട്ടുണ്ട്. പുരയ്ക്കു മുകളിൽക്കൂടി വെള്ളം ഒഴുകാൻ മുപ്പതു നാഴിക വേണ്ടെന്നും തന്റെയും കുടുംബത്തിന്റെയും അവസാനമടുത്തുവെന്നും അവൻ തീർച്ചപ്പെടുത്തി. ഭയങ്കരമായ മഴ തോർന്നിട്ടു മൂന്നുദിവസമായി. കൂരയുടെ ഓല പൊളിച്ചു ചേന്നൻ ഒരുകണക്കിൽ പുറത്തിറങ്ങി. നാലുചുറ്റും നോക്കി. വടക്ക് ഒരു കെട്ടു വള്ളം പോകുന്നു. അത്യുച്ചത്തിൽ ചേന്നപ്പറയൻ അവരെ കൂകിവിളിച്ചു. വള്ളക്കാർക്ക് ഭാഗ്യം കൊണ്ടു കാര്യം മനസ്സിലായി. അവർ വള്ളം കൊട്ടിലിനു നേർക്കു തിരിച്ചു. കിടാങ്ങളെയും പെണ്ണിനെയും, പട്ടിയെയും പുരയുടെ വാരിക്കിടയിൽക്കൂടി ഓരോന്നായി ചേന്നൻ വലിച്ചു വെളിയിലിട്ടു. അപ്പോഴേക്കു വള്ളവും വന്നടുത്തു.

കിടാങ്ങൾ വള്ളത്തിൽ കയറിക്കൊണ്ടിരിക്കയാണ്. 'ചേന്നച്ചോ, പൂഹേയ്!" പടിഞ്ഞാറു നിന്നാരോ വിളിക്കുന്നു. ചേന്നൻ തിരിഞ്ഞു നോക്കി. 'ഇങ്ങു വായോ'. അത് മടിയത്തറ കുഞ്ഞേപ്പനാണ്. പുരപ്പുറത്തുനിന്നു വിളിക്കുകയാണ്. ധൃതിപ്പെട്ടു

പദപരിചയം: *കൂര - കുടിൽ, പരണ്-അടുപ്പിന് മുകളിൽ വിറകും മറ്റും വയ്ക്കാൻ കെട്ടിയുണ്ടാക്കുന്ന സംവിധാനം.*

പെണ്ണാളിനെ പിടിച്ചു വള്ളത്തിൽ കയറ്റി. അത്തക്കത്തിനു പൂച്ചയും വള്ളത്തിൽ ചാടിക്കയറി. പട്ടിയുടെ കാര്യം ആരും ഓർത്തില്ല. അത്, പുരയുടെ പടിഞ്ഞാറേചരുവിൽ, അവിടെയും ഇവിടെയും മണപ്പിച്ചു നടക്കുകയാണ്.

വള്ളം നീങ്ങി. അതങ്ങകലെയായി.

പട്ടി മുകളെടുപ്പിൽ തിരിച്ചുവന്നു. ചേന്നന്റെവള്ളം അങ്ങകലെയായിക്കഴിഞ്ഞു. അതു പറന്നുപോകുന്നു. മരണവേദനയോടെ ആ ജന്തു മോങ്ങിത്തുടങ്ങി. നിസ്സഹായനായ മനുഷ്യന്റെ ശബ്ദത്തോടു സാദൃശ്യമുള്ള ശബ്ദപരമ്പരകൾ പുറപ്പെടുവിച്ചു. ആരുണ്ടതു കേൾക്കാൻ? പുരയുടെ നാലുചരുവുകളിലും അത് ഓടിനടന്നു. ചിലടമെല്ലാം മണപ്പിച്ചു; മോങ്ങി.

സ്വൈരമായി പുരപ്പുറത്തിരുന്ന ഒരു തവള, അപ്രതീക്ഷിതമായ ഈ ബഹളം കണ്ട് പേടിച്ചു പട്ടിയുടെ മുമ്പിൽക്കൂടി വെള്ളത്തിലേക്കു "ധുടിം" എന്നൊരു ചാട്ടംചാടി. ആ നായ ഭയപ്പെട്ടു ഞെട്ടി പിന്നിലേക്കുകുതിച്ചു. ജലത്തിനുണ്ടായ ചലനത്തെ കുറേ നേരം തുറിച്ചുനോക്കിനിന്നു.

ആഹാരം തേടിയാവാം ആ മൃഗം അവിടെയും ഇവിടെയും ഒക്കെച്ചെന്നു ഘ്രാണിക്കുന്നു. ഒരു തവള അവന്റെ നാസാരന്ധ്രത്തിൽ മൂത്രം വിസർജിച്ചിട്ട് വെള്ളത്തിലേക്കു ചാടിക്കളഞ്ഞു. അസ്വസ്ഥനായ

ധൃതി - വേഗം, മോങ്ങി - നിലവിളിച്ചു, സ്വൈരം - സ്വസ്ഥം, ഘ്രാണിക്കുക-മണക്കുക

നായ് ചീറ്റി, തുമ്മി, തല അറഞ്ഞു ചീറ്റി, മുൻകാലുകൾ ഒന്നുകൊണ്ട് മോന്തതുടച്ചു.

ഭയങ്കരമായ പേമാരി വീണ്ടും ആരംഭിച്ചു. കൂനിക്കൂടി കുത്തിയിരുന്ന് അത് സഹിച്ചു. അതിന്റെ യജമാനൻ അമ്പലപ്പുഴ പറ്റിയിട്ടുണ്ട്.

രാത്രിയായി. ഒരു ഉഗ്രനായ നക്രം ജലത്തിൽ പകുതി ആഞ്ഞുകിടക്കുന്ന ആ കുടിലിനെ ഉരസിക്കൊണ്ടു മന്ദ മന്ദം ഒഴുകിപ്പോയി. ഭയാക്രാന്തനായി വാൽ താഴ്ത്തിക്കൊണ്ടു നായ് കുരച്ചു. നക്രം യാതൊന്നു മറിയാത്ത ഭാവത്തിൽ അങ്ങൊഴുകിപ്പോയി.

മുകളെടുപ്പിൽ കുത്തിയിരുന്ന് ആ ക്ഷുൽപീഡിതനായ മൃഗം, കാർമേഘാവൃതമായ അന്ധകാരഭീകരമായ അന്തരീക്ഷത്തിൽനോക്കി മോങ്ങി. ആ നായയുടെ ദീനരോദനം അതിദൂരപ്രദേശങ്ങളിലെത്തി. അനുകമ്പാതുരനായ വായുഭഗവാൻ അതിനെയും വഹിച്ചുകൊണ്ട് പാഞ്ഞു. വീട്ടുകാവലേറ്റിട്ടുള്ള ചില ഹൃദയാലുക്കൾ, അയ്യോ പുരപ്പുറത്തിരുന്നു പട്ടി മോങ്ങുന്നു എന്നു പറഞ്ഞുകാണും. കടൽപ്പുറത്ത് അതിന്റെ യജമാനൻ ഇപ്പോൾ അത്താഴം ഉണ്ണുകയായിരിക്കും. പതിവനുസരിച്ച് ഊണുകഴിയുമ്പോൾ, ഇന്നും ഒരുരുളച്ചോറ് അവൻ ഉരുട്ടുമായിരിക്കും.

അത്യുച്ചത്തിൽ ഇടവിടാതെ കുറേനേരം മോങ്ങി. ശബ്ദം താണു നിശ്ശബ്ദമായി. വടക്കെങ്ങോ ഒരു വീട്ടിലിരുന്നു വീട്ടുകാവൽക്കാരൻ രാമായണം വായിക്കുന്നു. അതു ശ്രദ്ധിക്കുംപോലെ നിശ്ശബ്ദനായി വടക്കോട്ടു നോക്കിനിന്ന് ആ ജീവി തൊണ്ട പൊട്ടുമാറ് രണ്ടാമതും കുറച്ചുനേരം മോങ്ങി.

ആ നിശീഥിനിയുടെ നിശ്ശേഷനിശ്ശബ്ദതയിൽ ശ്രുതിമധുരമായ രാമായണം വായന ഒരിക്കൽക്കൂടി എങ്ങും പരന്നൊഴുകി. നമ്മുടെ ശുനകൻ ആ മാനവശബ്ദം ചെവി ഓർത്തു കേട്ടു. കുറച്ചധികനേരം നിശ്ചലം നിന്നു. ഒരു ശീതമാരുതപ്രവാഹത്തിൽ ആ ശാന്തമധുരമായ ഗാനം ലയിച്ചു. കാറ്റിൽ ഒച്ചയും അലകളിളകുന്ന 'ബളബള' ശബ്ദവും അല്ലാതൊന്നും കേൾപ്പാനില്ല.

മുകളെടുപ്പിൽ ചേന്നന്റെ പട്ടി കയറിക്കിടന്നു. ഘനമായി അതു ശ്വാസോച്ഛ്വാസം ചെയ്യുന്നു. ഇടയ്ക്കിടയ്ക്ക് എന്തോ നിരാശനായി പിറുപിറുക്കുന്നുണ്ട്. അവിടെ ഒരു മീൻ തുടിച്ചു. ചാടി എണീറ്റ് നായ് കുരച്ചു. മറ്റൊരിടത്തു തവള ചാടി. അസ്വസ്ഥനായി നായ് മുറുമുറുത്തു.

പ്രഭാതമായി താണസ്വരത്തിൽ അതു മോങ്ങിത്തുടങ്ങി; ഹൃദയ ദ്രവീകരണസമർഥമായ ഒരു രാഗം വിസ്തരിച്ചു തുടങ്ങി. തവളകൾ അവനെ തുറിച്ചുനോക്കി ജലത്തിൽ ചാടി ഉപരിതലത്തിൽക്കൂടി തെറ്റിത്തെന്നിച്ചരിച്ചു താഴുന്നത് അവൻ നിർന്നിമേഷം നോക്കിനില്ക്കും.

ജലപ്പരപ്പിൽ നിന്നുയർന്നു കാണുന്ന ആ ഓലക്കെട്ടുകളിലെല്ലാം അവൻ ആശയോടെ ദൃഷ്ടിവെച്ചു. എല്ലാം വിജനമാണ്; ഒരിടത്തും തീ പുകയുന്നില്ല. ശരീരത്തിൽ കടിച്ചു സുഖിക്കുന്ന ഈച്ചകളെ കടിച്ചു കൊറിക്കും. പിൻകാലുകളാൽ താടി കൂടെക്കൂടെ ചൊറിഞ്ഞ് ഈച്ചയെ പായിക്കും.

ഒരല്പനേരം സൂര്യൻ തെളിഞ്ഞു. ആ ഇളവെയിലിൽ അവൻ കിടന്നു മയങ്ങി. മന്ദാ

ചീറ്റി-തുമ്മി, ജാന്ത-മുഖം, പേമാരി-പെരുമഴ, നക്രം - മുതല, ക്ഷുത് - വിശപ്പ്, രോദനം - കരച്ചിൽ ശീതമാരുതൻ - തണുത്തകാറ്റ്, മന്ദാനിലൻ-ഇളംകാറ്റ്, ദ്രുതഗതിയിൽ - വേഗത്തിൽ, കാകൻ - കാക്ക, നന്ദുക - വിചാരിക്കുക, ഘനം-ഭാരം, ജായ-നിഴൽ, മേഘാവൃതം-മേഘങ്ങളാൽ ചുറ്റപ്പെട്ട, ക്ഷുത്-വിശപ്പ്, അന്ധകാരം-ഇരുട്ട്, നിശീഥിനി-രാത്രി, നിർന്നിമേഷം-കണ്ണടയ്ക്കാതെ, ശുനകൻ-നായ, ദ്രവീകരണം-അലിയിക്കൽ

നിലനിൽ ഇളകുന്ന വാഴയിലയുടെ ഛായ പുരപ്പുറത്തങ്ങനെ ചലിച്ചുകൊണ്ടിരുന്നു. ചാടി എണീറ്റ് അവൻ ഒന്നു കുരച്ചു.

കാറുകയറി. സൂര്യൻ മറഞ്ഞു. നാടെല്ലാം ഇരുണ്ടു. കാറ്റ് അലകളെ ഇളക്കി. ജലപ്പരപ്പിൽക്കൂടി ജന്തുക്കളുടെ ശവശരീരങ്ങൾ ഒഴുകിപ്പോകുന്നു; ഓളത്തിൽ ഇളകി കുതിച്ചൊഴുകുന്നു. സ്വച്ഛന്ദം അവ എങ്ങും സഞ്ചരിക്കുന്നു. ഭയപ്പെടാതെ നടക്കുന്നു. അതിനെയെല്ലാം കൊതിയോടെ നോക്കി നമ്മുടെ നായ് മുറുമുറുത്തു.

അങ്ങകലെ ഒരു ചെറുവള്ളം ദ്രുതഗതിയിൽ പോകുന്നു. അവൻ എഴുന്നേറ്റുനിന്നു വാലാട്ടി ആ വഞ്ചിയുടെ ഗതിയെ സൂക്ഷിച്ചു. അതങ്ങു തൈക്കൂട്ടത്തിൽ മറഞ്ഞു.

മഴ ചാറിത്തുടങ്ങി. പിൻകാലുകൾ മടക്കി മുൻകാലുകൾ നിലത്തൂന്നി കുത്തിയിരുന്ന്, ആ നായ് നാലുപാടും നോക്കി. അവന്റെ കണ്ണുകളിൽ ആരെയും കരയിക്കുന്ന നിസ്സഹായസ്ഥിതി പ്രതിഫലിച്ചിരുന്നു.

മഴ തോർന്നു. വടക്കേ വീട്ടിൽ നിന്നും ഒരു ചെറുവള്ളം വന്ന് ഒരു തെങ്ങിൻചുവട്ടിൽ അടുത്തു. നമ്മുടെ നായ് വാലാട്ടി കോട്ടുവായിട്ടു മുറുമുറുത്തു. വള്ളക്കാരൻ തെങ്ങിൽനിന്നും കരിക്കടത്തിക്കൊണ്ടു താഴത്തിറങ്ങി. അയാൾ വള്ളത്തിൽ വച്ചു തന്നെ കരിക്കു തുളച്ചു കുടിച്ചു. തുഴ എടുത്തു തുഴഞ്ഞുപോയി.

അകലെയുള്ള വൃക്ഷക്കൊമ്പിൽനിന്നും ഒരു കാകൻ പറന്നുവന്ന് ഒരൂക്കൻ പോത്തിന്റെ അഴുകി ഒഴുകുന്ന ശരീരത്തിൽ വന്നുവീണു. ചേന്നന്റെ പട്ടി കൊതിയോടെ കുരയ്ക്കവേ, കാക്ക ആരേയും കൂസാതെ ആ മാംസം കൊത്തി തിന്നു; തൃപ്തിയായി: പറന്നങ്ങുപോയി.

മലവെള്ളത്തിൽപ്പെട്ട് ഒഴുകിവരുന്ന ഒരു എറുമ്പിൻകൂട് ആ പുരപ്പുറത്തടിഞ്ഞു. അവ രക്ഷപ്പെട്ടു. ഭോജ്യസാധനമെന്നു നണ്ണിയാവാം നമ്മുടെ നായ് അവയ്ക്കുമ്മ കൊടുത്തു. ചീറ്റിത്തുമ്മി അതിന്റെ മൃദുലമായ മോന്ത ചുവന്നു തടിച്ചു.

ഉച്ചതിരിഞ്ഞ് ഒരു ചെറുവള്ളത്തിൽ രണ്ടുപേർ അതുവഴി വന്നു. പട്ടി നന്ദിയോടെ കുരച്ചു; വാലാട്ടി; എന്തൊക്കെയോ മനുഷ്യഭാഷയോട് അടുപ്പമുള്ള ഭാഷയിൽ പറഞ്ഞു. ജലത്തിൽ ഇറങ്ങി വള്ളത്തിൽ ചാടാൻ തയാറായിനിന്നു. "ദേ! ഒരു പട്ടി നില്ക്കുന്നു" ഒരുവൻ പറഞ്ഞു. അയാളുടെ അനുകമ്പ മനസ്സിലായെന്നപോലെ, നന്ദി സൂചകമായി അതൊന്നു മോങ്ങി. 'അവിടിരിക്കട്ടെ' മറ്റെയാൾ പറഞ്ഞു. എന്തോ നുണഞ്ഞിറക്കുംപോലെ അത് വായ്പൊളിച്ചു ശബ്ദിച്ചു. പ്രാർഥിച്ചു. അത് രണ്ടു പ്രാവശ്യം ചാടാൻ ആഞ്ഞു.

വള്ളം അകലെയായി. ഒന്നുകൂടെ മോങ്ങി. വള്ളക്കാരൻ ഒരുവൻ തിരിഞ്ഞുനോക്കി.

അയ്യോ!

പരിക്ഷീണവും ഹൃദയസ്പൃക്കുമായ ആ ദീനരോദനം അങ്ങു കാറ്റിൽലയിച്ചു. വീണ്ടും അലകളുടെ ഒടുങ്ങാത്ത ശബ്ദം. ആരും പിന്നീടു തിരിഞ്ഞു നോക്കിയില്ല. ആ നിലയ്ക്കു പട്ടി വള്ളം മറയുംവരെ നിന്നു. ലോകത്തോടന്ത്യയാത്ര പറയുമ്പോലെ മുറുമുറുത്തുകൊണ്ട് അതു പുരപ്പുറത്തു കയറി. ഇനി ഒരിക്കലും മനുഷ്യനെ സ്നേഹിക്കയില്ലെന്നതു പറയുകയാവാം.

സ്വച്ഛന്ദം-തന്നിഷ്ടപ്രകാരം, കൂസാതെ - കൂട്ടാക്കാതെ, പരിക്ഷീണ-വളരെയധികം തളർന്ന, ഹൃദയസ്പൃക്ക് - ഹൃദയത്തെ സ്പർശിക്കുന്നത്, ഛായ-നിഴൽ, ഭോജ്യം-ആഹാരം, ദ്രുതഗതി-വേഗം, ആഞ്ഞു-തയാറായി

കുറേ പച്ചവെള്ളം നക്കിക്കുടിച്ചു. മുകളിൽക്കൂടി പറന്നുപോകുന്ന പറവകളെ നോക്കി. അലകളിൽക്കൂടി ഇളകിക്കളിച്ച് ഒരു നീർക്കോലി പാഞ്ഞടുത്തു. നായ് ചാടി പുരപ്പുറത്തു കയറി. ചേന്നനും കുടുംബവും പുറത്തിറങ്ങിയ പഴുതിൽകൂടി ആ നീർക്കോലി അകത്തേക്കിഴഞ്ഞു. ആ ദ്വാരത്തിൽകൂടി അകത്തേക്കെത്തിനോക്കി. ക്രൂരനായിത്തീർന്ന പട്ടി കുരച്ചുതുടങ്ങി. പിന്നീടും നായ് പിറുപിറുത്തു. ജീവഭയവും വിശപ്പും അതിൽ നിറഞ്ഞിരുന്നു. ഏതു ഭാഷക്കാരനും ഏതു ചൊവ്വാഗ്രഹവാസിക്കും ആശയം മനസ്സിലാകും. അത്ര സർവവിദിതമായ ഭാഷ.

രാത്രിയായി. ഭയങ്കരമായ കൊടുങ്കാറ്റും മഴയും തുടങ്ങി. മേൽക്കൂര അലയടിയേറ്റ് ആടിയുലയുന്നു. രണ്ടു പ്രാവശ്യം ആ നായ് ഉരുണ്ടു താഴത്തു വീഴാൻ തുടങ്ങി. ഒരു നീണ്ടതല ജലത്തിനുമീതേ ഉയർന്നു. അതൊരു മുതലയാണ്. പട്ടി പ്രാണവേദനയോടെ കുരയ്ക്കാൻ തുടങ്ങി. അടുത്തു കോഴികൾ കൂട്ടം കരയുന്ന ശബ്ദം കേൾക്കാനായി.

"പട്ടി എവിടയാ കരയുന്നെന്നെ? ഇവിടുന്ന് ആൾ മാറിയില്ലേ?" പടറ്റിവാഴയുടെ ചുവട്ടിൽ വയ്ക്കോൽ, തേങ്ങ, വാഴക്കുല ഇവ കൊണ്ടു നിറഞ്ഞ ഒരു വള്ളമടുത്തു.

പട്ടി വള്ളക്കാരുടെ നേരെ തിരിഞ്ഞു നിന്നു കുര തുടങ്ങി. കോപിഷ്ഠനായി വാൽ ഉയർത്തിക്കൊണ്ടു ജലത്തിനരികെ നിന്നു കുരച്ചുതുടങ്ങി. വള്ളക്കാരൻ ഒരുവൻ വാഴയിൽ കയറി.

"കൂവേ, പട്ടി ചാടുമെന്നാ തോന്നുന്നേ." പട്ടി മുന്നോട്ട് ഒരു ചാട്ടം ചാടി. വാഴയിൽ കയറിയവൻ ഉരുണ്ടുപിടച്ചു വെള്ളത്തിൽ വീണു. മറ്റെയാൾ അവനെ പടിച്ചു വള്ളത്തിൽ കയറ്റി. പട്ടി ഈ സമയം കൊണ്ടു നീന്തി പുരപ്പുറത്തെത്തി ശരീരം കുടഞ്ഞു കോപിഷ്ഠനായി കുര തുടർന്നു.

കള്ളന്മാർ കുലയെല്ലാം വെട്ടി."നിനക്കു വച്ചിരിക്കുന്നെടാ" തൊണ്ട തകരുമാറു കുരയ്ക്കുന്ന പട്ടിയോടവൻ പറഞ്ഞു. പിന്നീടവൻ വയ്ക്കോൽ മുഴുവൻ വള്ളത്തിൽ കയറ്റി. അവസാനത്തിൽ ഒരുവൻ പുരപ്പുറത്തേക്കു കയറി. അവന്റെ കാലിൽ പട്ടി കടിയുംകൂടി. ഒരു വാനിറയെ മാംസം അവനു കിട്ടി. അയാൾ "അയ്യോ" എന്നു കരഞ്ഞുകൊണ്ടു ചാടി വള്ളത്തിൽ കയറി. വള്ളത്തിൽ നിന്നയാൾ കഴുക്കോലുവച്ചു പട്ടിയുടെ പള്ളയ്ക്കൊരിടി ഇടിച്ചു. "മ്യാവൂ, മ്യാവൂ, മ്യാവൂ" സ്വരം ക്രമേണ താണ് വെറും അശക്തമായ മൂളലിൽ പര്യവസാനിച്ചു. പട്ടികടിയേറ്റയാൾ വള്ളത്തിൽ കിടന്നു കരഞ്ഞു. "മിണ്ടാതിരിയെടാ വല്ലോരും-" എന്നു മറ്റയാൾ സമാധാനം പറഞ്ഞു. അവർ അങ്ങുപോയി.

ഒട്ടധികനേരം കഴിഞ്ഞ് പട്ടി വള്ളം പോയ സ്ഥലംനോക്കി ഉഗ്രമായികുരച്ചു.

പാതിരയോടടുത്തു. ഒരു വലിയ ചത്ത പശു ഒഴുകിവന്നു പുരയിൽ അടിഞ്ഞു. പട്ടി മുകളെടുപ്പിൽ നിന്ന് അതു നോക്കി നില്ക്കയാണ്; താഴേക്കിറങ്ങിയില്ല. ആ ശവശരീരം മന്ദം മന്ദം മാറുന്നു. പട്ടി മുറുമുറുത്തു പിൻകാലുകളാൽ ഓല മാന്തിക്കീറി, വാലാട്ടി, പിടികിട്ടാത്തമട്ടിൽ ആ ശവം അകലാൻ തുടങ്ങവേ, പതുക്കെപ്പതുക്കെ പട്ടി താഴേക്കിറങ്ങി കടിയിട്ട് വലിച്ചടുപ്പിച്ചു. തൃപ്തിയോടെ അതു തിന്നുതുടങ്ങി. കൊടിയ വിശപ്പിനു വേണ്ടുവോളം ആഹാരം.

സർവവിദിതം - എല്ലാവർക്കും അറിയുന്നത്, പര്യവസാനിക്കുക-പൂർണ്ണമായി അവസാനിക്കുക

'ഠേ', ഒരടി! പട്ടിയെ കാണ്മാനില്ല! ഒന്നു കുതിച്ചു താണിട്ട് പശു അങ്ങകന്ന് ഉയർന്ന് ഒഴുകിപ്പോയി.

അപ്പോൾ മുതൽ കൊടുങ്കാറ്റിന്റെ അലർച്ചയും തവളകളുടെ തുടിപ്പും അലയുടെ ശബ്ദവും അല്ലാതൊന്നും കേൾക്കാനില്ല. അവിടമൊക്കെ നിശ്ശബ്ദം! ഹൃദയമുള്ള വീട്ടുകാവൽക്കാരൻ പട്ടിയുടെ നിസ്സഹായസ്ഥിതി വെളിപ്പെടുത്തുന്ന മോങ്ങൽ പിന്നീടു കേട്ടിട്ടില്ല. അഴുകിച്ചീർത്ത ശവശരീരങ്ങൾ ആ ജലപ്പരപ്പിൽ അവിടവിടെ ഒഴുകിപ്പോയി. കാക്ക ചിലതിലിരുന്നു കൊത്തിത്തിന്നുമുണ്ട്. അതിന്റെ സ്വൈരതയെ ഒരു ശബ്ദവും ഭഞ്ജിച്ചില്ല. കള്ളന്മാർക്കും, അവരുടെ വൃത്തിക്കും വിഘാതമുണ്ടായില്ല. എല്ലാം ശൂന്യം.

അല്പസമയം കഴിഞ്ഞപ്പോൾ ആ കുടിൽ നിലത്തുവീണു വെള്ളത്തിലാണ്ടു. അനന്തമായ ആ ജലപ്പരപ്പിൽ ഒന്നും ഉയർന്നു കാണ്മാനില്ല! യജമാനന്റെ ഗൃഹത്തെ മരണംവരെ ആ സ്വാമിഭക്തിയുള്ള മൃഗം കാത്തു. അവൻപോയി; അവനുവേണ്ടിയെന്നോണം ആ കുടിൽ അവനെ മുതല പിടിക്കുന്നതുവരെ ജലത്തിനു മീതെ ഉയർന്നു നിന്നു. അത് താണു; പൂർണമായി ജലത്തിൽ താണു.

വെള്ളമിറക്കം തുടങ്ങി. ചേന്നൻ നീന്തിത്തുടിച്ച് പട്ടിയെ അന്വേഷിച്ചു കൊട്ടിലിലേക്കു വരികയാണ്. ഒരു തെങ്ങിൻ ചുവട്ടിൽ പട്ടിയുടെ ശവശരീരം അടിഞ്ഞു കിടക്കുന്നു. ഓളങ്ങൾ അതിനെ മെല്ലെ ചലിപ്പിക്കുന്നുണ്ട്. പെരുവിരൽ കൊണ്ട് ചേന്നൻ അതിനെ തിരിച്ചും മറിച്ചും ഇട്ടുനോക്കി. അതവന്റെ പട്ടിയാണെന്നു സംശയം തോന്നി. ഒരു ചെവി മുറിഞ്ഞിരിക്കുന്നു. തൊലി അഴുകിപ്പോയിരിക്കുന്നതിനാൽ നിറം എന്തെന്നറിഞ്ഞുകൂടാ.

(തകഴിയുടെ സമ്പൂർണകൃതികൾ)

അവധാരണചോദ്യങ്ങൾ

1. പുരയ്ക്കുള്ളിലേക്ക് വെള്ളം കയറാൻ തുടങ്ങിയപ്പോൾ രക്ഷയ്ക്കായി ചേന്നപ്പറയൻ എടുത്ത മുൻകരുതൽ എന്തായിരുന്നു?
2. 'അത്യുച്ചത്തിൽ ചേന്നപ്പറയൻ അവരെ കൂകിവിളിച്ചു' ആരെ?
3. 'അനുകമ്പാതുരനായ വായുഭഗവാൻ അതിനെയും വഹിച്ചുകൊണ്ടു പാഞ്ഞു'– ഏതിനെ?
4. ചീറ്റിത്തുമ്മി നായയുടെ മൃദുലമായ മുഖം ചുവന്നുതുടിച്ചത് എപ്പോൾ?
5. നായയുടെ കൊടിയവിശപ്പിന് വേണ്ടുവോളം ആഹാരംലഭിച്ചത് എങ്ങനെ?

അവധാരണചോദ്യങ്ങളുടെ ഉത്തരസൂചിക

1. മടലും കമ്പും കൊണ്ടു തട്ടും പരണും കെട്ടി.
2. വടക്ക് ദിക്കിലൂടെ കെട്ടുവള്ളത്തിൽ പോയവരെ.
3. പുരമുകളിലിരുന്ന നായയുടെ ദീനരോദനത്തെ.
4. ഒഴുകിവന്ന ഒരു എറുമ്പിൻകൂട് പുരപ്പുറത്തടിഞ്ഞു.
   ആഹാരസാധനമെന്നു കരുതി നായ അത് മണത്തുനോക്കി.
5. • ഒരു ചത്തപശു ഒഴുകിവന്ന് പുരയിലടിഞ്ഞു.
   • പുരയുടെ മുകളെടുപ്പിൽനിന്ന് നായ താഴേക്കിറങ്ങി.
   • പശുവിന്റെ ദേഹം കടിച്ച് വലിച്ചടുപ്പിച്ചു.

പാഠാപഗ്രഥനം

കഥാകാരനെന്ന നിലയിൽ തകഴി ശ്രദ്ധേയനായിത്തീർന്നത് 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയിൽക്കൂടിയാണ്. നാട്ടിൻപുറത്തുണ്ടായ വലിയൊരു വെള്ളപ്പൊക്കത്തിൽ കുടിലുപേക്ഷിച്ചുപോയ ചേന്നപ്പറയന് കൂടെക്കൊണ്ടുപോകാൻ കഴിയാത്ത ഒരു പട്ടിയുടെ ദയനീയാന്ത്യമാണ് ഇതിലെ കഥാവസ്തു. ഈ കഥയിൽ വെള്ളപ്പൊക്കത്തിന്റെ കെടുതിയിൽപ്പെട്ട നാട്ടിൻപുറത്തിന്റെ സാമാന്യചിത്രം അങ്ങിങ്ങായുള്ള ഏതാനും കോറലുകൾകൊണ്ട് വിദഗ്ദ്ധമായി രേഖപ്പെടുത്തിയിട്ടുണ്ട്. (ചെറുകഥ ഇന്നലെ ഇന്ന്-പ്രൊഫ.എം.അച്യുതൻ)

യജമാനനോട് തികഞ്ഞകൂറുള്ള ഒരു നായയുടെ ദാരുണാന്ത്യമാണ് ഈ കഥ. യജമാനനാകട്ടെ സമ്പന്നനല്ല, ദരിദ്രനായ ഒരു കുടിയാനാണെന്നസൂചന കഥയിലുണ്ട്. ചേന്നന് സ്വന്തമായി വള്ളമില്ല. അവന്റെ തമ്പുരാൻ വെള്ളപ്പൊക്കം വന്നപ്പോൾത്തന്നെ രക്ഷപ്പെട്ടു. ഗർഭിണിയായ പറച്ചി, നാലുകുട്ടികൾ, ഒരു പൂച്ച, ഒരു പട്ടി പിന്നെ നാലഞ്ച് കുലയും ഒരു തുറുവും ഇത്രമാത്രമാണ് അവന്റെ സമ്പാദ്യം.

വെള്ളപ്പൊക്കത്തിൽ നിന്ന് രക്ഷപ്പെടാൻ ചേന്നൻ തന്റേതായ വഴികൾ നോക്കുന്നുണ്ട്. വെള്ളം കയറാൻ തുടങ്ങിയപ്പോഴേ കുടിലിനുള്ളിൽ മടലും കമ്പും കൊണ്ട് തട്ടും പരണുമുണ്ടാക്കി. ഒടുവിൽ അത് വെള്ളത്തിൽ മുങ്ങിയപ്പോഴാണ് വാരിപൊളിച്ച് അയാൾ കുടുംബത്തോടൊപ്പം കൂരയുടെ മുകളിലെത്തിയത്. വെള്ളപ്പൊക്കത്തിന്റെ ഭീകരത തകഴി ഇവിടെ ചിത്രീകരിക്കുന്നുണ്ട്. പുരയ്ക്കുമുകളിലൂടെ വെള്ളമൊഴുകുന്നു, ഭയങ്കരമായ മഴ തോർന്നിട്ട് മൂന്നുദിവസമായി എന്നിങ്ങനെ ആ ദുരന്തം വായനക്കാരെ അനുഭവിപ്പിക്കുന്നു.

പുരയ്ക്കുമുകളിൽ നിന്ന് ചേന്നൻ നോക്കുമ്പോൾ ചുറ്റും ജലംമാത്രം. പെട്ടെന്ന് വടക്കുദിക്കിലൂടെ പോകുന്നൊരു വള്ളം അയാളുടെ ശ്രദ്ധയിൽപ്പെട്ടു. ആ വള്ളമാണ് ചേന്നനും കുടുംബത്തിനും രക്ഷയായത്. പക്ഷേ ചേന്നന്റെ പട്ടിക്ക് അതിൽ കയറിപ്പറ്റാൻ കഴിഞ്ഞില്ല. എല്ലാവരും വള്ളത്തിൽ കയറുമ്പോൾ പുരയുടെ പടിഞ്ഞാറേ ചരുവിൽക്കേട്ട ശബ്ദത്തിന്റെ കാരണം തേടുകയായിരുന്നു ആ കാവൽക്കാരൻ. രക്ഷപ്പെടേണ്ട സന്ദർഭത്തിലും ആ നായയിൽ പ്രകടമായത് യജമാനസ്നേഹമാണ്, അവന്റെ കരുതലാണ്. ഒരു പക്ഷേ താനിവിടെ ഉപേക്ഷിക്കപ്പെടുമെന്ന് അവൻ തീരെ വിചാരിച്ചിട്ടുണ്ടാവില്ല. കൂരയുടെ പടിഞ്ഞാറേ ചരിവിൽനിന്ന് നായ കയറിവന്നപ്പോഴേക്കും വള്ളം അകലെ എത്തിയിരുന്നു.

പുരമുകളിൽ നായ കഴിച്ചുകൂട്ടിയത് ഓരോനിമിഷവും മരണത്തെ മുന്നിൽ കണ്ടുകൊണ്ടായിരുന്നു. തകഴി പറയുന്നതിങ്ങനെയാണ് "മരണവേദനയോടെ ആ ജന്തു മോങ്ങിത്തുടങ്ങി. നിസ്സഹായനായ മനുഷ്യന്റെ ശബ്ദത്തോടു സാദൃശ്യമുള്ള ശബ്ദപരമ്പരകൾ പുറപ്പെടുവിച്ചു." തുടർന്നും നായയുടെ ഓരോ ചലനവും ഉള്ളിലെ നിറഞ്ഞഭീതി പ്രകടമാക്കുന്ന തരത്തിലായിരുന്നു. അപ്രതീക്ഷിതമായി ഒരു തവള മുന്നിലൂടെ വെള്ളത്തിലേക്ക് ചാടിയപ്പോൾ നായ ഞെട്ടി പിന്നിലേക്കുകുതിച്ചു. ഒരു തവളച്ചാട്ടംപോലും അതിനെ ഭയചകിതനാക്കുന്നു. രാത്രിയിൽ ഉഗ്രനായൊരു മുതല ആ കുടിലിനെ ഉരസി ഒഴുകിപ്പോയപ്പോൾ നായ ഭയാക്രാന്തനായി വാൽതാഴ്ത്തിക്കൊണ്ട് കുരച്ചു. പിന്നീട് ഒരു മീൻ തുടിച്ചപ്പോഴും മറ്റൊരിടത്തൊരു തവള ചാടിയപ്പോഴുമെല്ലാം നായ ചാടിയെഴുന്നേറ്റ് കുരയ്ക്കുകയോ അസ്വസ്ഥതയോടെ മുറുമുറുക്കുകയോ ചെയ്തു.

മരണം മുന്നിൽ നിൽക്കുമ്പോഴും, യജമാനൻ തന്നെ ഉപേക്ഷിച്ചിട്ടും നായ യജമാനസ്നേഹം കൈവിടുന്നില്ല. കൂരയുടെ വിടവിലൂടെ ഒരുനീർക്കോലി അകത്തു കടന്നപ്പോൾ അവൻ ക്രൂരനായിത്തീർന്നു. വീടിനുള്ളിലേക്ക് നോക്കി നിർത്താതെ കുരച്ചുകൊണ്ടേയിരുന്നു, ആ നിസ്സഹായാവസ്ഥയിലും വീടുകാവലെന്ന തന്റെ ഉത്തരവാദിത്തം അവൻ മറക്കുന്നില്ല. രാത്രിയുടെ മറവിൽ വള്ളം തുഴഞ്ഞ് കള്ളന്മാരെത്തിയപ്പോഴും ചേന്നപ്പറയന്റെ കാവൽഭടന് അവരോടെതിർക്കാതിരിക്കാൻ കഴിഞ്ഞില്ല. കുലവെട്ടാൻ വാഴയിൽ കയറിയവനു നേരെ അവൻ കുരച്ചുചാടി. പുരപ്പുറത്തു കയറിയവന്റെ കാലിലെ മാംസം കടിച്ചുപറിച്ചു. കഴുക്കോലുകൊണ്ട് പള്ളയ്ക്കുകിട്ടിയ ശക്തമായ ഇടിയായിരുന്നു അവനു കിട്ടിയ ശിക്ഷ. ഇടിയിൽ പിടഞ്ഞ് തൽക്കാലം ഒന്നടങ്ങിയെങ്കിലും വീണ്ടുമവൻ വള്ളംപോയദിക്കുനോക്കി ഉഗ്രമായി കുരച്ചുകൊണ്ടിരുന്നു.

ദിവസങ്ങളായി പ്രതിരോധവും പ്രതിഷേധവുമായി പുരപ്പുറത്തു കഴിയുന്ന നായ വിശപ്പുകൊണ്ട് വശംകെട്ടു പോകുന്നു. ചുറ്റും സുഭിക്ഷമായി ഭക്ഷിക്കാനുള്ള വകയുണ്ട്. ചത്തജന്തുക്കൾ പുരയ്ക്കുചുറ്റും ഒഴുകി നടക്കുന്നു. പക്ഷേ അവന് കിട്ടുന്നില്ല. ദീർഘമായ കാത്തിരിപ്പിനുശേഷം ഒത്തുകിട്ടിയ ആഹാരത്തെ നായ സമീപിക്കുന്നത് തകഴി ചിത്രീകരിക്കുന്നത് നോക്കുക, 'ഒരു വലിയ ചത്തപശു ഒഴുകിവന്ന് പുരയിൽ അടിഞ്ഞു. പട്ടി മുകളെടുപ്പിൽ നിന്ന് അതു നോക്കി നിൽക്കുകയാണ്. താഴേക്കിറങ്ങിയില്ല. ആ ശവശരീരം മന്ദം മന്ദം മാറു

ന്നു. പട്ടി മുറുമുറുത്തു. പിൻകാലുകളിൽ ഓല മാന്തിക്കീറി, വാലാട്ടി, പിടികിട്ടാത്ത മട്ടിൽ ആ ശവം അകലാൻ തുടങ്ങവേ പതുക്കെപ്പതുക്കെ പട്ടിതാഴേക്കിറങ്ങി കടിയിട്ട് വലിച്ചടുപ്പിച്ചു. തൃപ്തിയോടെ തിന്നുതുടങ്ങി. കൊടിയ വിശപ്പിന് വേണ്ടുവോളം ആഹാരം'. വിശന്നു വലഞ്ഞ് കാത്തിരിപ്പിനൊടുവിൽ ആഹാരം കിട്ടിയതിലുള്ള ആ ജന്തുവിന്റെ സന്തോഷവും സംതൃപ്തിയുമെല്ലാം ഈ വാങ്മയചിത്രത്തിൽ തെളിയുന്നു.

പക്ഷേ അതവന് ആസ്വദിച്ച് കഴിച്ചു തീർക്കുവാൻ കഴിഞ്ഞില്ല. രണ്ടു ദിവസമായി ഒളിഞ്ഞും തെളിഞ്ഞും പുരയുടെ അരികത്തുണ്ടായിരുന്ന മുതലയുടെ അടിയേറ്റ് നായ വെള്ളത്തിലെവിടെയോ മറഞ്ഞു. പശുവിന്റെ മൃതദേഹം മുതല ലക്ഷ്യം വച്ച ഇരയായിരുന്നോ? അത് കവർന്നെടുത്തതിന് മുതല നായയെ ശിക്ഷിച്ചതാണോ? അതോ പുരയ്ക്കരികിലൂടെ നീന്തി നടന്നപ്പോൾ കുരച്ചു പ്രതിഷേധിച്ചതിന്റെ പ്രതികാരമാണോ? ഏതായാലും യജമാനനെ ഭയപ്പെടുത്തിയ വെള്ളമല്ല നായയുടെ അന്തകനായത്.

കൂരയ്ക്കുമുകളിൽ നിന്ന് നായ മറഞ്ഞ് അധിക സമയം കഴിയും മുമ്പു ആ കുടിലും പൂർണമായും വെള്ളത്തിലാണ്ടു. യജമാനൻ ഉപേക്ഷിച്ച കുടിലിനോട് നായയ്ക്ക് സ്നേഹമുണ്ടായിരുന്നു എന്നുവേണം കരുതാൻ. എന്തുകൊണ്ടെന്നാൽ തന്റെ കാവൽക്കാരനായ നായയെ മുതല പിടിക്കുംവരെ ആ കുടിൽ വെള്ളത്തിൽ ഉയർന്നു തന്നെ നിന്നു. വിശാലമായ ജലപ്പരപ്പിൽ നായക്കൊരു തുരുത്തായി. അവൻ പോയതോടെ ആ കുടിലും നിലം പൊത്തി. ഇനിയാർക്കു വേണ്ടി നിലകൊള്ളണം?

ചേന്നപ്പറയന് തന്റെ വളർത്തു നായയോട് സ്നേഹമുണ്ടായിരുന്നില്ല എന്നുപറയുവാനാവില്ല. അതുകൊണ്ടാണ് വെള്ളമിറങ്ങിയപ്പോൾ അയാൾ നീന്തിത്തുടിച്ച് നായയെ അന്വേഷിച്ചുവന്നത്. അയാൾ തിരഞ്ഞത് വാഴക്കുലയും വയ്ക്കോലുമായിരുന്നില്ല. നായയെത്തന്നെയായിരുന്നു. ജീവൻ കൈയിൽപിടിച്ച് രക്ഷപ്പെടുത്താനുള്ള വ്യഗ്രതയിൽ അവനെ മറന്നു പോയതാണ്. സൂക്ഷ്മമായി നോക്കിയാൽ മറന്നു പോയതുമല്ല എന്നു കാണാം. രക്ഷപ്പെടുത്താൻ വള്ളം വന്നപ്പോൾ, എല്ലാവരും വള്ളത്തിൽ കയറിക്കൊണ്ടിരുന്നപ്പോൾ നായ പുരയുടെ പടിഞ്ഞാറേ ചരിവിലേക്ക് പോയതാണ് അതിന് ഈഗതി വരാൻ കാരണം. മറ്റാരുടെയോ വിളികേട്ട് വള്ളം പെട്ടെന്ന് പോവുകയും ചെയ്തു.

രക്ഷപ്പെടുവാൻ എല്ലാവരും വ്യഗ്രതകൊണ്ടപ്പോൾ, നായ പുരയിൽക്കേട്ട ഒച്ചയെന്തെന്നറിയാൻ പോയി. അതവന്റെ കടമയാണ്. കാരണം അവൻ കാവൽനായയാണ്. ഏതു പ്രതിസന്ധിയിലും തന്റെ യജമാനന്മാർക്കുവേണ്ടി നിലകൊള്ളുന്നവരാണ് വളർത്തുമൃഗങ്ങളെന്ന്'വെള്ളപ്പൊക്കത്തിൽ' എന്ന കഥ വ്യക്തമാക്കുന്നു.

അപഗ്രഥനചോദ്യങ്ങൾ

1. ചേന്നപ്പറയൻ ദരിദ്രനായ ഒരു കുടിയാനാണ് – പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
2. വെള്ളപ്പൊക്കത്തിന്റെ ഭീകരത വ്യക്തമാക്കുന്ന കഥാസന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.
3. നായുടെ യജമാനസ്നേഹം പ്രകടമാകുന്ന ഏതാനും സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.
4. പുരയുടെ മുകളിൽ ഓരോനിമിഷവും നായ കഴിച്ചുകൂട്ടിയത് മരണത്തെ മുന്നിൽ കണ്ടുകൊണ്ടാവണം. നായയുടെ ഏതെല്ലാം പ്രവൃത്തികളിൽ നിന്ന് ഇതുവ്യക്തമാകുന്നു? വിശകലനക്കുറിപ്പെഴുതുക.
5. 'വെള്ളപ്പൊക്കത്തിൽ' എന്ന കഥാശീർഷകത്തിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പെഴുതുക

അപഗ്രഥനചോദ്യങ്ങളുടെ ഉത്തരസൂചിക

1. * ചേന്നപ്പറയന്റെതമ്പുരാൻ വെള്ളപ്പൊക്കം തുടങ്ങിയപ്പോഴേ രക്ഷപ്പെട്ടു
   * ചേന്നപ്പറയന് സ്വന്തമായി വള്ളമുണ്ടായിരുന്നില്ല.
   * അയാളുടെ ആകെ സമ്പാദ്യം നാലഞ്ചു കുലയും ഒരു തുറുവും മാത്രമായിരുന്നു.
2. * ചേന്നപ്പറയന്റെ കൂരയ്ക്കുമുകളിലൂടെ വെള്ളം ഒഴുകി.
   * കുടിലിന്റെ മുകളിൽ നിന്നും നോക്കുമ്പോൾ ചുറ്റുപാടും ജലംമാത്രം.
   * ജലപ്പരപ്പിൽ ജന്തുക്കളുടെ ശവശരീരങ്ങൾ ഒഴുകിപ്പോകുന്നു.
   * ഒഴുകുന്നജന്തുക്കളുടെ ശരീരങ്ങൾ കാക്കകൾ കൊത്തിപ്പറിക്കുന്നു.
3. * രക്ഷപ്പെടുത്താൻ വള്ളമെത്തിയപ്പോൾ വള്ളത്തിൽ കയറാതെ അനക്കംകേട്ട ദിക്കിലേക്കാണ് നായ പോയത്.
   * പുരയ്ക്കകത്തേക്ക് ഒരു നീർക്കോലി കയറിയപ്പേൾ അവൻ ക്രൂരനാകുന്നു.
   * വാഴക്കുല മോഷ്ടിക്കാൻവന്ന കള്ളനെ കടിച്ചുപരിക്കേൽപ്പിച്ചു.

4. * നായയുടെശബ്ദം നിസ്സഹായനായ ഒരു മനുഷ്യന്റേതുപോലെയായിരുന്നു.
   * അപ്രതീക്ഷിതമായി തവളചാടുമ്പോൾ നായ ഭയപ്പെടുന്നു.
   * മുതലയെക്കാണുമ്പോൾ വാൽതാഴ്ത്തി ഭയാക്രാന്തനായി കുരയ്ക്കുന്നു.
   * മീൻതുടിച്ചപ്പോൾ കുരയ്ക്കുകയും അസ്വസ്ഥതയോടെ മുറുമുറുക്കുകയും ചെയ്യുന്നു.
5. * വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിലാണ് കഥനടക്കുന്നത്.
   * വെള്ളപ്പൊക്കം മനുഷ്യനും പ്രകൃതിക്കും ഉണ്ടാക്കുന്ന ദുരിതങ്ങൾ ചിത്രീകരിക്കുന്നു.
   * മനുഷ്യന്റെയും ജന്തുക്കളുടെയും നിസ്സഹായാവസ്ഥ തുറന്നുകാട്ടാൻ 'വെള്ളപ്പൊക്ക'ത്തിന്റെ പശ്ചാത്തലം സഹായിക്കുന്നു.
   * മനുഷ്യന് മറ്റെന്തിനെക്കാളും വലുത് സ്വന്തംജീവനാണെന്ന് കഥ ബോധ്യപ്പെടുത്തുന്നു.

വിലയിരുത്തൽചോദ്യം

1. 'ഇനിയൊരിക്കലും മനുഷ്യനെ സ്നേഹിക്കുകയില്ല എന്ന് നായ പറയുകയാവാം.' തകഴി എന്തുകൊണ്ടാണ് ഇങ്ങനെയൊരു അഭിപ്രായം പ്രകടിപ്പിക്കുന്നത്? വിലയിരുത്തി കുറിപ്പുതയാറാക്കുക.

വിലയിരുത്തൽചോദ്യങ്ങളുടെ ഉത്തരസൂചിക

1. ◈ നായ അതിന്റെ യജമാനനെ വളരെയധികംസ്നേഹിച്ചു
   ◈ വെള്ളപ്പൊക്കം വന്നപ്പോൾ സ്വയംരക്ഷപ്പെടാനല്ല അതുശ്രമിച്ചത്.
   ◈ പുരയുടെ അടുത്ത് അനക്കം കേട്ടപ്പോൾ, അതിന്റെ ഉറവിടം ആരാഞ്ഞ് പോകുന്നു.
   ◈ അനക്കം യജമാനന് എന്തെങ്കിലും കുഴപ്പമുണ്ടാക്കുന്നതാണോ എന്നുള്ള അന്വേഷണമാണത്.
   ◈ തന്നെക്കൂടാതെ യജമാനൻ പോയിട്ടും കുടിലിലേക്കുവരുന്ന ജന്തുക്കളെ നായ ആട്ടിപ്പായിക്കുന്നു.
   ◈ യജമാനന്റെ ഇത്തിരിസമ്പാദ്യം മോഷ്ടിക്കാനെത്തുന്നവരോടെതിർക്കുന്നു.
   ◈ ത്യാഗങ്ങളേറെ ചെയ്തിട്ടും യജമാനൻ നായയെത്തേടി വന്നില്ല. അവനെ രക്ഷിച്ചില്ല.

തുടർപ്രവർത്തനങ്ങൾ

- വളർത്തുമൃഗങ്ങൾ കഥാപാത്രങ്ങളായി വരുന്ന കഥകൾ കണ്ടെത്തി അവയ്ക്ക് ആസ്വാദനക്കുറിപ്പുകൾ തയാറാക്കുക.
- 'വളർത്തുമൃഗങ്ങളും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയാറാക്കുക.

വിപുലപഠനത്തിന്

1. മാണിക്യൻ (കഥ) - ലളിതാംബിക അന്തർജനം
2. ശബ്ദിക്കുന്ന കലപ്പ (കഥ) - പൊൻകുന്നം വർക്കി

ഗ്രന്ഥകാര പരിചയം

തകഴി ശിവശങ്കരപ്പിള്ള

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയ്ക്കടുത്ത് 1912 ഏപ്രിൽ 12 ന് ജനിച്ചു. അച്ഛൻ പൊയ്പള്ളിക്കളത്തിൽ ശങ്കരക്കുറുപ്പ്. അമ്മ അരീപ്പുറത്തുവീട്ടിൽ പാർവതി അമ്മ. പ്ലീഡർഷിപ്പ് പരീക്ഷ ജയിച്ച് അമ്പലപ്പുഴ കോടതിയിൽ വക്കീലായി കുറേക്കാലം ജോലിനോക്കി. കേരളസാഹിത്യഅക്കാദമി പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കുട്ടനാടൻ കർഷകരുടെ ജീവിതപ്രശ്നങ്ങളാണ് തകഴിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിഷയം. കൃതികൾ: രണ്ടിടങ്ങഴി, തോട്ടിയുടെ മകൻ, ചെമ്മീൻ, ഏണിപ്പടികൾ, കയർ, പതിത പങ്കജം, ജീവിതം സുന്ദരമാണ് പക്ഷേ തുടങ്ങി മുപ്പതോളം നോവലുകളും ഇൻക്വിലാബ്, നിത്യകന്യക, തിരഞ്ഞെടുത്തകഥകൾ, ഞാൻ പിറന്ന നാട് തുടങ്ങി ഇരുപതോളം കഥാസമാഹാരങ്ങളും രചിച്ചിട്ടുണ്ട്. ബഹുമതികൾ: കേന്ദ്രസാഹിത്യഅക്കാദമി അവാർഡ്-1957, കേരളസാഹിത്യഅക്കാദമിഅവാർഡ്-1965, വയലാർ അവാർഡ്-1980, സാഹിത്യത്തിലെ സമഗ്രസംഭാവന പരിഗണിച്ച് 1984-ൽ ജ്ഞാനപീഠ പുരസ്കാരം, പദ്മഭൂഷൺ - 1985, കേന്ദ്രസാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് - 1989, കേരള,ഗാന്ധി സർവകലാശാലകളുടെ ഡി.ലിറ്റ് ബിരുദം -1986, എഴുത്തച്ഛൻ പുരസ്കാരം -1994, വള്ളത്തോൾ പുരസ്കാരം-1996 1999 ഏപ്രിൽ 10-ന് അന്തരിച്ചു.

3

പെങ്ങൾ

ഒ.എൻ.വി.കുറുപ്പ്

എന്റെ കൈത്തണ്ടിലീ രാഖിച്ചരടു നീ
ബന്ധിച്ചു തെല്ലിട മിണ്ടാതെ നിന്നുവോ?
പിന്തിരിഞ്ഞെങ്ങോ നടന്നുവോ? നിന്നശ്രു-
ബിന്ദുക്കൾ വീണിടം നീറിപ്പുകഞ്ഞുവോ?
'ആരുനീ?'യെന്നു ഞാൻ ചോദിച്ചതില്ല, നിൻ-
പേരുപോലും നീ പറഞ്ഞുമില്ലെങ്കിലും
വല്ലായ്മയാർന്ന നിൻ നില്പു, മാ മൗനവും,
തുള്ളികളായിങ്ങടർന്ന നിൻ ദുഃഖവും,
എന്റെയിക്കൈത്തണ്ടയിൽ നീ വന്നു ബന്ധിച്ച
ചെഞ്ചുവപ്പോലുമീ രാഖിയുമെന്നോടു
ചൊല്ലാതെ ചൊല്ലുന്നു: "നിൻ പെങ്ങളാണിവൾ!"
എന്റെ കൂടെപ്പിറപ്പോ നീ? യൊരേ രക്തം?
എങ്കിൽ, നിൻ ദുഃഖങ്ങൾ, മാനാപമാനങ്ങൾ
എന്റേതുമാണെന്ന നേരിൻ ചുടർവെട്ട-
മെന്റെ ബോധത്തിലേക്കെറ്റിത്തെറിപ്പിച്ചു
മിണ്ടാതെപയ്യെപ്പടികളിറങ്ങുന്ന
നിൻ മൗനമെൻ മനസ്സന്ധികൾ തോറുമേ
തട്ടിത്തകരും സ്ഫടികപാത്രം പോലെ
പൊട്ടിച്ചിതറുന്നു: "നിൻ പെങ്ങളാണിവൾ!"
ദു:ഖവും രോഷവും നഷ്ടബോധങ്ങളും
ദിക്കറ്റുഴറുന്ന നിസ്സഹായത്വവും
ഒക്കെയോരോരോ തിരയായി വന്നെന്റെ
ഹൃത്തിലലയ്ക്കുന്നു: "നിൻ പെങ്ങളാണിവൾ"!
പൊട്ടിത്തെറിക്കുന്ന പാചകവാതക-
ക്കുറ്റിയിലെപ്പാമ്പ് തീതുപ്പി നേർക്കവേ,
കത്തിയെരിഞ്ഞു വെറുമൊരു വാർത്തയായ്

പദപരിചയം: രാഖി- സാഹോദര്യത്തെ സൂചിപ്പിക്കുന്ന ചരട്, അശ്രുബിന്ദു-കണ്ണീർത്തുള്ളി, ചെഞ്ചുവപ്പ്-കടുംചുവപ്പ്, നേര്-സത്യം, ചുടർവെട്ടം-ചുടുള്ള വെളിച്ചം, (നേരിൻ ചുടർവെട്ടം - നേരിന്റെ വെളിച്ചം തീക്ഷ്ണമാണ്), എറ്റിത്തെറിപ്പിക്കുക - തട്ടിത്തെറിപ്പിക്കുക, പയ്യെ-പതുക്കെ, സ്ഫടികം - കണ്ണാടി, ദിക്കറ്റ് - ദിശതെറ്റി

കെട്ടടങ്ങുന്നവൾ; യാത്രയ്ക്കിടയിലായ്
ആരാന്റെ ദാഹം ശമിപ്പിക്കുവാൻ ചുടു-
ചായ പകർന്നിട്ടെറിഞ്ഞുടയ്ക്കാൻ മാത്ര-
മാരോ മെനഞ്ഞ മൺപാത്രമാകുന്നവൾ ;
മറ്റൊരു വീട്ടിന്നകത്തളത്തിൽ ജന്മ-
മല്പാല്പമായ് നീറ്റുമേതോ ചിതയിലൊ-
രായുസ്സുകൊണ്ടേ 'സതി' യനുഷ്ഠിക്കുവോൾ;
താഴെപ്പിറന്ന കിടാങ്ങൾക്കൊരമ്മയായ്
വാഴ്വിന്റെയറ്റംവരെച്ചുമടേറ്റുവോൾ;
കൈവരും നേട്ടത്തിനായി മേലാളന്നു
കൈക്കൂലിയായിട്ടെറിയപ്പെടുന്നവൾ;
മെയ്യഴകിന്റെ ദുരന്തം വരിപ്പവൾ;
നെഞ്ഞിൽ മുലപ്പാൽ നിറഞ്ഞു വിങ്ങുമ്പൊഴും
കുഞ്ഞിനെയെങ്ങോ കിടത്തി,പലർക്കുള്ള
കഞ്ഞിക്കുവേണ്ടി മടച്ചു വീഴുന്നവൾ;
സ്വപ്നങ്ങളെ,സ്വന്തമിഷ്ടങ്ങളെ,ബലി-
ദർഭകളായശ്രുനീരോടെ വീഴ്ത്തുവോൾ;
പാപികളാൽ കല്ലെറിയപ്പെടുന്നവൾ;
ശാപം വെറുമൊരു കല്ലാക്കി മാറ്റിയോൾ ;
പൂവായ് വിരിഞ്ഞു പുഴുതിന്നു തീർപ്പവൾ;
പൂജാമുറിയിലിരുത്തിയ ദേവിയായ്
ജീവപര്യന്തം വിധിക്കപ്പെടുന്നവൾ;
തൻമക്കൾ തങ്ങളിൽ കൊന്നു കളിപ്പതിൽ
തൻമനം നീറിപ്പുകഞ്ഞു കത്തുന്നവൾ;
ചന്ദനം പോലെയരഞ്ഞകിൽ പോൽ പുക-
ഞ്ഞെന്നുമന്യർക്കായ് സുഖഗന്ധമാകുവോൾ;
വന്യമാം നീതി, വരേണ്യമാം നീതി, രാ-
ജന്യമാം നീതിയുമമ്പെയ്തു വീഴ്ത്തുവോൾ
രക്ഷിക്കുവാൻ കടപ്പെട്ടവനിൽ നിന്നു-

മെനഞ്ഞ-നിർമ്മിച്ച,സതി-ഭർത്താവിന്റെ ചിതയിൽ ചാടി ജീവനൊടുക്കുന്ന ദുരാചാരം, അനുഷ്ഠിക്കുക-ആചരിക്കുക, വാഴ്വ് - ജീവിതം, കൈവരുക - ലഭിക്കുക, മേലാളൻ - മേലധികാരി (പ്രമാണി)
മെയ്യഴക്- ശരീരത്തിന്റെ അഴക്, ദുരന്തം - ആപത്ത്,
മടയ്ക്കുക - കഷ്ടപ്പെടുക (അധ്വാനിക്കുക), അകിൽ - മണമുള്ള ഒരിനം മരം
വന്യമാം നീതി - കാട്ടുനീതി, ദർഭ -ഒരുതരം പുല്ല്, വരേണ്യം - ശ്രേഷ്ഠം, ക്ഷിതി-ഭൂമി,
രാജന്യം - രാജാധികാരത്തിൽ നിന്നുണ്ടായത്,

മിക്ഷിതി ഗർഭത്തിൽ രക്ഷ തേടുന്നവൾ;
നീയമ്മ, നീ പത്നി, നീ പുത്രി, നീ ഭൂമി,
നീശക്തി, നീയെന്റെ രക്ത, മെൻ പെങ്ങൾ നീ!
ചുഴ്ന്നെടുത്തുള്ള നിൻ രക്തഞരമ്പുപോൽ
ചോന്നു തുടിക്കുമീ രാഖിയിൽ തൊട്ടു ഞാൻ
നിന്നെയറിയുന്നു: നിൻ തുടിപ്പോരുന്നു;
നിന്റെ ദു:ഖങ്ങൾ കുടിച്ചു വറ്റിച്ചിനി
നിന്നിലെഴും മഹാമങ്ഗല ശക്തിയെ-
യിന്നെന്റെ വാക്കുകൾ തോറ്റിയുണർത്തട്ടെ!

(അപരാഹ്നം)

തോറ്റിയുണർത്തുക - ശക്തിയിലേക്ക് പുനരാവാഹിക്കുക മങ്ഗലം - ഐശ്വര്യം

അവധാരണചോദ്യങ്ങൾ

1. തന്റെ കൈത്തണ്ടയിൽ അവൾ രാഖിച്ചരട് ബന്ധിച്ചപ്പോൾ കവി എന്തൊക്കെയാണ് ഓർത്തത്?
2. സ്ഫടികപ്പാത്രംപോലെ പൊട്ടിച്ചിതറിയതെന്താണ്?
3. പെൺകുട്ടി തന്റെ പെങ്ങളാണെന്ന് കവിക്ക് തോന്നിയതെന്തുകൊണ്ട്?
4. ഏതുസംഭവമാണ് വാർത്തയായി കെട്ടടങ്ങുന്നത്?
5. സ്ത്രീ ത്യാഗിയാണെന്ന് പാഠഭാഗത്ത് സൂചിപ്പിക്കുന്നവരികൾ ഏതെല്ലാം?
6. കൈയിൽ കെട്ടിയിരിക്കുന്നരാഖിയെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?

അവധാരണച്ചോദ്യങ്ങളുടെ ഉത്തരസൂചിക

1. പെൺകുട്ടിയുടെ നില്പ്, മൗനം, കണ്ണീർ.
2. നിശ്ശബ്ദദുഃഖംപേറി പടിയിറങ്ങുന്ന പെൺകുട്ടിയുടെ മൗനം.
3. പെൺകുട്ടിയുടെ ദുഃഖം, രോഷം, നിസ്സഹായത എന്നിവ കവി ഹൃദയത്തിൽ വന്നലയടിക്കുന്നതുകൊണ്ട്.
4. പാചകവാതകക്കുറ്റി പെട്ടിത്തെറിച്ച് സ്ത്രീ മരിച്ചെന്നകഥ.
5. ചന്ദനം പോലെയരഞ്ഞകിൽപോൽ പുക
   ഞ്ഞെന്നുമന്യർക്കായ് സുഖഗന്ധമാകുവോൾ.
6. സ്ത്രീയുടെ ചുഴ്ന്നെടുത്ത ഞരമ്പിനോട്.

പാഠാപഗ്രഥനം

മലയാളകവിതയിൽ കാല്പനികതയുടെ നവഭാവുകത്വം സൃഷ്ടിച്ച കവികളാണ് ഒ.എൻ.വി, വയലാർ, പി.ഭാസ്കരൻ തുടങ്ങിയവർ. സാമൂഹിക ജീവിതത്തെക്കുറിച്ചുള്ള പുതുകാഴ്ചപ്പാടുകൾ കവിതയിലൂടെ ഇവർ മുന്നോട്ടുവച്ചു. താളനിബദ്ധമായ മലയാള കവിതകളിൽ, അതിസാന്ദ്രങ്ങളായ ബിംബങ്ങൾ സന്നിവേശിപ്പിച്ച് ലാവണ്യത്തിന്റെ പുതിയ മേഖലകൾ ഇവർ തുറന്നുതന്നു. ആദിമധ്യാന്ത കഥാഖ്യാനത്തിനപ്പുറം ഒരാശയത്തിന്റെയോ ഭാവത്തിന്റെയോ ആവിഷ്കാരമാക്കി കവിതയെ ഇവർ മാറ്റി. കവിത മനുഷ്യപുരോഗതിക്കുള്ള മാധ്യമമായി മാറി.

സ്ത്രീയെ അമ്മയായോ സഹോദരിയായോ മകളായോ കാണുന്ന സംസ്കാരമായിരുന്നു നമ്മുടേത്. കൂട്ടുകുടുംബ സമ്പ്രദായവും മരുമക്കത്തായവും നിലനിന്നിരുന്ന കേരളത്തിൽ സഹോദരിക്കുള്ള സ്ഥാനം അദ്വിതീയമായിരുന്നു. അമ്മ കഴിഞ്ഞാൽ കുടുംബത്തിലെ ഏറ്റവും പ്രധാനയംഗം പെങ്ങളായിരുന്നു. കുടുംബത്തിലെ മറ്റ് സഹോദരങ്ങളുടെ സംരക്ഷണച്ചുമതല അക്ക, ചേച്ചി, ഓപ്പോൾ എന്നെല്ലാം വിളിച്ചു വന്നിരുന്ന മുതിർന്ന പെങ്ങൾക്കായിരുന്നു. എല്ലാവരു ടെയും വാത്സല്യ ഭാജനമായിരുന്നു ഇളയപെങ്ങൾ. ആ പെങ്ങന്മാരെ എന്തുവില കൊടുത്തും സംരക്ഷിക്കേണ്ടത് ആങ്ങളമാരുടെ കടമയായി കരുതിയിരുന്നു. എല്ലാത്തിനെയും കച്ചവടക്കണ്ണോടെ മാത്രം നോക്കുന്ന പുതിയ സമൂഹത്തിൽ സ്ത്രീയോടുള്ള മനോഭാവത്തിനും മാറ്റംവന്നു. സ്നേഹ വാത്സല്യങ്ങളുടെ പര്യായമായിരുന്ന 'പെങ്ങൾ' എന്ന വാക്കു പോലും നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്നു.

മലയാളസാഹിത്യത്തിൽ പെങ്ങൾക്ക് മഹത്തായ സ്ഥാനമാണ് നല്കിയിട്ടുള്ളത്. ഇടശ്ശേരിയുടെ പെങ്ങൾ, നെല്ലുകുത്തുകാരി പാറുവിന്റെ കഥ, തുടങ്ങിയ കവിതകൾ ഇതിന്റെ ഉത്തമോദാഹര ണങ്ങളാണ്. കഥാ സാഹിത്യത്തിൽ,എം.ടി.വാസുദേവൻ നായരുടെ കഥകളിൽ, പ്രത്യേകിച്ച് 'കുട്ട്യേടത്തി'യിലും 'നാലുകെട്ടി'ലും ഇത്തരം പെങ്ങന്മാരെ കാണാം. ഉത്തരേന്ത്യൻ പശ്ചാത്തലത്തിൽ കീഴാള വർഗത്തിൽപ്പെട്ട ഒരു പെങ്ങളെ സ്ത്രീത്വത്തിന്റെ വിവിധ ഭാവങ്ങളിലൂടെ ഇവിടെ അവതരിപ്പിക്കുന്നു. സ്ത്രീയുടെ ത്യാഗത്തിന്റെയും സഹനത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമാണ് ഈ പെങ്ങൾ.

കവിയുടെ ഓർമ്മയിലൂടെയാണ് പാഠഭാഗം ആരംഭിക്കുന്നത്. അവ്യക്തചിത്രങ്ങളിൽ നിന്ന് തെളിഞ്ഞ ദൃശ്യങ്ങളിലേക്ക് ആ ഓർമ്മ വളരുകയാണ്.

എന്റെ കൈത്തണ്ടയിൽ ഈ രാഖിച്ചരടുബന്ധിച്ച് നീ അല്പനേരം മിണ്ടാതെ നിന്നുവോ? പിന്തിരിഞ്ഞ് എങ്ങോട്ടോ നടന്നുവോ? നിന്റെ കണ്ണീർ വീണ സ്ഥലങ്ങൾ നീറിപ്പുകഞ്ഞുവോ? നീ ആരാണെ

ന്നു പോലും ഞാൻ ചോദിച്ചില്ല. നീ നിന്റെ പേരും പറഞ്ഞില്ല. എങ്കിലും വല്ലായ്മ കലർന്ന നില്പും ആ മൗനവും കണ്ണീർ അടർന്നുവീണുകൊണ്ടിരുന്ന ദുഃഖവും എന്റെ കൈയിൽ ബന്ധിച്ച രാഖിച്ചരടുമെല്ലാം നീ എന്റെ പെങ്ങൾ തന്നെയാണെന്ന് പറയാതെപറയുന്നു.

നീ എന്റെ കൂടപ്പിറപ്പാണെങ്കിൽ, നമ്മൾ ഒരേരക്തമാണെങ്കിൽ, നിന്റെ ദു:ഖങ്ങൾ എന്റേതുമാണ്. നിന്റെ മാനാഭിമാനങ്ങളിൽ എനിക്കും പങ്കുണ്ട്. ആ നേരിന്റെ അഗ്നിസ്ഫുലിംഗം എന്റെ ഹൃദയത്തിൽ തെറിച്ചു വീണിരിക്കുന്നു. നിശ്ശബ്ദ ദുഃഖവും പേറി പടിയിറങ്ങുന്ന നിന്റെ മൗനം എന്റെ മനസ്സിന്റെ സന്ധികളിൽ തട്ടിത്തകരുന്ന സ്ഫടികപ്പാത്രംപോലെ പൊട്ടിച്ചിതറുന്നു. ചിതറിയചിന്തകളിൽ തെറിച്ചുവീണ അക്ഷരങ്ങളിൽ കവി ആ സത്യം വായിച്ചു. അതെ, എന്റെ പെങ്ങളാണിവൾ.

നിന്റെ ദു:ഖങ്ങളും രോഷങ്ങളും നഷ്ടബോധത്തിന്റെ ഗതികിട്ടാതലയുന്ന നിസ്സഹായതകളും ഓരോന്നായി വന്ന് എന്റെ ഹൃദയത്തിൽ അലയടിക്കുന്നു. അതെ.എന്റെ പെങ്ങൾ തന്നെ ഇവൾ.

ഗ്യാസിന് തീപിടിച്ച് പൊട്ടിത്തെറിച്ച് മരിച്ചുവെന്ന കള്ളക്കഥകളിലൂടെ അവൾ വെറും വാർത്തയായി വിസ്മരിക്കപ്പെടുന്നു. യാത്രക്കിടയ്ക്ക് ബലാൽക്കാരത്തിന് ഇരയാവുകയും ഒഴിഞ്ഞ ചായക്കപ്പുപോലെ വലിച്ചെറിയപ്പെടുകയും ചെയ്ത സംഭവങ്ങൾ. ഭർത്തൃഗൃഹത്തിന്റെ അകത്തളങ്ങളിൽ ജീവിതം നീറ്റിനീറ്റി സതിയനുഷ്ഠിക്കുന്ന പെങ്ങന്മാർ എത്ര? ഇളയകിടാങ്ങളെപ്പോറ്റാൻ വേണ്ടി ജീവിതാവസാനം വരെ ചുമടെടുക്കുന്നവരും കുറവല്ല. (ഒരു കുഞ്ഞിന്റെ ഭാരംപേറുന്ന അമ്മയ്ക്ക് പത്തുമാസം തികഞ്ഞാൽ ആ ചുമടിറക്കാമല്ലോ!) പല സഹോദരിമാരും അഴക് ആപത്തായി കരുതുന്നു. ചില അമ്മമാരുടെ കഥ ഏറെ പരിതാപകരമാണ്. മുലപ്പാൽ തിങ്ങി മാറിടം വിങ്ങുമ്പോഴും അവർക്ക് കുഞ്ഞുങ്ങളെയൂട്ടാൻ സൗകര്യം കിട്ടുന്നില്ല. മറ്റുള്ളവർക്ക് കഞ്ഞിക്ക് വകതേടാൻ മടച്ചുവീഴേണ്ടിവരുന്നു. ജീവിതം മഹായജ്ഞമാണ് ചിലർക്ക്. സ്വന്തം ഇഷ്ടങ്ങളും സ്വപ്നങ്ങളുമാണ് ബലിദർഭകളാക്കി അവർ കണ്ണീരോടെ ഹോമിക്കുന്നത്. പാപം ചെയ്തവരാൽ ചിലർ കല്ലെറിയപ്പെടുന്നു. നിത്യവും ബന്ധുജനങ്ങളിൽ നിന്നും ഏല്ക്കുന്ന ശാപവാക്കുകൾ കേട്ട് കല്ലായി, നിർവികാരരായി കഴിയുന്നവരെത്രയാണ്! പൂവായ് വിരിഞ്ഞ് പുഴുവിന് ഇരയാകുന്നവർ, ഗൃഹദേവതകളായി ശ്രീകോവിലിൽ ജീവപര്യന്തത്തിന് വിധിക്കപ്പെടുന്നവർ ഇങ്ങനെ എത്ര പെങ്ങന്മാർ. മക്കൾ പരസ്പരം തലതല്ലിത്തെറുപ്പിക്കുന്നതു കണ്ട് ഉള്ളുനീറി കഴിയുന്നവരുണ്ട്. ചന്ദനംപോലെ അരഞ്ഞും അകിലുപോലെ പുകഞ്ഞും അന്യർക്ക് സുഗന്ധമായി മാറുന്നവളാണ് പെങ്ങൾ. വന്യനീതിയും വരേണ്യനീതിയും രാജനീതിയുമെല്ലാം അമ്പെയ്തു വീഴ്ത്തുന്നത് അവളെത്തന്നെയാണ്. രക്ഷിക്കപ്പെടേണ്ട വരിൽ നിന്നും നിനക്ക് ഓടി രക്ഷപ്പെടേണ്ടി വരുന്നു. ഈ ഭൂമിയിലൊന്നും രക്ഷയില്ലാഞ്ഞ് ഭൂഗർഭത്തിൽ അഭയം തേടേണ്ടിവരുന്നു. അതെ, എത്രയെത്ര ദുഃഖസ്മൃതികളാണ് എന്റെ മനസ്സിൽ പൊങ്ങിവരുന്നത്. പെങ്ങളേ നീ എന്റെ രക്തമാണ്. അമ്മയും ഭാര്യയും മകളും ഭൂമിയും ശക്തിയും എല്ലാം നീതന്നെ.

ഈ രാഖി, ചൂഴ്ന്നെടുത്ത നിന്റെ

ഞരമ്പാണ്. അതിൽ സ്പർശിക്കുമ്പോൾ എനിക്ക് നിന്നെ മനസ്സിലാകുന്നു. നിന്റെ ഹൃദയസ്പന്ദനം അറിയാൻ കഴിയുന്നു. നിന്റെ ദു:ഖത്തിന്റെ കടൽ കുടിച്ചുവറ്റിച്ച് ശക്തി പുനരുജ്ജീവിപ്പിക്കാൻ എന്റെ വാക്കുകൾക്ക് കഴിയട്ടെ.

ഭാരതസ്ത്രീകൾ അനുഭവിക്കുന്ന ത്യാഗങ്ങളും ദുഃഖങ്ങളുമാണ് കവി വരച്ചു കാട്ടുന്നത്. സതി എന്ന ദുരാചാരം നിർത്തലാക്കപ്പെട്ടെങ്കിലും സമാനമായ ദുരിതങ്ങൾ ഇന്നും അവർക്കനുഭവിക്കേണ്ടി വരുന്നു. മറ്റുള്ളവരുടെ തെറ്റുകൾക്ക് പലപ്പോഴും അവർക്ക് ശിക്ഷ അനുഭവിക്കേണ്ടിവരുന്നു. 'രക്ഷിക്കാൻ കടപ്പെട്ടവനിൽ നിന്നും' എന്ന വരികളിലൂടെ പതിവ്രതാരത്നമായ സീതയുടെ അഗ്നിപരീക്ഷയിലേക്കും പരിത്യാഗകഥയിലേക്കും കവി നമ്മെ നയിക്കുന്നു.

അമ്മയായും ദേവിയായും ആരാധിക്കപ്പെടുമ്പോഴും സ്ത്രീ ചന്ദനംപോലെ അരയുകയും അകിലുപോലെ പുകയുകയുമാണ്. മറ്റുള്ളവരുടെ സുഖത്തിനും സന്തോഷ ത്തിനുംവേണ്ടി അവൾ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളും ദുഃഖങ്ങളുമാണ് ഈ കവിതയിൽ നാം കാണുന്നത്.

കവിതയിലെ പ്രയോഗസവിശേഷതകൾ

* നിന്നശ്രുബിന്ദു... നീറിപ്പുകഞ്ഞുവോ?
* പെൺകുട്ടി അനുഭവിക്കുന്ന വേദനയുടെയും സങ്കടത്തിന്റെയും തീവ്രത ബോധ്യപ്പെടുത്തുന്നു.
* എന്റേതുമാണെന്നു..... ത്തെറിപ്പിച്ചു
  അവൾ അനുഭവിച്ച അപമാനങ്ങളും സങ്കടങ്ങളും കവിയുടെ ഉറങ്ങുന്ന ബോധത്തെ ഉണർത്തുകയും പൊള്ളിക്കുകയും ചെയ്യുന്നു.
* നിൻ മൗനമെൻ ... പാത്രം പോലെ
  രാഖി ബന്ധിച്ച് സഹോദരിയായിത്തീർന്നപ്പോൾ അവളുടെ മൗനത്തിൽ ഒളിപ്പിച്ച ദുഃഖങ്ങൾ കവിയുടെ ഹൃദയത്തിൽ വാചാലമാകുന്നു. അവളുടെ സങ്കടങ്ങളുടെ കണ്ണാടിച്ചില്ലുകൾ കവിയുടെ ഹൃദയത്തിൽ തുളച്ചുകയറുന്നു.
* ഒക്കെയോരോരോ... ഹൃത്തിലലയ്ക്കുന്നു
  വിക്ഷുബ്ധവികാരങ്ങൾ ഹൃദയത്തിലേക്ക് ഒന്നിനുപുറകേ ഒന്നായി ഒരിക്കലും അവസാനിക്കാതെ വന്നുകൊണ്ടിരിക്കുന്നു.

* ആരാന്റെ ദാഹം.... മൺപാത്രമാകുന്നവൾ

സ്ത്രീകൾക്ക് നേരെ നടക്കുന്ന ചൂഷണവും അക്രമവും സൂചിപ്പിക്കുന്നു. എറിഞ്ഞുടയ്ക്കപ്പെടുന്ന മൺപാത്രം വീണ്ടും കൂട്ടിച്ചേർക്കാൻ കഴിയില്ല. സ്ത്രീയുടെ നിസ്സഹായതയും ദയനീയതയുമാണ് ഈ പ്രയോഗത്തിലൂടെ തെളിയുന്നത്.

* മറ്റൊരു വീടിന്നകത്തളത്തിൽ .... സതിയനുഷ്ഠിക്കുമ്പോൾ

ഭാര്യയായി മറ്റൊരുവീട്ടിൽ ചെല്ലുന്നവൾ അനുഷ്ഠിക്കുന്നതും സതിതന്നെയെന്ന് കവി. പക്ഷേ അതാകട്ടെ ജീവിതമാകുന്ന ചിതയിൽ തന്റെ ആയുസ്സിനെ അല്പാല്പമായി നീറ്റിത്തീർത്തുകൊണ്ടാണെന്നുമാത്രം. വിവാഹം കഴിഞ്ഞാൽ ഭർത്തൃഗൃഹത്തിൽ ജീവിതാന്ത്യം വരെ അനുഭവിക്കേണ്ടിവരുന്ന വേദനയും സഹനവുമാണ് ഇവിടെ വെളിവാകുന്നത്.

* വാഴ്വിന്റെയറ്റംവരെ ചുമടേറ്റുവോൾ

സ്വന്തം ജീവിതകാലം മുഴുവനും കുടുംബത്തിന്റെ എല്ലാ ചുമതലകളും ഏറ്റെടുക്കുന്നവളാണ് സ്ത്രീ. കുടുംബഭാരം ചുമന്ന് പരിക്ഷീണിക്കുന്ന അവൾ സ്വന്തം സുഖത്തെക്കുറിച്ച് ചിന്തിക്കുന്നില്ല.

* നെഞ്ഞിൽ മുലപ്പാൽ.... വീഴുന്നവൾ

സ്ത്രീയുടെ സംതൃപ്തിയും സമ്പൂർണതയുമാണ് ഒരു കുഞ്ഞിന് ജന്മം നല്കി അതിനെ മുലയൂട്ടി വളർത്തുക എന്നത്. പക്ഷേ ഇവിടെ നെഞ്ചിൽ മുലപ്പാൽ വിങ്ങിനിൽക്കുമ്പോഴും അത് നൽകാനാവാതെ കുഞ്ഞിനെ എങ്ങോ കിടത്തി, അവൾ മറ്റുള്ളവർക്കുവേണ്ടി അധ്വാനിച്ച് തളർന്നുവീഴുന്നു. ആഗ്രഹങ്ങൾ സഫലമാകാതെ ജീവിതമൊടുങ്ങാൻ വിധിക്കപ്പെടുന്നവളാണിവൾ.

* സ്വപ്നങ്ങളെ .... വീഴ്ത്തുവോൾ

ദർഭ ബലികർമ്മങ്ങളിൽ ഉപയോഗിക്കപ്പെടുന്നത് ദർഭയ്ക്ക് വേണ്ടിയല്ല, എങ്കിലും അത് എരിഞ്ഞൊടുങ്ങുന്നു. സ്ത്രീയും തന്റെ സ്വപ്നങ്ങളും സന്തോഷങ്ങളും മറ്റാർക്കോ വേണ്ടി ബലികഴിക്കുന്നു. കണ്ണീരിൽ കുതിർന്ന ബലികർമ്മമാണ് ഇവൾക്ക് ജീവിതം.

* പാപികളാൽ ... കല്ലെറിയപ്പെടുന്നവർ

സ്വന്തം ജീവിതം നിരാലംബർക്കും ദുഃഖിതർക്കും രോഗികൾക്കുമായി മാറ്റിവെച്ചിട്ടും യേശുക്രിസ്തു കല്ലെറിയപ്പെട്ടു. ഇവളുടെ ജീവിതവും അങ്ങനെതന്നെ.

* ശാപം... മാറ്റിയോൾ

ഇന്ദ്രന്റെ ചതിയിൽപ്പെട്ട് തെറ്റുകാരിയായവളാണ് അഹല്യ. ഭർത്താവായ ഗൗതമമുനിയുടെ ശാപം അഹല്യയെ ശിലയാക്കി. ജീവിതം മറ്റുള്ളവർക്കായി ബലി കഴിച്ചിട്ടും

അവരിൽ നിന്ന് സ്ത്രീക്ക് ലഭിക്കുന്നത് ശാപങ്ങൾ മാത്രമാണ്. നിരന്തരമായ ശാപമേറ്റ് അവൾ ശിലപോലെ നിർജീവമാകുന്നു. നിർവികാരയാകുന്നു. എന്നിട്ടും തന്റെമേൽ പതിക്കുന്ന ശാപങ്ങളെല്ലാം അവൾ അതിജീവിക്കുന്നു.

* പൂവായി ... തീർന്നവൾ

പൂവിന്റേതുപോലെ ആകർഷകമായ നിറവും ഗന്ധവും മൃദുത്വവുമുണ്ടായിരുന്നു അവൾക്ക്. പക്ഷേ പൂവിൽ പുഴുവെന്ന പോലെ അനർഹമായ കൈകളിൽ ഇവളുടെ ജീവിതവും നശിക്കുന്നു.

* പൂജാമുറി... വിധിക്കപ്പെടുന്നവൾ

സ്ത്രീയെ ദേവീതുല്യം പൂജനീയയാക്കി അവൾക്ക് സമൂഹവുമായുള്ള ബന്ധം വിച്ഛേദിക്കുന്നു. സ്ത്രീയുടെ സ്വാതന്ത്ര്യങ്ങളെ വിലങ്ങിടുവാനുള്ള തന്ത്രമാണ് ഈ ദേവീ സ്ഥാനമുദ്ര.

* തൻ മക്കൾതങ്ങളിൽ.... കത്തുന്നവൾ

കളികളിലേർപ്പെടുന്ന ലാഘവത്തോടെയാണ് മക്കൾ പരസ്പരം കൊന്നൊടുക്കുന്നത്. അതും അവർക്ക് വിനോദമാണ്. മനസ്സ് നീറിപ്പുകഞ്ഞ് സ്വയം എരിയാൻമാത്രമേ അപ്പോൾ അമ്മയ്ക്ക് കഴിയുന്നുള്ളൂ. 'ഭൂമിയ്ക്കൊരു ചരമഗീതം' എന്ന കവിതയിലെ 'ഒന്നു മറ്റൊന്നിനെ കൊന്നു - കണ്ണീരൊഴുക്കി നീ നിന്നു' എന്ന വരികളും ഈ ആശയം ധ്വനിപ്പിക്കുന്നു.

ചന്ദനം... സുഗന്ധമാകുവോൾ

ചന്ദനം അരഞ്ഞും അകിൽ പുകഞ്ഞും സുഗന്ധം പരത്തുമ്പോൾ സ്വയമലിഞ്ഞില്ലാതാവുക കൂടിയാണ്. സ്ത്രീയും ഇപ്രകാരം മറ്റുള്ളവർക്കുവേണ്ടി ജീവിച്ച് തന്റെ ജീവിതം എരിച്ചുതീർക്കുകയാണ്.

വന്യമാം നീതി... രക്ഷ നേടുന്നവൾ

എല്ലാ നീതിയും നിഷേധിക്കപ്പെടുന്നവർക്ക് ഒടുവിലഭയം ഈ ഭൂമി തന്നെയാണ്. ഇവിടെ വന്യനീതിയും വരേണ്യനീതിയും രാജനീതിയുമെല്ലാം ചേർന്ന് സ്ത്രീയെ അമ്പെയ്ത് വീഴ്ത്തിയപ്പോൾ അവൾ രക്ഷനേടിയത് ഭൂഗർഭത്തിലാണ്.

(പ്രജകളുടെ വന്യനീതിയും രാമന്റെ രാജനീതിയും പുരോഹിതരുടെ വരേണ്യനീതിയും സീതയെ ഉപേക്ഷിച്ചപ്പോൾ അവൾ ഭൂമിയിൽ അഭയം പ്രാപിച്ച രാമായണകഥ ഓർക്കുക)

അപഗ്രഥനച്ചോദ്യങ്ങൾ

1. വിവിധഭാവങ്ങളിലും രൂപങ്ങളിലും വർത്തിക്കുന്ന 'സ്ത്രീസത്ത'യുടെ വിഭിന്നമുഖങ്ങളാണ് പെങ്ങൾ എന്ന കവിതയിൽ കാണുന്നത്. വിശകലനക്കുറിപ്പെഴുതുക.

2. "ചന്ദനം പോലെയരഞ്ഞകിൽ പോൽപുക
ഞ്ഞെന്നുമന്യർക്കായ് സുഗന്ധമാകുവോൾ"
സ്ത്രീയുടെ ത്യാഗവും സഹനവും തെളിയിക്കുന്നവയാണീ വരികൾ. നിങ്ങളുടെ അഭിപ്രായം നിരൂപണക്കുറിപ്പായി രേഖപ്പെടുത്തുക.

3. ഒരു കുറ്റിച്ചൂല്
ഒരു നാറത്തേപ്പ് - ഞെണുങ്ങിയവക്കാർ-
ന്നൊരു കഞ്ഞിപ്പാത്രം
ഒരട്ടി മണ്ണവൾ (സംക്രമണം)

സ്ത്രീകൾക്ക് സമൂഹം നല്കുന്ന സ്ഥാനത്തെക്കുറിച്ച് ആറ്റൂർ രവിവർമ്മയുടെ വിമർശനമാണിത്. 'പെങ്ങൾ' എന്ന കവിതയുമായി താരതമ്യം ചെയ്ത് കുറിപ്പുതയാറാക്കുക.

4. കവിതയിലെ പുരാവൃത്തപരാമർശങ്ങൾ സ്ത്രീജീവിതവുമായി എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു. വിശദീകരണക്കുറിപ്പെഴുതുക.

അപഗ്രഥനച്ചോദ്യങ്ങളുടെ ഉത്തരസൂചിക

1. * അമ്മയും പെങ്ങളും മകളും ഭാര്യയുമെല്ലാമാണ് സ്ത്രീ.
   * സ്ത്രീകൾ ഓരോ അവസ്ഥയിലും അനുഭവിക്കുന്ന കഷ്ടപ്പാടുകൾ.
   * ദു:ഖം,ത്യാഗം,സഹനം
   * സ്ത്രീ വർത്തിക്കുന്ന വ്യത്യസ്ത തൊഴിൽമേഖലകൾ.

2. * ചന്ദനവും അകിലും അരഞ്ഞും പുകഞ്ഞുമാണ് സുഗന്ധമുണ്ടാക്കുന്നത്.
   * ഈ പ്രക്രിയയിൽ അവ മറ്റുള്ളവർക്ക് സുഗന്ധം നല്കി ഇല്ലാതാകുന്നു.
   * സ്ത്രീകൾ കുടുംബാംഗങ്ങളുടെ ക്ഷേമത്തിനായി ജീവിതകാലം മുഴുവൻ കഷ്ടപ്പെടുന്നു.
   * സ്വയം നേട്ടമുണ്ടാക്കാതെ ഉരുകിത്തീരുന്നു.

3. * സ്ത്രീകളുടെ ജീവിതത്തിലെ കഷ്ടപ്പാടുകൾ
   * വിപ്ലവകരമായ ചിന്തകൾ സ്വപ്നങ്ങളിലൂടെയാണ് രൂപം കൊള്ളുന്നതും സഫലമാകുന്നതും.

- പ്രതികരണമില്ലായ്മ.
- മറ്റുള്ളവരുടെ തെറ്റിന് ശിക്ഷ അനുഭവിക്കുന്നു.
- ആവശ്യം കഴിയുമ്പോൾ വലിച്ചെറിയപ്പെടുന്നു.

3.
- ഔചിത്യബോധത്തോടെയാവണം ജീവിതത്തിലെ തിരഞ്ഞെടുപ്പുകൾ.
- സാക്ഷാത്കരിക്കാതെ പോകുന്ന സ്വപ്നങ്ങൾ.

4.
- പാപികളാൽ കല്ലെറിയപ്പെടുന്നു (യേശുക്രിസ്തു).
- മറ്റുള്ളവരുടെ തെറ്റിന് ശിക്ഷ അനുഭവിക്കുന്നു (അഹല്യ).
- രക്ഷിക്കാൻ കടമപ്പെട്ടവരിൽ നിന്നുള്ള രക്ഷനേടൽ (സീതാപരിത്യാഗം, അഗ്നി പ്രവേശം, ഭൂഗർഭത്തിലെ അഭയം).

വിലയിരുത്തൽ ചോദ്യങ്ങൾ

1. സമകാലിക പശ്ചാത്തലത്തിൽ 'പെങ്ങൾ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയാറാക്കുക.
2. പെങ്ങൾ അനുഭവിക്കുന്ന ദു:ഖത്തിന്റെയും ത്യാഗത്തിന്റെയും ആഴം മനസ്സിലാക്കാൻ കവിതയിലെ പ്രയോഗങ്ങളും അലങ്കാരകല്പനകളും സഹായിച്ചിട്ടുണ്ടോ? വിലയിരുത്തൽക്കുറിപ്പെഴുതുക.

വിലയിരുത്തൽചോദ്യങ്ങളുടെ ഉത്തരസൂചിക

1.
- സ്ത്രീകളുടെ കഷ്ടപ്പാട്
- ത്യാഗം
- ദുരിതങ്ങൾ
- ദുഃഖങ്ങൾ
- ഒറ്റപ്പെടൽ
- അരക്ഷിതാവസ്ഥ
- പൊലിഞ്ഞ സ്വപ്നങ്ങൾ

2.
- മറ്റൊരു വീടിനകത്തെ .. സതിയനുഷ്ഠിക്കുവോൾ
- താഴെപ്പിറന്ന ... ചുമടേറ്റുവോൾ
- സ്വപ്നങ്ങളെ ... വീഴ്ത്തുവോൾ
- ശാപം ..... മാറിയോൾ
- പുവായ് ... തിന്നുതീർന്നവൾ
- തൻമക്കൾ ... കത്തുന്നവർ

- രക്ഷിക്കുവാൻ ... രക്ഷ തേടുന്നവൾ
- നിൻ മൗനം ..... സ്ഫടികപാത്രം പോലെ ആരോ മെനഞ്ഞ പാത്രമാകുന്നവൾ

തുടർപ്രവർത്തനങ്ങൾ

- 'പെങ്ങൾ - കേരളീയ കുടുംബപശ്ചാത്തലത്തിൽ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു ലേഖനം തയാറാക്കുക.
- ഒ.എൻ.വിയുടെ 'പെങ്ങൾ' എന്ന കവിതയുടെ പശ്ചാത്തലത്തിൽ വ്യത്യസ്ത രചനാപ്രവർത്തനങ്ങൾ നടത്തി ക്ലാസ്സിൽ അവതരിപ്പിക്കുക (കഥ, കത്ത്, നാടകം, കാർട്ടൂൺചിത്രങ്ങൾ)

വിപുലപഠനത്തിന്

- പെങ്ങൾ,നെല്ലുകുത്തുകാരിപ്പാറുവിന്റെ കഥ (കവിതകൾ) - ഇടശ്ശേരി ഗോവിന്ദൻനായർ
- സംക്രമണം (കവിത) - ആറ്റൂർ രവിവർമ്മ
- കോതമ്പുമണികൾ (കവിത) - ഒ.എൻ.വി.കുറുപ്പ്
- നാലുകെട്ട് (നോവൽ) - എം.ടി.വാസുദേവൻനായർ
- ചന്ദനം (കവിത) - ഒളപ്പമണ്ണ
- പെൺകുഞ്ഞ് (കവിത) - സുഗതകുമാരി

ഗ്രന്ഥകാരപരിചയം

ഒ.എൻ.വി കുറുപ്പ്

കൊല്ലം ജില്ലയിലെ ചവറയിൽ 1931 മെയ് 27ന് ജനനം. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുക്കുറുപ്പ് എന്ന് പൂർണനാമം. ആധുനികകവികളിൽ പ്രമുഖൻ. ചലച്ചിത്രഗാനരചയിതാവ് എന്ന നിലയിലും പ്രശസ്തൻ. പ്രധാനകൃതികൾ: മയിൽപ്പീലി, വളപ്പൊട്ടുകൾ, ഒരു തുള്ളിവെളിച്ചം,നീലക്കണ്ണുകൾ, കറുത്തപക്ഷിയുടെ പാട്ട്, ഭൂമിക്കൊരു ചരമഗീതം, അഗ്നിശലഭങ്ങൾ, അക്ഷരം, ഉപ്പ്, ശാർങ്ഗകപക്ഷികൾ, മൃഗയ, അപരാഹ്നം. (കവിതാസമാഹാരങ്ങൾ) ഉജ്ജയിനി, സ്വയംവരം, (ഖണ്ഡകാവ്യങ്ങൾ). കേന്ദ്രസാഹിത്യഅക്കാദമിഅവാർഡ്, സോവിയറ്റ് ലാന്റ് നെഹ്രുഅവാർഡ്, വയലാർഅവാർഡ്, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങി ഒട്ടേറെ ബഹുമതികൾ നേടിയിട്ടുണ്ട്. ചലച്ചിത്രഗാനരചനയ്ക്ക് സംസ്ഥാനതലത്തിലും ദേശീയതലത്തിലും അവാർഡുകൾ ലഭിച്ചു. രാഷ്ട്രം അദ്ദേഹത്തിന് പത്മഭൂഷൺ, ജ്ഞാനപീഠം എന്നീ വിശിഷ്ട ബഹുമതികൾ നല്കി ആദരിച്ചു. 1991ൽ പ്രസിദ്ധീകരിച്ച 'അപരാഹ്ന'ത്തിൽ നിന്ന് എടുത്തതാണ് 'പെങ്ങൾ' എന്ന കവിത. 2016 ഫെബ്രുവരി 13ന് അന്തരിച്ചു.

4

ഉദാത്തമായ സന്ദേശങ്ങൾ

ഡോ.എ.പി.ജെ അബ്ദുൾ കലാം

ഓരോ ശിശുവും ഏതാനും പാരമ്പര്യസ്വഭാവങ്ങളുമായിട്ടാണ് ഒരു സവിശേഷ സാമൂഹിക-സാമ്പത്തിക, വൈകാരിക ചുറ്റുപാടിലേക്ക് പിറന്നുവീഴുന്നത്. പിന്നീട് ആ ശിശു അധികാരപ്പെട്ട ചിലരിലൂടെ ക്രമേണ പരിശീലനം നേടുന്നു. സത്യസന്ധതയും അച്ചടക്കബോധവുമാണ് പിതാവിൽ നിന്നും എനിക്ക് കിട്ടിയത്. നന്മയിലുള്ള വിശ്വാസവും ആഴമേറിയ ദയയും എനിക്കു മാതാവിൽ നിന്നുകിട്ടി. അതുപോലെ എന്റെ മൂന്നു സഹോദരന്മാർക്കും സഹോദരിക്കും. എന്നാൽ എന്റെ ബാല്യത്തിന്റെ തനിമയ്ക്കും പില്ക്കാല ജീവിതത്തിലെ വ്യത്യസ്തതകൾക്കും ഏറ്റവുമധികം സംഭാവനകൾ നല്കിയത് ജലാലുദ്ദീനും സംസുദ്ദീനുമൊത്തു ചെലവഴിച്ച ആ കാലഘട്ടമായിരുന്നു. ഇവരുടെ അശിക്ഷിത പാണ്ഡിത്യം അത്രയ്ക്ക് അവബോധമുളവാക്കുന്നതും വാക്കുകളിലൂടെയല്ലാത്ത സന്ദേശങ്ങളോട് പ്രതികരിക്കുന്നവയുമായിരുന്നു. ആകയാൽ പിന്നീട് എന്നിലുളവായ സൃഷ്ടിപരതയ്ക്ക് ഇവരുമായുണ്ടായ ബാല്യകാല സൗഹൃദത്തോടാണ് കടപ്പെട്ടിരിക്കുന്നത് എന്നെനിക്കു നിസ്സംശയം പറയാം.

ചെറുപ്പത്തിൽ എനിക്ക് മൂന്ന് ഉറ്റചങ്ങാതിമാർ ഉണ്ടായിരുന്നു. രാമനാഥശാസ്ത്രി, അരവിന്ദൻ, ശിവപ്രകാശൻ. യാഥാസ്ഥിതിക ഹിന്ദുബ്രാഹ്മണ കുടുംബത്തിലുള്ളവരായിരുന്നു ഈ മൂന്നു കുട്ടികളും. രാമേശ്വരം ക്ഷേത്രത്തിലെ മുഖ്യപുരോഹിതനായ പാക്ഷി ലക്ഷ്മണശാസ്ത്രിയുടെ പുത്രനായിരുന്നു രാമനാഥശാസ്ത്രി. കുട്ടികളെന്ന നിലയിൽ മതപരമായ വ്യത്യാസങ്ങളോ വളർന്നുവന്ന ചുറ്റുപാടുകളോ മൂലം യാതൊരുതരം വ്യത്യാസവും ഞങ്ങൾക്ക് ഉണ്ടായിരുന്നില്ല. രാമനാഥൻ പിന്നീട് അച്ഛനിൽ നിന്നും രാമേശ്വരത്തെ പൂജാരിസ്ഥാനം ഏറ്റെടുത്തു. അരവിന്ദൻ തീർഥാടകർക്ക് യാത്രാസൗകര്യം ഒരുക്കുന്ന പണിയിൽ ഏർപ്പെട്ടു. ശിവപ്രകാശനാകട്ടെ ദക്ഷിണറെയിൽവേയിലെ കാറ്ററിംഗ് കോൺട്രാക്ടറുമായി.

വർഷംതോറും നടന്നിരുന്ന സീതാരാമകല്യാണമഹോത്സവത്തിന് ഭഗവൽ വിഗ്രഹം ക്ഷേത്രത്തിൽ നിന്നും ജലമാർഗേണ എഴുന്നെള്ളിച്ച് ഞങ്ങളുടെ വീടിനടുത്തുള്ള രാമതീർഥമെന്ന കുളത്തിന്റെ മധ്യഭാഗത്തുള്ള വിവാഹവേദിയിലേക്കുകൊണ്ടുവരും. ഇതിനായി വിഗ്രഹം വയ്ക്കാൻ അനുയോജ്യമായ തട്ടുകളിട്ട വിശേഷപ്പെട്ട

പദപരിചയം: *അശിക്ഷിതം - പ്രത്യേകപരിശീലനം ലഭിക്കാത്ത, ഉദാത്തം - ശ്രേഷ്ഠമായ, യാഥാസ്ഥിതികം - പരമ്പരാഗതവിശ്വാസങ്ങളെ മുറുകെപ്പിടിക്കൽ, കാറ്ററിംഗ് കോൺട്രാക്ടർ - പാചക കരാറുകാരൻ*

വഞ്ചികൾ ഞങ്ങളുടെ കുടുംബത്തിൽ നിന്നും ഒരുക്കുമായിരുന്നു. രാമായണത്തിലെയും പ്രവാചകന്റെ ജീവിതത്തിലെയും സംഭവങ്ങളാണ് എന്റെ അമ്മയും അമ്മൂമ്മയും രാത്രി ഞങ്ങൾ, കുട്ടികൾ ഉറങ്ങാൻ നേരത്ത് പറഞ്ഞു തന്നിരുന്നത്.

ഞാൻ രാമേശ്വരം എലിമെന്ററി സ്ക്കൂളിലെ അഞ്ചാം സ്റ്റാൻഡേർഡിൽ പഠിക്കുമ്പോൾ ഒരു ദിവസം ഒരു പുതിയ അധ്യാപകൻ ക്ലാസ്സിൽ വന്നു. ഒരു മുസ്ലീമാണെന്ന് തിരിച്ചറിയിക്കുന്ന തൊപ്പി ധരിച്ചിരുന്ന ഞാൻ പൂണൂലിട്ട രാമശാസ്ത്രിയുടെ അടുത്താണ് പതിവായി ഇരുന്നത്. ഒരു ഹൈന്ദവ പുരോഹിതന്റെ പുത്രൻ ഒരു മുസ്ലീം ബാലനോടൊപ്പം ഇരിക്കുന്നതുമായി പൊരുത്തപ്പെടാൻ അധ്യാപകനുകഴിഞ്ഞില്ല. അദ്ദേഹം മനസ്സിലാക്കിയിരുന്ന സാമൂഹികക്രമമനുസരിച്ച് എന്നോട് എഴുന്നേറ്റുപോയി പിൻനിരയിൽ ഇരിക്കാൻ ആവശ്യപ്പെട്ടു. എനിക്ക് വലിയ ദു:ഖം തോന്നി. അതുപോലെ തന്നെ രാമനാഥശാസ്ത്രിക്കും. പിൻനിരയിലെ ഇരിപ്പിടത്തിലേക്ക് ഞാൻ മാറിയപ്പോൾ ആ സുഹൃത്ത് വല്ലാതായതുപോലെ തോന്നിച്ചു. ആ സമയത്തെ അദ്ദേഹത്തിന്റെ വിതുമ്പുന്ന മുഖത്തിന്റെ പ്രതിച്ഛായ വളരെക്കാലം എന്റെ ഉള്ളിൽ മായാതെ കിടന്നു.

സ്ക്കൂൾ വിട്ട് വീട്ടിൽ ചെന്നശേഷം ഞങ്ങളിരുവരും അവരവരുടെ മാതാപിതാക്കളോട് ഈ സംഭവത്തെക്കുറിച്ചു പറയുകയുണ്ടായി. ലക്ഷ്മണശാസ്ത്രി ആ അധ്യാപകനെ വിളിപ്പിച്ചു. എന്നിട്ട് ഞങ്ങളുടെ സാന്നിധ്യത്തിൽത്തന്നെ, നിഷ്ക്കളങ്കരായ കുട്ടികളുടെ മനസ്സിൽ സാമൂഹിക അസമത്വത്തിന്റെയും അസഹിഷ്ണുതയുടെയും വിഷം പരത്തരുതെന്നു പറയുകയുണ്ടായി. മാത്രമല്ല, ഒന്നുകിൽ ഞങ്ങളോട് മാപ്പുപറയുക; അല്ലെങ്കിൽ സ്ക്കൂളിൽ നിന്നും രാജിവച്ച് ദ്വീപ് വിട്ടുപോവുക എന്ന് ലക്ഷ്മണശാസ്ത്രി അദ്ദേഹത്തോട് മുഖത്തടിച്ചമാതിരിതന്നെ ആവശ്യപ്പെടുകയും ചെയ്തു. ചെറുപ്പക്കാരനായ ആ അധ്യാപകൻ തന്റെ തെറ്റായ പ്രവൃത്തിയിൽ ഖേദിച്ചെന്നുമാത്രമല്ല, ലക്ഷ്മണശാസ്ത്രി നല്കിയ ശക്തമായ കുറ്റാരോപണം വഴി ആത്യന്തികമായി പരിവർത്തനപ്പെടുകയുമുണ്ടായി. മൊത്തത്തിൽ നോക്കിയാൽ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള വേർതിരിവിന്റെ കാര്യത്തിൽ വളരെയധികം ക്രമീകൃതവും ദൃഢവുമായിരുന്നു രാമേശ്വരത്തെ ചെറുസമൂഹം. എന്റെ ശാസ്ത്രാധ്യാപകനായിരുന്ന ശിവസുബ്രഹ്മണ്യ അയ്യർ ഒരു യാഥാസ്ഥിതിക ബ്രാഹ്മണനായിരുന്നു. അദ്ദേഹത്തിന്റെ പത്നിയോ തനി മാമൂലുകാരിയും. ഇങ്ങനെയായിരുന്നിട്ടുകൂടി ഒരു തരത്തിൽ പറഞ്ഞാൽ ഒരു വിപ്ലവകാരിയായിരുന്നു അദ്ദേഹം. വിവിധ പശ്ചാത്തലങ്ങളിലുള്ളവർ തമ്മിൽ എളുപ്പം ഇടപഴകാൻ കഴിയുംവിധം സാമൂഹികമായ വേലിക്കെട്ടുകൾ തകർക്കാൻ അദ്ദേഹം തന്റെ കഴിവിന്റെ പരമാവധി പരിശ്രമിക്കുകയുണ്ടായി. എന്നോടൊപ്പം മണിക്കൂറുകൾ ചെലവഴിച്ചിരുന്ന അദ്ദേഹം ഇപ്രകാരം പറയുമായിരുന്നു. "വലിയ നഗരങ്ങളിലുള്ള ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരോട് തോളോടുതോൾ ചേർന്നുനില്ക്കാനാവും വിധം കലാം, നീ വളർന്നുവരണമെന്നാണ്

പദപരിചയം: *പ്രതിച്ഛായ-പ്രതിബിംബം, നിഷ്കളങ്കർ-കളങ്കമില്ലാത്തവർ, അസമത്വം - തുല്യതയില്ലായ്മ, അസഹിഷ്ണുത - മവർതിരിച്ചുകാണുന്ന സ്വഭാവം, മാമൂല് - പഴഞ്ചൻ സമ്പ്രദായം, അസഹ്യത- സഹിക്കാൻ പറ്റാത്ത അവസ്ഥ, വാരാന്ത്യം- ആഴ്ചയിലെ അവസാനദിവസം*

എന്റെ ആഗ്രഹം".

ഒരു ദിവസം അദ്ദേഹം തന്റെ വീട്ടിലേക്ക് എന്നെ ഊണിനു ക്ഷണിച്ചു. ആചാരവിധിപ്രകാരം പരിശുദ്ധമായി കാത്തുസൂക്ഷിക്കുന്ന തന്റെ അടുക്കളയിലേക്ക് ഒരു മുസ്ലീം ബാലനെ ഭക്ഷണം കഴിക്കാൻ വിളിക്കുക എന്ന ആശയം അദ്ദേഹത്തിന്റെ ഭാര്യയെ ഞെട്ടിക്കുന്നതായിരുന്നു. എനിക്ക് തന്റെ അടുക്കളയിൽ ഊണുവിളമ്പാൻ അവർ തയാറായില്ല. ശിവസുബ്രഹ്മണ്യഅയ്യർ അതുകണ്ട് അസഹ്യത കാട്ടുകയോ അവർ ക്ക് നേരെ ദേഷ്യപ്പെടുകയോ ചെയ്യുന്നതിന് പകരം തന്റെ കൈകൊണ്ട് എനിക്ക് ഊണു വിളമ്പിത്തരികയാണുണ്ടായത്. മാത്രമല്ല, എന്റെ അരികിലിരുന്ന് ഊണുകഴിക്കുകയും ചെയ്തു. ഇതൊക്കെ അടുക്കളവാതിലിന്റെ പിന്നിൽ നിന്ന് വീക്ഷിക്കുകയായിരുന്നു ഗുരുപത്നി. ഞാൻ ഉണ്ണുകയും വെള്ളം കുടിക്കുകയും ഊണിനുശേഷം തറ വൃത്തിയാക്കുകയും ചെയ്യുന്ന രീതിയിൽ അവരെന്തെങ്കിലും വ്യത്യാസം കണ്ടുപിടിച്ചുവോ എന്നു ഞാൻ ആശങ്കപ്പെട്ടിരുന്നു. അന്ന് തിരിച്ചുപോരാൻ ഇറങ്ങവേ, അടുത്ത വാരാന്ത്യത്തിലും ഒരു സദ്യക്കായി ശിവസുബ്രഹ്മണ്യഅയ്യർ എന്നെ ക്ഷണിച്ചു. എന്റെ സംശയസ്ഥിതികണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞുകൊണ്ട് എന്നെ ആശ്വസിപ്പിക്കുകയാണ് ചെയതത്. "വ്യവസ്ഥിതിയെ മാറ്റിത്തീർക്കാൻ നിങ്ങൾ നിശ്ചയിച്ചുകഴിഞ്ഞാൽപ്പിന്നെ ഇത്തരം പ്രശ്നങ്ങളെ നേരിടേണ്ടിവരും." അടുത്ത ആഴ്ച ഞാൻ ശിവസുബ്രഹ്മണ്യഅയ്യരുടെ വീട്ടിൽ ചെന്നപ്പോൾ അദ്ദേഹത്തിന്റെ പത്നി വന്ന് എന്നെ അടുക്കളയിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും സ്വന്തം കൈകൊണ്ട് ചോറുവിളമ്പിത്തരികയും ചെയ്തു.

(അഗ്നിച്ചിറകുകൾ)

വിവ: പി.വി.ആൽബി

അവധാരണചോദ്യങ്ങൾ

1. ബാല്യകാലത്ത് കുടുംബത്തിൽ നിന്ന് ലഭിച്ച കാര്യങ്ങളെക്കുറിച്ച് ലേഖകൻ നല്കുന്ന സൂചനകൾ എന്തെല്ലാം?
2. സീതാരാമകല്യാണ മഹോത്സവത്തിനായി ലേഖകന്റെ കുടുംബത്തിൽനിന്നും ഒരുക്കിക്കൊണ്ടുവന്നിരുന്നത് എന്ത്?
3. വിവേചനം കാണിച്ച അധ്യാപകനോട് ലക്ഷ്മണശാസ്ത്രികൾ പറഞ്ഞത് എന്തായിരുന്നു?
4. ശിവസുബ്രഹ്മണ്യ അയ്യരുടെ ഭാര്യയെ ഞെട്ടിച്ചസംഭവം ഏത്?

അവധാരണചോദ്യങ്ങളുടെ ഉത്തരസൂചിക

1. അമ്മയിൽനിന്നും നന്മയിലേയ്ക്കുള്ള വിശ്വാസവും ആഴമേറിയ ദയയും കിട്ടി. പിതാവിൽനിന്ന് സത്യസന്ധതയും അച്ചടക്കബോധവുമാണ് ലഭിച്ചത്. സഹോദരങ്ങളായ ജലാദ്ദുദീനും സംസുദ്ദീനുമൊത്ത് ചെലവഴിച്ച കാലഘട്ടം ബാല്യകാലത്തെ നല്ല അനുഭവങ്ങളായിരുന്നു.

2. ഭഗവൽവിഗ്രഹം വയ്ക്കാൻ അനുയോജ്യമായ തട്ടുകളിട്ട വിശേഷപ്പെട്ട വഞ്ചികൾ.

3. നിഷ്കളങ്കരായ കുട്ടികളുടെ മനസ്സിൽ സാമൂഹിക അസമത്വത്തിന്റെയും അസഹിഷ്ണുതയുടെയും വിത്തുകൾ എറിയരുത്.

4. 'തന്റെ അടുക്കളയിലേക്ക് ഒരു മുസ്ലീംബാലനെ ഭക്ഷണംകഴിക്കാൻ വിളിക്കുന്നു' എന്നവിവരം.

പാഠപഠനം

ഓരോ ശിശുവും ഏതാനും പാരമ്പര്യസ്വഭാവങ്ങളുമായിട്ടാണ് സവിശേഷമായ സാമൂഹിക സാമ്പത്തിക വൈകാരിക ചുറ്റുപാടിലേക്ക് പിറന്നു വീഴുന്നത്. ക്രമേണ ആ ശിശു അധികാരപ്പെട്ട ചിലരിലൂടെ പരിശീലനംനേടുന്നു. പിതാവിൽനിന്ന് ലേഖകന് കിട്ടിയത് സത്യസന്ധതയും അച്ചടക്കബോധവുമാണ്; മാതാവിൽനിന്ന് നന്മയിലുള്ള വിശ്വാസവും ആഴമേറിയ ദയയും. ബാല്യത്തിന്റെ തനിമയ്ക്കും പില്ക്കാല ജീവിതത്തിന്റെ വ്യത്യസ്തതകൾക്കും സംഭാവന നൽകിയത് ജലാലുദ്ദീനും സംസുദ്ദീനുമൊത്ത് ചെലവഴിച്ച കാലഘട്ടമാണ്. പില്ക്കാലത്തെ സൃഷ്ടിപരതയ്ക്ക് ലേഖകൻ കടപ്പെട്ടിരിക്കുന്നത് ഇവരോടാണ്.

യാഥാസ്ഥിതിക ഹിന്ദുകുടുംബത്തിലെ രാമനാഥശാസ്ത്രി, അരവിന്ദൻ, ശിവപ്രകാശ് എന്നീ കുട്ടികൾ ചെറുപ്പത്തിൽ ലേഖകന്റെ ഉറ്റ ചാങ്ങാതിമാരായിരുന്നു. മതപരമായ വ്യത്യാസങ്ങളോ വളർന്ന ചുറ്റുപാടുകളോമൂലമുള്ള ഒരു വ്യത്യാസമോ അവർ തമ്മിൽ ഉണ്ടായിരുന്നില്ല. കുട്ടികളുടെ മനോഭാവം ചിട്ടപ്പെടുത്തുന്നത് അവർ വളർന്നുവരുന്ന സാഹചര്യം തന്നെയാണെന്ന് ഇത് വ്യക്തമാക്കുന്നു.

വർഷംതോറും നടന്നിരുന്ന സീതാരാമകല്യാണമഹോത്സവത്തിന് ഭഗവാന്റെ വിഗ്രഹം ജലമാർഗേണ എഴുന്നെള്ളിച്ച് ലേഖകന്റെ വീടിനടുത്തുള്ള രാമതീർഥക്കുളത്തിന്റെ മധ്യഭാഗത്തുള്ള വിവാഹവേദിയിലേക്ക് കൊണ്ടുവരും. വിഗ്രഹം വയ്ക്കാനായി അനുയോജ്യമായ തട്ടുകളിട്ട വിശേഷപ്പെട്ടവഞ്ചികൾ അദ്ദേഹത്തിന്റെ കുടുംബത്തിൽ നിന്നും ഒരുക്കുമായിരുന്നു. ലേഖകന്റെ അമ്മയും അമ്മൂമ്മയും, കുടുംബത്തിലെ കുട്ടികൾക്ക് രാത്രി ഉറങ്ങാൻനേരത്ത് പറഞ്ഞുകൊടുത്തിരുന്നത് രാമായണത്തിലെ കഥകളും മുഹമ്മദുനബി

യുടെ ജീവിതത്തിലെ സംഭവങ്ങളായിരുന്നു. മതസൗഹാർദ്ദത്തിന്റെ ഉദാത്തമാതൃകയാണ് കലാമിന്റെ കുടുംബം.

ലേഖകൻ രാമേശ്വരം എലിമെന്ററി സ്കൂളിൽ പഠിക്കുന്ന കാലത്ത് ഒരു പുതിയ അധ്യാപകൻ ക്ലാസ്സിൽ വന്നു. മുസ്ലീമാണെന്നു തിരിച്ചറിയുന്ന തൊപ്പിധരിച്ച ബാലനായ കലാമും പൂണൂലിട്ട രാമശാസ്ത്രി എന്ന ബ്രാഹ്മണബാലനും അടുത്തടുത്തിരിക്കുന്നതുകണ്ട അധ്യാപകൻ കലാമിനെ പിൻനിരയിലെ ബഞ്ചിലേക്ക് മാറ്റി. വിതുമ്പുന്ന മുഖവുമായി ഇരുന്ന രാമശാസ്ത്രിയുടെ മുഖം ലേഖകന്റെമനസ്സിൽ ഏറെക്കാലം മായാതെനിന്നു.

വീട്ടിൽ ചെന്നു മാതാപിതാക്കളോട്, കുട്ടികൾ നടന്നകാര്യങ്ങൾ പറഞ്ഞു. ലക്ഷ്മണശാസ്ത്രി ആ അധ്യാപകനെ വിളിപ്പിച്ച് അദ്ദേഹത്തോട്, നിഷ്കളങ്കരായ കുട്ടികളുടെ മനസ്സിൽ സാമൂഹിക അസമത്വത്തിന്റെയും അസഹിഷ്ണുതയുടെയും വിഷം പരത്തരുതെന്ന് പറഞ്ഞു. ചെറുപ്പക്കാരനായ ആ അധ്യാപകൻ തന്റെ തെറ്റിൽ ഖേദിക്കുകയും ആത്യന്തികമായി പരിവർത്തനപ്പെടുകയും ചെയ്തു. കലാമിന്റെയും രാമശാസ്ത്രികളുടെയും രക്ഷിതാക്കളുടെ പുരോഗമനചിന്താഗതി തികച്ചും മാതൃകാപരമാണ്. കുട്ടികളുടെ ഹൃദയത്തിൽ സാമൂഹ്യസമത്വത്തിന്റെ മൂല്യങ്ങൾ വേരുറയ്ക്കാൻ തീർച്ചയായും ഇത് സഹായിച്ചിട്ടുണ്ടാകും. രാമേശ്വരത്തെ ചെറുസമൂഹം ദൃഢതരമായ ഒരു പരസ്പരൈക്യം പുലർത്തിയിരുന്നു. ശാസ്ത്രാധ്യാപകനായിരുന്ന ശിവസുബ്രഹ്മണ്യയ്യർ ഒരു വിപ്ലവകാരിയായിരുന്നു. വിവിധപശ്ചാത്തലങ്ങളിലുള്ളവർ തമ്മിൽ ഇടപഴകാൻ കഴിയും വിധം, സാമൂഹികമായ വേലിക്കെട്ടുകൾ പൊളിക്കാൻ അദ്ദേഹം കഴിവിന്റെ പരമാവധി പരിശ്രമിച്ചിരുന്നു. ഒരുദിവസം അദ്ദേഹം ലേഖകനെ തന്റെ വീട്ടിലേക്ക് ഊണിന് ക്ഷണിച്ചു. തന്റെ അടുക്കളയിലേക്ക് ഒരു മുസ്ലീം ബാലനെ ഭക്ഷണം കഴിക്കാൻ വിളിക്കുക എന്നതു തന്നെ അദ്ദേഹത്തിന്റെ ഭാര്യയെ ഞെട്ടിക്കുന്നതായിരുന്നു, കുട്ടിക്ക് ഊണ് വിളമ്പാൻ അവർ തയാറായില്ല. അതു കണ്ട് അസഹ്യത കാട്ടാതെ ശിവസുബ്രഹ്മണ്യയ്യർ ശിഷ്യന് സ്വന്തം കൈകൾ കൊണ്ട് വിളമ്പുകയും അയാളുടെ അടുത്തിരുന്ന് ആഹാരം കഴിക്കുകയും ചെയ്തു. ലേഖകനെ ആശ്വസിപ്പിച്ച അധ്യാപകൻ ഇപ്രകാരം പറഞ്ഞു. 'വ്യവസ്ഥിതിയെ മാറ്റാൻ നിങ്ങൾ നിശ്ചയിച്ചു കഴിഞ്ഞാൽപ്പിന്നെ ഇത്തരം പ്രശ്നങ്ങളെ നേരിടേണ്ടി വരും'.

പിറ്റേ വാരാന്ത്യത്തിൽ ശിവസുബ്രഹ്മണ്യയ്യരുടെ ക്ഷണം സ്വീകരിച്ച് സദ്യയിൽ പങ്കെടുക്കാൻ വീട്ടിൽച്ചെന്ന ലേഖകനെ അദ്ദേഹത്തിന്റെ ഭാര്യ അടുക്കളയിലേക്ക് കൂട്ടിക്കൊണ്ടു പോവുകയും സ്വന്തം കൈകൊണ്ട് വിളമ്പിക്കൊടുക്കുകയും ചെയ്തു. അതിഥിയായെത്തിയ കലാമിന്റെ ആദരപൂർണവും അച്ചടക്കവുമുള്ള പെരുമാറ്റവും ഭർത്താവിന്റെ പുരോഗമനചിന്താഗതിയും ആ സ്ത്രീയുടെ മനസ്സിന് പരിവർത്തനമുണ്ടാക്കി.

അപഗ്രഥനചോദ്യങ്ങൾ

1. കുട്ടികളെ വിവേകശാലികളും കഠിനാധ്വാന ശീലമുള്ളവരുമായി വളർത്തിക്കൊണ്ടു വരുന്നതിനായി മാതാപിതാക്കളും അധ്യാപകരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ? കുറിപ്പുതയാറാക്കുക
2. നിഷ്കളങ്കരായകുട്ടികളുടെ മനസ്സിൽ സാമൂഹിക അസമത്വത്തിന്റെയും അസഹിഷ്ണുതയുടെയും വിഷംപരത്തരുത്. അങ്ങനെ സംഭവിച്ചാലുണ്ടാകാവുന്ന ദോഷങ്ങളെക്കുറിച്ച് കുറിപ്പെഴുതുക
3. പുരോഗമന കാഴ്ചപ്പാടിന്റെ ഭാഗമായി 'ഉദാത്തമായ സന്ദേശങ്ങൾ' എന്ന പാഠഭാഗത്ത് സൂചിപ്പിച്ചിരിക്കുന്ന സംഭവങ്ങൾ വിശദീകരിക്കുക

അപഗ്രഥനചോദ്യങ്ങളുടെ ഉത്തരസൂചിക

1. * പിതാവിൽ നിന്ന് സത്യസന്ധതയും അച്ചടക്കവും മാതാവിൽ നിന്ന് നന്മയിലുള്ള വിശ്വാസവും ആഴമേറിയ ദയയും.
   * അവരുടെ അശിക്ഷിതമായ പാണ്ഡിത്യം അവബോധമുളവാക്കുന്നതും വാക്കുകളിലൂടെയല്ലാത്ത സന്ദേശങ്ങളോട് പ്രതികരിക്കുന്നവയുമായിരുന്നു. അവ ലേഖകന്റെ സൃഷ്ടിപരതയ്ക്ക് സഹായകമായി.
   * കുട്ടികളെന്ന നിലയിൽ മതപരമായ വ്യത്യാസങ്ങളോ വളർന്നുവന്ന ചുറ്റുപാടുകളോ മൂലം യാതൊരുതരം ഭേദങ്ങളും അവർതമ്മിൽ ഇല്ലായിരുന്നു.
   * പൂണൂലിട്ട ബ്രാഹ്മണബാലനുസമീപം മുസ്ലീംബാലൻ ഇരിക്കുന്നത് ആ കാലഘട്ടത്തിലെ ജാത്യാചാരങ്ങൾക്ക് വിരുദ്ധമായിരുന്നു.

2. * കുട്ടികളുടെ മാനസികവളർച്ച മുരടിക്കുന്നു.
   * കുട്ടികളിൽ സ്നേഹം, സാഹോദര്യം ഐക്യചിന്ത എന്നിവ നഷ്ടപ്പെടുന്നു.
   * സ്വാർഥരാകുന്ന കുട്ടികൾ അസഹിഷ്ണുക്കളും അക്രമകാരികളുമാകുന്നു.
   * സമൂഹത്തിന്റെ സുസ്ഥിതി നഷ്ടപ്പെടുന്നു.
   * രാജ്യത്തിനും സമൂഹത്തിനും കുടുംബത്തിനും കുട്ടികൾ വെല്ലുവിളി ഉയർത്തുന്നു.
   * സമൂഹത്തിൽ മതസൗഹാർദം നഷ്ടപ്പെടുന്നു.

3. * രാമേശ്വരം എലിമെന്ററിസ്കൂളിലെ പുതിയ അധ്യാപകൻ പൂണൂലിട്ട രാമശാസ്ത്രിക്കൊപ്പമിരുന്ന കലാമിനെ പിൻബഞ്ചിലിരുത്തുന്നു.
   * ലക്ഷ്മണശാസ്ത്രികൾ അധ്യാപകനെ ഉപദേശിച്ച് നന്നാക്കുന്നു.

* ശിവസുബ്രഹ്മണ്യഅയ്യർ എന്ന അധ്യാപകൻ കലാമിനെ സ്വന്തം ഭവനത്തിൽ കൊണ്ടുപോയി ആഹാരം വിളമ്പിക്കൊടുക്കുന്നു.
* അദ്ദേഹത്തിന്റെ ഭാര്യയും ജാതിചിന്തകളഞ്ഞ് കലാമിന് ആഹാരംവിളമ്പുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. 'വ്യവസ്ഥിതിയെ മാറ്റിത്തീർക്കാൻ നിങ്ങൾ നിശ്ചയിച്ചുകഴിഞ്ഞാൽപ്പിന്നെ ഇത്തരം പ്രശ്നങ്ങളെ നേരിടേണ്ടിവരും'. കുട്ടിയായ അബ്ദുൾ കലാമിന് ഗുരുവായ ശിവസുബ്രഹ്മണ്യഅയ്യർ നല്കുന്ന ഉപദേശമാണിത്. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ, സാമൂഹികമാറ്റത്തിന് ശ്രമിക്കുന്നവർ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെക്കുറിച്ച് നിരീക്ഷണക്കുറിപ്പ് തയാറാക്കുക

2. വ്യക്തികൾ ശ്രമിച്ചാൽ സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങളുണ്ടാകും. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ സാമൂഹികമാറ്റത്തിനായി പോരാടി മാതൃകയായ ഏതാനും മഹാന്മാരുടെ ലഘുജീവിതവിവരണങ്ങൾ തയാറാക്കുക

വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1.
   - എതിർപ്പുകൾ, പരിഹാസങ്ങൾ, ആക്രമണങ്ങൾ, വെല്ലുവിളികൾ എന്നിവ നേരിടേണ്ടിവരും.
   - ഒറ്റപ്പെടുത്തി പിന്തിരിപ്പിക്കാൻ ശ്രമമുണ്ടാകും.
   - ആക്ഷേപിക്കപ്പെടുകയോ സമൂഹദ്രോഹിയെന്ന് മുദ്രകുത്തപ്പെടുകയോ ചെയ്യാം.
   - സൗഹൃദങ്ങളും കുടുംബബന്ധങ്ങളും തകർന്നേക്കാം.

2. ഉദാഹരണം
   - ശ്രീനാരായണഗുരു
   - വി.ടി.ഭട്ടതിരിപ്പാട്
   - സഹോദരൻ അയ്യപ്പൻ
   - അയ്യങ്കാളി

തുടർപ്രവർത്തനങ്ങൾ

- 'അഗ്നിച്ചിറകുകൾ' എന്ന കൃതി വായിച്ച് നിങ്ങളെ ആകർഷിച്ച സന്ദർഭങ്ങളെപ്പറ്റി കുറിപ്പുകൾ തയാറാക്കുക.
- ഡോ.എ.പി.ജെ. അബ്ദുൽ കലാമിന്റെ പ്രഭാഷണങ്ങൾ ശേഖരിച്ച് വായനാകുറിപ്പ് തയാറാക്കുക.

വിപുലപഠനത്തിന്

- എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ - ഗാന്ധിജി
- ജ്വലിക്കുന്ന മനസ്സുകൾ, വഴിത്തിരിവുകൾ - ഡോ.എ.പി.ജെ. അബ്ദുൽ കലാം.

ഗ്രന്ഥകാര പരിചയം

ഡോ.എ.പി.ജെ.അബ്ദുൾകലാം

ഭാരതത്തിന്റെ പതിനൊന്നാമത് രാഷ്ട്രപതി. 1931 ഒക്ടോബർ 15ന് തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ചു. യഥാർഥനാമം - അവുൽപക്കീർ ജൈനുലാബ്ദീൻ അബ്ദുൽ കലാം. മിസൈൽ ടെക്നോളജി വിദഗ്ധൻ, തമിഴ് ഭാഷാപണ്ഡിതൻ, കവി. ഡി.ആർ. ഡി.ഒ. മേധാവിയായിരുന്നു. രാജ്യരക്ഷാമന്ത്രിയുടെ ശാസ്ത്രോപദേശകൻ, എസ്.എൽ.വി-3 യുടെ പ്രോജക്ട് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ഐ.എസ്.ആർ.ഒ.യിൽ ശാസ്ത്രജ്ഞൻ. ആര്യഭട്ട അവാർഡ് (1994) ഭാരതരത്നം (1997) പരമഭൂഷൻ തുടങ്ങിയ ബഹുമതികൾ നേടിയിട്ടുണ്ട്. പ്രധാന കൃതികൾ - അഗ്നിച്ചിറകുകൾ, ജ്വലിക്കുന്ന മനസ്സുകൾ, വഴിത്തിരിവുകൾ. 2015 ജൂലൈ 27 ന് അന്തരിച്ചു.

ഗ്രന്ഥകാര പരിചയം

പി.വി.ആൽബി

1969 ജനുവരി 4ന് ജനനം. ഊർജതന്ത്രത്തിൽ ബിരുദാനന്തരബിരുദം. പത്രപ്രവർത്തനത്തിൽ ബിരുദാനന്തരബിരുദഡിപ്ലോമ. 1997ൽ വികസനോന്മുഖപത്രപ്രവർത്തനത്തിനുള്ള സംസ്ഥാനഅവാർഡ് നേടിയിട്ടുണ്ട്.

നേടിയ കഴിവുകൾ

	പൂർണമായി	ഭാഗീകമായി	മെച്ചപ്പെടേണ്ടതുണ്ട്
മനുഷ്യന്മയ്ക്ക് വിഘാതം നില്ക്കുന്ന പ്രവണതകൾക്കെതിരെ പ്രഭാഷണം നടത്താൻ.			
മാനവികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലഘുചിത്രങ്ങളും ഡോക്യുമെന്ററികളും നിർമ്മിക്കാൻ			
യുദ്ധത്തിന്റെ ദുരന്തം ബോധ്യപ്പെടുത്താൻ, യുദ്ധക്കെടുതികളുടെ ചിത്രങ്ങൾ, വാർത്തകൾ തുടങ്ങിയവ ശേഖരിച്ച് പ്രദർശനം നടത്താൻ			
മാനവമൈത്രിയും സാഹോദര്യവും വിഷയമാക്കി വിവിധരചനകളിൽ ഏർപ്പെടുന്നതിനും സാഹിത്യസദസ്സുകളിൽ അവതരിപ്പിക്കുന്നതിനും.			
യുദ്ധം വരുത്തിവയ്ക്കുന്ന വിനാശത്തെയും അത് ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയെയും സംബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിക്കാൻ			
യുദ്ധത്തിന്റെ ദുരന്തം നേരിട്ട് അനുഭവിച്ചിട്ടുള്ളവരെ കണ്ടെത്തി അഭിമുഖം നടത്താൻ			
സമാധാനത്തിന്റെയും ശാന്തിയുടെയും സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ പോസ്റ്ററുകൾ, പ്ലക്കാർഡുകൾ, മുദ്രാഗീതങ്ങൾ, സന്ദേശവാക്യങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും ബോധവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും.			
യുദ്ധം പ്രമേയമായിവരുന്ന കഥ, കവിത തുടങ്ങിയവ കണ്ടെത്തി നിരൂപണക്കുറിപ്പ് തയാറാക്കുന്നതിന്			

2

മുദ്രകൾ

കലയും സാഹിത്യവും വിനോദത്തിന്റെയും വിജ്ഞാനത്തിന്റെയും നാനാർഥങ്ങളാണ്. നൃത്തം, സംഗീതം, ചലച്ചിത്രം എന്നിങ്ങനെ ബഹുമുഖമാർന്ന് കലകൾ ജീവിതത്തിൽ ഇടപെടുന്നു. കഥയും കവിതയും നോവലും ഉൾപ്പെടെയുള്ള സാഹിത്യരൂപങ്ങൾ ജീവിതത്തെ അടയാളപ്പെടുത്തുന്നു. ഇതിനോടൊപ്പം നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായിമാറിയ മാധ്യമങ്ങളുമുണ്ട്. വ്യത്യസ്തമെന്ന് തോന്നാമെങ്കിലും പരസ്പരപൂരകങ്ങളായ ഇവയിലെ സവിശേഷമായ ചില മുദ്രകളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ സമൂഹങ്ങളുടെ ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളുമായി ബന്ധപ്പെട്ട വ്യത്യസ്ത നൃത്തരൂപങ്ങളുണ്ട്. അവ മാനവസഹവർത്തിത്വത്തിനും ഐക്യത്തിനും കളമൊരുക്കുന്നു. കേരളത്തിന്റെ സവിശേഷ നൃത്തരൂപങ്ങളായ തിരുവാതിര, മാർഗംകളി, ഒപ്പന എന്നിവയെക്കുറിച്ചുള്ള ലഘുവിവരണങ്ങളാണ് 'വളയിട്ട കൈകൾ'. പുതിയ സാങ്കേതികവിദ്യയുടെഭാഗമായി വളർന്നുവന്ന നവമാധ്യമങ്ങളുടെപ്രളയത്തിലും ദിനപ്പത്രങ്ങൾ പോലുള്ള പരമ്പരാഗതമാധ്യമങ്ങളുടെ പ്രാധാന്യം നഷ്ടപ്പെട്ടിട്ടില്ലെന്ന് ഓർമ്മപ്പെടുത്തുന്നതിനൊപ്പം യഥാർഥപത്രപ്രവർത്തനം എന്താണെന്ന അറിവ് കൂടി പകരുന്ന പാഠമാണ് 'പത്രമാധ്യമങ്ങളുടെ പ്രസക്തി'. കാണാവുന്ന സാഹിത്യം എന്ന് വിശേഷിപ്പിക്കുന്ന തിരക്കഥ സിനിമയുടെ 'ബ്ലൂപ്രിന്റ്'ാണ്. തിരക്കഥ സിനിമയുടെ രക്തവും മാംസവുമാകുന്നതെങ്ങനെയെന്ന് എം.ടി.യുടെ 'സുകൃതം' തിരക്കഥാഭാഗങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. കല, സാഹിത്യം, മാധ്യമം എന്നിവയെ സംബന്ധിച്ച് പഠിതാക്കൾക്ക് അവബോധം പകരുംവിധമാണ് ഈ യൂണിറ്റിലെ പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

പഠനനേട്ടങ്ങൾ

- നൃത്തപ്രധാനമായ വിവിധ കലാരൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് കുറിപ്പുകൾ തയാറാക്കുന്നു.
- നാടൻ നൃത്തകലകൾ, ക്ലാസിക് നൃത്തകലകൾ എന്നിങ്ങനെ നൃത്തകലകളെ പട്ടികപ്പെടുത്തുന്നു.
- വ്യത്യസ്ത മതവിഭാഗങ്ങളുടെ നൃത്തകലകൾ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ തിരിച്ചറിയുന്നു.
- പത്രപ്രവർത്തനത്തിന്റെ പ്രധാനമേഖലകളായ റിപ്പോർട്ടിംഗ്, ഫീച്ചർ, മുഖപ്രസംഗം തുടങ്ങിയവയിൽ പ്രായോഗികപരിചയം നേടുന്നു.
- പത്രമാധ്യമങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നു.
- മാധ്യമങ്ങളുമായി ബന്ധപ്പെട്ട സാങ്കേതികപദങ്ങൾ മനസ്സിലാക്കി ഉചിത സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.
- സിനിമയുടെ തിരക്കഥകൾ വിശകലനംചെയ്ത് സാഹിത്യാംശം കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നു.
- സംഭവങ്ങൾ/കഥകൾ എന്നിവയെ ആസ്പദമാക്കി തിരക്കഥകൾ രചിക്കുന്നു.
- രംഗകലകൾ, ആനുകാലിക സിനിമകൾ എന്നിവ വിലയിരുത്തി ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.
- പ്രസിദ്ധമായ സിനിമകളുടെ തിരക്കഥകൾ വിശകലനംചെയ്ത് നിരൂപണക്കുറിപ്പ് തയാറാക്കുന്നു.
- കഥകൾ, സംഭവങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കി ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ നിർമ്മിക്കുന്നു.

1

വളയിട്ട കൈകൾ

ജീവിതായോധനത്തിനും ശാരീരികസൗഖ്യത്തിനും വേണ്ടി കഠിനാധ്വാനം ചെയ്തിരുന്ന മനുഷ്യൻ മാനസികോല്ലാസത്തിനു വേണ്ടി ആവിഷ്കരിച്ചവയാണ് കലകൾ. ഭാവനാ സൃഷ്ടികളാണ് കലകളെന്നു പറയാറുണ്ടെങ്കിലും മനുഷ്യജീവിതത്തിന്റെ സമഗ്രവും മൂർത്തവുമായ ആവിഷ്കാരങ്ങളാണ് അവ.മനുഷ്യമനസ്സിൽ ജന്മനാകുടികൊണ്ടിരിക്കുന്ന കലാവാസന വ്യത്യസ്ത രൂപങ്ങളിലാണ് പ്രകടമാകുന്നത്.രീതിയും ഘടനയുമനുസരിച്ച് കലകളെ മൊത്തത്തിൽ ക്ലാസിക്കൽ, ഫോക് (നാടോടി) എന്നിങ്ങനെ രണ്ടായി തിരിച്ചിട്ടുണ്ട്. ശാസ്ത്രീയവും മൗലികവുമാണ് ക്ലാസിക് കലകൾ. ഗ്രാമ്യരീതിയിൽ സാധാരണക്കാർക്ക് ഗ്രഹിക്കത്തക്ക കലകളെ നാടോടിക്കലകൾ എന്നുവിളിക്കാം.കേരളം നാടോടിക്കലകളുടെ കലവറയാണ്.നഗരങ്ങളെക്കാൾ ഗ്രാമങ്ങളിലാണ് ഇവയ്ക്ക് പ്രാമുഖ്യം. ഗ്രാമീണ കലകൾ നമ്മുടെ സാംസ്കാരികപൈതൃകം വിളിച്ചോതുന്നു.അവയെ കളി,തുള്ളൽ, ആട്ടം,കൂത്ത്,പാട്ട് എന്നിങ്ങനെ തരംതിരിക്കാം. തിറയാട്ടം,മുടിയാട്ടം,തെയ്യാട്ടം, കൂടിയാട്ടം,പൂരക്കളി,പൂതംകളി, മാർഗംകളി, സർപ്പംതുള്ളൽ,അയ്യപ്പൻപാട്ട്,കളംപാട്ട്, പുള്ളുവൻപാട്ട്, കൂത്ത്, നിഴൽ നാടകം, ഒപ്പന, പാവക്കൂത്ത് തുടങ്ങി അനേകം നാടൻ കലകൾ ഇവിടെ പ്രചരിച്ചു.അവയിൽ ചിലത് നമുക്കിവിടെ പരിചയപ്പെടാം.

തിരുവാതിരക്കളി

കേരളത്തിലെ നാടൻ നൃത്തങ്ങളിൽ പ്രധാനപ്പെട്ട ഒരിനമാണ് തിരുവാതിരക്കളി.സ്ത്രീകൾ മാത്രം പങ്കെടുക്കുന്ന ഈ നൃത്തത്തിന് കുമ്മി,കൈകൊട്ടിക്കളി എന്നിവയോട് സാദൃശ്യമുണ്ട്.ധനുമാസത്തിലെ തിരുവാതിരനാളിൽ നടത്തുന്ന ഈ വിനോദത്തിൽ പരമശിവനെ പ്രകീർത്തിക്കുന്ന ഗാനങ്ങൾ ആലപിക്കുന്നു.

തിരുവാതിരക്കളിയുടെ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യം ഇപ്രകാരമാണ്.പരമശിവനെ ഭർത്താവായി ലഭിക്കാൻ കഠിനതപസ്സ് അനുഷ്ഠിക്കുന്ന ശ്രീപാർവതിക്ക് മുൻപിൽ ശിവൻ പ്രത്യക്ഷപ്പെട്ട് ആഗ്രഹപൂർത്തി ലഭിക്കുമെന്ന് കല്പിച്ചത് ധനുമാസത്തിലെ തിരുവാതിര ദിവസമാണത്രെ. ഈ ദിവസത്തിന്റെ ഓർമ്മയ്ക്കായിട്ടാണ് സ്ത്രീകൾ തിരുവാതിര ആഘോഷിക്കുന്നത്. ഈ ദിവസം സ്ത്രീകൾ വ്രതമനുഷ്ഠിച്ച് പാർവതിയെ പ്രകീർത്തിച്ചുകൊണ്ട് രാത്രി കഴിച്ചുകൂട്ടുന്നു. അർധരാത്രി കഴിയുമ്പോൾ കുളിച്ച് ശുഭ്രവസ്ത്രധാരിണികളായി തലമുടിയിൽ പൂചൂടി വരമഞ്ഞൾക്കുറിയണിഞ്ഞ് ആട്ടവിളക്ക് കത്തിച്ച് അതിനുചുറ്റും വട്ടത്തിൽനിന്നുകൊണ്ട് നൃത്തംചെയ്യുന്നു.

രസഭാവാവിഷ്കാരത്തിന് പ്രാധാന്യമുള്ള ഈ കലാരൂപത്തിൽ മുദ്രകളും പദവിന്യാസങ്ങളും അഭിനയവും മുഖ്യഘടകങ്ങളാണ്. കൈകൊട്ടിക്കളിയും തിരുവാതിരക്കളിയും തമ്മിൽ ചില സാദൃശ്യങ്ങളുണ്ടെങ്കിലും പ്രധാനവ്യത്യാസങ്ങൾ അനേകമുണ്ട്.

'തിരുവാതിര ഉത്സവ'ത്തിന് പുറമേ ഓണം, വിഷു തുടങ്ങിയ കേരളീയ വിശേഷാഘോഷങ്ങൾക്കെല്ലാം തിരുവാതിരക്കളി നടത്തുന്ന പതിവുണ്ട്. പാർവതീദേവിക്ക് പുറമെ രുക്മിണി, സത്യഭാമ, സീത, ശീലാവതി തുടങ്ങിയ പുരാണനായികമാരെ കഥാപാത്രങ്ങളാക്കിയും ശ്രീകൃഷ്ണനെ കഥാനായകനാക്കിയും തിരുവാതിരക്കളിപ്പാട്ടുകൾ രചിക്കപ്പെട്ടിട്ടുണ്ട്. ഇരയിമ്മൻ തമ്പി, കുട്ടിക്കുഞ്ഞുതങ്കച്ചി, മച്ചാട്ടിളയത് തുടങ്ങിയവർ തിരുവാതിരക്കളിപ്പാട്ട് രചയിതാക്കളിൽ പ്രമുഖരാണ്.

മാർഗംകളി

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ പ്രചാരത്തിലിരുന്ന പ്രാചീന നാടൻകലകളിൽ പ്രധാനപ്പെട്ടതാണ് മാർഗംകളി.വിവാഹാഘോഷങ്ങളോട് ചേർന്നും പെരുന്നാളുകൾ, മറ്റു വിശേഷദിവസങ്ങൾ എന്നിവയോടനുബന്ധിച്ചും സംഘടിപ്പിക്കാറുള്ള മാർഗംകളിയിൽ വിശുദ്ധ തോമസ് അപ്പോസ്തലന്റെ ജീവിതത്തെയും ഉപദേശങ്ങളെയും അടിസ്ഥാനമാക്കിയുള്ള ഗാനങ്ങളാണ് പ്രധാനമായും ആലപിക്കുക.

മാർഗംകളിയിൽ പതിനാല് ഗാനങ്ങളുണ്ട്.വിശുദ്ധ തോമസിന്റെ ഭാരതത്തിലേക്കുള്ള വരവിനെയും അദ്ദേഹത്തിന്റെ പ്രവൃത്തികളെയും വർണിക്കുന്ന ഗാനങ്ങളാണിവ. മാർഗംകളി ഗാനങ്ങളിലെ സാഹിത്യശൈലി മുഖ്യമായും സുറിയാനി മലയാളത്തിലാണ്.പോർച്ചുഗീസ് കാലഘട്ടത്തിനു മുൻപുതന്നെ കേരളത്തിൽ പ്രചരിച്ചിരുന്ന സെമിറ്റിക്,പശ്ചിമേഷ്യൻ സംഗീതശൈലിയും കേരളത്തിലെ നാടോടിഗാനശൈലിയും ചേർത്തു രൂപപ്പെടുത്തിയ ഒരു സംഗീതശൈലിയാണ് മാർഗംകളി ഗാനങ്ങളിൽ ഉപയോഗിച്ചുവരുന്നത്.ഗാനങ്ങളുടെ ഉപജ്ഞാതാവ് കാലുശ്ശേരിയിലെ വികാരിയായ ഇട്ടിത്തൊമ്മൻ കത്തനാരാണെന്നു പറയപ്പെടുന്നു.ഗാനങ്ങളുടെ ഇടയ്ക്ക് വായ്ത്താരികളും ഉണ്ടായിരിക്കും.പോർച്ചു

പദപരിചയം: പ്രകീർത്തിക്കുക - സ്തുതിക്കുക, ഐതിഹ്യം - കേട്ടുകേൾവി, ഉപജ്ഞാതാവ് - സൃഷ്ടിച്ചയാൾ

ഗീസുകാരുടെ വരവിനെത്തുടർന്നു രൂപപ്പെട്ട ചവിട്ടുനാടകത്തിന്റെ ചുവടുവയ്പ്പുകളിൽ മാർഗംകളിയുടെ സ്വാധീനവും മാർഗംകളിയുടെ സംഗീതത്തിൽ ചവിട്ടുനാടകത്തിന്റെ സ്വാധീനവും പ്രകടമാകുന്നുണ്ട്. കത്തിച്ചുവച്ച നിലവിളക്കിനു ചുറ്റും നിന്നുകൊണ്ട് പന്ത്രണ്ട് നർത്തകർ നൃത്തം ചെയ്യുന്നു.ക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരെ ഓർമ്മിപ്പിക്കുന്ന രീതിയിൽ വിളക്കിൽ പന്ത്രണ്ടുതിരികൾ ഇട്ടിരിക്കും.പശ്ചാത്തലത്തിൽ കൈകൊട്ടൽ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

ഒപ്പന

മുസ്ലീങ്ങളുടെ വിവാഹച്ചടങ്ങുകളോടനുബന്ധിച്ച് നടത്തപ്പെടുന്ന ആഘോഷങ്ങളിൽ അവതരിപ്പിക്കുന്ന ഒരു സംഘനൃത്തമാണ് ഒപ്പന.വധുവിനെ മധ്യത്തിലിരുത്തി കൂട്ടുകാരികൾ വട്ടത്തിലണിനിരന്ന് കൈകൊട്ടി പാട്ടുപാടി നൃത്തം ചെയ്യുന്നു. വരനെയും വധുവിനെയും വെവ്വേറെയും ഒപ്പനക്കിരുത്താറുണ്ട്. കാതുകുത്തുകല്യാണത്തിനും സുന്നത്തിനും നാല്പതുകുളിക്കുമെല്ലാം ഒപ്പന കളിക്കാറുണ്ട്.വിവാഹത്തിന്റെ തലേന്നാൾ വധുവിനെ മൈലാഞ്ചി അണിയിക്കുമ്പോൾ മറ്റുള്ളവർ സംഘം ചേർന്ന് പാട്ടുപാടി നൃത്തം ചെയ്യുന്നു. മുഖംവിളക്കൽ (മുടിമുറിക്കൽ) ചടങ്ങിനും ഒപ്പന നടത്താറുണ്ട്.

പരമ്പരാഗതമായി നടത്തിവരുന്ന ഈ കലാരൂപത്തിന്റെ അവതരണത്തിൽ സ്ത്രീകളാണ് മുൻപന്തിയിൽ നിൽക്കുന്നത്.ഒപ്പനകളിക്കാർ പാട്ടുപാടി അതിമനോഹരമായി നൃത്തം ചെയ്യുന്നു.താൽക്കാലികമായി കൈകൊട്ടുന്നതോടൊപ്പം വധുവിനെ കളിയാക്കിക്കൊണ്ടുള്ള ചേഷ്ടകളും കാണിക്കാറുണ്ട്.വട്ടത്തിൽ ചുവടുവയ്ക്കുന്നതുകൂടാതെ ഇരുന്നും എണീറ്റും അങ്ങോട്ടുമിങ്ങോട്ടും മാറിയും നൃത്തംചെയ്യുന്നു. ലളിതമായ ചുവടുവയ്പ്പ് ഒപ്പനയുടെ സവിശേഷതയാണ്.മന്ദഗതിയിൽ ആരംഭിക്കുന്ന ഒപ്പനനൃത്തം ക്രമേണ താളത്തിന്റെ വേഗതയ്ക്കും പിരിമുറുക്കത്തിനുമനുസരിച്ച് ശീഘ്രതരമാകുന്നു.

ഒപ്പനയിലെ ഗാനങ്ങൾ അറബിമലയാളത്തിലാണ് രചിച്ചിട്ടുള്ളത്.മത്സര പ്രധാനമായ ഈ ഗാനങ്ങളിൽ പുതുമണവാളനെയും മണവാട്ടിയെയും വർണിക്കുന്നു. കൂടാതെ അവർക്കുള്ള ഉപദേശങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.നർത്തകികൾ മുസ്ലീം സ്ത്രീകളുടെ പരമ്പരാഗതവേഷമാണ് ധരിക്കുന്നത്.തലയിൽ തട്ടമിട്ട്, ജാക്കറ്റും മുണ്ടുമണിഞ്ഞ് പാദസരങ്ങളും കൈയിൽ കുപ്പിവളകളും ചാർത്തിയിരിക്കും.മധ്യത്തിലിരിക്കുന്ന കല്യാണപ്പെണ്ണിന്റെ വേഷം ആർഭാടപൂർണമായിരിക്കും.

വിവാഹാഘോഷങ്ങളോടനുബന്ധിച്ച് നടത്തിവരുന്ന ഒപ്പന ഇന്ന് മത്സരവേദികളിലും നൃത്തപരിപാടികളിലും സ്ഥാനംപിടിച്ചിട്ടുണ്ട്.

അവലംബം-ബാലകൈരളി
വിജ്ഞാനകോശം
സംസ്ഥാനബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ട്.

ചേഷ്ട-ചലനം, ശീഘ്രതരം – വളരെവേഗത്തിലുള്ളത്

അവധാരണചോദ്യങ്ങൾ

1. ഗ്രാമീണകലകൾ വിളിച്ചോതുന്നതെന്ത്?
2. കലകളെ എത്രയായി തരംതിരിക്കാം?
3. എന്തിനെ അനുസ്മരിച്ചാണ് സ്ത്രീകൾ തിരുവാതിര ആഘോഷിക്കുന്നത്?
4. മാർഗംകളിക്ക് അവലംബിക്കുന്ന സംഗീതശൈലി ഏത്?
5. ഏതെല്ലാം സന്ദർഭങ്ങളിലാണ് ഒപ്പന നടത്താറുള്ളത്?

അവധാരണചോദ്യങ്ങളുടെ ഉത്തരസൂചിക

1. നമ്മുടെ സാംസ്കാരികപൈതൃകം
2. ക്ലാസിക്കൽ, ഫോക് (ശാസ്ത്രീയകലകളും, നാടോടിക്കലകളും) എന്നു രണ്ടായി തിരിക്കാം.
3. പരമശിവനെ ഭർത്താവായി കിട്ടാനുള്ള പാർവതിയുടെ ആഗ്രഹം,കഠിനതപസ്സ്-ശിവൻ പ്രത്യക്ഷപ്പെടുന്നത്-ധനുമാസത്തിലെ തിരുവാതിര- ആ ദിനത്തിന്റെ ഓർമ്മയ്ക്ക്..
4. സെമിറ്റിക്-പശ്ചിമേഷ്യൻ സംഗീതശൈലികൾ,നമ്മുടെ നാടോടിഗാനശൈലി.
5. വിവാഹത്തലേന്നാൾ വധുവിനെ മൈലാഞ്ചി അണിയിക്കുന്നവേള, മുഖം വിളക്കൽച്ചടങ്ങ്, കാതുകുത്തുകല്യാണം, സുന്നത്ത് മുതലായ സന്ദർഭങ്ങളിൽ.

പാഠപഠനം

അധ്വാനത്തിന്റെ നിമിഷങ്ങൾ ആനന്ദപൂർണമാക്കുന്നതിനും ആശയങ്ങൾ വിനിമയം ചെയ്യുന്നതിനും വേണ്ടിയാണ് പ്രാചീനമനുഷ്യൻ കലയ്ക്ക് ജന്മംനൽകിയത്. മനുഷ്യജീവിതത്തിന്റെ എല്ലാ അംശങ്ങളെയും സ്പർശിക്കുന്നതും നമുക്ക് അനുഭവിച്ചറിഞ്ഞ് ആസ്വദിക്കാനും കഴിയുന്നവയുമാണ് കലകൾ. കലാവാസനജന്മസിദ്ധമാണ്.അത് വ്യത്യസ്തരൂപങ്ങളിലാണ് പ്രകടമാകുന്നത്. മതപരവും ശാസ്ത്രീയവുമായ മൗലിക കലകളെ ക്ലാസിക്കലകളെന്നും സാധാരണക്കാർക്കുവേണ്ടി നിർമ്മിക്കപ്പെട്ട കലകളെ നാടൻകലകളെന്നും വിളിക്കുന്നു. നമ്മുടെ സാംസ്കാരികപൈതൃകം നാടൻകലകളിൽ കാണാം.കേരളത്തിൽ ഒട്ടനവധി നാടൻ കലകളുണ്ട്.

സ്ത്രീകൾ മാത്രം പങ്കെടുക്കുന്ന കേരളീയ നാടൻനൃത്തമാണ് തിരുവാതിരക്കളി.പരമശിവനെ പ്രകീർത്തിക്കുന്ന ഗാനങ്ങളുള്ള ഈ വിനോദം ധനുമാസത്തിലെ തിരുവാതിരനാളിലാണ് നടത്തുന്നത്. ശിവപാർവതിമാരുമായി ബന്ധപ്പെട്ട ഐതിഹ്യമാണ് ഈ കളിക്കുപിന്നിൽ. വ്രതം പാലിക്കുന്നസ്ത്രീകൾ അർധരാത്രികഴിയുമ്പോൾ കുളിച്ച് ശുഭ്രവസ്ത്രധാരിണികളായി പൂചൂടി മഞ്ഞൾക്കുറിയണിഞ്ഞ് ആട്ടവിളക്കിനു ചുറ്റും നൃത്തംചെയ്യുന്നു. കൈകൊട്ടിക്കളിയും തിരുവാതിരയും തമ്മിൽ സാദൃശ്യമുണ്ട്. ഓണത്തിനും വിഷുവിനും തിരുവാതിര കളിക്കുന്നു.കുട്ടിക്കുഞ്ഞുതങ്കച്ചി, ഇരയിമ്മൻ തമ്പി, മച്ചാട്ടിളയത് മുതലായവർ പ്രമുഖ തിരുവാതിരക്കളിപ്പാട്ട് രചയിതാക്കളാണ്.

മാർഗംകളി കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ പ്രചാരത്തിലിരുന്നു. വിവാഹം,പെരുന്നാൾ,മറ്റു വിശേഷദിവസങ്ങൾ എന്നീ വേളകളിൽ മാർഗംകളി അവതരിപ്പിച്ചിരുന്നു. വിശുദ്ധ തോമസുമായി ബന്ധപ്പെട്ടതാണ് മാർഗംകളിയുടെ വിഷയം.മാർഗംകളിയിൽ പതിനാല് ഗാനങ്ങളുണ്ട്. പോർച്ചുഗീസ് കാലഘട്ടത്തിനു മുൻപ് കേരളത്തിൽ നിലവിലിരുന്ന സെമിറ്റിക്-പശ്ചിമേഷ്യൻശൈലിയും കേരളീയ നാടോടി ഗാനശൈലിയും ചേർന്നതാണ് ഇതിലെ സംഗീതശൈലി. കാലുശ്ശേരിയിലെ വികാരിയായിരുന്ന ഇട്ടിത്തൊമ്മനാണ് മാർഗംകളിയുടെ രചയിതാവ്. ഇടയ്ക്ക് വായ്ത്താരികളുമുണ്ട്. ചവിട്ടുനാടകങ്ങളുടെ ചുവടുവയ്പ്പിൽ മാർഗംകളിയുടെയും മാർഗംകളിയുടെ സംഗീതത്തിൽ ചവിട്ടുനാടകത്തിന്റെയും സ്വാധീനമുണ്ട് മാർഗംകളിയിൽ കത്തുന്ന നിലവിളക്കിനു ചുറ്റും പന്ത്രണ്ട് നർത്തകിമാർ നൃത്തം ചെയ്യുന്നു.വിളക്കിൽ പന്ത്രണ്ട് തിരിയുണ്ടായിരിക്കും. ഇതിലൂടെ യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരെ അനുസ്മരിക്കുന്നതായി പറയപ്പെടുന്നു.

വിവാഹാഘോഷങ്ങളോടനുബന്ധിച്ച് നടത്താറുള്ള മുസ്ലീം സംഘനൃത്തമാണ് ഒപ്പന.വധുവിനെ മധ്യത്തിലിരുത്തി കൂട്ടുകാരികൾ വട്ടത്തിൽ അണിനിരന്നു പാടി നൃത്തംചെയ്യുന്നു.വരനെയും ഇരുത്തി കൂട്ടുകാർ ഈ വിനോദം നടത്താറുണ്ട്.കാതുകുത്തുകല്യാണം,സുന്നത്ത്, നാൽപ്പതുകുളി, മുഖംവിളക്കൽ എന്നീ അവസരങ്ങളിലും ഒപ്പന കളിക്കാറുണ്ട്.സ്ത്രീകളാണ് ഈ കലാരൂപം മുഖ്യമായും അവതരിപ്പിക്കുന്നത്.വധുവിനെ കളിയാക്കുന്ന ചേഷ്ടകൾ ശ്രദ്ധേയമാണ്. വട്ടത്തിലും മാറിയും ചുവടുവയ്ക്കുന്നു.

ചുവടുവെയ്പ്പ് ലളിതം.ക്രമേണ വേഗതയേറുന്ന നൃത്തം പിരിമുറുക്കത്തിനനുസരിച്ച് ശീഘ്രഗതി പ്രാപിക്കുന്നു.ഗാനങ്ങൾ അറബിമലയാളത്തിലാണ്. വർണനകളും ഉപദേശങ്ങളും മുഖ്യം. മുസ്ലീം സ്ത്രീകളുടെ പരമ്പരാഗതവേഷം. മധ്യത്തിലെ കല്യാണപ്പെണ്ണ് പകിട്ടേറിയ വേഷത്തിലാണ്. ഇക്കാലത്ത് ഒപ്പന മൽസരവേദികളിലുമുണ്ട്. കേരളത്തിലെ ജനകീയകലളിൽ ഒന്നായി അത് മാറിക്കഴിഞ്ഞു.

അപഗ്രഥനചോദ്യങ്ങൾ

1. നാടൻകലകളുടെ പ്രത്യേകതകൾ വിശദീകരിച്ച് കുറിപ്പെഴുതുക
2. സ്ത്രീകൾമാത്രം കഥാപാത്രങ്ങളാകുന്ന കലകൾ കണ്ടെത്തി പട്ടികപ്പെടുത്തുക

അപഗ്രഥനചോദ്യങ്ങളുടെ ഉത്തരസൂചിക

1.
   - സാധാരണക്കാരന്റെ കല
   - വാമൊഴി സാഹിത്യം
   - നാടൻ ഈണങ്ങൾ
   - ജീവിതത്തോട് ചേർന്നുനില്ക്കുന്ന പ്രമേയങ്ങൾ

2. ഉദാഹരണങ്ങൾ
   - മാർഗംകളി
   - തിരുവാതിര
   - ഒപ്പന
   - തുമ്പിതുള്ളൽ
   - സർപ്പംതുള്ളൽ

വിലയിരുത്തൽ ചോദ്യങ്ങൾ

1 കലകൾ രൂപംകൊണ്ട പശ്ചാത്തലം വ്യക്തമാക്കി നമ്മുടെ നാടൻകലകളുടെ സവിശേഷതകളെക്കുറിച്ച് പ്രഭാഷണം തയാറാക്കുക

2. നാടൻകലകൾക്ക് പ്രചാരം കുറുഞ്ഞുവരുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തി ഉപന്യാസം തയാറാക്കുക

വിലയിരുത്തൽചോദ്യങ്ങളുടെ ഉത്തരസൂചിക

1. ◈ ആചാരാനുഷ്ഠാനങ്ങൾക്കായി
   ◈ കാർഷികവൃത്തിയുടെ ഭാഗമായി
   ◈ ആഘോഷങ്ങളുമായി ബന്ധപ്പെട്ട്
   ◈ കായികാധ്വാനം ലഘൂകരിക്കാൻ
   ◈ വാമൊഴിഭാഷ
   ◈ നിയതമായ താളം

2. ◈ ശാസ്ത്രസാങ്കേതികവിദ്യകളിലെ കുതിച്ചുചാട്ടം
   ◈ നൈമിഷികാനന്ദംനല്കുന്ന പുതിയകലകളുടെ ആവിർഭാവം
   ◈ കൂട്ടുജീവിതത്തിൽ നിന്നുള്ള പിൻവാങ്ങൽ
   ◈ സമയക്കുറവ്
   ◈ കലാകാരന് അവസരങ്ങളുടെ കുറവ്
   ◈ പുതിയ തലമുറയുടെ താല്പര്യകുറവ്

തുടർപ്രവർത്തനങ്ങൾ

- നിങ്ങൾകണ്ട ഒരു രംഗകലയ്ക്ക് ആസ്വാദനം എഴുതുക.
- നിങ്ങളുടെ പ്രദേശവുമായിബന്ധപ്പെട്ട ഒരു നാടൻകലാരൂപം റിഹേഴ്സൽ നടത്തി രംഗത്തവതരിപ്പിക്കുക, തുടർന്ന് സംഘചർച്ച സംഘടിപ്പിക്കുക.

വിപുലപഠനത്തിന്

- ബാലകൈരളി വിജ്ഞാനകോശം - കേരളബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ട്
- കേരളത്തിലെ നാടോടിവിജ്ഞാനീയത്തിനൊരു മുഖവുര - എം.വി.വിഷ്ണുനമ്പൂതിരി
- കേരള ഫോക്‌ലോർ - രാഘവൻ പയ്യനാട്

2

സുകൃതം

ചുവന്ന ഗോളങ്ങൾ വീഴുന്നു. സ്ക്രീനിന്റെ ഒരു വശത്ത് ഓരോന്നായി..... ടൈറ്റിലുകൾ മറുവശത്ത്. ചുവപ്പുഗോളങ്ങൾ വീണുതകർന്ന് ചുവപ്പിൽ ലയിക്കുന്നു. അത് രക്തത്തുള്ളികളാണ്. ഒരു ബ്ലഡ് ട്രാൻസ്ഫ്യൂഷൻ നടക്കുകയാണെന്ന് മനസ്സിലാക്കുന്നു. അപ്പോൾ പ്രധാന ടൈറ്റിലുകൾ അവസാനിക്കുന്നു. ആസ്പത്രി മുറിയാണ്. ബ്ലഡ് ട്രാൻസ്ഫ്യൂഷന്റെ വിശദാംശങ്ങളാണ് നാം കണ്ടത്. രോഗി ആരെന്ന് നാമിപ്പോൾ അറിയുന്നില്ല.

1

പകൽ - പ്രഭാതം കഴിഞ്ഞ സമയം.

കൈത്തണ്ടയിൽനിന്ന് ഡ്രിപ്പിന്റെ നീഡിൽ നഴ്സ് പുറത്തെടുക്കുന്നു. സ്റ്റാന്റിലെ ഒഴിഞ്ഞ ബോട്ടിലും ഉപകരണങ്ങളും ഒരു നഴ്സ് ഊരിയെടുക്കുന്നു. നീഡിൽ പുറത്തെടുത്ത സ്ഥലം തുടച്ച ശേഷം രണ്ടാം നഴ്സും പുറത്തേക്ക്. അപ്പോൾ മാലിനി അകത്തേക്ക്.

ടൈറ്റിൽ - തലക്കെട്ട്, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ - രക്തം മറ്റൊരാളിലേക്ക് പകർത്തൽ, നീഡിൽ - സൂചി.

രവിശങ്കർ കിടക്കുന്ന ആസ്പത്രി മുറി. മുപ്പത്തഞ്ചുവയസ്സ് പ്രായം. അവശനാണ്. കീമോതെറാപ്പിക്കുശേഷം വളർന്ന കുറ്റിമുടി. ക്ഷൗരം ചെയ്യാത്ത മുഖം. ശരീരം അവശമാണെങ്കിലും ഇടയ്ക്കിടയക്ക് രോഷം കത്തിപ്പടരുന്ന കണ്ണുകൾ. അവശനാക്കി വീഴ്ത്തിയ വിധിയോടുള്ള രോഷമാവാം. ഇടയ്ക്ക് നിസ്സഹായതയുടെ ദൈന്യം. അത് നിയന്ത്രിക്കാൻ ശ്രമിക്കും. പക്ഷേ, ഇടയ്ക്ക് പരാജയപ്പെടും.

രവി: (മാലിനി അടുത്തേക്കുവന്നപ്പോൾ ഉത്കണ്ഠയൊതുക്കി) ഇന്നെന്തോ ഒരു റിപ്പോർട്ട് കിട്ടുംന്ന് പറഞ്ഞിരുന്നില്ലേ?

മാലിനി: (കൃത്രിമമായി ശാന്തത വരുത്തി) ഉവ്വ്. രാജേന്ദ്രൻ ഡോക്ടറുടടുത്ത് പോയിട്ടുണ്ട്. ഓറഞ്ച് ജൂസ് എടുക്കട്ടെ കുറച്ച്?

രവി വേണ്ടെന്ന് തലയാട്ടുന്നു.

രാജേന്ദ്രൻ കടന്നുവരുന്നു. പ്ലാസ്റ്റിക് ബാഗിലെ ഓറഞ്ചും മുന്തിരിങ്ങയും മറ്റും സൈഡ് ടേബിളിൽ വച്ച്: ഡോക്ടറ് വരാംന്ന് പറഞ്ഞിട്ടുണ്ട്.

രവി: റിപ്പോർട്ടിലെന്താ?

അല്പം പരുങ്ങി രാജേന്ദ്രൻ: ഡോക്ടറ് സ്റ്റഡി ചെയ്യായിരുന്നു. ഇങ്ങോട്ടു വരും.

മാലിനിയെയും രാജേന്ദ്രനെയും മാറി മാറി നോക്കി രവി: ഇംപ്രൂവ്മെന്റില്ല. അതല്ലേ കാര്യം?

രാജേന്ദ്രൻ പരുങ്ങുന്നു.

(മാലിനി കരച്ചിലിന്റെ വക്കിൽ)

പെട്ടെന്ന് ഒരുത്സാഹഭാവത്തിൽ രാജേന്ദ്രൻ: ഒരിഞ്ചക്ഷൻ ട്രൈ ചെയ്യാംന്ന് പറഞ്ഞു. ചിലപ്പോൾ ബോംബെയിൽ കിട്ടും. ഇല്ലെങ്കിൽ ലണ്ടനിൽനിന്ന് വരുത്തണം.

രവി അയാളുടെ മുഖത്ത് നോക്കുന്നു.

നേർത്ത സഹതാപത്തോടെ രവി: നോക്കട്ടെ. പ്രിസ്ക്രിപ്ഷൻ നോക്കട്ടെ.

രാജേന്ദ്രൻ പോക്കറ്റിൽനിന്ന് ഡോക്ടറുടെ കുറിപ്പ് എടുത്ത് നീട്ടുന്നു. രവി അതു വാങ്ങി നോക്കുന്നു.

തിരിച്ചേൽപ്പിച്ച്: ഉം..... Ervinance, ബോംബെയ്ക്കു വിളിച്ചോ?

രാജേന്ദ്രൻ: എന്റൊരു ഫ്രണ്ടിന് ഫാക്സ് അയയ്ക്കാം.

ശാന്തമായി രവി: പതിനാല് ഇഞ്ചക്ഷന് ഇരുപത്തയ്യായിരം ഉറുപ്പിക.

മാലിനി അല്പം അസഹ്യതയോടെ: ഉറുപ്പികയുടെ കണക്കു നോക്കിയിട്ടാണോ ചികിത്സ? ഡോക്ടർ പറഞ്ഞാൽ നമ്മള് ചെയ്യണം..... ഡോക്ടർ റഹീമാണ്; സൗത്തിന്ത്യയിലെ ബെസ്റ്റ് ഹീമറ്റോളജിസ്റ്റന്ന് എല്ലാവരും പറയുന്നുണ്ട്.

ആലോചിച്ചുകൊണ്ട് രവി: എനിയ്ക്കറിയാം. പക്ഷെ ഇതൊന്നും വേണ്ട. കടബാധ്യതകളുടെ പ്രേതങ്ങൾകൂടി പിന്നെ അലഞ്ഞു നടക്കരുതെന്ന് എനിക്ക് നിർബന്ധംണ്ട്.

അല്പം സ്വരമുയർത്തി രാജേന്ദ്രൻ: രവിയേട്ടാ! (നിയന്ത്രിച്ച് പിന്നെ വിഷമിച്ചുകൊണ്ട്) ഞാൻ കണക്കു പറഞ്ഞ് കടം പിരിയ്ക്കുമെന്നാണോ രവിയേട്ടൻ വിചാരിക്കുന്നത്?

രവി (വിഷമിച്ച്): രാജേന്ദ്രാ... അതല്ല... ആവശ്യമില്ലാതെ വെറുതെ ചെലവാക്കേണ്ട കാര്യമില്ല.....

മാലിനി: ഡോക്ടർ പറഞ്ഞു ഇതാണ്

പ്രിസ്ക്രിപ്ഷൻ - മരുന്നുകുറിപ്പ് (നിർദേശങ്ങൾ)

ലേറ്റസ്റ്റ്.

ചിരിക്കാൻ ശ്രമിച്ച്, രവി: അടുത്ത മുറിയിൽ കിടന്ന കുട്ടിക്ക് ഇത് ട്രൈ ചെയ്ത താണ്. പണമുണ്ടാക്കാൻ അവർ ഓടിനടക്കുന്നത് ഞാൻ കണ്ടിരുന്നു. മരുന്നു വന്നപ്പോൾ സിവിയർ റിയാക്ഷൻ. ഉപയോഗിക്കേണ്ടി വന്നില്ല. വെയ്സ്റ്റ്.

വിഷമിച്ച് രാജേന്ദ്രൻ: രവിയേട്ടാ പ്ലീസ്! ചെലവു വിചാരിച്ചിട്ട് നമ്മൾ.... പണം ഒരു പ്രോബ്ലല്ല.

രവി (അല്പം രോഷത്തോടെ): പ്രോബ്ലം വേറെയുണ്ട്. എന്റെ ഈ ശരീരത്തിൽ ഇനി ഒരു എക്സ്പിരിമെന്റും നടത്തണ്ട

(നിർത്തി ശാന്തനാവുന്നു. വേദന ഒതുക്കി) സൈര്യമായിട്ട് ഒന്നു മരിക്കാൻ എന്നെ സമ്മതിക്കോ? ദേർ എൻഡ്സ് ദി മാറ്റർ?

പെട്ടെന്ന് ക്ഷോഭിച്ചതുകൊണ്ട് അയാൾ അവശനാകുന്നു. അയാൾ കിതപ്പോടെ കണ്ണടയ്ക്കുന്നു. മാലിനി കണ്ണു തുടയ്ക്കുന്നു. തേങ്ങൽ ഒതുക്കുന്നു. രാജേന്ദ്രൻ കട്ടിലിലിരുന്ന് രവിയുടെ നെറ്റിയും നെഞ്ചും പതുക്കെ തടവി സമാശ്വസിപ്പിക്കും പോലെ കൈ പിടിക്കുന്നു. രവി മുകളിലെവിടെയോ നോക്കിക്കിടക്കുന്നു. പിന്നെ തേങ്ങിക്കൊണ്ട് നിൽക്കുന്ന ഭാര്യയെ സഹതാപത്തോടെ നോക്കുന്നു. അപ്പോൾ ശബ്ദമില്ലാത്തവിധം വാതിൽ തുറന്ന് പത്രമാഫീസിലെ ട്രെയിനി റിപ്പോർട്ടർ ബാബു വരുന്നു. ബാബു കത്തുകളും കമ്പികളും മേശപ്പുറത്തു വയ്ക്കുമ്പോൾ രവി ശ്രദ്ധിക്കുന്നു.

ബാബു: വിശേഷിച്ചൊന്നുംല്യ, സർ. വേഗം സുഖാവട്ടേന്നുള്ള കമ്പീം കത്തുകളും തന്നെയാണ് എല്ലാം.

രവി: (അരിശം കലർന്ന പരിഹാസത്തിൽ) ബാബു, എന്റെ രോഗം വാർത്തയാക്കിയത് ആരുടെ കൈക്രിയയാണ്,

ബാബു: നമ്പ്യാർസാറ് തന്നെ. വേണ്ടാന്ന് ഞങ്ങൾ റിപ്പോർട്ടിങ്ങിലുള്ളവര് പറഞ്ഞു.

ബാബു (മാലിനിയോട്) : എനിക്ക് രണ്ട് മണിക്കാണ് ഡ്യൂട്ടി, ചേച്ചി വീട്ടിൽ പോയി വന്നോളു. ഞാനിരിക്കാം.

കട്ടിലിൽനിന്നെഴുന്നേറ്റ രാജേന്ദ്രൻ: മാലിനിയെ ഞാൻ വിടാം. രവിയേട്ടാ ഞാനീ വിനിങ്ങിൽ വരാം.

രവി: (ക്ഷീണിച്ച സ്വരത്തിൽ) തന്റെ ബിസിനസ്സ് ഒരു വൺ മാൻ ഷോ. താനിവിടെ കെട്ടിത്തിരിഞ്ഞ് നിൽക്കേണ്ട കാര്യമില്ല.....

രാജേന്ദ്രൻ: നോ പ്രോബ്ലം. അതൊക്കെ ഞാനില്ലെങ്കിലും നടക്കും. (മാലിനിയെ നോക്കി) പോകാം.

മാലിനി പാത്രങ്ങൾ വച്ച ബാസ്കറ്റെടുത്ത് നിശ്ശബ്ദം യാത്ര ചോദിക്കും പോലെ നോക്കി രാജേന്ദ്രന്റെ കൂടെ പുറത്തേക്ക്. *(അവർ പോകുന്നത് നോക്കി).*

രവി: രാജേന്ദ്രൻ ഉള്ളതുകൊണ്ട് ബുദ്ധിമുട്ടുകൾ അറിയുന്നില്ല. അങ്ങനൊരു ഫ്രണ്ടുണ്ടായത് ഭാഗ്യം!

ബാബു വിനീതനായി നിൽക്കുന്നു.

രവി: ശ്രമക്കാരടേം അന്വേഷണക്കാരടേം ബഹളമായിരുന്നു തുടക്കത്തിൽ. ഇപ്പോൾ രാജേന്ദ്രനും നീയും മാത്രംണ്ട്. ഉം (ചിരിച്ച്) നീണ്ടുപോകുമ്പോൾ എല്ലാവർക്കും മടുക്കും. വേഗം തീർന്നുകിട്ടണേയെന്ന് മനസ്സിൽ പ്രാർഥിക്കാനും തുടങ്ങും.... ആരായാലും.

ഹീമറ്റോളജിസ്റ്റ് - രക്തപരിശോധനാവിദഗ്ധൻ

ബാബു: സുഖാവാൻവേണ്ടിയും പലരും പ്രാർഥിക്കുന്നുണ്ട് സർ..... അതൊരു ചെറിയ കാര്യമല്ല.... അതിനൊക്കെ ഒരു ഫലംണ്ടാവും ന്നാ എന്റെ വിശ്വാസം.

രവി: (സഹതാപത്തോടെ), ഒരുതരം വാത്സല്യത്തോടെ അവനെ നോക്കി) രക്ഷപ്പെടില്ല എന്ന് ഡോക്ടർക്കും അറിയാം. നിങ്ങളെയൊക്കെ ഇനിയും ഞാൻ എത്ര കഷ്ടപ്പെടുത്തും എന്ന് (നിർത്തുന്നു, വേദനിച്ച്) ഹമ്മേ...

അയാൾ ദുഃഖം നിയന്ത്രിക്കാനാകാതെ കണ്ണടച്ച് കിടക്കുന്നു. ബാബു നിസ്സഹായനായി നോക്കി നിൽക്കുന്നു.

******

3

ആസ്പത്രി മുറി. വൈകുന്നേരം. ഡോക്ടർ റഹീമും രണ്ട് ജൂനിയർ ഡോക്ടർമാരും, ഡ്യൂട്ടി നഴ്സുമാരും. റഹീം രവിയെ പരിശോധിക്കുകയാണ്. പകലെപ്പോഴോ കുളികഴിഞ്ഞ് വസ്ത്രം മാറ്റിവന്ന മാലിനിയുണ്ട് രോഗശയ്യയ്ക്കരികിൽ. അപ്പോൾ രാജേന്ദ്രനും കടന്നുവരുന്നു. അയാൾ കട്ടിലിന്റെ മറുവശത്തായി നിൽക്കുന്നു.

ഡോക്ടർ: വിശപ്പ് എങ്ങനെയുണ്ട്?

രവി: (ഉത്സാഹമില്ലാതെ) ഉം.....

ഡോക്ടർ: ഇന്നലെ ഉറക്കം ഡിസ്റ്റേർബ്ഡ് ആയിരുന്നു അല്ലെ?

രവി: ഉറക്കം എന്നും കഷ്ടിയാണ്.

മാലിനി: പകൽ ഇടയ്ക്ക് മയങ്ങും.

ഡോക്ടറും സംഘവും പോകാൻ ഭാവിക്കുമ്പോൾ രവി: ഡോക്ടർ വൺ മിനിട്ട്!

ഡോക്ടർ നിൽക്കുന്നു. കിടക്കയിൽ ഒന്ന് ചാരിയിരിക്കാൻ ശ്രമിക്കുമ്പോൾ രാജേന്ദ്രനും മാലിനിയും തലയണകൾ സൗകര്യത്തിന് വച്ചുകൊടുക്കുന്നു.

രവി: (മാലിനിയെ നോക്കി) എനിയ്ക്ക് ഡോക്ടറോട് അല്പം സംസാരിക്കണം. (രണ്ടുപേരോടും പുറത്തേക്കു പോകാൻ കൈകൊണ്ട് ആംഗ്യം കാട്ടി). ഒറ്റയ്ക്ക് സംസാരിക്കണം.

മാലിനിയും രാജേന്ദ്രനും സംശയിച്ച് പുറത്തേക്കു പോകുന്നു. ഡോക്ടർ അല്പം അമ്പരന്ന് അസിസ്റ്റന്റ് മാരെ നോക്കുന്നു. അവരും പുറത്തേക്ക്. രവി അല്പംകൂടി നിവർന്നിരിക്കുന്നു. ശരീരം മുഴുവൻ വേദനിക്കുന്നു എന്ന് ഭാവത്തിൽ നിന്നറിയാം.

രവി: ഡോക്ടർ ഇരിക്കൂ

ഡോക്ടർ: ഇറ്റ് ഈസ് ആൾ റൈറ്റ്

രവി ആലോചിക്കുന്നു. ഡോക്ടർ അയാളെത്തന്നെ ശ്രദ്ധിക്കുന്നു. മരണം നിത്യത്തൊഴിലിന്റെ ഭാഗമായി കണ്ട ആളാണെങ്കിലും ഡോക്ടർക്കും നേർത്ത അസ്വസ്ഥത.

രവി: എത്രമാസം

ഡോക്ടർക്ക് പെട്ടെന്ന് പിടികിട്ടുന്നില്ല.

രവി: എത്രമാസം ബാക്കിയുണ്ടെന്നറിയണം... അതോ ദിവസങ്ങൾ മാത്രമാണോ ഡോക്ടർ?

ഡോക്ടർ: മി.രവിശങ്കർ, ഇപ്പോൾ അങ്ങനെയൊന്നും ആലോചിക്കരുത്.

തളർന്ന ചിരിയോടെ, രവി: രോഗമെന്താണ് അതിന്റെ സീരിയസ്നെസ്സെന്താണെന്നൊക്കെ എനിക്കറിയാം. അതുകൊണ്ടുതന്നെ ഡോക്ടർക്കും സത്യം പറയാം. യു ആർ സപ്പോസ്ഡ് റ്റു ബീ വൺ ഓഫ് ദി ബെസ്റ്റ് ഇൻ ദ കൺട്രി... ഡോക്ടറുടെ കണ

ക്കുകൂട്ടലനുസരിച്ച് ഇനി.... ഞാനെത്ര കിടക്കും?

ശാന്തനായ, പകതവന്ന ആളുടെ തന്റേടത്തോടെയാണ് ചോദിക്കുന്നത്. എങ്കിലും അവസാനം വാക്കുകൾക്ക് ഒരിടർച്ചയുണ്ട്.

ഡോക്ടർ: (ചിരിക്കാൻ ശ്രമിച്ച്) അതൊരു ഡിഫിക്കൽറ്റ് കസ്റ്റ്യൻ ആണ്.

രവി: പിന്നെ, ആ ഇഞ്ചക്ഷൻ മരുന്നിന്റെ ചെയ്യേണ്ട എന്ന് ഞാൻ രാജേന്ദ്രനോട് പറഞ്ഞു.

(നിർത്തി ആലോചനയോടെ) അധികം വേദന സഹിക്കാതെ അവസാനം ഒന്ന്... (വാക്കുകൾക്ക് അയാൾ തപ്പിത്തടയുന്നു) ഈസിയാക്കുക. അതാണ് നിങ്ങൾ ഡോക്ടർമാർ ചെയ്യേണ്ടത്. എന്റെ കേസ് മാത്രമല്ല ഞാൻ പറയുന്നത്.

ഡോക്ടർ: വീ ട്രൈ റ്റു അവർ ബെസ്റ്റ്....

ദേവനയോടെ ചിരിച്ച്, രവി: അതുകൊണ്ടായില്ല ഡോക്ടർ. രക്ഷപ്പെട്ടാലോ എന്ന് വിചാരിച്ച് ആളുകൾ പറയുന്നതൊക്കെ ചെയ്യും. ഉള്ളതൊക്കെ വിൽക്കും. പണയംവയ്ക്കും. അവസാനം ശവവണ്ടി വിളിക്കാൻ ആസ്പത്രി മുറ്റത്ത് വീട്ടുകാർ പിരിവെടുക്കേണ്ടി വരുന്നു. ഞാനീ മൂന്നു മാസത്തിനിടയ്ക്ക് കണ്ടു.

അസംതൃപ്തനായ ഡോക്ടർ: രവിശങ്കറിനെപ്പോലെ വിവരമുള്ള ഒരാൾ ഇങ്ങനെ തുടങ്ങിയാൽ..... ട്രീറ്റ് ചെയ്തിട്ട് കാര്യമില്ല എന്ന് പറഞ്ഞ് തിരിച്ചയയ്ക്കാൻ പറ്റില്ലല്ലോ. വാട്ട് റ്റു ഡു.

രവി നിശ്ശബ്ദനാകുന്നു.

ഡോക്ടർ പുറത്തു പോയാലോ എന്ന് സംശയിക്കുന്നു.

രവി: ഡോക്ടർ മറുപടി പറഞ്ഞില്ലല്ലോ? എത്ര കാലം.... മടിക്കണ്ട!

I am prepared to hear the worst.

നേരെ നോക്കാതെ ഡോക്ടർ: ഒന്നും പറയാൻ വയ്യ. മൂന്നു മാസം..... ആറുമാസം. ഒരു കൊല്ലംവരെ കിടന്ന കേസുകളുണ്ട്.

രവി: ചെയ്തിടത്തോളം ചികിത്സ മതി ഡോക്ടർ. ഞാൻ നാട്ടിൽ പോണു. അവിടെ കിടക്കാം. ഫോർ എ ചെയ്ഞ്ച്.

ഡോക്ടർ: നാട്.....

രവി: ഒരു വില്ലേജാണ്. ഇവിടെ കിടന്നാലും അവസാനം ബോഡി എത്തിക്കേണ്ടത് അവിടെത്തന്നെ.

ചിരിക്കാൻ ശ്രമിച്ച്, ഡോക്ടർ: ആസ് യുവർ വിഷ്.....

രവി: (കൃത്രിമമായ പ്രസന്നത വരുത്തി) താങ്ക് യു ഡോക്ടർ. നോട്ട് യുവർ ഫാൾട്ട്. ഡോക്ടർക്ക് കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ട്. ഇറ്റ് ഈസ് മൈ ഫെയ്റ്റ്. താങ്ക്യൂ ഫോർ എവരിതിങ്.

ഡോക്ടർക്ക് കൈ കൊടുക്കുന്നു. ഡോക്ടർ കൈ കുലുക്കി പുറത്തേക്ക്. അല്പനിമിഷം അയാൾ അസ്വസ്ഥനാകുന്നു. പിന്നെ ക്രമത്തിൽ ഒരു ശാന്തത. ധൃതിയിൽ രാജേന്ദ്രനും മാലിനിയും അകത്തേക്കു വരുന്നു.

അല്പം ക്ഷോഭിച്ച് മാലിനി: ദിസ് ഈസ് റിഡിക്യൂലസ്. നാട്ടിൽ പോയിട്ട്? എന്താ ഈ പറയുന്നത്? അവിടെ എന്തു ചെയ്യാൻ?

രവി: ഇവിടെ കിടന്നിട്ട് എന്തു വിശേഷം? ആംബുലൻസില്ലാതെ അല്പം

സീരിയസ്നസ്സ് - ഗൗരവം, ഡിഫിക്കൽറ്റ് - പ്രയാസമുള്ളത്, കൊസ്റ്റ്യൻ-ചോദ്യം, വെയ്സ്റ്റ്-അവശിഷ്ടം

നേരത്തേ പോകാമെന്നുവച്ചു. രാജേന്ദ്രന്റെ കാറിൽ... പരിചയമുള്ള സ്ഥലങ്ങളൊക്കെ ഒന്ന് കണ്ട്.....

രാജേന്ദ്രൻ മാലിനിയെ നോക്കുന്നു.

രാജേന്ദ്രൻ: ഞാൻ ഡോക്ടറോട് ഒന്നു കൂടി ഡിസ്കസ് ചെയ്യട്ടെ. (പുറത്തേക്ക്)

മാലിനി വീണ്ടും എന്തോ തർക്കിക്കാൻ ഭാവിച്ച് അടുത്തേക്ക് വന്നപ്പോൾ,

രവി: പ്ലീസ്. ആർഗ്യുമെന്റിന് വയ്യ. ഞാൻ തീരുമാനിച്ചുകഴിഞ്ഞു. (അയാൾ കണ്ണടച്ച് നെടുവീർപ്പിടുന്നു. മാലിനിയുടെ അസ്വാസ്ഥ്യം)

****

39

രവിയുടെ മുറിയിലേക്ക് ഡോക്ടർ ഉണ്ണിയും ബാബുവും കടന്നുവരുമ്പോൾ അവിടെ ചെറിയച്ഛൻ മാത്രമാണ്. അദ്ദേഹം ആധാരത്തിന്റെ കരടു പകർപ്പു വായിച്ചു കൊടുക്കുകയാണ് രവിയ്ക്ക്.

ചെറിയച്ഛൻ: പാലയ്ക്കൽ കിഴക്കേതിൽ മരിച്ച ഉണ്ണിച്ചിരിയമ്മ മകൻ ഒമ്പതാം നമ്പറുകാരൻ രവിശങ്കർ 35 വയസ്സ്. പത്രപ്രവർത്തനം....

അകത്തേക്ക് വന്ന ഡോക്ടർ ഉണ്ണിയെ കണ്ട് വായന നിർത്തി കടലാസുകൾ ഒതുക്കി ചെറിയച്ഛൻ നിൽക്കുന്നു. ഡോക്ടർ ഉണ്ണി കട്ടിലിൽ ചാഞ്ഞു കിടക്കുന്ന രോഗിയെ ഒന്നാകെ നോക്കുന്നു. മുറിയാകെ ഒന്നു നോക്കുന്നു. എന്നിട്ട് അടുത്തേക്ക് വന്ന്: ഞാൻ ഡോക്ടർ കെ.ആർ. ഉണ്ണി. ഓർമ്മയുണ്ടോ?

രവി ആദ്യം അമ്പരക്കുന്നു. പെട്ടെന്ന് ഓർമ്മയിൽ ഒരു മിന്നലുദിച്ചപോലെ രവി: കരോൾ ബാഗ്! ഡോക്ടർ രാമനുണ്ണി! ബാബു ഡോക്ടർ ഉണ്ണി എന്നു പറഞ്ഞപ്പോൾ-

ഡോക്ടർ: (ബാഗ് താഴെ വച്ച്); ഇരുന്ന്: പത്ത് പന്ത്രണ്ട് കൊല്ലായില്ലേ?

രവി: (ചെറിയച്ഛനോട്) ഞാൻ ഡൽഹീല് ജോലിയന്വേഷിച്ച് കുറച്ചുകാലം നിന്നപ്പോൾ ഇവരുടെ ലോഡ്ജിലായിരുന്നു.

ഡോ. ഉണ്ണി: ഞാൻ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് വിടുമ്പോൾ താൻ ശങ്കേഴ്സ് വീക്കിലിയിൽ കയറിയിരുന്നു എന്നാണോർമ്മ!

രവി: അത് മൂന്നുമാസം. പിന്നെ നാട്ടിലേക്ക് പോന്നു.

ഉണ്ണി: ഒരിക്കൽ ആരോ പറഞ്ഞു, താൻ വിപ്ലവം ഉണ്ടാക്കാൻ നടക്കുന്നു. അത് അടുത്ത കവലയിൽ എത്തിയിട്ടില്ല, എന്ന് കണ്ടപ്പോൾ വിട്ടു. പിന്നെ ട്യൂട്ടോറിയിൽ കോളേജ് നടത്തുന്നു. മനുഷ്യർക്ക് മനസ്സിലാവാത്ത മലയാളത്തിൽ ചിലത് എഴുതുന്നു എന്നൊക്കെയാണ്-അതുവരെ റിപ്പോർട്ട് കിട്ടി.

(സംസാരിക്കുന്നതിനിടയിൽ സൈഡ് ടേബിളിലെ മെഡിക്കൽ ഫയൽ പരിശോധിക്കുന്നു. ശ്രദ്ധ അതിലുണ്ട്. വാക്കുകൾ അനായാസമായി പ്രവഹിക്കുന്നു എങ്കിലും)

(ഫയൽ അടച്ചുവച്ച്) ശേഷം കഥ ശിഷ്യൻ ബാബു പ്രസാദിൽ നിന്ന് കിട്ടി.

രവി ചെറിയച്ഛനെ അർഥംവച്ച് നോക്കുമ്പോൾ അദ്ദേഹം പുറത്തേക്ക്.

ഡോക്ടർ: ചായ വേണ്ട.

രവിയോട്, ബാബു: ഞാൻ ഡോക്ടറെപ്പറ്റി ഒരു ഫീച്ചർ ചെയ്തിട്ടുണ്ട്, സർ.

ഡോക്ടർ: ഞാൻ ഡോക്ടർ റഹീമുമായി

ഫെയ്റ്റ് - വിധി, റിഡിക്കുലസ് - പരിഹാസജനകമായ

സംസാരിച്ചു. എനിക്കറിയാം റഹീമിനെ. വാഷിംഗ്ടണിൽ ഒരു കോൺഫറൻസിന് വന്നപ്പോൾ എന്റെ കൂടെയാണ് താമസിച്ചത്. He is good. പക്ഷേ, രവി ഇങ്ങോട്ടു പോന്നത് വളരെ നന്നായി.

ഉത്സാഹം മങ്ങി വീണ്ടും വിഷാദം മനസ്സിലേക്ക്

രവി: അവസാനം ഇവിടെ മതി എന്ന് നിശ്ചയിച്ചു.സെന്റിമെന്റെന്നോ നൊസ്റ്റാൾജിയ എന്നോ എന്തുവേണമെങ്കിലും പറയാം.

പരിഹാസത്തിൽ ഉണ്ണി: അപ്പോൾ ഇയാൾ തോൽവി പറഞ്ഞ്, മരിക്കാൻ തയാറായി വന്ന് കിടക്കുകയാണ് അല്ലേ?

അയാളുടെ സ്വരം ഇഷ്ടപ്പെടാതെ രവി: (മൗഢ്യത്തോടെ) വേറൊന്നും ചെയ്യാനില്ലെന്ന് ഡോക്ടർ റഹീം തന്നെയല്ലേ പറഞ്ഞത്?

ഉണ്ണി: He is right. And he is good അയാൾക്കൊന്നും ചെയ്യാനില്ല. അതും ശരിയാണ്.

എഴുന്നേറ്റ് അടുത്തേക്ക് ചെന്ന് ഡോക്ടർ ഉണ്ണി: പക്ഷേ, തനിക്ക് ചെയ്യാനാവുന്നത് താൻ ചെയ്യുന്നില്ലല്ലോ രവി. That is bad. Very bad.

രവി മനസ്സിലാവാതെ നിശ്ശബ്ദനായിരിക്കുന്നു.

ബാബു: ഡോക്ടർ ഒരു പുതിയ ഹോസ്പിറ്റൽ തുടങ്ങിയിട്ടുണ്ട്. ബാംഗ്ലൂരിനടുത്ത്. പത്രത്തിലൊക്കെ വന്നിരുന്നു. സാറവിടെ പോണംന്നാ ഡോക്ടർ പറയുന്നത്,

നിരാശയോടെ രവി: ഡോക്ടർ വന്നതും കണ്ടതും വളരെ വളരെ സന്തോഷം. പക്ഷേ, ഞാനെവിടയ്ക്കും ഇല്ല. ഈ സ്റ്റേജിൽ ഡോക്ടർക്ക് എന്നെ സഹായിക്കാനാവില്ല.

ഉണ്ണി: (ഇരുന്ന്) You are right. എനിക്ക് സഹായിക്കാനാവില്ല. The question is തനിക്ക് തന്നെ സഹായിക്കാനാവുമോ? അതാണറിയേണ്ടത്. ബാഗിൽനിന്ന് കുറേ ഫോട്ടോസ്റ്റാറ്റ് ചെയ്ത ലേഖനങ്ങൾ പുറത്തെടുത്ത്-

ഉണ്ണി: വേണമെങ്കിൽ നോക്കാം. ഡോക്ടർ സിമോണ്ടൻ, റേഡിയോളജിസ്റ്റ്, യൂണിവേഴ്സിറ്റി ഓഫ് ടെക്സാൻ.

മെത്തയിൽവച്ച് മറ്റൊന്നെടുത്ത്: ഡോക്ടർ റഷീദ് വസീരി - യൂണിവേഴ്സിറ്റി ഓഫ് അയൊവ, ഡോക്ടർ ദീപക് ചോപ്ര.

ഇവരൊക്കെ പരീക്ഷിച്ച് അപ്രൂവ് ചെയ്ത ഒരു പ്രോഗ്രാമാണ് ഞാനും ചെയ്യുന്നത്. കേൾക്കാൻ താൻ തയ്യാറുണ്ടോ?

താല്പര്യം ഉണർന്നുവെങ്കിലും തന്റെ ഉത്കണ്ഠ പ്രകടിപ്പിക്കാതെ രവി നിവർന്നിരിക്കുന്നു.

ഉണ്ണി: ഞാൻ ചില സിംപിൾ ചോദ്യങ്ങൾ ചോദിക്കുന്നു. പൊട്ടിയ ഒരെല്ല് എങ്ങനെ തനിയെ കൂടിച്ചേരുന്നു? ഒന്നും ചെയ്യാതെ ഒരു മുറിവ് എങ്ങനെ ഉണങ്ങുന്നു? നമ്മളാലോചിക്കാറില്ല. സാധാരണ സംഭവം. എങ്ങനെ? ശാസ്ത്രത്തിനറിയില്ല. ശാസ്ത്രത്തിന് വിവരിക്കാനാവാത്ത ഒരു പാട് പ്രക്രിയകൾ നടക്കുന്നുണ്ട്. എങ്ങനെ?

രവിയെ നോക്കുന്നു. ബാബുവിനെ നോക്കുന്നു.

സെന്റിമെന്റ് - വൈകാരികത, നൊസ്റ്റാൾജിയ - ഗൃഹാതുരത്വം,

ഉത്തരം, ശരീരത്തിന് അതിന്റേതായ ഒരു മനസ്സുണ്ട്. ബുദ്ധിയുണ്ട്. അതാണ് പ്രവർത്തിക്കുന്നത്. അനാട്ടമിക്കും ഫിസിയോളജിക്കും പിടികിട്ടാത്തതാണ് ഈ ബുദ്ധി. ശരീരത്തിന്റെ ബുദ്ധി.

നിരാശയോടെ രവി: കീമോതെറാപ്പിയും റേഡിയേഷനും ഒക്കെ നോക്കിക്കഴിഞ്ഞതാണ് ഡോക്ടർ.

Cut to-

പുറത്തു വന്നു നിൽക്കുന്ന ദുർഗ, ചെറിയമ്മ. അവർ കേൾക്കുന്നു. അകത്തുനിന്നുള്ള ശാന്തമായ ദൃഢസ്വരം (ഡോക്ടർ ഉണ്ണിയുടെ).

ഡോക്ടർ റഹീം കണ്ട ശരീരമല്ല ഞാൻ കാണുന്നത്. കൊല്ലത്തിലൊരിക്കൽ ശരീരത്തിന്റെ തൊണ്ണൂറ്റെട്ടു ശതമാനം സെല്ലുകളും മാറുന്നു. മൂന്നു മാസത്തിനിടയ്ക്ക് അസ്ഥികൂടത്തിലെ സെല്ലുകളിലൂടെ കടന്നു പോകുന്ന അണുക്കൾ മാറുന്നു. മാസത്തിലൊരിക്കൽ ചർമ്മം മാറുന്നു.

Cut inside-

ഉണ്ണി: ചുരുക്കത്തിൽ റഹീം കണ്ട രോഗി അല്ല ഇപ്പോൾ എന്റെ മുമ്പിൽ, ആ ശരീരത്തെയല്ല ഞാൻ ചികിത്സിക്കാൻ പോകുന്നത്. ഹെറാക്ലിറ്റസ് പറഞ്ഞില്ലേ, ഒരു പുഴയിൽ രണ്ടു തവണ ഇറങ്ങാൻ പറ്റില്ലെന്ന്- എന്താ അർഥം? പുഴ മാറുന്നു. കാരണം വെള്ളം ഒഴുകിക്കൊണ്ടേയിരിക്കുന്നു. (അടുത്തേക്ക് ചെന്ന്) രോഗി ആദ്യം ശരീരത്തോട് കല്പിക്കണം. കീഴടങ്ങരുത്. നീയും ഞാനും ചേർന്നുള്ള ഒരു പടയൊരുക്കത്തിന് തയ്യാറാവൂ. ബാബൂ, ഞാൻ മാർക്ക് ചെയ്ത ഭാഗങ്ങളൊക്കെ ഒന്നു വായിച്ചു കൊടുക്കൂ.

And think about it.

(ചിരിച്ച്) തന്റെ ഈ ശിഷ്യൻ കൊള്ളാം. എന്നെ ഇന്റർവ്യൂ ചെയ്യാൻ വന്നപ്പോൾ എന്നോട് അവസാനമൊരു ചോദ്യം. അമേരിക്കക്കാര് നിങ്ങൾക്ക് ഭ്രാന്താണ്, അല്ലെങ്കിൽ നിങ്ങളൊരു ഫ്രോഡാണ് എന്ന് പറഞ്ഞിട്ടുണ്ടോ? നൈസ് ക്വസ്റ്റ്യൻ. ഭ്രാന്തന്മാർ കുറേ പേരുണ്ടെന്ന് പേപ്പേഴ്സ് നോക്കിയാലറിയാം.

വരട്ടെ, ഞാൻ നാളെ മോണിങ്, ബിഫോർ ടെൻ വരും. എന്റെ കൂടെ വരണം രവി.

രവി: (സംശയിക്കുന്നു) ഡോക്ടർ!

ഉണ്ണി: മരിക്കാൻ ഒരുങ്ങി വന്നതല്ലേ? കുറേക്കൂടി നല്ല പ്രകൃതിഭംഗിയുള്ള ഒരു സ്ഥലത്ത് കിടന്ന് മരിക്കാൻ ഞാൻ ക്ഷണിക്കുന്നു. എന്താ?

രവിയുടെ നേരെ കൈനീട്ടി: ഞാൻ അഞ്ചുമാസം കൂടി ഇന്ത്യയിലുണ്ട്. ഹോസ്പിറ്റൽ ഒരു ഫൈനൽ സെറ്റപ്പാവുന്നതുവരെ. ചികിൽസയ്ക്കല്ല. എന്റെ കൂടെ കുറച്ച് ഹോളിഡെയ്സ്. അതിനാണ് ഞാൻ ക്ഷണിക്കുന്നത്,

Agreed?

രവി സംശയിച്ച് ഒരർധസമ്മതത്തോടെ കൈകൊടുക്കുന്നു. ഡോക്ടർ സഞ്ചി ചുമലിലിട്ട് പുറത്തേക്ക് കടക്കുമ്പോൾ ബാബു പിറകേ പോകുന്നു. മുറിയിൽ തനിച്ചായപ്പോൾ അത്ഭുതം, നേർത്ത പ്രതീക്ഷ, എന്നാലും വിട്ടു മാറാത്ത അസ്വാസ്ഥ്യം.

****

48

രാവിലെ.

ഡോക്ടർ ഉണ്ണിയുടെ കോട്ടേജ്. ഒരു നടത്തം കഴിഞ്ഞ് രവിയും രണ്ട്

റേഡിയേഷൻ - വൈദ്യുതകാന്തതരംഗങ്ങൾകൊണ്ടുള്ള ചികിത്സ, കീമോതെറാപ്പി - രാസരീതിയിലുള്ള കാൻസർ ചികിത്സ, ഫ്രോഡ് - തട്ടിപ്പുകാരൻ

നഴ്സ്മാരും വന്നു കയറുന്നു. മൂന്നുപേരും വിയർത്തു കുളിച്ചിട്ടുണ്ട്.

നഴ്സ്: ഭയങ്കര സ്പീഡ്. നടന്നു ഞങ്ങളൊപ്പമെത്തുന്നില്ല.

കിതപ്പിനിടയിൽ രവി പതുക്കെ ചിരിക്കുന്നു.

നഴ്സിനോട് ഉണ്ണി: അപ്പോൾ എത്ര ടൈമെടുക്കുന്നുണ്ട്?

നഴ്സ്: നാല്പതു മിനിട്ട്

ഇരുന്ന്, രവി: വല്ലാത്ത ക്ഷീണം.

ചിരിച്ച്, ഉണ്ണി: നാല്പത്തഞ്ച് മിനിട്ട് ഫാസ്റ്റായി നടന്നാൽ ഏതു മല്ലനും കുറച്ച് ക്ഷീണിക്കും.

ഉണ്ണി: യോഗ, ധ്യാനം ഇതിനെല്ലാംകൂടി ഞങ്ങൾ ഇന്നർ മെഡിസിൻ എന്നു പറയും. രവി വളരെ വൈകിയാണ് എന്റടുത്തെത്തിയത്. അപ്പോൾ ഔട്ടർ മെഡിസിൻ വേണം. അതിനാവുന്നതു ചെയ്യട്ടെ.

നഴ്സിനോട്: നൗ വീ ഡു എ കോഴ്സ് ഓഫ് കീമോതെറാപ്പി (രവിയോട്) പോയി ഒരു മണിക്കൂർ ടോട്ടലായി Stretch ചെയ്ത് വിശ്രമിക്കൂ.

കൂടെ നടന്നുകൊണ്ട് മുറ്റം കടക്കുമ്പോൾ ഡോക്ടർ ഉണ്ണി: രോഗിയുടെ വിൽപവർ കൊണ്ട് ചില കേസുകൾ മാറുമെന്ന് ഞങ്ങൾ ചിലർ ആദ്യം പറഞ്ഞപ്പോൾ അമേരിക്കയിൽ ഭൂകമ്പം. ന്യൂ ഇംഗ്ലണ്ട് മെഡിക്കൽ ജേർണൽ ഇന്ത്യൻ യക്ഷിക്കഥ എന്നാ പറഞ്ഞത്. പിന്നെ പലേടത്തുനിന്ന് കേസ് ഹിസ്റ്ററികൾ വന്നപ്പോൾ അവരത് തിരുത്തി. സമ്മതിച്ചു. ഡോക്ടർമാർക്ക് ആ ജേർണൽ ഒരു ചെറിയ വേദപുസ്തകംപോലെയാണ്.

രവിയുടെ കോട്ടേജിനു മുമ്പിലെത്തിയപ്പോൾ നിൽക്കുന്നു.

ഉണ്ണി: എന്റെ ഫ്രണ്ട് ഡോക്ടർ വാൾക്കൻ ഒരു കഥ പറഞ്ഞു. മുപ്പതു വയസ്സുള്ള ഒരു സ്ത്രീക്ക് യൂട്ടെറസ്സിന് കാൻസർ. ഹോസ്പിറ്റലിൽ ഓപ്പറേഷനു കിടക്കാൻ പറഞ്ഞപ്പോൾ അവർ പറഞ്ഞു: 'നല്ല കാര്യം, എനിക്ക് ചെറിയ രണ്ടു കുട്ടികളാണ്. അവരെ ആരു നോക്കും. ഫാമില് നൂറു കൂട്ടം പണിണ്ട്. ക്യാൻസർ ഉണ്ടെങ്കിൽ അതിന്റെ പാട്ടിന് അവിടെ ഇരിക്കട്ടെ' അവർ പോയി.

താൽപര്യത്തോടെ, രവി: എന്നിട്ട് എന്തു പറ്റി?

ഉണ്ണി: സ്ത്രീ മടങ്ങിപ്പോയി. അവർ മരിച്ചു കേട്ടോ. (ചിരിച്ച്) എഴുപത്തൊന്നാം വയസ്സിൽ മക്കളും പേരക്കിടാങ്ങളും ഒക്കെ ആയശേഷം... (തുളയ്ക്കുന്ന ഒരു നോട്ടം രവിയുടെ നേർക്ക്) മരുന്നല്ല മനസ്സാണ് രോഗത്തെ അടക്കിയത്!

എന്നിട്ടദ്ദേഹം ആസ്പത്രിയുടെ നേർക്ക്. രവി മന്ദഹസിക്കുന്നു.

******

49

ഹോളിസ്റ്റിക് ഹെൽത്ത് സെന്ററിന്റെ പടികടന്നു വരുന്ന ബാബു-തോളിലൊരു ഖദർ സഞ്ചി-രവിയുടെ കോട്ടേജിനു നേർക്കു നടക്കുന്നു. അതടച്ചിട്ടത് കണ്ട് ആ വഴി വന്ന ഒരു നഴ്സിനോട് പരിഭ്രമത്തോടെ: ഇതിലെ സാറ്?

നഴ്സ്: ചീഫിന്റെ റൂമിലുണ്ട്.

ബാബു ധൃതിയിൽ ഓഫീസ് കെട്ടിട

എഗ്രീഡ് - സമ്മതിച്ചു, ഫാസ്റ്റായി - വേഗത്തിൽ. സ്ട്രെച്ച് ചെയ്ത് കിടക്കുക - നീണ്ടുനിവർന്ന് കിടക്കുക, യൂട്ടെറസ് - ഗർഭപാത്രം

ത്തിൽ കടന്ന് ഡോക്ടറുടെ മുറിയുടെ മുന്നിൽ. അല്പം തുറന്നു കിടക്കുന്ന ഹാഫ് ഡോറിലൂടെ നോക്കുമ്പോൾ മേശപ്പുറത്ത് കൈത്തണ്ടമേൽ മുഖം കുനിച്ചുവച്ച് ഇരിക്കുന്ന രവിയെയാണ് കാണുന്നത്. ബാബു മുറിയിലേക്ക്. അവിടെ ഡോക്ടറുടെ കസേര ഒഴിഞ്ഞു കിടക്കുന്നു.

ഡോക്ടറുടെ മുറി. ചുവരിൽ ഹിപ്പോക്രാറ്റസിന്റെയും സുശ്രുതചരകാദികളുടെയും വർണചിത്രങ്ങൾ. ചുവരിൽ എഴുതിവച്ച വരികൾ

As is the human Body,

So is the cosmic Body.

As is the Human Mind,

So is the Cosmic Mind

As is the Microcosm,

So is the Macrocosm.

മേശപ്പുറത്ത് ഒരു മഹർഷിയുടെ ചിത്രം ചില്ലിട്ടു വച്ചിരിക്കുന്നു. കണ്ണടച്ച് കിടക്കുന്ന രവി ഉറങ്ങുകയാണെന്ന് തോന്നി. വാതിൽ തുറക്കുന്ന ശബ്ദം കേട്ടപ്പോൾ രവി ഞെട്ടി എഴുന്നേറ്റിരിക്കുന്നു. ശ്രദ്ധ വളരെ ഗൗരവത്തോടെ കടന്നുവന്ന ഡോക്ടർ ഉണ്ണിയിലാണ്. ഡോക്ടർ ഇരുന്ന് കൈയിലെ പലതരം റിപ്പോർട്ടുകൾ നിരത്തിവച്ച് മുറിയിൽ മറ്റു ചിലരുണ്ട് എന്ന ചിന്തപോലുമില്ലാത്തപോലെ നോക്കുന്നു. മനസിൽ എന്തൊക്കെയോ മുറുമുറുക്കുന്നു. മേശപ്പുറത്തെ രവിശങ്കറിന്റെ അഡ്മിഷൻ ഫയൽ മറിച്ചു നോക്കി താരതമ്യപ്പെടുത്തുന്നു. പിന്നെയും മുറുമുറുക്കുന്നു.

അസ്വസ്ഥനായ രവി അക്ഷമയുടെ പാരമ്യത്തിലാണ്. ഒന്നുമറിയാതെ ബാബു താനെത്തിപ്പെട്ടത് ഒരപകടസന്ധിയിലാണെന്ന് മനസ്സിലാക്കി രവിയുടെ പിന്നിലായി സ്ഥലം പിടിക്കുന്നു.

ഡോക്ടർ ഉണ്ണി കണ്ണടച്ച് ഏതാനും നിമിഷം ധ്യാനിക്കുംപോലെ ഇരുന്ന്, കണ്ണു തുറന്ന് ചിരിച്ചുകൊണ്ട്: ബ്ലഡ് കൗണ്ട് നോർമലാണ്. ആൾമോസ്റ്റ് നോർമൽ.

രവി വികാരാധിക്യത്തോടെ, അല്പം നനഞ്ഞ കണ്ണുകളോടെ, ഡോക്ടറെ തൊഴുന്നു.

രവി: നോർമൽ, ശരിക്കും?

ഡോക്ടർ ഉണ്ണി: മിക്കവാറും എന്നാണ് പറഞ്ഞത്. എന്റെ കഴിവല്ല, തന്റെ പരിശ്രമം, പിന്നെ (മുകളിലേക്ക് കൈ ഉയർത്തി, ഈശ്വരനെ ഉദ്ദേശിച്ച്) ആ മഹാവൈദ്യനുണ്ടല്ലോ, അദ്ദേഹത്തിന്റെ അനുഗ്രഹം.

സുകൃതം (തിരക്കഥാഭാഗം)

ഹോളിസ്റ്റിക് – സമ്പൂർണചികിത്സ, ചീഫ് – മുഖ്യൻ, കോസ്മിക് ബോഡി – പ്രപഞ്ചശരീരം, ഹ്യൂമൻ ബോഡി- മനുഷ്യശരീരം, അക്ഷമ-ക്ഷമയില്ലായ്മ, കോസ്മിക് മൈൻഡ് – പ്രപഞ്ചമനസ്, മൈക്രോകോസം – സൂക്ഷ്മപ്രപഞ്ചം, മാക്രോകോസം- സ്ഥൂലപ്രപഞ്ചം, പാരമ്യം-ഉയർന്നഅവസ്ഥ.

അവധാരണചോദ്യങ്ങൾ

1. "ഉറുപ്പികയുടെ കണക്കുനോക്കിയിട്ടാണോ ചികിത്സ? ഡോക്ടർ പറഞ്ഞാൽ നമ്മളത് ചെയ്യണം". ഇങ്ങനെ അഭിപ്രായപ്പെടുന്നതാര്?
2. ശരീരത്തിന് അതിന്റെതായ ഒരു മനസ്സും ബുദ്ധിയുമുണ്ടെന്ന് ഡോ. രാമനുണ്ണി പറയുന്നതിന്റെ യുക്തിയെന്ത്?
3. 'ഒരുപുഴയിൽ രണ്ടുതവണ ഇറങ്ങാൻകഴിയില്ല' എന്ന 'ഹെറാക്ലിറ്റസ് തത്ത്വചിന്ത' ഡോക്ടർ രവിയോട് ഉദാഹരിച്ചത് എന്തിനെന്ന് വിശദമാക്കുക?
4. ഒരുപുഴയിൽ രണ്ടുതവണ ഇറങ്ങാൻ പറ്റില്ലെന്നുപറഞ്ഞ ചിന്തകൻ ആര്?

അവധാരണചോദ്യങ്ങളുടെ ഉത്തരസൂചിക

1. മാലിനി
2. പൊട്ടിയ എല്ല് തനിയെ കൂടിച്ചേരുന്നു

   മരുന്നുചെയ്യാതെ മുറിവുണങ്ങുന്നു

   ശരീരത്തിന് അതിന്റേതായ ഒരു ബുദ്ധിയും മനസ്സുമുള്ളതുകൊണ്ടാണ് ഇതെല്ലാം സംഭവിക്കുന്നത്
3. കൊല്ലത്തിലൊരിക്കൽ ശരീരത്തിലെ തൊണ്ണൂറ്റെട്ടുശതമാനം കോശങ്ങളും മാറുന്നു.

   മൂന്നുമാസത്തിലൊരിക്കൽ അസ്ഥികൂടത്തിലെ കോശങ്ങളിലൂടെകടന്നുപോകുന്ന അണുക്കൾ മാറുന്നു

   ഡോ.ഉണ്ണി പരിശോധിക്കുന്നത് രവിയുടെ, മാറ്റങ്ങൾക്ക് വിധേയമായ പുതിയശരീരത്തെയാണ്
4. ഹെറാക്ലിറ്റസ്

പാഠപഠനം

കവിയും പത്രപ്രവർത്തകനുമാണ് രവി ശങ്കർ. മുപ്പത്തിയഞ്ചുവയസ്സ് പ്രായം. ഭാര്യ മാലിനി കോളേജ് അധ്യാപിക. ആറുകൊല്ലത്തോളമായി അവരുടെ വിവാഹംകഴിഞ്ഞിട്ട്. സമ്പന്നകുടുംബത്തിലെ അംഗമായ മാലിനി മാതാപിതാക്കളെ ധിക്കരിച്ചാണ് രവിയെ സ്വീകരിച്ചത്. ഓർക്കാപ്പുറത്ത് രവിക്ക് ക്യാൻസർ പിടിപെടുന്നു.

മൂന്നുമാസമായി രവി ആശുപത്രിയിൽ ചികിത്സയിലാണ്. വിദഗ്ധരായ ഡോക്ടർമാർ ചികിത്സിച്ചിട്ടും അയാളുടെ രോഗത്തിന് ശമനം ഉണ്ടാകുന്നില്ല. അത് കൂടുതൽ വഷളായിക്കൊണ്ടിരുന്നു.

രവിയുടെ കുടുംബസുഹൃത്താണ് ബിസിനസുകാരനായ രാജേന്ദ്രൻ. അയാൾ മാലിനിയുടെ സഹപാഠിയുമായിരുന്നു. മാത്രമല്ല, മാലിനിയെ അയാൾക്ക് ഇഷ്ടവുമായിരുന്നു. എന്നാൽ മാലിനിക്ക് ഈ കാര്യം അറിയുമായിരുന്നില്ല. ചികിത്സയ്ക്കു വേണ്ട പണമെല്ലാം ചെലവിടുന്നത് അയാളാണ്. അവർക്ക് എപ്പോഴും എന്തു സഹായവും ചെയ്യാൻ തയാറായി നിൽക്കുന്നു അയാൾ.

രക്തപരിശോധനയിൽ രോഗത്തിന് കുറവൊന്നുമില്ലെന്നു കണ്ടപ്പോൾ പുതിയൊരു ഇഞ്ചക്ഷൻ പരീക്ഷിച്ചു നോക്കാമെന്ന് ഡോക്ടർ അഭിപ്രായപ്പെടുന്നു. ബോംബെയിലാണ് ആ മരുന്നുള്ളത്. അവിടെയില്ലെങ്കിൽ ലണ്ടനിൽനിന്ന് വരുത്തേണ്ടിവരും. ഇരുപത്തയ്യായിരം രൂപയാണ് ഒരിഞ്ചക്ഷന്. രവിക്ക് അതിനോട് താല്പര്യമില്ല. അതുകൊണ്ട് കടബാധ്യതകൾ കൂടുമെന്നല്ലാതെ മറ്റൊരു പ്രയോജനവും ഉണ്ടാകില്ലെന്ന് അയാൾ വിശ്വസിക്കുന്നു. കുടുംബസുഹൃത്താണെങ്കിലും രാജേന്ദ്രനെക്കൊണ്ട് വീണ്ടും വീണ്ടും പണം ചെലവഴിപ്പിക്കുന്നതിൽ വൈമനസ്യമുണ്ട് രവിക്ക്. രൂപയുടെ കണക്കുനോക്കാതെ ഡോക്ടർമാർ നിർദേശിക്കുന്നത് ചെയ്യാമെന്ന് മാലിനി. രവിയുടെ നിർബന്ധം രാജേന്ദ്രനിലും വിഷമമുണ്ടാക്കുന്നു. ആവശ്യമില്ലാതെ പണം ചെലവിടേണ്ടെന്നും അടുത്ത മുറിയിലെ ഒരു കുട്ടിക്ക് ഇതേ ഇഞ്ചക്ഷൻ നൽകിയെങ്കിലും പ്രയോജനപ്പെട്ടില്ലെന്നും പറഞ്ഞ് രവി തന്റെ തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നു. മാത്രമല്ല തന്റെ ശരീരത്തിൽ ഇനിയൊരു പരീക്ഷണവും നടത്തേണ്ടതില്ലെന്നും

തന്നെ സ്വൈരമായി മരിക്കാൻ അനുവദിക്കണമെന്നും അയാൾ വികാരാധീനനായി പറയുന്നു.

രവിയെ കാണാൻ പത്രമോഫീസിലെ ബാബു എത്തുന്നു. രവിയുടെ ശിഷ്യനും സഹപ്രവർത്തകനുമാണയാൾ. രവിക്കു വന്ന കത്തുകളും കമ്പികളും മേശപ്പുറത്തു വയ്ക്കുന്നു. അതിലെല്ലാം അയാളുടെ രോഗം വേഗം ഭേദമാകട്ടെ എന്നപ്രാർഥനകളായിരുന്നു. സഹപ്രവർത്തകന്റെ രോഗത്തെയും വാർത്തയാക്കിയ നെറികേടിനെ രവി പരിഹസിക്കുന്നു. (സിനിമയുടെ അവസാനഭാഗത്ത് പത്രമോഫീസ് സന്ദർശിക്കുന്ന രവി തന്റെ മരണവാർത്ത തയാറാക്കിവെച്ചിരിക്കുന്നത് കാണുന്നുണ്ട്)

ബാബു വന്നപ്പോൾ മാലിനി വീട്ടിലേക്ക് പോകുന്നു. രാജേന്ദ്രനും പോകുന്നു. മുറിയിൽ രവിയും ബാബുവും മാത്രം. രോഗം ബാധിച്ച് ദീർഘകാലം ആശുപത്രിയിൽ കിടക്കേണ്ടി വരുന്നവരുടെ ദയനീയത രവി വ്യക്തമാക്കുന്നു. തുടക്കത്തിൽ രോഗം അറിയാനെത്തുന്നവരുടെയും ഒപ്പം നിൽക്കാൻ വരുന്നവരുടെയും ബഹളമായിരിക്കും. കിടപ്പ് നീണ്ടുപോകുമ്പോൾ എല്ലാവരും മടുക്കും. പിന്നെ എങ്ങനെയെങ്കിലും ഒന്നു തീർന്നുകിട്ടണേ എന്നാവും പ്രാർഥന.

2

ഡോ.റഹിമും സംഘവും രവിയെ പരിശോധിക്കുന്നു. പരിശോധന കഴിഞ്ഞ് പോകാനൊരുങ്ങുമ്പോൾ തനിക്ക് ഡോക്ടറോട് ഒറ്റയ്ക്കു സംസാരിക്കണമെന്ന് രവി. എല്ലാവരും പുറത്തു പോയിക്കഴിഞ്ഞപ്പോൾ അയാൾ ഡോക്ടറോട് ചോദിച്ചത് തനിക്കിനി എത്രനാൾ കൂടി ബാക്കിയുണ്ടെന്നാണ്. ചോദ്യം പക്വതവന്നൊരാളിന്റേതുപോലെയായിരുന്നുവെങ്കിലും വാക്കുകളുടെ ഒടുവിൽ അയാൾ ഇടറിപ്പോകുന്നു. ശരിയായി ഉത്തരം പറയാനാകാതെ ഡോക്ടർ കുഴങ്ങുന്നു. കാരണം രോഗിയുടെ നില എത്ര ഗുരുതരമായാലും അയാളുടെ ആയുസ്സിനെക്കുറിച്ച് തീർത്തൊരു വാക്ക് പറയാൻപാടില്ല. 'ഞങ്ങൾ പരമാവധി ശ്രമിക്കുന്നുണ്ട്' എന്നൊക്കെപ്പറഞ്ഞ് ഡോക്ടർ ഒഴിയാൻ ശ്രമിക്കുന്നുവെങ്കിലും രവി നിർബന്ധം പിടിക്കുന്നു. 'രക്ഷപ്പെടുമെന്ന് വിചാരിച്ച് ആളുകൾ ഡോക്ടർമാർ പറയുന്നതൊക്കെച്ചെയ്യും. ഉള്ളതെല്ലാം വിറ്റും പണയം വച്ചും ചികിത്സിക്കും. ഒടുവിൽ എല്ലാം അവസാനിക്കുമ്പോൾ ശവവണ്ടി വിളിക്കാൻ ആശുപത്രിമുറ്റത്ത് പിരിവെടുക്കേണ്ടിവരും' എന്ന് രോഗത്തിന്റെ ഗൗരവം അറിയാത്ത രോഗികളുടെ ഗതികേടിനെക്കുറിച്ച് രവി സംസാരിക്കുന്നു. ഡോക്ടർക്ക് പറയാനുള്ള മറുപടി എത്ര മോശമായാലും അതുകേൾക്കാൻ താൻ മാനസികമായി തയാറെടുത്തുകഴിഞ്ഞു എന്നയാൾ ഉറപ്പുകൊടുക്കുന്നു. ഒടുവിൽ മൂന്നുമാസം, ആറുമാസം, ചിലപ്പോൾ ഒരു കൊല്ലംവരെ എന്നിങ്ങനെ ഡോക്ടർ കൃത്യമായ ഒരുകാലയളവ് പറയാതെ രവിക്ക് മറുപടിനൽകി. തനിക്കിനി ചികിത്സവേണ്ട എന്നും ബാക്കികാലം നാട്ടിൽ പോയി കിടക്കാമെന്നും രവി പറഞ്ഞു.

മാലിനി രവിയുടെ തീരുമാനത്തിൽ ക്ഷുഭിതയാകുന്നു. അയാൾ അഭിപ്രായം മാറ്റുന്നില്ല. തനിക്ക്, ആംബുലൻസില്ലാതെ അല്പം നേരത്തേ രാജേന്ദ്രന്റെ കാറിൽ പരിചയമുള്ള സ്ഥലങ്ങളൊക്കെ കണ്ടു പോകണം. ആശുപത്രിയിൽത്തന്നെ കിടക്കുകയാണെങ്കിൽ, മരിച്ചു കഴിഞ്ഞുപോകുമ്പോ ഇങ്ങനെ കാഴ്ചകൾ കണ്ടു സഞ്ചരിക്കാനാവില്ലല്ലോ. മാലിനി തർക്കി

ക്കാൻ ഭാവിച്ചുവെങ്കിലും ഒരുവാദത്തിനില്ലെന്നും താൻ തീരുമാനിച്ചു കഴിഞ്ഞുവെന്നും പറഞ്ഞ് രവി അവളുടെ സംഭാഷണം വിലക്കി.

******

3

നാട്ടിൻ പുറത്തെ രവിയുടെ വീട്. ഇളയച്ഛനും കുടുംബവുമാണ് അവിടെ താമസം. ഇളയച്ഛൻ കുടുംബ ആധാരം വായിച്ചുകേൾപ്പിക്കുകയാണ്. (ഇളയച്ഛനും ഇളയമ്മയ്ക്കും പോലും മരിക്കാൻ പോകുന്ന രവിയുടെ സ്വത്തിലാണ് കണ്ണ്). രവിയെ ക്കാണാൻ ഡോ. രാമനുണ്ണിയെത്തുന്നു. ബാബുവാണ് ഡോക്ടറെ കൂട്ടിക്കൊണ്ടുവന്നത്. ഹോളിസ്റ്റിക് ചികിത്സയിലൂടെ പല രോഗങ്ങളും ഭേദമാക്കുന്ന ഡോ.ഉണ്ണി ആ മേഖലയിലെ വിദഗദനും പ്രഗദ്ഭനുമാണ്.

രവിയും ഡോക്ടർ ഉണ്ണിയും നേരത്തെ പരിചയമുള്ളവരാണ്. അവർ ഒരേ ഹോസ്റ്റലിൽ താമസിച്ചിട്ടുണ്ട്. ബാബു ഡോ.ഉണ്ണിയെക്കുറിച്ച് മുൻപ് പറഞ്ഞിരുന്നു. പക്ഷേ അന്ന് രവി അതിൽ താൽപ്പര്യം കാണിച്ചില്ല. തന്നെയുമല്ല ആ ഡോക്ടർ തന്റെ പഴയസുഹൃത്തായ ഡോ.രാമനുണ്ണിയാണെന്ന് അറിഞ്ഞിരുന്നുമില്ല. ഇപ്പോൾ നേരിട്ടുകണ്ടപ്പോഴാണ് രണ്ടും ഒരാളാണെന്ന് ബോധ്യമായത്.

സൗഹൃദസംഭാഷണത്തിനു ശേഷം ഡോക്ടർ, രവിയെ താൻ ബാംഗ്ലൂരിൽ പുതുതായി തുടങ്ങിയ ആശുപത്രിയിലേക്ക് ക്ഷണിക്കുന്നു. പക്ഷേ രവി കൂടെച്ചെല്ലാൻ താൽപ്പര്യം കാണിക്കുന്നില്ല. ലോകത്തിലെ പ്രഗദ്ഭരായ ചില ഡോക്ടർമാരെ ഉദാഹരിച്ച് അവർ പരീക്ഷിച്ച് അംഗീകരിച്ച ഒരു ചികിത്സാരീതിയാണ് തന്റേതെന്ന് ഡോ. ഉണ്ണി വിശദമാക്കുന്നു.

പൊട്ടിയ ഒരെല്ല് തനിയെ കൂടിച്ചേരുന്നു. ഒന്നും ചെയ്യാതെ ഒരു മുറിവുണങ്ങുന്നു. ഇതിന്റെയൊന്നും രഹസ്യം ശാസ്ത്രത്തിനറിയില്ല. ശാസ്ത്രത്തിന് വിവരിക്കാനാവാത്ത ഒരുപാട് സംഭവങ്ങൾ നടക്കുന്നുണ്ട്. ശരീരത്തിന് അതിന്റെതായ ഒരു മനസ്സും ബുദ്ധിയുമുണ്ട്. അതാണ് പ്രവർത്തിക്കുന്നത്. അനാട്ടമിക്കും ഫിസിയോളജിക്കും പിടികിട്ടാത്തതാണ് ശരീരത്തിന്റെ ഈ ബുദ്ധി. രോഗി ആദ്യം ശരീരത്തോട് കൽപ്പിക്കണം, കീഴടങ്ങരുതെന്ന്. ഇങ്ങനെ നിരവധി വാദമുഖങ്ങളിലൂടെ ഡോക്ടർ തന്റെ ചികിത്സയെക്കുറിച്ച് ബോധ്യപ്പെടുത്തി രവിയുടെ അർധസമ്മതം നേടുന്നു. (ഈ സീനിൽ കടന്നുവരുന്ന ദുർഗ എന്ന കഥാപാത്രം രവിയുടെ മുറപ്പെണ്ണാണ്. ഇവർ തമ്മിൽ ഇഷ്ടത്തിലായിരുന്നു).

4

ഡോ. ഉണ്ണിയുടെ ബാംഗ്ലൂരിലെ കോട്ടേജ്. പ്രഭാതസവാരി കഴിഞ്ഞ് വിയർപ്പിൽ കുളിച്ച് രവി. ഒപ്പം നടന്ന് ഡോക്ടർ ചികിത്സയെക്കുറിച്ച് വിശദീകരിക്കുന്നു. രോഗിയുടെ ഇച്ഛാശക്തികൊണ്ടു രോഗം ഭേദമാകുമെന്ന് പറഞ്ഞപ്പോൾ അമേരിക്കയിൽ അത് വളരെ ഒച്ചപ്പാടുണ്ടാക്കി. എന്നാൽ പിന്നീട് പലരോഗങ്ങളും ഭേദമായപ്പോൾ അവർ അംഗീകരിക്കുക തന്നെ ചെയ്തു. യോഗ, ധ്യാനം തുടങ്ങിയവയോടൊപ്പം കീമോതെറാപ്പിയും രവിക്ക് ഡോക്ടർ നിർദേശിക്കുന്നു. വളരെ വൈകിയാണ് രവിയെ ഡോക്ടർക്ക് ലഭിക്കുന്നത്. അതിനാൽ മനസ്സിനുമാത്രമല്ല ശരീരത്തിനും പ്രത്യേകശ്രദ്ധവേണം.

5

ബാബു ഹോളിസ്റ്റിക് സെന്ററിലെത്തു

മ്പോൾ രവി ഡോക്ടർ ഉണ്ണിയുടെ മുറിയിൽ ഒരുഫലം കാത്തിരിക്കുകയാണ്. ഡോക്ടർ പലതരം റിപ്പോർട്ടുകൾ നിരത്തിവച്ച് പരിശോധിക്കുന്നു. രവിയുടെ അഡ്മിഷൻ ഫയലുമായി താരതമ്യം ചെയ്ത് എന്തൊക്കെയോ പിറുപിറുക്കുന്നു. രവി അസ്വസ്ഥനായി അക്ഷമയുടെ പാരമ്യത്തിൽ. ഒടുവിൽ നിറഞ്ഞ ചിരിയോടെ ഡോക്ടർ രവിയുടെ രക്തപരിശോധനാഫലം അറിയിച്ചു. രവിയുടെ ബ്ലഡ്കൗണ്ട് മിക്കവാറും നോർമലായിത്തീർന്നു. രവിയുടെ കണ്ണുകൾ ഈറനായി അയാൾ വികാരാധീനനായി ഡോക്ടറെ തൊഴുതു.

ഒരാളുടെ ഇച്ഛാശക്തിയാണ് അയാളുടെ മനസ്സിന്റെ അധികാരി. അത് ഇല്ലാതിരിക്കുമ്പോഴാണ് ആളുകൾ മിക്കവാറും രോഗങ്ങൾക്കും ദൗർബല്യങ്ങൾക്കും കീഴടങ്ങുന്നത്. ക്യാൻസർ ബാധിച്ച രവിശങ്കർ നിരാശനും പ്രതീക്ഷ നഷ്ടപ്പെട്ടവനുമായിരുന്നു. എന്നാൽ ഡോ.ഉണ്ണിയുടെ വരവും അയാൾ പകർന്നുനല്കിയ ആത്മവിശ്വാസവും രവിക്കൊരു പുനർജന്മം നല്കുന്നു. അയാൾ രോഗത്തെ അതിജീവിക്കുന്നു. പ്രതിസന്ധികളിൽ തളരാതെ മുന്നോട്ട് നയിക്കേണ്ടത് മനസ്സിന്റെ കരുത്തും ഇച്ഛാശക്തിയുമാണ്. അതാണ് രവിയുടെ ജീവിതം നമുക്കുനല്കുന്ന പാഠം.

അപഗ്രഥനചോദ്യങ്ങൾ

1. 'നീണ്ടുപോകുമ്പോൾ എല്ലാവർക്കും മടുക്കും. വേഗം തീർന്നുകിട്ടണേയെന്ന് മനസ്സിൽ പ്രാർഥിക്കാനും തുടങ്ങും'. രവിയുടെ മാനസികനില വിശകലനംചെയ്ത് കുറിപ്പെഴുതുക
2. രോഗം ഭേദമാകില്ല എന്നുറപ്പായ രോഗികളെ വേഗം അവസാനിപ്പിക്കുകയാണ് ഡോക്ടർമാർ ചെയ്യേണ്ടത് - ഇങ്ങനെയൊരുഭിപ്രായപ്രകടനം നടത്താൻ രവിയെ പ്രേരിപ്പിച്ച സാഹചര്യം വിശകലനം ചെയ്തുകുറിപ്പെഴുതുക
3. 'മരുന്നല്ല, മനസ്സാണ് രോഗത്തെ അടക്കുന്നത്' ഡോ.ഉണ്ണിയുടെ ഈ അഭിപ്രായത്തിന് പാഠഭാഗവുമായി ബന്ധപ്പെടുത്തി നിരൂപണക്കുറിപ്പെഴുതുക

അപഗ്രഥനചോദ്യങ്ങളുടെ ഉത്തരസൂചിക

1.
   - രവി രോഗബാധിതനായി ആശുപത്രിയിലെത്തിയ സമയത്ത് ഒരുപാടുപേർ ഒപ്പമുണ്ടായിരുന്നു.
   - രോഗവിവരമറിഞ്ഞ് അന്വേഷിക്കാനെത്തിയവർ നിരവധി.
   - ഇപ്പോൾ ആശുപത്രിയിൽ സഹായിക്കാൻ അധികംപേരില്ല.
   - അന്വേഷിച്ചെത്തുന്നവരുടെ എണ്ണംകുറഞ്ഞു.

- രോഗകാലം നീണ്ടുപോകുമ്പോൾ ആളുകൾ മടുക്കുന്നു.
- രോഗി ബാധ്യതയായിമാറുന്നു.
- എത്രയുംവേഗം എല്ലാം അവസാനിച്ചുകിട്ടാനുള്ള രോഗിയുടെപ്രാർത്ഥന.

2. - രോഗം ഭേദമാകില്ല എന്നുറപ്പായ രോഗികളെ അധികം വേദനിപ്പിക്കാതെ അവസാനിപ്പിക്കണം.
   - രക്ഷപ്പെട്ടാലോ എന്നുപ്രതീക്ഷിച്ച് ഡോക്ടർമാർ പറയുന്നതൊക്കെ അവർ ചെയ്യും.

3. - രോഗം ഭേദമാകണോ വേണ്ടയോ എന്നുതീരുമാനിക്കുന്നത് മനസ്സിന്റെ ഇച്ഛാശക്തിയാണ്.
   - ഗർഭാശയത്തിൽ കാൻസർബാധിച്ച സ്ത്രീ അതിനെ അതിജീവിച്ചു.
   - തന്റെ രണ്ടു ചെറിയമക്കളെ നോക്കാൻ വേറെ ആളില്ല. ഫാമിലും നൂറുകൂട്ടം കാര്യങ്ങൾ. ആ സ്ത്രീയ്ക്ക് ജീവിച്ചിരുന്നേ മതിയാവൂ.
   - രോഗത്തെ അവഗണിച്ച് അവർ കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങളിൽ മുഴുകി.
   - മനസ്സിന്റെ കരുത്ത് ഏത് കഠിനരോഗത്തെയും അതിജീവിക്കും.

വിലയിരുത്തൽചോദ്യം

1. പാഠഭാഗത്തെ ആസ്പദമാക്കി തിരക്കഥയുടെ പ്രധാന സവിശേഷതകൾ കണ്ടെത്തി എഴുതുക.

വിലയിരുത്തൽചോദ്യങ്ങളുടെ ഉത്തരസൂചിക

- ചിത്രീകരിക്കാനുള്ള കഥയാണ് തിരക്കഥ.
- കഥാപാത്രങ്ങളെ അടുത്തും അകലെനിന്നുമെല്ലാം വീക്ഷിക്കുന്നു.
- കഥ നടക്കുന്ന സ്ഥലത്തിന്റെ സന്ദർഭത്തിനനുസരിച്ചുള്ള വിശദാംശങ്ങൾ.
- കഥാപാത്രത്തിന്റെ വൈകാരിക ഭാവങ്ങൾ പ്രകടമാക്കാൻ കഴിയുന്ന രചന.
- വിവിധസീനുകളായി തിരിച്ചിരിക്കുന്നു.

- സംഭാഷണങ്ങളുടെ സ്വാഭാവികതയും ദൈർഘ്യവും.
- പ്രേക്ഷകരെ മുന്നിൽകണ്ടുകൊണ്ടുള്ള കഥാപാത്രചിത്രീകരണം.
- ഗാനചിത്രീകരണത്തിനു യോജ്യമായമുഹൂർത്തങ്ങൾ.

തുടർപ്രവർത്തനങ്ങൾ

- കാലികപ്രാധാന്യമുള്ള ഒരുസംഭവത്തെ ആസ്പദമാക്കി ഒരു ഡോക്യുമെന്ററി നിർമ്മിക്കുന്നതിനുവേണ്ട തിരക്കഥ തയാറാക്കുക
- മലയാളത്തിലെ പ്രസിദ്ധമായ ഏതെങ്കിലും തിരക്കഥാഭാഗങ്ങൾ തിരഞ്ഞെടുത്ത് കഥാരൂപത്തിൽ അവതരിപ്പിക്കുക.

  (എലിപ്പത്തായം - അടൂർ, പിറവി - ഷാജി എൻ.കരുൺ)
- ഈ പാഠഭാഗത്ത് കഥാകാരൻ ഉപയോഗിക്കുന്ന ഇംഗ്ലീഷ്പദങ്ങൾ അക്ഷരമാലാക്രമത്തിൽ പട്ടികപ്പെടുത്തി സമാനമായ മലയാളപദങ്ങൾ കണ്ടെത്തുക.

വിപുലപഠനത്തിന്

- എം.ടി.യുടെ തിരക്കഥകൾ - എം.ടി.വാസുദേവൻനായർ
- തിരക്കഥയുടെ രീതിശാസ്ത്രം - എഡി: .പി.എം.ബിനുകുമാർ
- കഥയും തിരക്കഥയും - ആർ.വി.എം.ദിവാകരൻ

സുകൃതം

(ഫീച്ചർ സിനിമ)

സംവിധാനം	:	ഹരികുമാർ
നിർമാണം	:	ചന്ദ്രകാന്ത് ഫിലിംസ്
കഥ-തിരക്കഥ	:	എം.ടി.വാസുദേവൻ നായർ
സംഗീതം	:	രവി ബോംബെ
ഗാനങ്ങൾ	:	ഒ.എൻ.വി.കുറുപ്പ്
പശ്ചാത്തലസംഗീതം	:	ജോൺസൺ
ക്യാമറ	:	വേണു

കഥാപാത്രങ്ങളും അഭിനേതാക്കളും

രവിശങ്കർ	:	മമ്മൂട്ടി
രാജേന്ദ്രൻ	:	മനോജ്.കെ.ജയൻ
ചെറിയച്ഛൻ	:	ഒടുവിൽ ഉണ്ണികൃഷ്ണൻ
ഡോ.ഉണ്ണി	:	നരേന്ദ്രപ്രസാദ്
ഡോ.റഹിം	:	ശ്രീരാമൻ
ബാബു	:	കൃഷ്ണകുമാർ
മാലിനി	:	ഗൗതമി
ദുർഗ	:	ശാന്തികൃഷ്ണ
ചെറിയമ്മ	:	കവിയൂർ പൊന്നമ്മ

ഗ്രന്ഥകാര പരിചയം

എം.ടി.വാസുദേവൻനായർ

പൊന്നാനി താലൂക്കിൽ കൂടല്ലൂരിൽ 1933 ജൂലൈ 15ന് ജനിച്ചു. അച്ഛൻ ടി.നാരായണൻനായർ, അമ്മ: അമ്മാളുഅമ്മ. പത്രാധിപർ, കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സിനിമാസംവിധായകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. പ്രധാനകൃതികൾ: മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, രണ്ടാമൂഴം, വാരാണസി (നോവലുകൾ), ഇരുട്ടിന്റെ ആത്മാവ്, ഓളവും തീരവും, കുട്ട്യേടത്തി, സ്വർഗം തുറക്കുന്നസമയം, നിന്റെ ഓർമ്മയ്ക്ക് (കഥകൾ), ഗോപുരനടയിൽ (നാടകം), ആൾക്കൂട്ടത്തിൽ തനിയെ (യാത്രാവിവരണം), കാഥികന്റെ കല, കാഥികന്റെ പണിപ്പുര, കണ്ണാന്തളിപൂക്കളുടെ കാലം (ലേഖനസമാഹാരങ്ങൾ), പഞ്ചാഗ്നി, നഖക്ഷതങ്ങൾ, വൈശാലി, പെരുന്തച്ഛൻ, പഴശ്ശിരാജ (തിരക്കഥകൾ). 1996ൽ ജ്ഞാനപീഠപുരസ്കാരം ലഭിച്ചു. കേരള-കേന്ദ്രസാഹിത്യഅക്കാദമി അവാർഡുകൾ, വയലാർഅവാർഡ്, ഓടക്കുഴൽ അവാർഡ് തുടങ്ങി നിരവധി അംഗീകാരങ്ങളും 2005ൽ പദ്മഭൂഷണും ലഭിച്ചു. 2011ൽ എഴുത്തച്ഛൻ പുരസ്കാരവും നേടി.

3

പത്രമാധ്യമങ്ങളുടെ പ്രസക്തി

കെ.കെ.ശ്രീധരൻനായർ

അറിവ് ശക്തിയാണ്. ഏറ്റവും പുതിയ അറിവുകൾ ബഹുജനങ്ങളിൽ എത്തിക്കാനുള്ള മാധ്യമങ്ങളിലൊന്നാണല്ലോ വർത്തമാനപ്പത്രങ്ങൾ. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റത്തോടെ അച്ചടിമാധ്യമങ്ങളുടെ സ്ഥാനം നഷ്ടപ്പെടുമെന്ന ധാരണ അപ്രസക്തമായിക്കഴിഞ്ഞു. പ്രത്യേക വൈജ്ഞാനിക ശാഖകളിൽ പ്രത്യേക താൽപര്യമുള്ളവർക്കുവേണ്ടി പ്രസിദ്ധപ്പെടുത്തുന്നതാണ് വാരികകളും മറ്റ് ആനുകാലികങ്ങളും. മനുഷ്യജീവിതത്തിന്റെ സർവസ്പർശിയായ അവിഭാജ്യഘടകങ്ങളായിരിക്കുന്നു ഇവയെല്ലാം. വർത്തമാനപ്പത്രങ്ങളില്ലാത്ത ഒരു ലോകത്തെക്കുറിച്ച് ഒന്നു ചിന്തിച്ചുനോക്കൂ. അപ്പോൾ ബോധ്യപ്പെടും, നിത്യജീവിതത്തിൽ ഇവ തികച്ചും അനിവാര്യമാണെന്ന്. ജനാധിപത്യത്തിന്റെ നാലു നെടുംതൂണുകളിൽ മൂന്നെണ്ണം പാർലമെന്റ്, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയാണെങ്കിൽ നാലാമത്തേത് പത്രങ്ങളാണ്. ധാർമ്മികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും പത്രമര്യാദകൾ പാലിക്കുകയും ചെയ്യുന്ന പത്രങ്ങളെ രാഷ്ട്രീയ ഭരണക്രമത്തിൽ നിന്നു വ്യത്യസ്തമായി ധാർമ്മിക ഭരണക്രമമായും വിശേഷിപ്പിക്കാം. ശക്തവും സ്വതന്ത്രവുമായ ഒരു പത്രലോകമുണ്ടെങ്കിൽ മാത്രമേ നീതി നിലനിർത്താനും സത്യം പരിരക്ഷിക്കാനും അച്ചടക്കം പരിപോഷിപ്പിക്കാനും സ്വഭാവമഹിമ വളർത്തിയെടുക്കാനും കഴിയൂ.

മൂന്നു കോടിയോളം മാത്രം ജനസംഖ്യയുള്ള കൊച്ചു കേരളത്തിലെ പ്രഭാത ദൃശ്യത്തിലേക്ക് ഒന്ന് കണ്ണോടിക്കുക. 25 ലക്ഷത്തോളം പത്രങ്ങൾ നിത്യവും വിറ്റഴിക്കപ്പെടുന്നു എന്നറിയുമ്പോൾ സ്റ്റേറ്റിലെ മാധ്യമ സംസ്കാരത്തിന്റെ വ്യാപ്തിയും ആഴവും ഏതാണ്ട് മനസ്സിലാക്കാനാവും. നഗരങ്ങളിലും ചെറുപട്ടണങ്ങളിലും ഗ്രാമങ്ങളിലും സമ്പന്നന്റെയും ഇടത്തരക്കാരന്റെയും തൊഴിലാളിയുടെയും കർഷകന്റെയും വീട്ടിലും നാടൻ ചായക്കടയിലുമെല്ലാം ഒരു പോലെ ഒരു പ്രഭാതപത്രം വന്നുവീഴുന്നു. കാലത്ത് ആറുമണിക്കും എട്ടുമണിക്കും ഇടയിൽ. ഒരു രണ്ടു മണിക്കൂറിൽ കേരളത്തിന്റെ മുഴുവൻ കണ്ണുകളും പരതുന്നത് ആ പത്രത്തിലെ വാർത്തകളിൽതന്നെ. പത്രവായനയാണ് മലയാളികളുടെ ഒരു പ്രധാനപ്പെട്ട 'സാംസ്കാരികമുദ്ര' അഥവാ 'ഭക്ഷണം'. കേരളത്തിലും ദേശീയതലത്തിലും അനേകം രാഷ്ട്രീയ കക്ഷികൾ ഉള്ളതുപോലെ, അനേകം വർത്തമാനപ്പത്രങ്ങളുമുണ്ട്. രാഷ്ട്രീയപ്പാർട്ടികളുടെ ഉടമ

പദപരിചയം: സർവസ്പർശി-എല്ലാത്തിനെയും സ്പർശിക്കുന്നത്, അവിഭാജ്യം-ഒഴിവാക്കാനാവാത്ത, സാംസ്കാരികമുദ്ര-സംസ്കാരത്തിന്റെ അടയാളപ്പെടുത്തൽ

സ്ഥതയിലുള്ള പത്രങ്ങളുമുണ്ട്. ചിലത് രാഷ്ട്രീയച്ചായ്‌വുള്ളവയാണ്. കുടുംബപത്രങ്ങളും വൻവ്യവസായങ്ങളുമായി ബന്ധപ്പെട്ട പത്രങ്ങളുമുണ്ട്. കൂട്ടത്തിൽ കക്ഷിരഹിതമായ സ്വതന്ത്രപത്രങ്ങളും കാണാം. "നൂറുപൂക്കൾ വിരിയട്ടെ", അതായത് കഴിയുന്നത്ര പത്രങ്ങൾ പ്രചാരത്തിലുണ്ടാകട്ടെ എന്നതാവണം മുദ്രാവാക്യം.

സ്വതന്ത്രപത്രങ്ങൾ

നമ്മുടെ തന്നെ ചില അയൽരാജ്യങ്ങളിൽ ഏകകക്ഷി ഭരണമോ ഏകാധിപത്യമോ ആണ്. സത്യം മറച്ചുവയ്ക്കപ്പെടുകയോ വളച്ചൊടിക്കപ്പെടുകയോ ചെയ്യുന്നു. ജനാധിപത്യവ്യവസ്ഥിതിയിൽ സത്യമറിയാൻ സ്വതന്ത്രപത്രങ്ങൾ എത്രമാത്രം അനിവാര്യമാണെന്ന് ഇതിൽനിന്നു വ്യക്തമാണല്ലോ. പത്രങ്ങളെക്കുറിച്ച്, പത്രസ്വാതന്ത്ര്യത്തെക്കുറിച്ച് പണ്ഡിറ്റ് നെഹ്റു പറഞ്ഞ വാക്കുകൾ നോക്കുക: "അടിച്ചമർത്തപ്പെടുകയോ നിയന്ത്രിക്കപ്പെടുകയോ ചെയ്യുന്ന പത്രത്തെക്കാൾ, പത്രസ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുന്നവയായാൽപ്പോലും, പരിപൂർണ സ്വാതന്ത്ര്യമുള്ള പത്രത്തെയാണ് ഞാൻ ഇഷ്ടപ്പെടുന്നത്." അമേരിക്കൻ പ്രസിഡന്റായിരുന്ന ജഫേഴ്സന്റെ വിഖ്യാതമായ അഭിപ്രായം ഇപ്രകാരമാണ്: "പത്രങ്ങളില്ലാത്ത ഗവൺമെന്റ് വേണോ ഗവൺമെന്റില്ലാത്ത പത്രങ്ങൾ വേണോ എന്നു ചോദിച്ചാൽ, ഗവൺമെന്റില്ലാത്ത പത്രങ്ങൾ എന്നായിരിക്കും ഞാൻ മറുപടി നൽകുക."

നൂറുശതമാനം സാക്ഷരതനേടിയ കേരളത്തിൽ വാർത്തകളും വർണചിത്രങ്ങളും മറ്റു പുത്തൻവിവരങ്ങളും അപ്പപ്പോൾ വായനക്കാരിൽ എത്തിക്കാൻ ഇന്നു കഴിയുന്നു. യന്ത്രസംവിധാനങ്ങളിൽ ഉണ്ടായ സാങ്കേതിക പുരോഗതിയും പ്രൊഫഷണലിസവും ഭരണകൂടങ്ങൾ മാറിമാറി അധികാരത്തിൽ വരുന്ന ഈ സ്റ്റേറ്റിലെ ജനങ്ങളുടെ രാഷ്ട്രീയപ്രബുദ്ധതയും വായനക്കാരുടെ വർധിച്ച ക്രിയാശക്തിയുമെല്ലാം പത്രങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും പ്രചാരം വർധിക്കാൻ സഹായിച്ച ഘടകങ്ങളാണ്.

പ്രത്യേക വൈജ്ഞാനിക വിഭാഗത്തിൽ അറിവു പകർന്നുകൊടുക്കുന്ന വാരികകളും പാക്ഷികങ്ങളും മാസികകളും ഇന്ന് നിരവധിയാണ്. അറിവ് സമൂഹത്തിൽ ബലവും ആയുധവും ഉപകരണവുമായി പ്രയോജനപ്പെടുന്നു. ഏതൊരു വ്യക്തിക്കും മറ്റുള്ളവരുടെ മേൽ ബുദ്ധിപരമായ മേധാവിത്വം ചെലുത്താനും ഇത് സഹായിക്കുന്നു. സാമൂഹിക സാംസ്കാരിക രംഗങ്ങളെ സ്വാധീനിക്കാനും നയിക്കാനും കീഴ്പ്പെടുത്താനും ഇത് അവസരം നൽകുന്നു. വ്യക്തികളും സ്ഥാപനങ്ങളും ഭരണകൂടങ്ങളും അറിവിനെ മേധാവിത്വം നേടാനുള്ള ഉപകരണമാക്കുന്നുണ്ട്. അറിവ് പ്രവർത്തനധനമാക്കിയ അച്ചടിമാധ്യമങ്ങൾ ജനമധ്യത്തിൽ വളരെ ഉയർന്നസ്ഥാനം നേടുന്നതിന്റെ പശ്ചാത്തലം ഇതത്രേ. മറ്റൊരുകാര്യം കൂടി പരിഗണിക്കേണ്ടതുണ്ട്. സമൂഹത്തിൽ ഒരു വ്യക്തിയുടെ മേധാവിത്വം അംഗീകരിക്കാൻ മറ്റു വ്യക്തികൾക്ക് പല കാരണങ്ങളാൽ വിഷമമുണ്ടാകും. എന്നാൽ ഗ്രന്ഥങ്ങളുടെയും (ഇതിഹാസങ്ങളും മതഗ്രന്ഥങ്ങളും

പദപരിചയം: *കക്ഷിരഹിതം - കക്ഷിയില്ലാത്ത (ഒരുഭാഗത്തും ചേരാത്ത), അനിവാര്യം - ഒഴിവാക്കാനാവാത്തത്, പ്രൊഫഷണലിസം - തൊഴിലിലെ പ്രാവിണ്യം, ക്രിയാശക്തി - പ്രവർത്തിക്കാനുള്ള കഴിവ്, വൈജ്ഞാനികം - അറിവിനെ സംബന്ധിച്ചത്, പാക്ഷികം - ദൈവാരിക, മേധാവിത്വം - മേൽക്കോയ്മ, വിമുഖത - താല്പര്യക്കുറവ്*

ഇവയിൽപ്പെടും) അച്ചടിമാധ്യമങ്ങളുടെയും മേധാവിത്വം അഥവാ നായകത്വം സ്വീകരിക്കാൻ ഒരു രാജ്യത്തും ഒരു ജനതയും വിമുഖത കാണിച്ചിട്ടില്ല. ഓരോ രാജ്യവും ഓരോ പ്രദേശവും ഓരോ കാലത്ത്, തങ്ങളുടെ പ്രിയപ്പെട്ട ഗ്രന്ഥങ്ങളെന്നപോലെ, പ്രിയപ്പെട്ട പത്രത്തെയും താലോലിച്ചു വളർത്തിയിട്ടുണ്ടാവും. ഇതിന് രാഷ്ട്രീയവും സാമൂഹികവും സാമുദായികവും സാംസ്കാരികവുമായ കാരണങ്ങളുണ്ടാവാം. സാധാരണക്കാരന്റെ ജീവിതവുമായി നേരിട്ടു ബന്ധമുള്ള പത്രങ്ങൾക്ക് ഗ്രന്ഥങ്ങളെ അപേക്ഷിച്ച് സ്വീകാര്യത കൂടും. അതാണ് പുസ്തകങ്ങൾ ആയിരക്കണക്കിൽ ചെലവാകുമ്പോൾ, പത്രങ്ങൾ ലക്ഷണക്കിന് ചെലവാകാൻ കാരണം.

പൊതുജനത്തിന് കാര്യങ്ങൾ അറിയണം. അഭിപ്രായ പ്രകടനത്തിനുള്ള അവസരവും ഉണ്ടാവണം. പത്രങ്ങൾ ഈ രണ്ടു സുപ്രധാന സംഗതികൾ നിർവഹിച്ചുകൊണ്ടാണ് സമൂഹത്തിന്റെ സമകാലികജീവിതത്തിൽ സ്ഥാനമുറപ്പിക്കുന്നതും പ്രസക്തി നേടുന്നതും. പത്രങ്ങൾ എല്ലായ്പ്പോഴും ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും അവകാശങ്ങളും അവകാശലംഘനങ്ങളും അധികാരങ്ങളും അധികാരദുർവിനിയോഗങ്ങളും നിയമങ്ങളും നിയമലംഘനങ്ങളും തുലനം ചെയ്യുന്നു. നശീകരണ പ്രവണതകൾക്കെതിരെ അവ മുന്നറിയിപ്പ് നൽകുന്നു. ചരിത്രം നൽകുന്ന ധാർമ്മികപാഠങ്ങളും പത്രങ്ങൾ കൃത്യനിർവഹണത്തിൽ മാനദണ്ഡങ്ങളായി സ്വീകരിക്കുന്നു.

പത്രങ്ങൾ വിധി പ്രസ്താവിക്കുകയോ അത് നടപ്പാക്കുകയോ ചെയ്യുന്നില്ല. നീതിനിർവഹണത്തിലെ അപഭ്രംശങ്ങൾ ചൂണ്ടിക്കാട്ടുക മാത്രം ചെയ്യുന്നു. സന്ദർഭോചിതമായ വിഷയങ്ങൾ അവതരിപ്പിക്കുകയും ചർച്ചകൾക്ക് കളമൊരുക്കിക്കൊണ്ട് പൊതുജനാഭിപ്രായത്തിന് വിട്ടുകൊടുക്കുകയും ചെയ്യുന്നു. ജനാധിപത്യമര്യാദകളും പത്രധർമ്മവും നിലനിർത്തിക്കൊണ്ട് വാർത്താവിനിമയചുമതല നിറവേറ്റുന്നു. രാഷ്ട്രങ്ങൾക്കും ഭരണകൂടങ്ങൾക്കും ഇല്ലാത്ത മാനസികമായ, കാരുണ്യമയമായ, ഒരു മനസ് പത്രങ്ങൾക്കുണ്ട്. എവിടെയായാലും, അതിർത്തികൾ ഭേദിച്ചുകൊണ്ട് ജനങ്ങളുടെ വികാരവും വേദനയും അറിയിക്കുവാനും കഷ്ടപ്പെടുന്നവരെ സഹായിക്കുവാനും പത്രങ്ങൾ മുന്നോട്ടുവരുന്നു. ചുരുക്കത്തിൽ ജനങ്ങളുടെ ചിന്തയെയും ശീലങ്ങളെയും പെരുമാറ്റത്തെയും സ്വാധീനിക്കുവാനും രൂപപ്പെടുത്തുവാനും അവയ്ക്ക് സാധിക്കുന്നു. ജനജീവിതത്തെ സർവസ്പർശിയായ വിധം സ്വാധീനിക്കുകയെന്ന, സംസ്കാരത്തെ സംരക്ഷിക്കുകയെന്ന, മാനുഷികമൂല്യങ്ങൾ ഉയർത്തിക്കൊണ്ടു വരുകയെന്ന, ഉത്തരവാദിത്തം, ലോകം വിരൽത്തുമ്പിലേക്ക് ചുരുങ്ങിയ ഈ കാലഘട്ടത്തിൽ, പത്രങ്ങൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും മുമ്പെന്നത്തേക്കാളും വർധിച്ചിട്ടുണ്ട്.

പ്രസക്തി-പ്രാധാന്യം, ലംഘനം-മറികടക്കൽ, ദുർവിനിയോഗം-തെറ്റായി ഉപയോഗിക്കൽ, മാനദണ്ഡം- അളവുകോൽ, അപഭ്രംശം-വീഴ്ച

അവധാരണചോദ്യങ്ങൾ

1. ജനാധിപത്യത്തിന്റെ നെടുംതൂണുകളിൽ നാലാമത്തേത് ഏത്?
2. മലയാളിയുടെ സാംസ്കാരികമുദ്രയായി കരുതുന്നതെന്തിനെയാണ്?
3. ജനാധിപത്യവ്യവസ്ഥിതിയിൽ സത്യമറിയാൻ അനിവാര്യമായതെന്ത്?
4. "പത്രങ്ങളില്ലാത്ത ഗവൺമെന്റ് വേണോ, ഗവൺമെന്റില്ലാത്ത പത്രങ്ങൾ വേണോ, എന്നു ചോദിച്ചാൽ, ഗവൺമെന്റില്ലാത്ത പത്രങ്ങൾ എന്നായിരിക്കും ഞാൻ മറുപടി നൽകുക" ഇപ്രകാരം അഭിപ്രായപ്പെട്ടതാര്?
5. സമൂഹത്തിൽ ബലവും ആയുധവും ഉപകരണവും ആകുന്നതെന്ത്?
6. ധാർമ്മികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും പത്രമര്യാദകൾ പാലിക്കുകയും ചെയ്യുന്ന പത്രങ്ങളെ ലേഖകൻ വിശേഷിപ്പിക്കുന്നതെന്ത്?

അവധാരണചോദ്യങ്ങളുടെ ഉത്തരസൂചിക

1. പത്രങ്ങൾ
2. പത്രവായനയെ
3. സ്വതന്ത്രപത്രങ്ങൾ
4. ജെഫേഴ്സൺ
5. അറിവ്
6. ധാർമ്മിക ഭരണക്രമം.

പാഠപുസ്തകം

നമ്മുടെ മാധ്യമങ്ങൾക്ക് കല്ലച്ചിൽ അച്ചടിച്ചിരുന്ന പൂർവകാലം മുതൽ നവമാധ്യമങ്ങൾ വരെയുള്ള സുദീർഘമായ ചരിത്രമുണ്ട്. പരമ്പരാഗതരീതിയിൽ പുതിയസങ്കേതങ്ങളുപയോഗിച്ച് ആശയവിനിമയം ചെയ്യുന്ന സമ്പ്രദായം ഇന്നും നിലനിൽക്കുന്നു. നവീന പത്രമാസികകളുടെ ചരിത്രം ആരംഭിക്കുന്നത് വ്യവസായവിപ്ലവത്തോടെയാണ്. മുതലാളിത്ത വ്യവസ്ഥിതിയുമായി ചേർന്നുനിന്നുകൊണ്ടാണ് അന്നത്തെ വളർച്ച. 20-ാം നൂറ്റാണ്ട് മാധ്യമചരിത്രത്തെ കുറേക്കൂടി വിശാലമായ ക്യാൻവാസിലാക്കി. റേഡിയോയിൽനിന്നും ടെലിവിഷനിലൂടെ ആ വിശാലത ഉൾക്കൊണ്ട് സ്ഥലകാലങ്ങളെ ഉൾക്കൊള്ളാനുള്ള ശേഷി വർധിപ്പിച്ചു. കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും വരവ് രണ്ടാം മാധ്യമഘട്ടത്തിന് വഴിയൊരുക്കി. ഒരു സ്രോതസ്സിൽ നിന്നും ബ്രോഡ്കാസ്റ്റ് ചെയ്യുന്നരീതിക്ക് പകരമായി വ്യക്തിയിൽ അധിഷ്ഠിതമായ വിവരവിതരണ സ്വീകരണരീതി (Narrow casting) മടങ്ങിവന്നു. അപ്പോഴും ഭാവനാപൂർണമായ മാറ്റങ്ങൾ സ്വീകരിച്ചുകൊണ്ട് മാധ്യമചരിത്രത്തിൽ അച്ചടിമാധ്യമങ്ങൾ നിലനിൽക്കുന്നു എന്നത് വസ്തുതയാണ്.

ഇരുപത്തിയഞ്ച് ലക്ഷത്തോളം പത്രങ്ങളാണ് നിത്യേന കേരളത്തിൽ വിറ്റഴിക്കപ്പെടുന്നത്. മലയാളിയുടെ ഇഷ്ടപ്പെട്ട സാംസ്കാരികമുദ്ര പത്രവായനയാണ്. രാഷ്ട്രീയവും സാമ്പത്തികവും വ്യാവസായികവും മതപരവും കക്ഷിരഹിതവും കുടുംബപരവുമായ വൈവിധ്യം പുലർത്തുന്നവയാണ് പത്രലോകം. 'ഫോർത്ത് എസ്റ്റേറ്റ്' എന്ന് വിളിക്കപ്പെടുന്ന പത്രങ്ങൾ ജനാധിപത്യത്തിന്റെ നെടുംതൂണുകളിൽ നാലാമത്തേതാണ് (മറ്റുള്ളവ - പാർലമെന്റ്, എക്സിക്യൂട്ടീവ്, ജുഡീഷ്യറി). രാഷ്ട്രീയഭരണക്രമത്തിൽ നിന്നും വ്യത്യസ്തമായി ധാർമ്മികഭരണക്രമം സൃഷ്ടിക്കുന്നത് പത്രങ്ങളാണ്. ശക്തവും സ്വതന്ത്രവുമായ പത്രലോകത്തിന്, നീതിനിലനിർത്താനും സത്യം പരിരക്ഷിക്കാനും അച്ചടക്കം പരിപോഷിപ്പിക്കാനും സ്വഭാവമഹിമ വളർത്തിയെടുക്കാനും കഴിയും.

ജനാധിപത്യവ്യവസ്ഥിതിയിൽ സ്വതന്ത്രപത്രങ്ങളുടെ ആവശ്യകത അനിവാര്യമാണ്. അടിച്ചമർത്തപ്പെടുകയോ നിയന്ത്രിക്കപ്പെടുകയോ ചെയ്യുന്ന പത്രത്തേക്കാൾ പരിപൂർണ സ്വാതന്ത്ര്യമുള്ള പത്രത്തെ താൻ ഇഷ്ടപ്പെടുന്നു എന്ന് നെഹ്റു പറയുന്നു. ഭരണകൂടം ജനാധിപത്യമോ ഏകാധിപത്യമോ ആകാം. അവിടെ സത്യം മറച്ചുവയ്ക്കപ്പെടുകയോ വളച്ചൊടിക്കുകയോ ചെയ്യാം. അത്തരം സന്ദർഭങ്ങളിൽ പത്രസ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തിയാണെങ്കിൽക്കൂടി സമൂഹത്തെ ശരിയായ ദിശയിൽ നയിക്കാൻ കഴിഞ്ഞാൽ അത്തരം പത്രപ്രവർത്തനത്തെ മഹത്തായ കർത്തവ്യമായി അദ്ദേഹം കരുതിയിരുന്നു 'ഗവൺമെന്റില്ലാത്ത പത്രങ്ങൾ' എന്ന ജെഫേഴ്സന്റെ വാക്കുകൾ അന്വർഥമാകുന്നത് ഇവിടെയാണ്. പത്രങ്ങൾക്ക് നൽകുന്ന സ്വാതന്ത്ര്യം ശരിയായ ജീവിതക്രമം സൃഷ്ടിക്കലാണ്. രാഷ്ട്രീയപ്രബുദ്ധതയും ക്രിയാശക്തിയുമുള്ള ജനതയെ

വാർത്തെടുക്കാൻ സ്വതന്ത്രപത്രപ്രവർത്തനത്തിനു കഴിയും.

മാധ്യമങ്ങൾക്ക് ജനമധ്യത്തിൽ ഉയർന്ന സ്ഥാനമാണുള്ളത്. അവയുടെ ബൗദ്ധികമായ മേധാവിത്വം സാർവത്രികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഓരോ രാജ്യത്തും ഓരോ ജനതയും അതത് കാലത്തിൽ തങ്ങളുടെ പ്രിയപ്പെട്ടപത്രത്തെ താലോലിച്ചുവളർത്തിയിട്ടുണ്ട്. രാഷ്ട്രീയവും സാമൂഹികവും സാമുദായികവും സാംസ്കാരികവുമായ കാരണങ്ങളാകാം അവയെ സ്വീകാര്യമാക്കുന്നത്. അവ പകർന്നുതരുന്ന അറിവ് സമൂഹത്തിൽ ബലവും ഉപകരണവുമാകുന്നു. സാമൂഹിക -സാംസ്കാരിക രംഗങ്ങളെ സ്വാധീനിക്കാനും നയിക്കാനും കീഴ്പ്പെടുത്താനും ഉള്ള അവസരം അറിവിനെ മേധാവിത്വം നേടാനുള്ള ഉപകരണമാക്കുന്നു. ഇങ്ങനെ ജനമധ്യത്തിൽ അച്ചടിമാധ്യമങ്ങൾക്ക് ഉയർന്നനിലകൈവന്നു.

സമകാലിക സമൂഹത്തിൽ രണ്ട് സുപ്രധാന സംഗതികൾ നിർവഹിച്ചുകൊണ്ടാണ് പത്രങ്ങൾ സ്ഥാനമുറപ്പിക്കുന്നത്. ജനാധിപത്യ മര്യാദകളും പത്രധർമ്മവും നിലനിർത്തിക്കൊണ്ട് വാർത്താവിനിമയം നിർവഹിക്കുക. മറ്റൊന്ന്. പൊതുജനങ്ങൾക്ക് അറിവുനൽകാനും അഭിപ്രായം പ്രകടിപ്പിക്കാനും അവസരം നൽകുക. പത്രങ്ങൾ ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും അവകാശങ്ങൾ, അവകാശ ലംഘനങ്ങൾ, അധികാരങ്ങൾ, അധികാരദുർവിനിയോഗങ്ങൾ, നിയമങ്ങൾ, നിയമലംഘനങ്ങൾ എന്നിവ തുലനംചെയ്തുകൊണ്ട് ഭാവിയെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. ചരിത്രത്തിലെ ധാർമ്മികപാഠങ്ങളാണ് കൃത്യനിർവഹണത്തിൽ ഇവയ്ക്ക് മാതൃക. മാനവികതയെ മുൻനിർത്തി, സംസ്കാരത്തെ സംരക്ഷിച്ച് ജനങ്ങളുടെ ചിന്തയെയും ശീലത്തെയും പെരുമാറ്റത്തെയും സ്വാധീനിച്ച് വളർത്തിയെടുക്കേണ്ടുന്ന ഒരു പത്രലോകമാണ് ഇന്നത്തെ സമൂഹത്തിന് ആവശ്യം.

അപഗ്രഥനചോദ്യങ്ങൾ

1. പത്രങ്ങൾ സൃഷ്ടിക്കുന്നത് ധാർമ്മികഭരണക്രമമാണെന്ന് പറയാൻ കാരണമെന്ത്? വിശദീകരിക്കുക.
2. "അടിച്ചമർത്തപ്പെടുകയോ നിയന്ത്രിക്കപ്പെടുകയോ ചെയ്യുന്ന പത്രത്തെക്കാൾ പത്രസ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുന്നവയായാൽപ്പോലും, പരിപൂർണ സ്വാതന്ത്ര്യമുള്ള പത്രത്തെയാണ് ഞാൻ ഇഷ്ടപ്പെടുന്നത്." - ജവഹർലാൽ നെഹ്റു

   "പത്രങ്ങളില്ലാത്ത ഗവൺമെന്റ് വേണോ ഗവൺമെന്റില്ലാത്ത പത്രങ്ങൾ വേണോ എന്നു ചോദിച്ചാൽ, ഗവൺമെന്റില്ലാത്ത പത്രങ്ങൾ എന്നായിരിക്കും ഞാൻ മറുപടി നൽകുക" - ജെഫേഴ്സൺ

   ഈ പ്രസ്താവനകളെ മുൻനിർത്തി പത്രസ്വാതന്ത്ര്യത്തെപ്പറ്റി കുറിപ്പ് തയാറാക്കുക.
3. പത്രമാധ്യമങ്ങളുടെപ്രചാരം വർധിക്കാൻ ഇടയാക്കിയ ഘടകങ്ങൾ വിശദീകരിച്ച് കുറിപ്പുതയാറാക്കുക.

അപഗ്രഥനചോദ്യങ്ങളുടെ ഉത്തരസൂചിക

1. * പത്രങ്ങൾ ജനാധിപത്യത്തിന്റെ നെടുംതൂണുകളിൽ നാലാമത്തേത്. ഫോർത്ത് എസ്റ്റേറ്റ് എന്നു വിളിക്കുന്നു.
   * ഭരണകൂടം രാഷ്ട്രീയഭരണക്രമം പിന്തുടരുന്നു. രാഷ്ട്രീയമോ സാമ്പത്തികമോ ആയ ഘടകങ്ങൾ ഭരണകൂടത്തെ സ്വാധീനിക്കാം.

2. * ഭരണകൂടം ജനാധിപത്യമോ ഏകാധിപത്യമോ ആകാം.
   * സത്യം മറച്ചുവയ്ക്കുകയോ വളച്ചൊടിക്കുകയോ ചെയ്യാം.
   * അത്തരം സന്ദർഭങ്ങളിൽ സത്യം ജനങ്ങളെ അറിയിക്കാൻ പത്രത്തിന് ബാധ്യതയുണ്ട്.
   * ബാഹ്യഇടപെടലുകൾ മാധ്യമത്തിനുമേൽ ഉണ്ടാകാൻ പാടില്ല.
   * പത്രസ്വാതന്ത്ര്യം രാഷ്ട്രീയ പ്രബുദ്ധതയും ക്രിയാശക്തിയുമുള്ള ജനതയെ സൃഷ്ടിക്കും.

3. * പത്രസംസ്കാരത്തിന്റെ വളർച്ചയ്ക്ക് രാഷ്ട്രീയ, സാമൂഹിക, സാമുദായിക സാംസ്കാരിക കാരണങ്ങളുണ്ട്.
   * അറിവിനെ വ്യക്തികൾ, സ്ഥാപനങ്ങൾ, ഭരണകൂടം എന്നിവ മേധാവിത്വം നേടാനുള്ള ഉപകരണമായി കരുതുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. 'ജനാധിപത്യപ്രക്രിയയിൽ വർത്തമാനപ്പത്രങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് വിശകലനക്കുറിപ്പ് തയാറാക്കുക.
2. 'നവമാധ്യമരംഗത്തെ അഭിപ്രായസ്വാതന്ത്ര്യം'- എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയാറാക്കുക.
3. 'ഭാവനാപൂർണമായ മാറ്റങ്ങൾ കാലത്തിനനുസരിച്ച് ഉൾക്കൊള്ളാനായില്ലെങ്കിൽ പ്രിന്റ് മീഡിയ കാലഹരണപ്പെട്ടേക്കാം." - ദൃശ്യമാധ്യമങ്ങളുടെയും നവമാധ്യമങ്ങളുടെയും കടന്നുവരവിലുള്ള ആശങ്കയാണ് ഈ പ്രസ്താവന. പത്രമാധ്യമചരിത്രവും സ്വന്തം നിരീക്ഷണങ്ങളും ഉൾപ്പെടുത്തി ഉപന്യാസം തയാറാക്കുക.

വിലയിരുത്തൽചോദ്യങ്ങളുടെ ഉത്തരസൂചിക

1.
   - ജനാധിപത്യത്തിന്റെ പരിരക്ഷകരാണ് മാധ്യമങ്ങൾ.
   - ഭരണപ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ആശയരൂപീകരണം നടത്തുന്നു.
   - ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും അവകാശങ്ങളും അവകാശലംഘനങ്ങളും അധികാരവും അധികാരദുർവിനിയോഗങ്ങളും നിയമവും നിയമലംഘനവും തുലനംചെയ്യുന്നു.
   - അറിവു നൽകുകയും അഭിപ്രായരൂപീകരണം നടത്തുകയും ചെയ്യുന്നു.
   - മാധ്യമലോകത്തെ സാമൂഹികപ്രതിബദ്ധത നഷ്ടമാകുന്നു.
2.
   - അച്ചടി, ദൃശ്യ, ശ്രവ്യ, നവമാധ്യമങ്ങൾ അറിവ് വിനിമയം ചെയ്യുന്നു.
   - പത്രമാധ്യമങ്ങൾക്ക് ആധികാരികമായ എഡിറ്റിംഗ് ഉണ്ട്. നവമാധ്യമങ്ങൾ കൃത്യമായ എഡിറ്റിംഗിന് വിധേയമാകാറില്ല.
   - വാർത്തയുടെ വിതരണത്തിന്റെയും സ്വീകരണത്തിന്റെയും ആവിഷ്കാരത്തിന്റെയും തുറന്ന ഇടമാണ്.
   - അഭിപ്രായസ്വാതന്ത്ര്യം ഏതുവരെയാകാം എന്ന് നിശ്ചയിക്കപ്പെടുന്നില്ല
   - തത്സമയ പ്രതികരണത്തിന് അവസരമുണ്ട്.
   - നവമാധ്യമങ്ങൾ സമൂഹസമ്പർക്കമാധ്യമങ്ങളാണ്
   - പ്രഭവകേന്ദ്രത്തിൽ നിന്നുതന്നെ തത്സമയം വിവരങ്ങൾ ലഭിക്കുന്നു.
3.
   - അച്ചടിച്ച പത്രമാസികകളുടെ തുടക്കം 16-ാം നൂറ്റാണ്ടിലാണ്.
   - 19-ാം നൂറ്റാണ്ടിലെ വ്യവസായവിപ്ലവവും അച്ചടിയുടെ വ്യാപനവും.

- 20-ാം നൂറ്റാണ്ടിൽ പത്രമാസികകൾ മുതലാളിത്ത വ്യവസ്ഥിതിയുമായി കൈകോർക്കുന്നു.
- ലോകമഹായുദ്ധാനന്തരം വിശേഷപംക്തികളുടെ ആവിർഭാവം; കുത്തകകളിലേക്ക് ലോകപത്രവ്യവസായം മാറുന്നു.
- വിവരസാങ്കേതികവിദ്യയുടെ വരവോടെ പുതിയ മാധ്യമസംസ്കാരം രൂപപ്പെട്ടു.
- റേഡിയോ, ടി.വി, സോഷ്യൽ മീഡിയകൾ ഇവ അച്ചടി മാധ്യമങ്ങൾക്ക് ഭീഷണിയായി.
- കൂടിയ ഉൽപ്പാദനച്ചെലവ്, വിതരണത്തിനുള്ള ബുദ്ധിമുട്ട്, ഉള്ളടക്കത്തിന്റെ വൈവിധ്യമില്ലായ്മ തുടങ്ങിയവ അച്ചടിമാധ്യമങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുന്നു.
- വിവരങ്ങൾ ലഭ്യമാക്കുന്നതിലെ അനായാസത, എഡിറ്റിംഗിലെ സ്വാതന്ത്ര്യം, സുതാര്യത തുടങ്ങിയവ നവമാധ്യമങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നു.

തുടർപ്രവർത്തനങ്ങൾ

- പ്രധാന നവമാധ്യമങ്ങളും അവയുടെ സാധ്യതകളും കണ്ടെത്തി ലേഖനം തയാറാക്കുക.
- 'മലയാളത്തിൽ മാധ്യമഭാഷയുടെ സ്വാധീനം' എന്ന വിഷയത്തിൽ ഒരു ലഘു പ്രൊജക്ട് തയാറാക്കുക.

വിപുലപഠനത്തിന്

- വൃത്താന്തപത്രപ്രവർത്തനം - സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
- കേരള പത്രപ്രവർത്തനചരിത്രം - പുതുപ്പള്ളി രാഘവൻ
- പത്രലോകം - ടി.വേണുഗോപാലൻ
- മാറുന്ന ലോകം മാധ്യമലോകം - എൻ.പി.രാജേന്ദ്രൻ
- വാർത്തയുടെ ശില്പശാല - എൻ.എൻ.സത്യവ്രതൻ

ഗ്രന്ഥകാര പരിചയം

കെ.കെ.ശ്രീധരൻ നായർ

1930 ആഗസ്ത് 10ന് പെരുമ്പാവൂർ വേങ്ങൂർ ആക്കപ്പിള്ളിൽ രാമൻപിള്ളയുടെയും കല്യേലിൽ പാറുക്കുട്ടിഅമ്മയുടെയും മകനായി ജനിച്ചു. ആലുവ യു.സി.കോളേജിലും എറണാകുളം മഹാരാജാസ് കോളേജിലും എറണാകുളം ലോകോളേജിലുമായി പഠനം.സാമ്പത്തികശാസ്ത്രത്തിലും നിയമത്തിലും ബിരുദങ്ങൾ നേടി. നാഗ്പൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഹിസ്ലോപ് കോളേജിൽനിന്ന് പത്രപ്രവർത്തനത്തിൽ ഡിപ്ലോമ. മലയാളം ദിനപത്രത്തിൽ ബിരുദാനന്തര ജേണലിസം ഡിപ്ലോമയോടുകൂടി ജോലിയിൽ പ്രവേശിക്കുന്ന ആദ്യത്തെ ജേണലിസ്റ്റ്. മാതൃഭൂമിയിൽ 1953-ൽ സബ് എഡിറ്ററായി ജോലിയിൽ പ്രവേശിച്ചു. 1990 മുതൽ 10 വർഷം മാതൃഭൂമി പത്രത്തിന്റെ എഡിറ്റർ. തുടർന്ന്, പീരിയോഡിക്കൽസ് വിഭാഗം എഡിറ്ററായി പ്രവർത്തിച്ചു. പത്രപ്രവർത്തന രംഗത്തെ ആറുപതിറ്റാണ്ടു കാലത്തെ സമഗ്രസംഭാവനയ്ക്ക്, പ്രഥമ കേളപ്പജിസ്മാരക പുരസ്കാരം ലഭിച്ചു. മാതൃഭൂമിപത്രം, ആഴ്ചപ്പതിപ്പ്, വാരാന്ത്യപ്പതിപ്പ് തുടങ്ങിയവയിൽ ഒട്ടേറെ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

നേടിയ കഴിവുകൾ

	പൂർണമായി	ഭാഗികമായി	മെച്ചപ്പെടേണ്ടതുണ്ട്
നൃത്തപ്രധാനമായ വിവിധ കലാരൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിയാൻ.			
നാടൻ നൃത്തകലകൾ, ക്ലാസിക് നൃത്തകലകൾ എന്നിങ്ങനെ നൃത്തകലകളെ പട്ടികപ്പെടുത്താൻ.			
വ്യത്യസ്ത മതവിഭാഗങ്ങളുടെ നൃത്തകലകൾ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ തിരിച്ചറിയാൻ.			
പത്രപ്രവർത്തനത്തിന്റെ പ്രധാന മേഖലകളായ റിപ്പോർട്ടിംഗ്, ഫീച്ചർ, മുഖപ്രസംഗം തുടങ്ങിയവയിൽ പ്രായോഗികപരിചയം നേടാൻ.			
പത്രമാധ്യമങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം വിലയിരുത്തി കുറിപ്പുകൾ തയാറാക്കാൻ.			
മാധ്യമങ്ങളുമായി ബന്ധപ്പെട്ട സാങ്കേതികപദങ്ങൾ മനസ്സിലാക്കി ഉചിതസന്ദർഭങ്ങളിൽ പ്രയോഗിക്കാൻ.			
തിരക്കഥ/സിനിമയുടെ സാഹിത്യാംശം കണ്ടെത്തി കുറിപ്പുകൾ തയാറാക്കാൻ.			
സംഭവങ്ങൾ/കഥകൾ എന്നിവയെ ആസ്പദമാക്കി തിരക്കഥകൾ രചിക്കാൻ.			
ആനുകാലിക സിനിമകൾ വിലയിരുത്തി ആസ്വാദനക്കുറിപ്പ് തയാറാക്കാൻ.			

	പൂർണമായി	ഭാഗികമായി	മെച്ചപ്പെടേണ്ടതുണ്ട്
പ്രസിദ്ധമായ സിനിമകളുടെ തിരക്കഥകൾക്ക് നിരൂപണക്കുറിപ്പ് തയാറാക്കാൻ.			
കഥകൾ, സംഭവങ്ങൾ തുടങ്ങിയവ അടിസ്ഥാനമാക്കി ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ നിർമ്മിക്കാൻ.			

3

അതിജീവനം

പ്രതികൂലനങ്ങളെ അതിജീവിക്കാനുള്ള കഴിവാണ് മനുഷ്യനെ ഇന്നത്തെ നിലയിൽ വളർത്തിയത്. മോഹഭംഗങ്ങൾക്കും വെല്ലുവിളികൾക്കും മുന്നിൽ കീഴടങ്ങിയിരുന്നെങ്കിൽ മനുഷ്യചരിത്രം മറ്റൊന്നായേനേ. നന്മതിന്മകളെ വേർതിരിക്കാനും മുന്നേറാനും ഇച്ഛാശക്തിയോടെ പ്രവർത്തിക്കാനും മനുഷ്യന് കഴിയേണ്ടതുണ്ട്. സർഗാത്മകമായും യുക്തിപരമായും ചിന്തിക്കാനും പ്രവർത്തിക്കാനും അവന് കഴിയണം. ഓരോ ജീവിതവും അവന്റേത് മാത്രമായിരിക്കുമ്പോഴും മറ്റുള്ളവരെ ആശ്രയിക്കാതെ മുന്നോട്ട് പോകാനാവില്ല. മാതൃകാപരമായ ജീവിതങ്ങളെ അനുകരിക്കുമ്പോൾ നമ്മളും പ്രതിസന്ധികളെ അതിജീവിക്കാൻ പ്രാപ്തരാകും. മഹത്വ്യക്തികളുടെ ജീവിതവും അവർ നല്കിയ സന്ദേശവും അവർക്ക് വേണ്ടിയായിരുന്നില്ല. അത്തരം സന്ദേശങ്ങൾ ഉൾക്കൊള്ളാനുള്ള സാഹചര്യം പഠിതാക്കൾക്ക് ലഭിക്കാൻ ലക്ഷ്യംവച്ചാണ് ഈ യൂണിറ്റിലെ പാഠങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഭാവിജീവിതം സുരക്ഷിതവും സമാധാനപൂർണമാകുന്നതിന് ഇന്നിന്റെ യാഥാർഥ്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന ഉൾക്കണ്ണ് രൂപപ്പെടുത്താൻ കുഞ്ഞിനെ ഉപദേശിക്കുന്ന ഒരമ്മയുടെ കഥയാണ് കടമ്മനിട്ടയുടെ 'കോഴി' എന്ന കവിതാഭാഗം. നശീകരണമല്ല അതിജീവനമാണ് പ്രകൃതിയുടെ വഴി. പുരയ്ക്ക് മുകളിൽ പൊട്ടിവീണ മുരിങ്ങമരം പുനർജനിക്കുന്നത് 'ജീവന്റെ വഴി' എന്ന കഥയിലൂടെ കാട്ടിത്തരുന്ന ടി.പത്മനാഭൻ അതിജീവനത്തിന്റെ മറ്റൊരു മുഖമാണ് തുറന്നുകാട്ടുന്നത്. മഹാരോഗത്തിന്റെ പ്രതിസന്ധികൾക്കിടയിലും ജീവിതത്തിൽ പ്രസാദാത്മകത കണ്ടെത്തുന്ന ദമ്പതികളുടെ ഹൃദയസ്പർശിയായ ജീവിതയാഥാർഥ്യമാണ് ഡോ.വി.പി.ഗംഗാധരന്റെ 'അതിരുകളില്ലാത്ത സ്നേഹ'മെന്ന അനുഭവക്കുറിപ്പ്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ ജീവിതാവസ്ഥകളുടെ നേർക്കാഴ്ചകളാണ് എസ്.ജോസഫിന്റെ 'നാടോടികളും വീട്ടുകാരും' എന്ന കവിത.

പഠനനേട്ടങ്ങൾ

- സമകാലികകവിതകൾ വിശകലനംചെയ്ത് അതിന്റെ പ്രത്യേകതകളെക്കുറിച്ച് വിവരണം, ആസ്വാദനം എന്നിവ തയാറാക്കുന്നു.
- രോഗികൾ, ദരിദ്രർ, പാർശ്വവൽക്കരിക്കപ്പെട്ടവർ തുടങ്ങിയവരുടെ ജീവിതാവസ്ഥകൾ വിവരിക്കുന്ന രചനകൾ വിശകലനംചെയ്ത് പ്രശ്നങ്ങൾ തിരിച്ചറിയുകയും അവരുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുന്നു.
- പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്ന രചനകൾ വിശകലനംചെയ്ത് വിവരശേഖരണം നടത്തുകയും സമൂഹബോധവൽക്കരണത്തിന് സഹായകമായ ലഘുലേഖകൾ, പ്രഭാഷണങ്ങൾ എന്നിവ തയാറാക്കുകയും ചെയ്യുന്നു.
- പ്രതിസന്ധികളെ അതിജീവിക്കാൻ ഇച്ഛാശക്തി അനിവാര്യമാണെന്ന ധാരണ നേടുകയും അതിനനുസരിച്ച് പ്രവർത്തിക്കാനുള്ള മനോഭാവം രൂപപ്പെടുത്തുകയും ചെയ്യുന്നു.
- നാടോടികളുടെ ജീവിതാവസ്ഥ തിരിച്ചറിഞ്ഞ് മുഖ്യധാരാജീവിതത്തിലേക്ക് അവരെ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന ഡോക്യുമെന്ററി, ഹ്രസ്വചിത്രങ്ങൾ എന്നിവ തയാറാക്കുന്നു.
- ആതുരശുശ്രൂഷാകേന്ദ്രങ്ങൾ, അനാഥാലയങ്ങൾ എന്നിവ സന്ദർശിച്ച് രോഗികളെയും അനാഥരെയും ആശ്വസിപ്പിക്കുന്നതിനുള്ള വിവിധപ്രവർത്തനപദ്ധതികൾ തയാറാക്കുകയും പൊതുസമൂഹത്തിന്റെ സഹായത്തോടെ അവ നടപ്പിലാക്കാൻ നേതൃത്വം നല്കുകയും ചെയ്യുന്നു.
- ജീവിതപ്രതിസന്ധികളെ വിജയകരമായി അതിജീവിച്ച് മുന്നേറിയവരെ കണ്ടെത്തി ചോദ്യാവലിയുടെ സഹായത്താൽ അഭിമുഖംനടത്തി ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കുന്നു.
- കുട്ടികൾ, സ്ത്രീകൾ, നാടോടികൾ എന്നിവരുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട കുറിപ്പുകൾ, പ്രബന്ധങ്ങൾ എന്നിവ തയാറാക്കി ചർച്ചകൾ, സെമിനാറുകൾ, സംവാദങ്ങൾ എന്നിവയിൽ അവതരിപ്പിക്കുന്നു.

1

കോഴി

കടമ്മനിട്ട രാമകൃഷ്ണൻ

തള്ളക്കോഴി പറഞ്ഞുതുടങ്ങീ-
കൊക്കൊ കൊക്കക്കോ.....
കൊക്കിന്നുള്ളിലുടക്കിയതെന്തേ?
കൊത്തിവിഴുങ്ങിയ മുള്ളോ?
ഉള്ളിലുണങ്ങാത്ത നോവിന്റെ കണ്ണിൽ
ഊറിയ നീറും നീരോ?
കൊത്തിച്ചിക്കിച്ചികഞ്ഞിട്ടകൊറ്റിൽ
കൊത്തിത്തുള്ളി നടക്കുന്ന കുഞ്ഞിന്
തള്ളക്കോഴി പറഞ്ഞുകൊടുത്തു: -
കൊക്കൊ കൊക്കോക്കോ.....
താളം തുള്ളുന്ന കുഞ്ഞിനും തെറ്റീ
താളം, അമ്മതൻ ഗദ്ഗദം കാൺകെ
കുഞ്ഞെ, തുള്ളാൻ സമയമില്ലിപ്പോൾ
കാഞ്ഞവെയിലത്തു കാലുപൊള്ളുമ്പോൾ
എന്നുമെന്റെ ചിറകിന്റെ കീഴിൽ

നിന്നു നിന്റെ വയറുനിറയ്ക്കാ -
മെന്നു തോന്നുന്ന തോന്നലുവേണ്ട
നിന്റെ ജീവിതം നിൻകാര്യം മാത്രം

നേരമായി നിനക്കു ജീവിക്കാൻ
നേരമിന്നു തിരക്കുകൂട്ടുന്നു

* * *

അന്നുഞാനുമുടപ്പിറന്നോരും
ഒന്നുപോലെ കഴിഞ്ഞ കുഞ്ഞുങ്ങൾ

അമ്മ ഞങ്ങളെ നെഞ്ചത്തടുക്കി
ഉമ്മവെച്ചു വളർത്തിയെന്നാലും

കൊത്തിമാറ്റിയൊരിക്കലതിൽപ്പി-
ന്നെത്രരാവിന്റെ തൂവൽകൊഴിഞ്ഞു

ചുണ്ടിൽ ചെമ്മാനച്ചോപ്പു പകർന്നു
കണ്ണിൽ കാളുന്ന കാന്തി നിറഞ്ഞു

രക്തമോടും ഞരമ്പു പിടഞ്ഞു
രക്തമെന്തിനോ തേടിത്തിളച്ചു,

പൂവും നീട്ടിയപ്പൂവാലും കാട്ടി
കാവിലാമാവിൻകീഴിലൊരുത്തൻ

പൂഞ്ചിറകു പരത്തിച്ചിറഞ്ഞു
പൂതിതോന്നിയടിപ്പെട്ടുഞാനും

മിണ്ടാനാവാത്ത ദു:ഖസംതൃപ്തി
നീണ്ടുനിന്നതൊരു ഞൊടിമാത്രം

(പെണ്ണുതോല്ക്കുന്നു? തോല്ക്കയോ?
അല്ല
കണ്ണി പൊട്ടാതെ കാക്കുന്ന ശക്തി)

* * *

എന്തിനെന്തിന്നയവിറക്കുന്നു
നോവുകൂട്ടി നുണഞ്ഞ സുഖങ്ങൾ?

നാളെ നിന്നെഞാൻ കൊത്തിമാറ്റുമ്പോൾ
നീയും നിന്റെ കഥകൾ തുടങ്ങും

അന്നു കാണും അനുഭവം നിന്റെ
സന്തതികളിൽ കൂടിപ്പകരും

ചുറ്റും കണ്ടോ ചിതൽപ്പുറ്റു മാത്രം
മുറ്റം മൂടിവളർന്നിരിക്കുന്നു
ചുറ്റും കെട്ടിയ മുൾവേലിക്കെട്ടിൽ
ചുറ്റപ്പെട്ടു കഴിയുന്നു നമ്മൾ

ചത്തു ചീഞ്ഞ ശവങ്ങളിൽ കൊത്തി
കത്തുമീവിശപ്പാറ്റുന്നു ഞങ്ങൾ

എത്തിനോക്കാതാമാളത്തിൽ, നിന്റെ
മൂത്തോർമുങ്ങി മടങ്ങിവന്നീല

പൂക്കളല്ലവപൂടയാണെന്റെ -
മക്കൾ നാലുപേർ
കൊക്കൊക്കൊക്കൊക്കൊ.

* * *

പോരുകെന്റെ ചിറകിന്റെ കീഴിൽ
നീരവം, നിഴൽ നിൻ തലമോളിൽ

അക്കരിനിഴൽ കൂർത്ത നഖത്തിൽ
കോർത്തുയിരെത്ര കൊത്തിപ്പറിച്ചു!

മോളിലാണവർ, മാനത്തെ മേട-
വീട്ടിലാണക്കഴുകന്മാർ വാഴ്ച

നീളമറ്റ ചിറകുമായ് നമ്മൾ
നേരിടാനോ നിവൃത്തിയില്ലല്ലോ!

പദപരിചയം: *ചെമ്മാനം-ചുവന്ന ആകാശം, ഞൊടി-നിമിഷം, കാഞ്ഞവെയിൽ-പൊള്ളിക്കുന്ന വെയിൽ* ***നീരവം-നിശബ്ദം,*** *കാറ്റു തിന്നുന്ന വർഗം - പാമ്പുകൾ*

കാവിലക്കിളിപ്പാട്ടുകൾ കേട്ടും
പൂവു കണ്ടും പറന്നു ചെല്ലല്ലെ

കാടിനുള്ളിൽ പതുങ്ങിയിരിക്കും
കാടനുണ്ടു കടിച്ചുപറിക്കും

തോട്ടുവക്കിലെ കൈതയ്ക്കകത്ത്
തെറ്റിപൂത്ത പടർപ്പിന്നകത്ത്
കാറ്റുതിന്നു കഴിയുന്ന വർഗം
കാത്തിരിപ്പു കരുതിനടക്ക.

കണ്ണുവേണമിരുപുറമെപ്പോഴും
കണ്ണുവേണം മുകളിലും താഴേം

കണ്ണിലെപ്പൊഴും കത്തിജ്വലിക്കു-
മുൾക്കണ്ണുവേണമണയാത്ത കണ്ണ്.
നാളെ നിന്നെക്കൊത്തിമാറ്റുമ്പോൾ
നാളെകൾ നിന്നെ മാടിവിളിക്കും

നിന്റെ ജീവിതം നിൻകാര്യം മാത്രം
എന്റെ കർമ്മം ഞാൻ .....
കൊക്കൊക്കൊക്കൊക്കൊ.....

അവധാരണച്ചോദ്യങ്ങൾ

1. കുഞ്ഞേ തുള്ളാൻ സമയമില്ലിപ്പോൾ എന്ന് തള്ളക്കോഴി കുഞ്ഞിനോട് പറയുന്നതിന്റെ കാരണമെന്ത്?
2. കോഴികൾ വിശപ്പാറ്റുന്നത് എങ്ങനെ?
3. കോഴികളുടെ ചിറകിന്റെ പ്രത്യേകതയെന്ത്?
4. കാറ്റുതിന്നുന്ന വർഗം ഏത്?
5. മുകളിലും താഴെയും ഇരുപുറവും കണ്ണുവേണമെന്ന് തള്ളക്കോഴി കുഞ്ഞിനോടു പറയാൻ കാരണമെന്ത്?
6. മാളത്തിൽ എത്തിനോക്കിയ മൂത്തകുട്ടികൾക്ക് എന്താണ് സംഭവിച്ചത്?

അവധാരണച്ചോദ്യങ്ങളുടെ ഉത്തരസൂചിക

1. കാഞ്ഞവെയിലത്ത് കാലുപൊള്ളുന്നതിനാൽ
2. ചത്തുചീഞ്ഞ ശവങ്ങളിൽകൊത്തി.
3. നീളമറ്റചിറക്
4. പാമ്പുവർഗം
5. നിന്റെ തലയുടെ മുകളിലുള്ള നിഴലുകൾ കൂർത്തനഖങ്ങളുമായി പലരുടെയും ഉയിരെടുത്തവരാണ്. മാനത്തെ മേടയിലാണവർ വസിക്കുന്നത്. നീളമറ്റചിറകുമായി

അവരെ നേരിടാൻ നമുക്കാവില്ല. കാവിലെ കിളിപ്പാട്ടുകേട്ടും പൂവുകണ്ടും പറന്നു ചെല്ലരുത്. കാടിനുള്ളിൽ പതുങ്ങിയിരിക്കുന്ന കാടൻ കടിച്ചുപറിക്കും. തോട്ടുവക്കിലെ കൈതയ്ക്കകത്തും തെറ്റിപൂത്ത പടർപ്പിനകത്തും കാറ്റുതിന്നു കഴിയുന്ന പാമ്പു വർഗം കാത്തിരിക്കുന്നു. അതിനാൽ കരുതിനടക്കണം. മുകളിലും താഴെയും ഇരു പുറവും കണ്ണുവേണം.

6. മാളത്തിൽ എത്തിനോക്കിയ നിന്റെ മൂത്തവർ മടങ്ങിവന്നില്ല.

പാഠാപഗ്രഥനം

നീളമറ്റ ചിറകുമായി ഒന്നിനെയും നേരിടുവാനാകാതെ മക്കളോടുള്ള വാത്സല്യം കൈമുതലാക്കി ജീവിക്കുന്ന ഒരമ്മയുടെ കഥയാണ് കോഴി. ജീവിതയാഥാർഥ്യങ്ങളുടെ വേദനപേറുന്ന തള്ളക്കോഴി മകളെ ഉപദേശിക്കാൻ തുടങ്ങുമ്പോൾ അവളുടെ തൊണ്ടയിലുടക്കിയത് മുള്ളാണോ ഉള്ളിലുണങ്ങാത്ത നോവിന്റെ നീരാണോ എന്നറിയില്ല. എന്തായാലും രണ്ടും വേദനാജനകമാണ്. ജീവിതത്തിലിതുവരെ സുഖമെന്തന്നറിഞ്ഞിട്ടില്ലാത്ത അവൾ ഭാവിജീവിതത്തിലെ പ്രതിസന്ധികൾ കുഞ്ഞിനെ ബോധ്യപ്പെടുത്തുന്നു. പറഞ്ഞുതുടങ്ങിയപ്പോൾ അവളുടെ കണ്ഠം ഇടറിയത് കുഞ്ഞും ശ്രദ്ധിക്കാതിരുന്നില്ല.

കുഞ്ഞേ തുള്ളാൻ സമയമില്ല. എല്ലാക്കാലവും എന്റെ ചിറകിന്റെ കീഴിൽ അഭയം തേടാമെന്ന് വിചാരിക്കരുത്. നിന്റെ ജീവിതം നിന്റെ മാത്രം കാര്യമാണ്. ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും ഭീഷണികളുടെയും കാഞ്ഞവെയിലത്ത് കാലുപൊള്ളുമ്പോൾ ആർക്കാണ് തുള്ളാൻ കഴിയുക. സ്വന്തംകാര്യം നോക്കാനുള്ള ഉത്തരവാദിത്തം ആ വ്യക്തിയിൽത്തന്നെ അധിഷ്ഠിതമാണ്. വ്യവസ്ഥിതികളോട് പൊരുതി ജീവിക്കാൻ ചില പരിശീലനങ്ങളും മുൻകരുതലുകളും കൂടിയേ തീരൂ. അമ്മയാണെന്ന ഒറ്റക്കാര്യം കൊണ്ടുമാത്രമാണ് മക്കളെ ചിറകിൻ കീഴിൽ നിർത്തി വളർത്തിയത്. കുട്ടികൾക്ക് പ്രായത്തിനനുസരിച്ച് മാർഗനിർദേശങ്ങൾ നൽകുവാനോ ജീവതാവബോധം പകരാനോ ശ്രമിക്കാതെ സ്വന്തംസുഖത്തിൽ അഭിരമിക്കുന്ന അമ്മമാരിൽനിന്നും വ്യത്യസ്തയാണ് തള്ളക്കോഴി. മാതാവിന്റെ കരുതലിലാണ് മക്കളുടെസുരക്ഷിതത്വം എന്ന് വിശ്വസിക്കുന്നവൾ.

അന്ന് തള്ളക്കോഴിയും സഹോദരങ്ങളും അമ്മയുടെ നെഞ്ചോടു ചേർന്നു വളർന്നു.കാലത്തിന്റെ പാകത്തിൽ അമ്മ

അവളെ കൊത്തിമാറ്റി. കാലം അവളിൽ വിരിയിച്ച വസന്തത്തിലാകൃഷ്ടനായ് പുരുഷമേധാവിത്വം അവളുടെ ബലഹീനതയ്ക്കുനേരെ ചിറകുവിരിച്ചു ചിറഞ്ഞു. അവന്റെ പുതിക്ക് അടിമപ്പെട്ടത് പരാജയമായി അവൾ കരുതുന്നില്ല. അവിടെ പെണ്ണുതോറ്റില്ല; തലമുറകളുടെ കണ്ണി പൊട്ടാതെ കാക്കുകയാണ്ചെയ്തത്. തലമുറകളെ നിലനിർത്താൻ സ്ത്രീയുടെ സഹനം ആവശ്യമാണെന്ന് ബോധ്യപ്പെടുത്തുകയാണ് കവി. ഏതു സുഖവും ദു:ഖമിശ്രിതമാണ്; അത് കാമപൂർത്തിയായാൽപ്പോലും. പുരുഷമേധാവിത്വത്തിന്റെ ഒളികണ്ണിടലിൽ പെണ്ണകപ്പെട്ടുപോകുന്നത് സ്വാഭാവികം. പക്ഷെ തനിക്കുപറ്റിയ ചതിയുടെകഥ ജനസമക്ഷം വിളിച്ചുപറഞ്ഞ് സഹതാപത്തിന് യാചിക്കുന്നവരിൽ തള്ളക്കോഴി ഉൾപ്പെടില്ല.

മുട്ടവിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവന്നപ്പോഴാണ് കോഴി തള്ളക്കോഴിയായത്. സ്ത്രീത്വത്തിന്റെ സാഫല്യം മാതൃത്വത്തിലാണല്ലോ? അതുകൊണ്ട് നോവുകൂട്ടിനുണഞ്ഞ സുഖങ്ങൾ അയവിറക്കാൻ അവൾ ഇഷ്ടപ്പെടുന്നില്ല. കൊത്തിമാറ്റുന്ന നിമിഷംമുതൽ കുഞ്ഞിന്റെ കഥതുടങ്ങും. ആ കഥ സന്തതികളിലൂടെ പകരും. സ്ത്രീയുടെ വേദനയുടെ നൈരന്തര്യം ഇവിടെയുണ്ട്. ചുറ്റുമുള്ള ചിതൽപ്പുറ്റുകളും വേലിക്കെട്ടുകളുമാണ് അവളെ ഒറ്റപ്പെടുത്തുന്നതും ഭയപ്പെടുത്തുന്നതും. ചീഞ്ഞശവങ്ങളിൽകൊത്തി വിശപ്പടക്കാൻ അവർ വിധിക്കപ്പെട്ടിരിക്കുന്നു. ഭക്ഷണകാര്യത്തിൽ പോലും പുരുഷനുള്ള മുൻഗണന ശ്രദ്ധിക്കേണ്ടതാണ്.

പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ച് അമ്മ കുഞ്ഞിനുനൽകുന്ന മുന്നറിയിപ്പുകൾ നോക്കൂ. ചുറ്റുമുള്ള മാളങ്ങളിൽ ശത്രുക്കൾ പതിയിരിക്കുന്നു. ആ മാളത്തിലെത്തി നോക്കിയ നാലുകുരുന്നുകൾ തിരിച്ചുവരാത്തത് അമ്മയെ നൊമ്പരപ്പെടുത്തുന്നു. അവൾ പറയുന്നു. മാളത്തിനടുത്തുകാണുന്നത് പൂക്കളല്ല; തന്റെ നാലു മക്കളുടെ പൂടയാണ്. ക്രൗര്യത്തിന്റെ നിഴൽ തലയ്ക്കുമുകളിൽ വട്ടമിടുമ്പോൾ തള്ളക്കോഴി കുഞ്ഞിനെ തന്റെ ചിറകിന്റെ സംരക്ഷണത്തിലേക്ക് ക്ഷണിക്കുന്നു. കരിനിഴലുകൾ മാനത്തെ മേടയിൽ വസിക്കുന്നവരാണ്. സമ്പദ്ഘടനകളും ജാതിമേൽക്കോയ്മകളും അധികാരശ്രേണിയുമാണ് ഈ കരിനിഴലുകൾ. മുകളിൽ ഇരപിടിയനും താഴെ ഇരയുമെന്ന യാഥാർഥ്യം ശ്രദ്ധിക്കേണ്ടതാണ്. നീളംകുറഞ്ഞ ചിറകുമായ് ജീവിക്കുന്ന താഴെയുള്ളവർക്ക് രക്ഷപ്പെടുക എളുപ്പമല്ല. അപകടങ്ങൾ മണത്തറിഞ്ഞ് ഓടിയൊളിക്കുകയേ നിവൃത്തിയുള്ളൂ. അതുകൊണ്ട് കാവിലെ പാട്ടുകേട്ടും പൂക്കൾകണ്ടും കടന്നുചെല്ലരുത്. ശത്രു കാത്തിരിക്കുകയാണ്. കാടനും സർപ്പവും പതിയിരിക്കുന്ന പാതയിലൂടെ സഞ്ചരിക്കുമ്പോൾ ഇരുപുറവും മുകളിലും താഴെയും കണ്ണുവേണം. അതിലുപരി എപ്പോഴും തുറന്നിരിക്കുന്ന മനക്കണ്ണുവേണം. തള്ളക്കോഴി ആവർത്തിച്ചു. നിന്റെ ജീവിതം നിൻകാര്യം മാത്രം.

സ്ത്രീയുടെ സ്വാതന്ത്ര്യം, സുരക്ഷിതത്വം, സാമൂഹ്യപദവി എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ കവിത ചർച്ചചെയ്യുന്നുണ്ട്; ഒപ്പം മാതൃത്വത്തിന്റെ മഹനീയതയും. കുടുംബമാണ് ആദ്യവിദ്യാലയം; അമ്മ

ആദ്യഗുരുവും. കുടുംബത്തിൽ ശരിയായപരിശീലനം ലഭിച്ചാൽ പെണ്ണിന് സമൂഹജീവിതം സുഖകരവും സുരക്ഷിതവുമാകും. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ ചിത്രവും കടമ്മനിട്ട വരച്ചു ചേർത്തിരിക്കുന്നു. തെരുവുകളിൽ പുത്തനുടുപ്പണിഞ്ഞ് ചായംതേച്ച് പ്രത്യക്ഷപ്പെടുന്നവൾ വീട്ടിൽ കണ്ണീരിന്റെ കരിതേച്ചുകഴിയുന്നു എന്ന വിരോധാഭാസവും കവിത ചർച്ചചെയ്യുന്നു. ലൈംഗീകതയിൽപ്പോലും പുരുഷൻനേടുന്ന മേൽക്കോയ്മ ചരിത്രപാഠമാണ്.

സ്ത്രീശാക്തീകരണത്തിനുള്ള ആഹ്വാനം കവിതയിലുണ്ട്. ജീവിതത്തിന്റെ സമസ്തമേഖലകളിലും ഭയം കൂടാതെ ഇടപെടാനും സംവദിക്കാനുമുള്ള സാഹചര്യം സ്ത്രീക്ക് ലഭിക്കണം. തനിക്ക് സംഭവിച്ച അബദ്ധം മക്കൾക്ക് സംഭവിക്കാതിരിക്കാനുള്ള തള്ളക്കോഴിയുടെ കരുതൽ ശാക്തീകരണത്തിന്റെ ഭാഗം തന്നെ. അറിവ് ചിറകാണെങ്കിൽ ആ ചിറക് കുഞ്ഞിന് പ്രദാനം ചെയ്യേണ്ടത് അമ്മയാണ്. ചതിയുടെയും വഞ്ചനയുടെയും വിൽപ്പനസംസ്കാരം ചന്ത തുറന്നുവച്ച് കാത്തിരിക്കുമ്പോൾ പെണ്ണും സാധാരണക്കാരനും വിധേയത്വത്തിന്റെയും ചൂഷണത്തിന്റെയും അഴുക്കുചാലിൽ മെതിക്കപ്പെടുന്നു. ദൗർബല്യം സ്വയംതിരിച്ചറിഞ്ഞ് പരിഹരിക്കുന്നിടത്ത് സ്വാതന്ത്ര്യവും സുരക്ഷയും ജീവിതവിജയവും പ്രാപ്തമാകുന്നു.

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും കവിത ചിന്തിക്കുന്നു. ജനിച്ചുവീഴുന്ന ഓരോ കുട്ടിക്കും രാജ്യം വിഭാവനചെയ്യുന്ന അവകാശത്തോടെ ജീവിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. ഒരാളുടെ ജീവിതത്തിൽ മറ്റൊരാളുടെ ഇടപെടൽ ബഹുമാനപൂർവമാകണം. വിശാലമായ ലോകത്ത് അടിസ്ഥാന ആവശ്യങ്ങളെല്ലാം നിറവേറ്റിക്കൊണ്ട് വ്യക്തിസത്തയോടെ ജീവിക്കാനുള്ള അവകാശമാണ് വേണ്ടത്.

കവിതയിൽ പ്രത്യക്ഷപ്പെടുന്ന കരിനിഴലിനെ പട്ടിണി, ദാരിദ്ര്യം, സമ്പദ്ഘടന, കുത്തകകൾ, പുരുഷമേധാവിത്വം എന്നിങ്ങനെ പല തരത്തിൽ വ്യാഖ്യാനിക്കാം. മേൽക്കോയ്മകളുടെ ലോകത്ത് സാധാരണക്കാരൻ ജാതിമത വർഗവ്യത്യാസമില്ലാതെ ചൂഷണം ചെയ്യപ്പെടുന്നു. മേടയിൽ വാഴുന്ന മാന്യന്മാർക്ക് അവരുടെ ജീവിതം കളിപ്പാട്ടമാണ്. കരിനിഴലുകൾ ഉയിരെടുക്കുന്നവരും ചൂഷകരുമാണ്. ഒ.എൻ.വിയുടെ 'വീടുകൾ' എന്ന കവിതയിൽ പ്രത്യക്ഷപ്പെടുന്ന പരുന്തും നിഷാദനും നരിയും ഭൂമി ജീവിതത്തിനുമേലുള്ള വെല്ലുവിളികളാണ്. പാഠഭാഗത്തെ കരിനിഴൽ അധികാരഘടനകളുടെയും കടന്നാക്രമണങ്ങളുടെയും സൂചനകൾ നൽകുന്നു.

അപഗ്രഥന ചോദ്യങ്ങൾ

1. 'വൃദ്ധസദനം' എന്ന നോവലിൽ പ്രത്യക്ഷപ്പെടുന്ന സാറ, സമ്പത്തിനും സുഖത്തിനും പിന്നാലെ പാഞ്ഞുപോകുന്ന സ്ത്രീത്വത്തിന്റെ പ്രതിനിധിയാണെങ്കിൽ 'കോഴി'യിലെ തള്ളക്കോഴി മാതൃസ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും ഉത്തരവാദിത്തബോധത്തിന്റെയും പ്രതിനിധിയാണ് – താരതമ്യംചെയ്ത് കുറിപ്പുതയാറാക്കുക:

2. കോഴി എന്ന കവിതയിൽ പ്രത്യക്ഷപ്പെടുന്ന കരിനിഴൽ 'സ്ത്രീസ്വാതന്ത്ര്യ'ത്തിനും സുരക്ഷയ്ക്കും മേലുള്ള ഭീഷണിയാണ്- വിശകലനക്കുറിപ്പ് തയാറാക്കുക:

3. സാധാരണക്കാരന്റെ നിലനിൽപ്പ് ക്ലേശകരമാകുന്ന വർത്തമാനത്തിൽ 'കോഴി' വിനിമയം ചെയ്യുന്ന ആശയങ്ങളുടെ പ്രസക്തിയെക്കുറിച്ച് കുറിപ്പെഴുതുക.

അപഗ്രഥന ചോദ്യങ്ങളുടെ ഉത്തരസൂചിക

1.

തള്ളക്കോഴി	സാറ
• മാതൃത്വത്തിന്റെ പ്രതീകം	• ഭോഗമാണ് ജീവിതലക്ഷ്യം
• സംരക്ഷണത്തിന്റെ പ്രതീകം	• കുടുംബബന്ധങ്ങളിൽ ആരമാർഥയില്ല
• സ്നേഹം കൈമുതലായുള്ളവൾ	• പണത്തിലും സൗന്ദരത്തിലും അഭിരമിക്കുന്നവർ
• കുടുംബത്തോട് ആരമാർഥതയുള്ളവൾ	• മാതൃത്വചിന്തയില്ല
• പുരുഷനാൽ വഞ്ചിക്കപ്പെടുന്നവൾ	• കപടസ്നേഹം
• അതിജീവനത്തിനായി പൊരുതുന്നവൾ	• പുരുഷനെ വഞ്ചിക്കുന്നു.
• പുരുഷന് കീഴടങ്ങടങ്ങുന്നത് തലമുറയെ നിലനിർത്താനുള്ള ധർമ്മമായി കരുതുന്നവൾ	

2.
- സമൂഹമേൽക്കോയ്മയുടെ വേലിക്കെട്ടുകൾ
- ദുഷിച്ച സാമൂഹികവ്യവസ്ഥിതി
- പട്ടിണിയും ദാരിദ്ര്യവും
- ഭക്ഷണകാര്യത്തിലും പുരുഷനുള്ള മേൽക്കോയ്മ
- സമൂഹത്തിലെ അസമത്വം
- സ്ത്രീസ്വാതന്ത്ര്യവും സുരക്ഷയും

3.
- ചതിയുടെയും വഞ്ചനയുടെയും കച്ചവടസംസ്കാരം
- സാധാരണക്കാരന്റെ വിധേയത്വം
- കുത്തകകളുടെ ചൂഷണം
- മുകളിലും താഴെയും ഇരുവശത്തും കണ്ണുവേണ്ടജാഗ്രത.
- ദാരിദ്ര്യവും പട്ടിണിയും
- ഉപഭോഗസംസ്കാരവും വിലക്കയറ്റവും
- സാമൂഹ്യ-നിയമ സുരക്ഷിതത്വം

വിലയിരുത്തൽ ചോദ്യങ്ങൾ

1. 'കുട്ടികളുടെ സ്വാതന്ത്ര്യവും അവകാശങ്ങളും' എന്ന വിഷയത്തിൽ നിങ്ങളുടെ സ്കൂളിൽനടക്കുന്ന സെമിനാറിനുമുന്നോടിയായ ചടങ്ങിന് ഒരു ആമുഖ പ്രസംഗം തയാറാക്കുക.
2. ചർച്ചചെയ്ത് കുറിപ്പ് എഴുതുക

   വിഷയം: - 'കുടുംബത്തിലും സമൂഹത്തിലും സ്ത്രീ നേരിടുന്ന പ്രതിസന്ധികൾ'

വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1.
   - ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിനും രാജ്യം വിഭാവനംചെയ്യുന്ന അവകാശത്തോടെ ജീവിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.
   - കുട്ടികൾ രാജ്യത്തിന്റെ ഭാവിവാഗ്ദാനങ്ങളാണ്
   - കുട്ടികളിലൂടെ പുത്തൻആശയങ്ങളും വികസനങ്ങളും നടപ്പിലാക്കാൻ കഴിയും
   - കുട്ടികളോടുള്ള ഇടപെടൽ ബഹുമാനപൂർവമാകണം
   - കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം നൽകണം.

2.
   - സ്ത്രീ വീടാംകൂട്ടിലെതത്ത
   - സ്ത്രീയെ ഉപഭോഗവസ്തുമാത്രമായി പരിഗണക്കുന്നഅവസ്ഥ.
   - പുരുഷാധിപത്യത്തിന്റെ വേലിക്കെട്ടിനുള്ളിൽ കഴിയേണ്ടവളാണ് സ്ത്രീയെന്ന ചിന്ത.
   - സ്ത്രീക്ക് സ്വാതന്ത്ര്യം നിഷേധിക്കൽ
   - കുടുംബപരിപാലനം മാത്രമാണ് സ്ത്രീയുടെ കടമയെന്ന സമൂഹചിന്ത
   - സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ
   - സ്ത്രീശാക്തീകരണത്തിന്റെ ആവശ്യകത.
   - സ്ത്രീത്വത്തിന്റെ മഹനീയത.

തുടർപ്രവർത്തനങ്ങൾ

- കടമ്മനിട്ടക്കവിതകളുടെ ചൊൽക്കാഴ്ച സംഘടിപ്പിക്കുക

ചൊൽക്കാഴ്ച

കവിയെക്കുറിച്ചും കവിതകളുടെ പ്രത്യേകതകളെക്കുറിച്ചുമുള്ള അവതരണം ഉണ്ടായിരിക്കണം, ഈണത്തിലും താളത്തിലും ചൊല്ലേണ്ടതാണ്. ഒന്നിൽ കൂടുതൽപേർ ചേർന്ന് ആലപിക്കാം. വേണമെങ്കിൽ ഏതെങ്കിലും ഒരു വാദ്യോപകരണത്തിന്റെ സാന്നിധ്യമാവാം.

വിപുലപഠനത്തിന്

- നെയ്പ്പായസം, കോലാട് (കഥകൾ) – മാധവിക്കുട്ടി
- തിരസ്കാരം (കവിത) – കെ.ജി. ശങ്കരപ്പിള്ള
- വീടുകൾ (കവിത) – ഒ.എൻ. വി.കുറുപ്പ്

ഗ്രന്ഥകാര പരിചയം

കടമ്മനിട്ട രാമകൃഷ്ണൻ

1935 മാർച്ചിൽ പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ട ഗ്രാമത്തിൽ ജനിച്ചു. ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട് മെന്റിൽ ഉദ്യോഗസ്ഥനായിരുന്നു. പടയണി സംഗീതത്തിന്റെ സ്വാധീനത്തിൽ ജീവിച്ച അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച ശേഷം സാഹിത്യസാംസ്കാരിക രംഗങ്ങളിൽ സജീവമായി.

പ്രധാനകൃതികൾ : കടമ്മനിട്ടയുടെ കവിതകൾ -രണ്ടുഭാഗം, കവിത, മിശ്രതാളം, മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു. സാമുവൽ ബക്കറ്റിന്റെ 'ഗൊയ്ഥയെക്കാത്ത്', ഒക്ടോവിയോ പാസിന്റെ 'സൂര്യശില' എന്നിവ വിവർത്തനംചെയ്തു. കടമ്മനിട്ടയും സംഘവും ആരംഭിച്ച ചൊൽക്കാഴ്ച പ്രസ്ഥാനം ആധുനിക കവിതകൾക്ക് വ്യാപകപ്രചാരം നൽകി. കേരളസാഹിത്യഅക്കാദമി അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. 2008 മാർച്ച് 31 ന് അന്തരിച്ചു.

2

അതിരുകളില്ലാത്ത സ്നേഹം

ഡോ.വി.പി.ഗംഗാധരൻ

പതിഞ്ഞ ഒരു ചിരി. അത് തൊടുക്കുന്നത് മുഴക്കമുള്ള മറ്റൊരു ചിരി. ഇടവിട്ട് ചെറുതും വലുതുമായ ഓലപ്പടക്കങ്ങൾ കോർത്ത ഒരു കമ്പക്കെട്ടായി അത് മാറും മുമ്പേ അവരെന്നെ കണ്ടു. അഴികളില്ലാത്ത ജനൽപ്പഴുതിലൂടെ അവർ കായൽപ്പരപ്പിലേക്കു നോക്കി നില്ക്കുകയായിരുന്നു. അതിരു കാണാത്ത കായലിന്റെ നെഞ്ചത്ത് വെയിൽക്കൈയിന്റെ ചില്ലുകഷണങ്ങൾ തിളങ്ങുന്നു. തീ പടർന്നു തുടങ്ങിയ ചിരിയുടെ നിലയമിട്ടുകളിലേക്കാണ് എന്റെ കാലൊച്ച കുത്തിയൊലിക്കുന്ന ഓരു വെള്ളം പോലെ ചെന്നുകയറിയത്. ചിരിയുടെ ഒരു പൊട്ടാസുപോലും പിന്നെ പൊട്ടിയില്ല. പകരം മത്താപ്പ് തെളിയും പോലെ രണ്ടുപേരും ചിരിച്ചു. ഖാദർ സായ്വിന്റെ ഇടംകൈ അപ്പോഴും ആമിനുമ്മയുടെ തോളിനെ ചുറ്റിക്കിടന്നു. ഒട്ടും

പദപരിചയം: *മത്താപ്പ്-പൂത്തിരി*

പ്രതീക്ഷിക്കാത്ത ഒരിടത്ത് രണ്ടുപേരെ കണ്ടപ്പോൾ ഞാൻ തെല്ലിട അമ്പരന്നു നിന്നു. ആൾക്കാരെ തിരിച്ചറിഞ്ഞപ്പോൾ ഞാൻ ചിരിച്ചു.

"ആശുപത്രീടെ പണിയൊക്കെ ശരിക്ക് നടക്കണ്ടോന്ന് നോക്കാൻ വന്നതായിരിക്കും രണ്ടാളും".

ആമിനുമ്മ പെട്ടെന്ന് ഖാദർ സായ്വിന്റെ കൈയെടുത്തു മാറ്റി സ്വല്പം നീങ്ങിനിന്നു. ആമിനുമ്മയുടെ മുഖം വിളറി നില്ക്കുന്നു. അവരുടെ സ്വകാര്യതയിലേക്ക് അറിയാതെയാണെങ്കിലും കടന്നു കയറേണ്ടിവന്നതിൽ എനിക്ക് കുറ്റബോധം തോന്നി. ഖാദർസായ്വ് മുഴക്കമുള്ള സ്വരത്തിൽ പിന്നെയും ചിരിച്ചു.

"അതൊന്നല്ല ഡോക്ടറേ, ഞാനിവൾക്ക് ഈ കായലൊക്കെ ഒന്നു കാണിച്ചു കൊടുക്കാർന്ന്. ആ മലമൂട്ടിനപ്പുറം പൊറംലോകം കണ്ടിട്ടില്ലാല്ലോ. സൂക്കേട് വന്നതോണ്ട് അങ്ങനെ ഒരു ഗുണണ്ടായി".

ആശുപത്രിയുടെ ആ ഭാഗത്ത് പണി പൂർത്തിയായി വരുന്നതേയുള്ളൂ. പുതിയ ബ്ലോക്കുകളുടെ പണി വേഗത്തിൽ നടക്കുന്നു. അതിനെക്കാൾ വേഗത്തിൽ രോഗികളുടെ പുതിയകൂട്ടം വന്നു നിറയുന്നു. കൊമ്പും ചില്ലകളും ആകാശം തുളയ്ക്കുന്ന ഒരു പെരുമരമായി ആശുപത്രി വളരുന്നു.

ഒന്നാം നിലയിൽനിന്ന് എന്റെ ഒ. പി. ഈ നിലയിലേക്ക് മാറ്റിയിട്ട് അധികം കാലമായിട്ടില്ല. നിന്നു തിരിയാൻ ഇടമില്ലാത്തിടത്തു നിന്ന് വിശാലമായ മുറിയിലേക്കുള്ള മാറ്റം. ഒ.പി.യോട് ചേർന്നുതന്നെ കീമോതെറാപ്പി ഡേകെയർവാർഡും ഒരുക്കിയിരിക്കുന്നു. പണി നടക്കുന്ന ഈ ഇടനാഴിയിലൂടെ സാധാരണ വരാറുള്ളതല്ല. റൗണ്ട്സ് കഴിഞ്ഞ് ഇറങ്ങിയപ്പോൾ കീമോവാർഡിലേക്ക് ഇതാണ് എളുപ്പമെന്നു തോന്നി. പ്രായം തോല്പിക്കാത്ത പ്രണയം പണിതീരാത്ത ജനലരികിൽ ചിരിയു തിർത്തു നില്ക്കുന്നുവെന്ന് ഒരിക്കലും പ്രതീക്ഷിച്ചില്ല.

ആമിനുമ്മയുടെ കാതുകളുടെ അതിരു കാക്കുന്ന അലുക്കുത്തുകൾ ഇളക്കാനെന്നപോലെ കായലിൽനിന്ന് കാറ്റ് വീശി. മണ്ണും പൊടിഞ്ഞ ഇഷ്ടികകളും കുമിഞ്ഞുകിടക്കുന്ന നിലത്ത് ആമിനുമ്മ കാലുകൾ ഉറയ്ക്കാത്തതുപോലെ നാണിച്ചുനില്ക്കുന്നു. പച്ച കാച്ചിമുണ്ടിന്റെ അറ്റം കാറ്റിന്റെ കൈകൾക്ക് വിട്ടുകൊടുക്കാതെ ഒതുക്കിപ്പിടിച്ച്.

"ഡോക്ടറ് മുറീല് കേറാൻ പോവാണോ?"

"അതെ. ഒ.പി. തുടങ്ങാൻ ഇപ്പോത്തന്നെ വൈകി. എത്രയാ നമ്പറ്?"

തലയിലെ വട്ടക്കെട്ട് ഒന്നൂകൂടെ അമർത്തിവെച്ച് ഖാദർസായ്വ് സിമന്റ് അടർന്ന ചുമരിൽ ചാരിനിന്നു.

"ഞങ്ങടെ നമ്പറൊന്നും നോക്കണ്ട ഡോക്ടറേ. ഞങ്ങൾക്ക് പോവാൻ തെരക്കൊന്നൂല്ല. എല്ലാരേം നോക്കിത്തീരാറാവുമ്പളയ്ക്കും ഞങ്ങളങ്ങടെത്താം. ഡോക്ടറ് നടന്നോ. തെരക്കള്ളോരെയൊക്കെ

നേരത്തേ വിടീൻ. ഞങ്ങക്കിനീം കൊറേ സ്ഥലത്ത് പോവാനുണ്ട്".

ഖാദർ സായ്‌വും ആമിനുമ്മയും വീണ്ടും കായലിലെ കാഴ്ചകളിലേക്ക് മുങ്ങുന്നു. ഖാദർ സായ്‌വ് ഒരു രഹസ്യംപോലെ പറഞ്ഞ തമാശയിൽ ആമിനുമ്മയുടെ അലുക്കുത്തുകൾ കുണുങ്ങിച്ചിരിക്കുന്നു. ഞാൻ നടന്നു. വെളിച്ചംനിറഞ്ഞ വരാന്തയിലെ ഇരുൾമൂടിയ മുഖങ്ങളുടെ ഇടയിലേക്ക്.

കീമോതെറാപ്പി വാർഡിലെ ജോലിയും തീർത്ത് മുറിയിൽ ചെന്നിരുന്നപ്പോഴും എന്റെ മനസ്സിൽ അതുതന്നെ നിറഞ്ഞുനിന്നു. തോളോടുതോളൊട്ടി നിന്ന് കോർത്തുപിടിച്ച കൈവിരലുകളോടെ വാർധക്യത്തിൽ നിന്ന് തിരിച്ചു നടക്കുന്ന മുഖങ്ങൾ.

ഒരു കൊല്ലം മുമ്പാണ് ആമിനുമ്മ എന്റെയടുത്ത് എത്തുന്നത്. ഓവറിയിലായിരുന്നു രോഗം . വീർത്തുന്തിയ വയറ്റിനുള്ളിൽ അർബുദത്തിന്റെ കോശങ്ങൾ സൃഷ്ടിച്ച വെള്ളം കെട്ടിക്കിടക്കുന്നു. അവരുടെ അടഞ്ഞ കണ്ണുകളിൽ നിന്ന് ഒഴുകിയിറങ്ങുന്ന കണ്ണീര് ഞാൻ കണ്ടു. മുഖത്തേക്ക് വീണുകിടക്കുന്ന തട്ടത്തിന്റെ അറ്റത്ത് നനവിന്റെ സിരകളോടുന്നു.

ആമിനുമ്മയെ പരിശോധിച്ചു കഴിഞ്ഞപ്പോൾ നെഞ്ചിലെവിടെയോ ഒരു മഞ്ഞുകട്ടയുടെ ഭാരവും ശൈത്യവും ഞാനറിഞ്ഞു. ഏറെയൊന്നും പ്രതീക്ഷിക്കാനില്ലാത്ത അവസ്ഥ. രോഗത്തിന്റെ കരുത്തും പ്രായത്തിന്റെ തളർച്ചയും ഒന്നിച്ചുനിന്ന് എന്നെ നോക്കി പരിഹസിക്കുന്നു.

ആറും ഏഴും മടക്കുകളുള്ള കടലാസ്സുകഷണങ്ങൾ ഖാദർ സായ്‌വ് എന്റെ മുന്നിൽ നിരത്തിവെച്ചു.

"ഇതൊക്കെ ഇവിടെ കൊണ്ടന്ന് കാണിക്കണംന്ന് പറഞ്ഞാർന്നു മുമ്പെ കണ്ട ഡോക്ടർമാര്". അടുത്ത വരിയായി നടുവൊടിഞ്ഞുകിടക്കുന്ന കടലാസ്സുതുണ്ടുകളിലേക്ക് ഞാൻ നോക്കിയില്ല. അവർക്ക് എന്നോടൊന്നും പറയാനില്ല.

ഇരിക്കാൻ പറഞ്ഞിട്ടും ഇരിക്കാതെ ഖാദർ സായ്‌വ് എന്നെത്തന്നെ നോക്കിനില്ക്കുന്നു.

"ശരിക്കും എന്താ സൂക്കേടെന്ന് ഇവിടന്നാണ് തീരുമാനിക്കണ്ടേന്ന് പറഞ്ഞു".

ഞാൻ പതുക്കെ മുഖമുയർത്തി.

"ഒരു ടെസ്റ്റ് കൂടെ ചെയ്യാനുണ്ട്. രണ്ടൂസം കഴിഞ്ഞിട്ടേ റിസൽട്ട് കിട്ടുള്ളൂ. എന്തായാലും അഡ്മിറ്റാവണം".

"ഉവ്വ്. അതിന് കരുതീട്ടന്ന്യാണ് വന്നിരിക്കണെ. മോൻ വന്നണ്ട് കൂടെ. അവൻ നിന്നോളും ഇവിടെ. പരിശോധനേടെ കാര്യം അറിയണൂസത്തേക്ക് ഞാൻ വരാം".

ഖാദർ സായ്‌വ് അന്നു തന്നെ തിരിച്ചുപോയി.

കൂടുതൽ പരിശോധനകൾ ഇല്ലാതെതന്നെ രോഗം ഇപ്പോഴേ ഉറപ്പിക്കാം. എങ്കിലും കീമോതെറാപ്പി തുടങ്ങുംമുമ്പേ ബയോപ്സി ചെയ്യാതെ വയ്യ. വേറെ ഏത് പരിശോധനയും രോഗം ആവർത്തിച്ചുറപ്പിച്ചാലും ബയോപ്സിയുടെ ഫലമറിയാതെ ഒരു രോഗിക്കും കാൻസറിനെതിരെയുള്ള മരുന്നുകൾ കൊടുക്കാൻ പറ്റില്ല.

ആമിനുമ്മയുടെ വയറ്റിൽ കെട്ടിക്കിടക്കുന്ന ഫ്ളൂയിഡിൽനിന്ന് സ്വല്പം

ഓവറി-അണ്ഡാശയം

ബയോപ്സിക്കുവേണ്ടി എടുത്തു. ഫലം വന്നപ്പോൾ പ്രതീക്ഷിച്ചതു തന്നെ. വളരെയധികം മൂർച്ഛിച്ച ഓവേറിയൻ കാൻസർ.

അന്ന് ഒ.പി നടക്കുന്നതിനിടയിലാണ് ബയോപ്സിയുടെ റിസൽറ്റ് എന്റെ കൈയിൽ കിട്ടുന്നത്. റിസൽറ്റ് വേഗത്തിൽ ഓടിച്ചുനോക്കി ഫയലിനുള്ളിലേക്ക് വെച്ചു. ഒ.പി.തീരാൻ പിന്നെയും ഏറെ സമയമെടുത്തു. അവസാനത്തെ ഫയലും മടക്കി ഞാൻ എണീറ്റപ്പോഴാണ് വാതിലിൽ വളരെ പതുക്കെ ഒരു മുട്ടുകേട്ടത്. ഫയലുകൾ അടുക്കിപ്പെറുക്കിയിരുന്ന നഴ്സുമാർ തിരിഞ്ഞുനോക്കും മുമ്പെ ഞാൻ ചെന്ന് വാതിൽ തുറന്നു. ഖാദർ സായ്വ് വാതില്ക്കൽ തന്നെ നില്ക്കുന്നു.

"ഇന്ന് അറിയാന്നല്ലേ ഡോക്ടർ പറഞ്ഞത്. കൊഴപ്പൊന്നും ഇല്ലല്ലോ' അല്ലേ?"

കേൾക്കാൻ ആഗ്രഹിക്കുന്ന മറുപടിയുടെ സൂചനകളാണ് ഖാദർസായ്വ് ചോദ്യത്തിൽ കോർത്തിട്ടിരിക്കുന്നത്.

ഞാൻ വരാന്തയിലേക്ക് ഇറങ്ങിനിന്നു. ഒഴിഞ്ഞുകിടക്കുന്ന കസേരകളുടെ നീണ്ടനിര അസ്വസ്ഥമായ ഒരു കാഴ്ചപോലെ എനിക്ക് തോന്നി. വരാന്തയിൽ വിളക്കുകൾ അണയാൻ തുടങ്ങിയിരിക്കുന്നു. കുറച്ചുമുമ്പുവരെ ജീവനുള്ള വലിയൊരു ദേഹംപോലെ തോന്നിച്ച വരാന്ത ആരോ വലിച്ചെറിഞ്ഞ ഒരു ശവത്തുണിപോലെ ചലനമറ്റുകിടക്കുന്നു. നഴ്സുമാർ പോകാൻ തയാറായി നില്ക്കുകയാണ്. രാത്രിയുടെ മാറാപ്പിലേക്ക് ഒരു ദിവസംകൂടി ഒടുങ്ങുന്നു. ഞാൻ ഖാദർ സായ്വിനെ നോക്കി. ചുണ്ടുകളിൽ ഒരു പ്രാർഥനയുടെ വിതുമ്പലുണ്ട്. ഖാദർ സായ്വിന്റെ വലംകൈയിൽ ഞാൻ പതുക്കെ പിടിച്ചു.

"കാൻസറാണെന്ന് തന്നെയാണ് ...."

എനിക്ക് പറഞ്ഞു മുഴുമിപ്പിക്കാനാവും മുമ്പേ ഖാദർ സായ്വ് എന്റെ തോളിൽ അമർത്തിപ്പിടിച്ചു. പ്രാർഥന മിടിച്ചുനിന്ന ചുണ്ടുകൾ പൊടുന്നനേ നിശ്ചലമായി. കൃഷ്ണമണികൾ മറഞ്ഞുപോയ കണ്ണുകളിലെ പേടിപ്പിക്കുന്ന വെളുപ്പ് എന്നെ തുറിച്ചുനോക്കി. എന്റെ തോളിലിരുന്ന കൈകൾ നെഞ്ചിലൂടെ ഉരസിയിറങ്ങി.

"അമ്പത്തഞ്ച് ... അമ്പത്തഞ്ച് ..".

നീട്ടിവലിക്കുന്ന ശ്വാസത്തിനിടയിലും അടഞ്ഞ തൊണ്ടയിൽനിന്ന് അതുമാത്രം ഞാൻ അവ്യക്തമായി കേട്ടു. കരുത്തില്ലാത്ത ഒരു രോദനം ഒടുങ്ങുംപോലെ ഖാദർ സായ്വ് എന്റെ കാല്ക്കൽ കുഴഞ്ഞുവീണു. ഞാൻ പെട്ടെന്ന് കുനിഞ്ഞിരുന്ന് ഖാദർ സായ്വിനെ താങ്ങിയെടുത്തു. വിറയ്ക്കുന്ന ചുണ്ടുകൾ അപ്പോഴും എന്തോ പറയാൻ ശ്രമിക്കുന്നു. ഇല്ലിക്കൂട്ടിൽ കാറ്റുപിടിക്കുന്നതുപോലുള്ള ശബ്ദംമാത്രം ഓർമ്മിപ്പിക്കുന്ന ജീവനോടെ ഖാദർ സായ്വ് എന്റെ കൈത്തണ്ടയിൽ അനക്കമറ്റു കിടന്നു.

നഴ്സുമാർ സ്ട്രെച്ചറുമായി ഓടിവന്നു. ഖാദർ സായ്വിനെ പെട്ടെന്നു തന്നെ കാഷ്വാലിറ്റിയിലേക്ക് കൊണ്ടുപോയി. പരിശോധിച്ചപ്പോൾ ഞാൻ ദു:ഖത്തോടെ അറിഞ്ഞു. കനത്ത ഹൃദയാഘാതം. ഉടൻ ഇന്റൻസീവ് കെയർ യൂണിറ്റിലേക്ക് മാറ്റി.

മറഞ്ഞുപോയ ബോധത്തിലും എന്തോ പറയാൻ ശ്രമിക്കുന്ന ഖാദർ സായ്വിന്റെ അടുത്ത് ഞാൻ നിന്നു. കാർഡിയോ

കീമോതെറാപ്പി-രാസിക രീതിയിലുള്ള ക്യാൻസർചികിത്സ, ബയോപ്സി-ശരീരത്തിലെ കലകളോ ദ്രാവകമോ എടുത്തുള്ള രോഗപരിശോധന, ഫ്ലൂയിഡ്-ദ്രാവകം

ളജിസ്റ്റ് പരിശോധിക്കുകയായിരുന്നു. പുറത്തേക്കിറങ്ങിയ കാർഡിയോളജിസ്റ്റിന്റെ കൂടെ ഞാൻ മെല്ലെ നടന്നു.

"വളരെ സീരിയസ്സാണ്. ഈ പേഷ്യന്റിന്റെ വൈഫ് ഇവിടെ അഡ്മിറ്റഡാണെന്നു കേട്ടു. അവർക്ക് എങ്ങനെയുണ്ട്".

ഞാൻ ഒന്നും പറയാതെ ഡോക്ടറെ വെറുതെ നോക്കി. എന്റെ നോട്ടത്തിലെ മറുപടി കേട്ടിട്ടാകാം അദ്ദേഹം വേഗത്തിൽ നടന്നുപോയി. വെളിച്ചം കുറഞ്ഞ ഇടനാഴിയിൽ ഞാൻ ഒറ്റപ്പെട്ടുനിന്നു. ജീവിതങ്ങൾ ഒടുങ്ങുന്ന വഴിയുടെ അറ്റത്തെന്നപോലെ.

ഖാദർസായ് വ് ആറു ദിവസം ഐ.സി.യുവിൽ ബോധമില്ലാതെ കിടന്നു. ഏതു നിമിഷവും കൈവിട്ടുപോകാവുന്ന പ്രാണനെ കുഴലുകൾക്കും യന്ത്രങ്ങൾക്കും വിട്ടുകൊടുത്ത്.

ആമിനുമ്മയ്ക്ക് കീമോതെറാപ്പി തുടങ്ങിയിരുന്നു. എല്ലാദിവസവും മുറിയിൽ ചെല്ലുമ്പോൾ ആമിനുമ്മ പറയും.

"എനിക്കിപ്പോ ഇത്തിരി സുഗൊക്കെ തോന്നണ്ണ്ട് ഡോക്ടറേ. രണ്ടൂസം കഴിഞ്ഞിട്ട് വരാന്ന് പറഞ്ഞുപോയ ആളേ കാണാത്തേല്ള്ള ബേജാറേള്ളൂപ്പോ. ഡോക്ടറെ കാണാൻ വരേ വല്ലതും ണ്ടായോ".

ഞാൻ ഒന്നും മിണ്ടാതെ ആമിനുമ്മയുടെ മകനെ ഒന്നു പാളിനോക്കും. ആരുടെയും നോട്ടം നേരിടാനാവാതെ അയാൾ തലകുനിച്ചുനിന്നു.

ആമിനുമ്മയുടെ മുറിയിൽനിന്ന് ഇറങ്ങിയ ഉടനെ ഞാൻ എല്ലാ ദിവസവും ഐ.സി.യുവിൽ ചെല്ലും. പറയാനെന്തോ ബാക്കിവെച്ച ഓർമ്മ ഖാദർ സായ്വിന്റെ ചുണ്ടുകളിൽ അപ്പോഴും തുടിക്കുന്നുണ്ട്.

ഏഴാമത്തെദിവസം ഞാൻ ഐ.സി.യു വിലേക്ക് കടക്കും മുമ്പേ നഴ്സുമാർ സന്തോഷത്തോടെ ഓടി വന്നു.

"ഖാദർ സായ്വിന് ബോധം വന്നു. ഡോക്ടറെ അന്വേഷിച്ചു. ഞങ്ങളങ്ങോട്ട് വിളിക്കാൻ നിക്കായിരുന്നു".

ഞാൻ വേഗത്തിൽ ചെന്നു. എന്നെ കണ്ടപ്പോൾ ഏറെക്കാലമായി കാത്തിരുന്ന ഒരാളെ കണ്ടതുപോലെ ഖാദർ സായ്വ് ചിരിച്ചു. എന്റെ കൈപിടിച്ച് നെഞ്ചിൽ വെച്ചു.

"അമ്പത്തഞ്ച്കൊല്ലായി ഡോക്ടർ ഞങ്ങള് ഒന്നിച്ചു ജീവിക്കാൻ തൊടങ്ങീട്ട്. അവളില്ലാണ്ടെ ഇനിയൊരു ജീവിതല്യ. പോവ്വാണെങ്കില് രണ്ട് പേരും ഒന്നിച്ചേള്ളൂ.

ബോധത്തിന്റെ ഒരറ്റത്തുവച്ച് നഷ്ടപ്പെട്ടതായിരുന്നു ആ വാക്കുകൾ. മറുകര തുഴഞ്ഞെത്തിയപ്പോഴും അത് കൈ മോശം വരാതെ കാക്കാൻ കഴിഞ്ഞതിന്റെ ആശ്വാസമായിരുന്നു ഖാദർ സായ്വിന്റെ മുഖത്ത്.

കൃഷ്ണമണികൾ തിരിച്ചുവന്ന ഖാദർസായ്വിന്റെ കണ്ണുകളിൽ നോക്കി ഞാൻ ചിരിച്ചു.

"ഒന്നും ഓർക്കണ്ട. സൂക്കേടൊക്കെ മാറി വീട്ടില് പോണത് മാത്രം ഓർത്താ മതി".

"ഞാനിവിടെ ഇങ്ങനെ കെടക്കാന്ന് അവള് അറിയണ്ട ഡോക്ടർ".

"പറഞ്ഞിട്ടില്ല. മോന് മാത്രേ അറിയൂ".

"അതു മതി. അതുമതി."

നെഞ്ചിലിരിക്കുന്ന എന്റെ കൈ ഖാദർ സായ്വ് ഒരിക്കൽകൂടി അമർത്തി. എന്റെ ഉള്ളംകൈയിൽ തുടിക്കുന്ന പ്രാണന്റെഭാഷ എനിക്ക് മനസ്സിലായി.

കുറച്ചു ദിവസം കൂടി ഖാദർ സായ്വ് ഐ.സി.യുവിൽ കിടന്നു. മുറിയിലേക്കു മാറ്റിയപ്പോൾ കാർഡിയോളജിസ്റ്റ് പറഞ്ഞു.

ട്രെമൻഡസ് റിക്കവറി - അത്ഭുതകരമായ രോഗവിമുക്തി

''ഇനി പേടിക്കാനൊന്നുമില്ല. ട്രെമൻഡസ് റിക്കവറി".

പിറ്റേ ദിവസം ആമിനുമ്മയുടെ മുറിയിലേക്കു ചെന്ന് ഞാൻ വാതിക്കൽ തന്നെ നിന്നു. "ഞാൻ ഒരാളെ പിടിച്ചോണ്ടു വന്നിട്ടുണ്ട്".

എന്റെ പുറകിൽ നിന്ന് മുറിയിലേക്ക് കടന്ന ഖാദർ സായ്വിനെ കണ്ട് ആമിനുമ്മ പെട്ടെന്ന് പൊട്ടിക്കരഞ്ഞു.

"എന്നെ ഇവിടെ കൊണ്ടാക്കീട്ട് ഇത്രേം ദിവസം ഒന്നു തിരിഞ്ഞു നോക്കീല്ലല്ലോ".

ആമിനുമ്മ തേങ്ങിത്തേങ്ങി കരഞ്ഞു.

ഖാദർ സായ്വ് ചിരിച്ചുകൊണ്ട് ആമിനുമ്മയുടെ അടുത്തിരുന്നു.

"നെനക്ക് പ്രത്യേകിച്ച് സൂക്കേടൊന്നും ഇല്ലാന്ന് ഡോക്ടറ് പറഞ്ഞതോണ്ടല്ലേ ഞാൻ വേറൊരു ആവശ്യത്തിന് പോയത്".

ആമിനുമ്മ ഖാദർസായ്വിന്റെ തോളിലേക്ക് ചാഞ്ഞു. സങ്കടങ്ങളൊക്കെ ഇറക്കിവെക്കുംപോലെ. ഖാദർസായ്വ് അവരുടെ പുറത്ത് ഇടറുന്നവിരലുകൾ കൊണ്ട് പതുക്കെ തലോടി.

ആ സാന്ത്വനമാവാം ആമിനുമ്മയെ ജീവിതത്തിലേക്ക് കൈപിടിച്ചു നടത്തിയത്. എന്റെ നേർത്ത പ്രതീക്ഷകൾ സത്യമായി. അവസാനത്തെ കീമോതെറാപ്പിയും കഴിഞ്ഞുപോകുമ്പോൾ ഖാദർ സായ്വ് പറഞ്ഞു .

"എല്ലാവർക്കും ആശുപത്രീലിക്ക് വരണത് ഓർക്കുമ്പളാ സങ്കടം. ഞങ്ങക്ക് ഇവിട്ന്ന് പോണത് ഓർക്കുമ്പളാ വെഷമം".

ആമിനുമ്മയുടെ ഊഴം എപ്പോഴോ കഴിഞ്ഞുപോയി. നഴ്സ് ഒന്നുരണ്ട് പ്രാവശ്യം പുറത്തുപോയി അവരുടെ പേര് ഉറക്കെവിളിച്ചു. നഴ്സ് തിരിച്ചു വന്ന് ഫയലെടുത്ത് മാറ്റിവെച്ചു.

"ആമിനുമ്മ വന്നിട്ടില്ലാന്ന് തോന്നുണു".

ഞാൻ നഴ്സിന്റെ കൈയിൽനിന്ന് ഫയൽ വാങ്ങി മേശപ്പുറത്തു തന്നെ വെച്ചു.

ആള് വന്നിട്ടുണ്ട്. ഞാൻ കണ്ടതാണ്. എപ്പോഴെങ്കിലും എത്തിക്കോളും".

അവസാനത്തെ ആളും പോയതിനുശേഷമാണ് ഖാദർ സായ്വും ആമിനുമ്മയും വന്നത്.

''ഞങ്ങള് കാലത്ത് നേരത്തേ എത്തീതാണ് ഡോക്ടറേ. എല്ലാടത്തും പോയി. പള്ളീലും അമ്പലത്തിലും ഒക്കെ പോയി പ്രാർഥിച്ചു. ആശുപത്രിക്കകത്ത് പള്ളീം അമ്പലോം ഒക്കെ ഉണ്ടാക്കീത് എതായാലും നന്നായി. പിന്നെ വാർഡുകളില് പോയി. സിസ്റ്റർമാരെ കണ്ട് വിശേഷം പറഞ്ഞു. പരിചയക്കാര് നെരവധീണ്ടല്ലോ ഇവിടെ".

ഞാൻ കസേരയിലേക്ക് ചാഞ്ഞിരുന്ന് നേർത്ത ചിരിയോടെ എല്ലാം കേട്ടു. സ്വന്തം തറവാട്ടിലേക്ക് തിരിച്ചെത്തിയ ഭാവമാണ് രണ്ടുപേരുടെയും മുഖത്ത്. പ്രായമുള്ള രണ്ട് ചെറുപ്പക്കാർ എന്റെ മുന്നിൽ ചുറുചുറുക്കോടെ ഇരിക്കുന്നു.

"ഒരു സംശയംണ്ടാർന്നു ഡോക്ടറേ. ഈ എല്ലാ മാസോംള്ള ചെക്കപ്പ് ഇനി കൊറെ കഴിഞ്ഞാ വല്ലപ്പഴും ഒക്കെ ആയിരിക്കുംന്ന് കേട്ടു. ശര്യാണോ?"

"കുറച്ചുകൂടെ കഴിഞ്ഞിട്ട്. പിന്നെ എല്ലാ മാസവും ചെക്കപ്പ് വേണംന്നില്ല".

ഖാദർ സായ്വ് ഒന്ന് മുന്നോട്ടാഞ്ഞിരുന്നു.

''അത് പറ്റില്ല ഡോക്ടറേ,

ഞങ്ങൾക്ക് എല്ലാ മാസോം ഇവിടെ വരണം".

ചിരിച്ചുകൊണ്ട് സംസാരിക്കാനാരംഭിച്ച ഖാദർ സായ്വിന്റെ കണ്ണുകൾ പെട്ടെന്ന് നിറഞ്ഞു. ഇടംകൈകൊണ്ട് ആമിനുമ്മയെ ചേർത്തുപിടിച്ചു.

"ഞങ്ങടെ ജീവിതം തിരിച്ചുകിട്ടിയത് ഇവിടന്നാണ് ഡോക്ടർ. മറക്കാൻ പറ്റില്ല. ഇവിടെ നിക്കുമ്പോ കിട്ടണ സന്തോഷം വേറെവിടേം ഞങ്ങക്ക് കിട്ടില്ല".

ആമിനുമ്മയും അപ്പോൾ നാണംമറന്ന് ഖാദർ സായ്വിന്റെ നെഞ്ചിലേക്ക് ചേർന്നിരുന്നു. കണ്ണീരുനിറഞ്ഞ നാലു കണ്ണുകൾ സ്ഫടികംപോലെ തിളങ്ങുന്നു.

ഞാൻ ഖാദർസായ്വിനെയും ആമിനുമ്മയെയും നോക്കി. കാലത്തെയും തോല്പിക്കാനുള്ള കെല്പ് ഒന്നിന് മാത്രമേയുള്ളൂ.

അതിരുകളില്ലാത്ത സ്നേഹത്തിന്.

– ജീവിതമെന്ന അത്ഭുതം

അവധാരണചോദ്യങ്ങൾ

1. എന്തെല്ലാമാണ് തന്നെ നോക്കി പരിഹസിക്കുന്നതായി ഡോക്ടർക്ക് തോന്നിയത്?
2. ഖാദർ സായ്വ് കേൾക്കാനാഗ്രഹിച്ച മറുപടിയെന്ത്?
3. അമ്പത്തിയഞ്ചിന് ഖാദർ സായ്വിന്റെ ജീവിതത്തിലുള്ള പ്രാധാന്യമെന്ത്?
4. എല്ലാമാസവും ആശുപത്രിയിൽ വരാൻ ഖാദർ സായ്വും ആമിനുമ്മയും ആഗ്രഹിക്കുന്നതെന്തുകൊണ്ട്?
5. സൂക്കേട് വന്നതുകൊണ്ട് ആമിനുമ്മയ്ക്കുണ്ടായ ഗുണമെന്ത്?

അവധാരണചോദ്യങ്ങളുടെ ഉത്തരസൂചിക

1. ആമിനുമ്മയിലെ രോഗത്തിന്റെ കരുത്തും പ്രായത്തിന്റെ തളർച്ചയും.

2. ആമിനുമ്മയ്ക്ക് കുഴപ്പമൊന്നുമില്ല

3. അവരുടെ ദാമ്പത്യം തുടങ്ങിയിട്ട് അമ്പത്തിയഞ്ച് വർഷമായി.

4. നഷ്ടപ്പെട്ടുപോകുമെന്ന് കരുതിയിരുന്ന ജീവിതം തിരിച്ചുകിട്ടിയതവിടെനിന്നാണ്. അവിടെ നില്ക്കുമ്പോൾ കിട്ടുന്ന സന്തോഷം വേറെവിടെയും കിട്ടില്ല. അതുകൊണ്ട് ആ സ്ഥലം അവർക്ക് മറക്കാനാവില്ല.

5. താമസിച്ചിരുന്ന മലമൂടിനപ്പുറം പുറംലോകം കണ്ടിട്ടില്ലാത്ത സ്ത്രീയായിരുന്നു ആമിനുമ്മ. പുറംലോകം കാണാനും നിരവധി പേരെ പരിചയപ്പെടാനും സാധിച്ചത് രോഗം വന്നതുമൂലമാണ്.

പഠനപ്രവർത്തനം

കാൻസർ ചികിത്സാരംഗത്തെ വിദഗ്ധനാണ് ഡോ.വി.പി.ഗംഗാധരൻ. രോഗിയെയും രോഗത്തെയും വെറുമൊരു ഡോക്ടറുടെ തലത്തിൽ നിന്നുമാത്രം കാണുന്ന വ്യക്തിയല്ല അദ്ദേഹം. രോഗിക്ക് ആശ്വാസവും ആശ്രയവും പ്രചോദനവുമാകുന്ന പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ധാരാളമായി ഉണ്ടാകുന്നു. തന്റെ സേവനകാലത്തിലെ ചില മുന്തിയ അനുഭവങ്ങളാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കഥാകാരനായ കെ. എസ്. അനിയൻ ആ അനുഭവങ്ങളെ പകർത്തിയതാണ് 'ജീവിതമെന്ന അത്ഭുതം'. പരസ്പരം ഊന്നുവടികളാകുന്ന ഭാര്യയും ഭർത്താവും അവരുടെ കറയറ്റ സ്നേഹത്താൽ ജീവിതം തിരിച്ചുപിടിക്കുന്നതാണ് 'അതിരുകളില്ലാത്ത സ്നേഹ'ത്തിന്റെ ഉള്ളടക്കം.

ഭാരതീയരുടെ ദാമ്പത്യസങ്കല്പമാണ് അർധനാരീശ്വരനിൽ കാണുന്നത്. തന്റെ പാതിമെയ്യായി പങ്കാളിയെ പരിഗണിക്കുന്ന ചടങ്ങാണ് നമുക്ക് വിവാഹം. സംഘർഷരഹിതമായ ജീവിതത്തിന് കെട്ടുറപ്പുള്ള കുടുംബബന്ധങ്ങൾ അത്യാവശ്യമാണെന്ന് മനസ്സിലാക്കി സ്വന്തം ജീവിതത്തിൽ അത് പകർത്താൻ നമ്മുടെ നാട്ടിലേക്ക് വരുന്ന വിദേശികൾ ധാരാളമുണ്ട്. എന്നാൽ നമ്മുടെ കുടുംബബന്ധങ്ങൾക്ക് പഴയ കെട്ടുറപ്പ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. സ്വാർഥതാല്പര്യങ്ങൾ നേടിയെടുക്കുന്നതിനിടയിൽ കുടുംബബന്ധങ്ങൾക്ക് യാതൊരു പ്രാധാന്യവും നല്കാത്ത യുവതലമുറയാണ് വളർന്നുവരുന്നത്.

ഡോ.ഗംഗാധരന്റെ അടുത്ത് ചികിത്സക്കെത്തിയ വൃദ്ധദമ്പതികളാണ് ഖാദർ സായ്വും ആമിനുമ്മയും. രക്ഷപ്പെടാൻ സാധ്യത കുറഞ്ഞ ക്യാൻസർ രോഗിയായിരുന്നു ആമിനുമ്മ. ഭർത്താവ് ഖാദർ സായ്വ് ആകട്ടെ കനത്ത ഹൃദ്രോഗിയും. ഒരാൾക്ക് മറ്റൊരാളില്ലാതെ ജീവിക്കാനാവില്ല എന്ന തിരിച്ചറിവാണ് അവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നത്. പ്രായമോ രോഗമോ അവരുടെ സ്നേഹത്തിന് തടസ്സമായിരുന്നില്ല.

പങ്കാളിയുടെ രോഗം വിവാഹമോചനത്തിന് കാരണമായി കണ്ടെത്തുന്ന പുതിയ തലമുറയ്ക്ക് എന്താണ് യഥാർഥ ദാമ്പത്യമെന്ന് കാട്ടിത്തരുന്നു ഖാദർ സായ്വും ആമിനുമ്മയും. രോഗത്തിന്റെ കരുത്തും പ്രായത്തിന്റെ തളർച്ചയും ഒരുമിച്ചെതിർത്തപ്പോൾ അതിനെ തോല്പിക്കാനുള്ള ഉൾക്കരുത്ത് അവർ നേടിയെടുത്തത് കാലത്തെയും തോല്പിക്കാൻ കരുത്തുള്ള സ്നേഹത്തിലൂടെയാണ്.

രോഗിയെയും ചികിത്സയെയും വരുമാനത്തിനുള്ള മാർഗം മാത്രമായി കാണുന്നഒരു സമൂഹം നമുക്കിടയിലുണ്ട്. രോഗി തന്നെ ചികിത്സിക്കുന്ന ഡോക്ടറിൽ ദൈവത്തിന്റെ ആർദ്രതയും കരുണയുമാണ് പ്രതീക്ഷിക്കുന്നത്. ജീവിതമെന്ന അത്ഭുതത്തിന്റെ ആമുഖത്തിൽ ഡോക്ടർ ഗംഗാധരൻ ഇങ്ങനെ പറയുന്നു. "ചിരിച്ച മുഖങ്ങളല്ല ഞാൻ ഏറെയും കണ്ടത്. എന്നെ കാണാനെത്തുന്നവരുടെ തളർന്ന നെഞ്ചിലെ വിതുമ്പൽ ഞാൻ വ്യക്തമായി കേൾക്കാറുണ്ട്. എന്റെ തോളിലേക്ക് കുഴഞ്ഞുവീണ നിരവധി ജീവിതങ്ങൾ എന്റേതുതന്നെയായിരുന്നു. അതിൽ നിന്നു വേറിട്ട് എനിക്കൊരു നിലനില്പില്ലെന്ന് ഞാൻ അറിഞ്ഞു".

അപഗ്രഥനച്ചോദ്യങ്ങൾ

1. പ്രായം തോല്പിക്കാത്ത പ്രണയം ഖാദർ സായ്വിനെയും ആമിനുമ്മയെയും സഹായിച്ചതെങ്ങനെ? വിശദീകരിക്കുക
2. ഡോക്ടർക്ക് രോഗിയോടുള്ള മനോഭാവം എങ്ങനെയായിരിക്കണം? നിങ്ങളുടെ കാഴ്ചപ്പാട് വിശദീകരിക്കുക
3. അവിളില്ലാണ്ടെ ഇനിയൊരു ജിവിതല്യ. പോവ്വാണെങ്കില് രണ്ടുപേരും ഒന്നിച്ചേള്ളൂ. ഈ വാക്കുകളിൽ തെളിയുന്ന ദാമ്പത്യസങ്കല്പത്തെ വിശദീകരിച്ച് കുറിപ്പെഴുതുക

അപഗ്രഥനച്ചോദ്യങ്ങളുടെ ഉത്തരസൂചിക

1. * വൃദ്ധദമ്പതികളുടെ പരസ്പരസ്നേഹം
   * രോഗത്തെ തോല്പിക്കാനുള്ള ഇച്ഛാശക്തി
   * ജീവിതത്തെ തിരിച്ചുപിടിക്കാനുള്ള ശ്രമം.
   * പരസ്പര വിശ്വാസത്തിലാണ് ദാമ്പത്യത്തിന്റെ കെട്ടുറപ്പ്.
2. * ഡോക്ടർ രോഗിയുടെ മാനസികനില മനസ്സിലാക്കണം.
   * രോഗത്താൽ പീഡിതമായ മനസ്സിന് ആശ്വാസമേകണം.
   * ഡോക്ടറോട് കുടുംബാംഗത്തോടെന്നപോലെ രോഗാവസ്ഥയെക്കുറിച്ചും ബുദ്ധമുട്ടുകളെക്കുറിച്ചും പറയുവാനുള്ള സ്വാതന്ത്ര്യം രോഗിക്കുണ്ടാവണം.
   * രോഗിക്ക് ഡോക്ടർ ദൈവത്തിന്റെ പ്രതിരൂപമാണ്.
3. * ഭാര്യയും ഭർത്താവും തമ്മിലുള്ള ആത്മബന്ധം
   * ഭാര്യയില്ലാതെ തനിക്ക് നിലനില്പില്ലെന്ന ഭർത്താവിന്റെ ചിന്ത
   * വാർധക്യത്തിലും ജീവിതം ആസ്വദിക്കുന്ന മാനസികാവസ്ഥ
   * പ്രതിസന്ധികളിൽ തകരാത്ത ആത്മവിശ്വാസം.

വിലയിരുത്തൽ ചോദ്യങ്ങൾ

1. "കാലത്തെയും തോല്പിക്കാനുള്ള കെല്പ് ഒന്നിനുമാത്രമേയുള്ളു. അതിരുകളില്ലാത്ത സ്നേഹത്തിന്". പാഠസന്ദർഭവുമായി ബന്ധപ്പെടുത്തി നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക

2. **സഫലമീയാത്ര**

കാലമിനിയുമുരുളും വിഷുവരും
വർഷം വരും തിരുവോണം വരും
പിന്നെയോരോ തളിരിലും പൂവരും കായ് വരും
അപ്പോളാരെന്നുമെന്തെന്നുമാർക്കറിയാം
നമുക്കിപ്പോഴീ ആർദ്രയെ ശാന്തരായി
സൗമ്യരായി എതിരേല്ക്കാം
വരിക സഖീ അരികത്തുചേർന്നുനില്ക്കു
പഴയൊരു മന്ത്രം സ്മരിക്കാം
അന്യോന്യം ഊന്നുവടികളാകാം
ഹാ സഫലമീ യാത്ര
ഹാ സഫലമീ യാത്ര !!

– എൻ.എൻ.കക്കാട്

ഈ കവിത വിശകലനം ചെയ്ത് അത് നല്കുന്ന സന്ദേശം വിശദീകരിക്കുക?

3. 'അതിരുകളില്ലാത്ത സ്നേഹം' എന്ന തലക്കെട്ട് പാഠഭാഗത്തിന് എത്രത്തോളം യോജിക്കുന്നു? സ്വാഭിപ്രായം രേഖപ്പെടുത്തുക

വിലയിരുത്തൽച്ചോദ്യങ്ങളുടെ ഉത്തരസൂചിക

1. ◈ രക്ഷപ്പെടാൻ സാധ്യതകുറഞ്ഞ ക്യാൻസർ രോഗം, കനത്ത ഹൃദയാഘാതം, പ്രായത്തിന്റെ തളർച്ച, തിരിച്ചുപിടിച്ച ജീവിതം, സ്വന്തം കാഴ്ചപ്പാട്.
   - ◈ കടുത്ത ഹൃദ്രോഗത്തിൽനിന്നും ഖാദർ സായ്‌വിന്റെ അപ്രതീക്ഷിത രക്ഷപെടൽ.
   - ◈ മറ്റുള്ളവർക്ക് ധൈര്യംപകർന്ന് മാതൃകയാകുന്നവർ.
   - ◈ പ്രമുഖ ചലച്ചിത്രതാരമായ ഇന്നസെന്റും ഭാര്യയും രോഗത്തെ നേരിട്ട രീതിയും അവർ നേടിയവിജയവും
   - ◈ മരിക്കുമെന്ന് ഉറപ്പുണ്ടെങ്കിലും ചിരിച്ചുകൊണ്ട് മരിക്കുന്നതിനെക്കുറിച്ചുള്ള ചിന്ത.
   - ◈ ലഭിച്ചിട്ടുള്ള നന്മകളിൽ ആശ്വാസം കണ്ടെത്തുന്ന മാനസികാവസ്ഥ

2. ◈ രോഗാവസ്ഥയിലും ദമ്പതികളുടെ സ്നേഹവിശ്വാസങ്ങൾക്ക് ഉടവുതട്ടുന്നില്ല.
   - ◈ വാർധക്യത്തിലും ദാമ്പത്യജീവിതം ആസ്വദിക്കുന്നു.
   - ◈ രോഗാവസ്ഥയിലും ആസ്വദിക്കാൻ ചിലതുണ്ട്.
   - ◈ രോഗാവസ്ഥയിലും ഭൂതകാലം പ്രകാശംപരത്തുന്നു.
   - ◈ ഇന്നിന്റെ കയ്പിനെ ഓർമ്മയിലെ മധുരം കൊണ്ട് മറികടക്കുന്നു.
   - ◈ പ്രതീക്ഷാനിർഭരമായ ജീവിതം.

3. ◈ രോഗത്തിലും വാർധക്യത്തിലും പ്രണയത്താൽ ചെറുപ്പമാകുന്ന ദമ്പതികൾ
   - ◈ ആകാശം പോലെയോ അതിലും വിശാലമോ ആണ് സ്നേഹത്തിന്റെ ലോകം
   - ◈ സ്നേഹം എല്ലാത്തിനെയും സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നു.
   - ◈ ദമ്പതികൾ പ്രകടിപ്പിക്കുന്ന അതിരുകളില്ലാത്ത സ്നേഹം
   - ◈ അതിരുകളില്ലാത്ത സ്നേഹം എല്ലാപ്രതിസന്ധികളെയും അതിജീവിക്കുന്നുവെന്ന സന്ദേശം

തുടർപ്രവർത്തനങ്ങൾ

- കേരളം നേരിടുന്ന മഹാവിപത്തുകളിലൊന്നാണ് ക്യാൻസർ. നമ്മുടെ ജീവിതശൈലികളുമായി ഇതിനെന്തെങ്കിലും ബന്ധമുണ്ടോ? സ്വന്തം നിരീക്ഷണങ്ങൾകൂടി ഉൾപ്പെടുത്തി ഉപന്യസിക്കുക.
- ദുരിതങ്ങളിൽനിന്ന് ജീവിതംതിരിച്ചുപിടിച്ച ഒരുപാടുപേർ നമുക്കുചുറ്റുമുണ്ട്. അവർ നേരിട്ട പ്രതിസന്ധികൾ മനസ്സിലാക്കാൻ അവരിൽ ചിലരുമായി അഭിമുഖം നടത്തി അനുഭവക്കുറിപ്പ് തയാറാക്കുക.

വിപുലപഠനത്തിന്

- ജീവിതക്കാഴ്ചകൾ,
- കാൻസറിനെ പേടിക്കേണ്ട – ഡോ.വി.പി.ഗംഗാധരൻ
- ജീവിതമെന്ന അത്ഭുതം – ഡോ.വി.പി.ഗംഗാധരൻ (എഡി: കെ.എസ്.അനിയൻ)
- ക്യാൻസർവാർഡിലെ ചിരി – ഇന്നസെന്റ്
- സഫലമീ യാത്ര – എൻ.എൻ.കക്കാട്
- ഊഞ്ഞാലിൽ – വൈലോപ്പള്ളി ശ്രീധരമേനോൻ

ഗ്രന്ഥകാര പരിചയം

ഡോ.വി.പി.ഗംഗാധരൻ

ലോകപ്രശസ്തനായ കാൻസർ ചികിത്സകൻ. ഇരിങ്ങാലക്കുടയിൽ 1954ൽ ജനിച്ചു. റേഡിയേഷൻ തെറാപ്പിയിലും ജനറൽ മെഡിസിനിലും എം.ഡി. നേടി. മെഡിക്കൽ ഓങ്കോളജിയിൽ ഡി.എം കരസ്ഥമാക്കി. വാഷിങ്ടൺഡി.സിയിലെ ജോർജ് ടൗൺ യൂണിവേഴ്സിറ്റിയിൽനിന്ന് നാഷണൽ കാൻസർഇൻസ്റ്റിറ്റ്യൂട്ട് ഫെല്ലോഷിപ്പ്, ലണ്ടനിലെ റോയൽമാഴ്സ്ഡൺ ഹോസ്പിറ്റലിൽനിന്ന് ലോകാരോഗ്യസംഘടനയുടെ ഫെല്ലോഷിപ്പ് ഇവനേടി. ദോഹ-ബഷീർ അവാർഡ്, പീപ്പിൾ ഡോക്ടേഴ്സ് അവാർഡ്, ബഷീർ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

കെ.എസ്.അനിയൻ

നോവലിസ്റ്റ്, ചെറുകഥാകൃത്ത്. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. കൊച്ചിയിലെ എസ്.പി.എം. ക്ലിനിക്സിന്റെയും അമ്മ സ്കാൻസിന്റെയും ഇൻസ്റ്റാ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെയും എക്സിക്യൂട്ടീവ് ഡയറക്ടർ. പ്രധാനകൃതികൾ: അതിരറുതി, കൽവൈശാഖി (നോവലുകൾ) പാവക്കണ്ണുകൾ, കയ്യൊപ്പില്ലാത്തവർ (കഥാസമാഹാരങ്ങൾ)

3

ജീവന്റെ വഴി

ടി.പത്മനാഭൻ

ഒരു വൈകുന്നേരമാണ് മുരിങ്ങ പൊട്ടിവീണത്. അപ്പോൾ കാറ്റോ മഴയോ ഒന്നുമുണ്ടായിരുന്നില്ല. ഞാൻ കുഴമ്പുതേച്ചുകുളിമുറിയിൽ നിൽക്കുകയായിരുന്നു. അപ്പോഴാണ് 'ഠേ' എന്ന ശബ്ദം കേട്ടത്. ആദ്യം ആ ഒരൊറ്റ ശബ്ദമേ ഉണ്ടായിരുന്നുള്ളൂ. പിന്നീടു തുലാവർഷത്തിന്റെ ആരംഭത്തിലുണ്ടാകുന്ന നേർത്ത ഇടിവെട്ടുപോലെ രണ്ടുമൂന്നു തവണകൂടി 'ഠേ, ഠേ' എന്നു കേട്ടു. എനിക്ക് ആദ്യം ഒന്നും മനസ്സിലായില്ല. പക്ഷേ പിന്നീട് ബദ്ധപ്പെട്ടുപുറത്തുവന്നുനോക്കിയപ്പോൾ കണ്ടു; എന്റെ മുരിങ്ങ പൊട്ടിയിരിക്കുന്നു!

മുറ്റത്ത്, വരാന്തയോട് തൊട്ടുതന്നെയായിരുന്നു മുരിങ്ങ. പ്രായത്തിനേക്കാളും കവിഞ്ഞ വളർച്ച അതിനുണ്ടായിരുന്നു.

അതാണ് ഒരാറടി ഉയരത്തിൽ നിന്നും പൊട്ടിപ്പോയത്. പൊട്ടിയ ഭാഗം താഴെ വീഴാതെ ചരിഞ്ഞ കോൺക്രീറ്റ് മേൽപ്പുരയിൽ ചാരിനിന്നു.

മുരിങ്ങ പൂർണമായും രണ്ടു കഷണങ്ങളായിരുന്നില്ല. മേൽപ്പുരയുടെ താങ്ങ് കിട്ടിയതുകൊണ്ട് തടിയുടെ ചെറിയ ഒരു ഭാഗം പൊട്ടാതെ നിൽക്കുന്നുണ്ടായിരുന്നു. എങ്കിലും ചെറിയ ഒരു കാറ്റ് വരികയാണെങ്കിൽ മുകളിലെ ഭാഗം തായ്ത്തടിയിൽ നിന്നും വേർപെട്ടു താഴത്തേക്കുവീഴുമെന്ന് എനിക്കുതോന്നി.

അങ്ങനെയായിരുന്നു അതിന്റെ കിടപ്പ്.

ആദ്യം എനിക്ക് അത്ഭുമായിരുന്നു. ഇതെങ്ങനെ സംഭവിച്ചു? കാറ്റോ മഴയോ ഒന്നുമില്ലാതെ! ഇത്രയും വലിയ ഒരു മരം...

മുരിങ്ങയുടെ മുറിപ്പാടിൽ നിന്നും നീരൊലിക്കുന്നുണ്ടായിരുന്നു. ഞാൻ അവിടെ കൈവെച്ചു സങ്കടത്തോടെ നിന്നു.

"മുരിങ്ങ എളുപ്പത്തിൽ പൊട്ടുന്ന മരമാണ്. വീട്ടിനരികെ അത് നടരുത്" എന്നു ഭാര്യ ആദ്യമേ എന്നോടുപറഞ്ഞിരുന്നു. എങ്കിലും ഞാനതു കാര്യമായെടുക്കുകയുണ്ടായില്ല. അതിനു രണ്ടു കാരണങ്ങളുണ്ടായിരുന്നു. ഒന്ന് എന്റെ ഈ പാറപ്പറമ്പിൽ ഒരു മുരിങ്ങ നടാൻ മാത്രം മണ്ണുള്ള വേറെ ഒരു സ്ഥലവുമുണ്ടായിരുന്നില്ല. പലേടത്തും കൊത്തിനോക്കിയതിനുശേഷമാണ് വരാന്തയോട് ചേർന്ന ഈ സ്ഥലത്ത് ഇത്തിരി മണ്ണുകണ്ടത്. അതുകൊണ്ട് അവിടെത്തന്നെ നടുകയും ചെയ്തു. പിന്നെ എന്തുകൊണ്ടോ എന്റെ മുരിങ്ങ ഒരിക്കലും പൊട്ടുകയില്ലെന്ന ഒരു വിശ്വാസവും എന്നിലുണ്ടായിരുന്നു!

അതാണ് ഇപ്പോൾ....

ഭാര്യ എന്നെ അന്വേഷിച്ചുവന്നപ്പോഴും ഞാൻ ഒരു വിഡ്ഢിയെപ്പോലെ അവിടെ നില്ക്കുകയായിരുന്നു. ഭാര്യ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. അതൊന്നും ഞാൻ വ്യക്തമായി കേൾക്കുന്നുണ്ടായിരുന്നില്ല. അവളുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമായി ഞാൻ ഇത്രമാത്രം പറഞ്ഞു.

"മുരിങ്ങ പൊട്ടിപ്പോയി."

ഭാര്യ അപ്പോൾ പറഞ്ഞു.

"അതെനിക്കും മനസ്സിലായി. പക്ഷേ എനിക്കറിയേണ്ടതു നിങ്ങൾ ഇവിടെ എന്താണ് ചെയ്യുന്നതെന്നാണ്?"

ഞാൻ ഒന്നും പറഞ്ഞില്ല.

അപ്പോൾ ഭാര്യ മടുപ്പോടെ ചോദിച്ചു.

"ഇന്ന് കുളിക്കുന്നില്ലേ? ഇപ്പോൾ വെള്ളത്തിന്റെ ചൂടൊക്കെ പോയിരിക്കും. കുഴമ്പ് തേച്ചിട്ടും കുറേ നേരമായില്ലേ?"

ഞാൻ വീണ്ടും മുരിങ്ങ പൊടുന്നനെ പൊട്ടിയതിനെക്കുറിച്ച് സംസാരിക്കാൻ തുടങ്ങിയപ്പോൾ ഭാര്യ സമ്മതിച്ചില്ല.

"വേണ്ട, വേണ്ട.. അതൊക്കെ പിന്നെ പറയാം. പോയി കുളിച്ചു വന്നാട്ടെ. ഇപ്പോൾ ഒരു കൈക്കേ അസുഖമുള്ളൂ. ഇങ്ങനെപോയാൽ രണ്ടുകൈക്കുമാവും. അതിന്റെ ആവശ്യമില്ലല്ലോ."

ഞാൻ പിന്നീടൊന്നും പറഞ്ഞില്ല. പൊട്ടിപ്പോയ ഈ മരവുമായി വലിയ മമത ആദ്യം മുതൽക്കേ എന്റെ ഭാര്യയ്ക്കുണ്ടായിരുന്നില്ലല്ലോ.

കുളിമുറിയിൽ കയറി, അസുഖമുള്ള വലതുകൈയുടെ തോളിൽ വെള്ളം കോരി

യൊഴിച്ചുകൊണ്ടിരുന്നു. ഭാര്യ പറഞ്ഞതു പോലെ വെള്ളത്തിന്റെ ചൂടൊക്കെ പോയിരുന്നു. എങ്കിലും ഞാനത് കാര്യമാക്കാതെ വീണ്ടും വീണ്ടും 'ഡിപ്പറി'ൽ വെള്ളം കോരി തോളിലൊഴിച്ചു. എന്നും ഒറ്റയ്ക്കായിരുന്നു ഞാനത് ചെയ്തിരുന്നത്. വലതുകൈയുടെ തോൾ മുതൽ മുട്ടുവരെ അമർത്തി തടവി, ചൂടുവെള്ളം പതുക്കെ ഒഴിച്ച്.. അങ്ങനെ. പക്ഷേ അന്ന് എല്ലാം താളംതെറ്റി. ഭാര്യ വാതിക്കൽ വന്ന് 'ഇന്നു കുളിച്ചു തീരുന്നില്ലേ?' എന്നു ചോദിച്ചപ്പോഴും ഞാൻ ചൂട് നിശേഷം പോയ വെള്ളം ഒരു ചടങ്ങു പോലെ തോളിൽ ഒഴിച്ചുകൊണ്ടിരിക്കയായിരുന്നു.

കഞ്ഞി കുടിച്ചതിനുശേഷം ഞാൻ പതിവിലും നേരത്തേ കിടക്കാൻ പോയി. പക്ഷേ നേരത്തേ കിടന്നു എന്നല്ലാതെ ഉറങ്ങാനൊന്നും കഴിഞ്ഞില്ല. മനസ്സ് ഏറെ അസ്വസ്ഥമായിരുന്നു. ഏറെ സ്നേഹിച്ചു വളർത്തിയ മരം മുറിഞ്ഞുവീണതുമാത്രമായിരുന്നില്ല; വീട്ടുകാരി ഇന്ന് അതിനെപ്പറ്റി കൂടുതലൊന്നും സംസാരിച്ചതുമില്ലല്ലോ. പതിവുശൈലിയിൽ 'ഇനി ഇതിന്റെ കായസഞ്ചിയിലാക്കി നാടുനീളെ ആളുകൾക്ക് സമ്മാനിക്കാൻ പോകേണ്ടിവരില്ലല്ലോ' എന്നെങ്കിലും പറയുമെന്നു ഞാൻ കരുതി. പക്ഷേ അതുമുണ്ടായില്ല. ഒരുതരം മൗനം തന്നെയായിരുന്നു. ആ മൗനമാണ് എന്നെ ഏറെ വിഷമിപ്പിച്ചത്.

രാത്രി എപ്പോഴോ ഭാര്യയുടെ വിരലുകൾ എന്നെ സ്പർശിച്ചു.

"ഉറങ്ങിയിട്ടില്ല അല്ലേ?"

കുറച്ചുനേരം ഒന്നും പറയാതെ കിടന്നതിനുശേഷം ഞാൻ ചോദിച്ചു. നിനക്കു സന്തോഷമായില്ലേ?

"എന്തിന്?"

ഞാൻ പറഞ്ഞു

"നീ ഒരിക്കലും ഇഷ്ടപ്പെടാതിരുന്ന ആ മരം പൊട്ടിയല്ലോ!"

ഭാര്യ അപ്പോൾ എന്തൊക്കെയോഓർത്തുകൊണ്ടെന്ന പോലെ പറഞ്ഞു.

"അതു ശരിയല്ല; എനിക്കിഷ്ടമില്ലായിരുന്നെങ്കിൽ ഞാനതിനു വെള്ളമൊഴിക്കുമായിരുന്നോ? ഞാനതിനു വളമിട്ടുകൊടുക്കുമായിരുന്നോ? ഞാനല്ലേ ഇതൊക്കെ ചെയ്തിരുന്നത്? ആദ്യമായി അതിൽ നിന്ന് ഇല നുള്ളുവാൻ തുനിഞ്ഞപ്പോൾ തടുത്തത് ഞാനായിരുന്നില്ലേ? ഇത് ചെറിയ കുട്ടിയാണ്; കുറേകൂടി വളർന്നതിനുശേഷം മതി ഇതിന്റെ ഇലനുള്ളി ഉപ്പേരിവെക്കാൻ എന്നു പറഞ്ഞല്ലേ ഞാൻ നിങ്ങളെ തടുത്തത്?"

ഞാൻ ഒന്നുംപറയാതെ കിടന്നപ്പോൾ ഭാര്യ ചോദിച്ചു:

"ഓർമ്മയില്ലേ?"

ഓർമ്മയുണ്ടായിരുന്നു.

ഭാര്യ വീണ്ടും പറഞ്ഞു.

"പിന്നെ എതിർപ്പ് - അതു വേറെ പലതിനോടുമായിരുന്നു. ഞാൻ ഒരിക്കലും അതൊന്നും ഒളിച്ചുവച്ചിരുന്നതുമല്ല. നിങ്ങളുടെ തറവാട് ഭാഗംവെച്ചപ്പോൾ ഈ പാറപ്പറമ്പ് ഒരിക്കലും നിങ്ങളുടെ ഓഹരിയിലേക്കു സ്വീകരിക്കരുതെന്നു ഞാൻ പറഞ്ഞിരുന്നു. ഒരു മുരിങ്ങ കുഴിച്ചിടാനുള്ള മണ്ണുപോലും ഇവിടെയില്ലല്ലോ! പക്ഷേ എന്റെ അഭിപ്രായത്തെ നിങ്ങൾ ഒരിക്കലും പരിഗണിച്ചില്ല. 'ഞാനെടുത്തില്ലെങ്കിൽ പിന്നെ വേറെ ആരാണ് ഇതെടുക്കുക? ആരെങ്കിലുമായി ഇത് സ്വീകരിക്കണമല്ലോ?' എന്നൊക്കെയാണ് നിങ്ങൾ എന്നോട് പറ

ഞത്. പിന്നെ ഇവിടെ വീടെടുക്കുമ്പോഴും ഞാനെതിർത്തു. "വേണ്ട, നമുക്കിവിടെ വീട് വേണ്ട - ഈ പാറയുടെ മുകളിൽ ഇവിടെ മണ്ണില്ല. ഇവിടെ വെള്ളവുമില്ല" - പക്ഷേ അപ്പോൾ നിങ്ങൾ പറഞ്ഞത് നിങ്ങൾക്ക് പാറയോട് ഒരു പ്രത്യേക മമതാ ബന്ധമുണ്ടെന്നാണ്. അങ്ങനെയാണെങ്കിൽ നടക്കട്ടെ - എന്നു ഞാനും പറഞ്ഞു.... അല്ലേ?"

ഞാൻ എല്ലാം കേട്ടു നിശ്ശബ്ദനായി കിടന്നു.

അപ്പോൾ ഭാര്യ വീണ്ടും പറഞ്ഞു:

"എനിക്കു നിങ്ങളുടെ വിഷമം മനസ്സിലാക്കാൻ കഴിയും. പക്ഷേ നമുക്കെന്താണ് ചെയ്യുവാൻ കഴിയുക. പൊട്ടിയത് പൊട്ടി എന്നു വിചാരിച്ചു സമാധാനിക്കുകയല്ലാതെ"!

ഞാൻ ഒന്നും പറയാതെ കിടന്നപ്പോൾ ഭാര്യ തന്നോടുതന്നെയെന്നപോലെ പറഞ്ഞു:

"നമ്മുടെ കുട്ടികൾതന്നെ പോകുന്നില്ലേ? അതിലും വലുതാണോ ഒരു മരം?"

അതു കേട്ടപ്പോൾ ഞാൻ ഞെട്ടി.

ക്ഷീണിച്ച ആ കൈ പെട്ടെന്ന് അമർത്തിക്കൊണ്ടു ഞാൻ പറഞ്ഞു:

"അങ്ങനെയൊന്നും പറയേണ്ട."

അവളും എന്റെ കൈ അമർത്തി.

പിന്നീട് എനിക്ക് തോന്നി. എന്റെ ഭാര്യ കരയുന്നുണ്ട്. കരയുന്ന ശബ്ദമൊന്നും ഞാൻ കേട്ടിരുന്നില്ല. ഇരുട്ടിൽ ഭാര്യയുടെ മുഖവും ഞാൻ കണ്ടിരുന്നില്ല. എങ്കിലും എനിക്ക് അങ്ങനെ തോന്നി.

രണ്ടുപേരും പിന്നീടു നിശബ്ദരായി കിടന്നു.

രാവിലെ സൂര്യനുദിച്ചപ്പോൾ ഞാൻ മുറിങ്ങയുടെ ചുവട്ടിലായിരുന്നു. മുറിവായിലൂടെ ഒലിച്ചിറങ്ങിയ നീര് ചോരപോലെ കട്ടപിടിച്ചു കിടക്കുന്നുണ്ടായിരുന്നു. മുറ്റത്തു നിന്നു മരത്തിന്റെ ശാഖകളോ തലപ്പുകളോ ഒന്നും എനിക്കു വ്യക്തമായി കാണാൻ കഴിഞ്ഞിരുന്നില്ല. അതൊക്കെ കോൺക്രീറ്റിന്റെ മേൽക്കൂരയുടെ മേലായിരുന്നുവെന്ന് ഞാൻ പറഞ്ഞുവല്ലോ. മേൽക്കൂര താങ്ങിയിരുന്നില്ലെങ്കിൽ മരം പൂർണമായും പൊട്ടി നിലത്തുവീഴുമായിരുന്നു. ഇപ്പോഴാകട്ടെ അതു മരണവും പ്രതീക്ഷിച്ച് അത്താണിയിൽ ചാഞ്ഞുകിടക്കുന്ന ക്ഷീണിതനും മുറിവേല്പിക്കപ്പെട്ട ശരീരത്തോടുകൂടിയവനുമായ ഒരു വഴിയാത്രക്കാരനെപ്പോലെ.

ഞാൻ വീടിന്റെ മുമ്പിൽ ഗേറ്റ് വരെ പോയി നോക്കി. വശങ്ങളിലും പിന്നാമ്പുറത്തുമൊക്കെ പോയി നോക്കി. പക്ഷേ ഒരിടത്തുനിന്നും മേൽപ്പുരയിൽ കിടക്കുന്ന ശാഖകളുടെ പൂർണമായ ഒരു ചിത്രം എനിക്ക് ലഭിക്കുകയുണ്ടായില്ല.

അന്നത്തെ ദിവസം ഞാൻ കൂടുതലും ചെലവിട്ടത് വരാന്തയിലും മുറ്റത്തുമായിരുന്നു. മാസങ്ങളായി എന്നെ അലട്ടിക്കൊണ്ടിരുന്ന വലതുകൈയുടെ വേദനയൊന്നും അപ്പോൾ മനസ്സിലുണ്ടായിരുന്നില്ല. ഉച്ചയ്ക്ക് 'ഇന്നുണ്ണുന്നില്ലേ'? എന്നു ഭാര്യ ചോദിച്ചപ്പോഴാണു ഞാൻ സമയത്തെക്കുറിച്ചു ബോധവാനായത്. അപ്പോൾ മറ്റൊരു കാര്യവും ഞാനോർത്തു. സാധാരണയായി വെയിൽ മൂത്തു തുടങ്ങുമ്പോൾ പക്ഷികളുടെ ശബ്ദം അവിടെയെങ്ങും മുഴങ്ങുമായിരുന്നു. ചിലർ ശബ്ദിക്കാതെ തലപ്പുകളിൽ നൃത്തംവയ്ക്കും. ചിലർ ഉറക്കെ കലപില കൂട്ടും; മറ്റുചിലർ ആകാശത്തിലേക്കു നോക്കി ഉറക്കെപാടും. ഓലേഞ്ഞാലി, ബുൾബുൾ, വണ്ണാത്തിപ്പുള്ള് - എപ്പോഴെങ്കിലുമായി വരുന്ന മഞ്ഞക്കിളികൾ, പിന്നെ, പല നിറങ്ങളിൽ രത്നക്കല്ലുകൾകൊണ്ട് ഉണ്ടാക്കിയതുപോലുള്ള തേൻകിളികൾ, സൂചീമുഖികൾ, അയോറകൾ - മരത്തിന്റെ തണലിൽ എപ്പോഴും ശബ്ദമുണ്ടാക്കി കൊത്തിപ്പെറുക്കി നടന്ന

ചപ്പിലക്കിളികൾ - ആരെയും കണ്ടില്ല. വെളിച്ചത്തിന്റെ തിരകളിലൂടെ നൃത്തം ചെയ്തുപോകുന്ന ശലഭങ്ങളെയും മൂളിപ്പറക്കുന്ന കരിനീലവണ്ടുകളെയും തേനീച്ചകളെയും കണ്ടില്ല. ശിരസ്സുപോയ മുരിങ്ങയുടെ മുമ്പിൽ മൂകനായി ഞാൻ മാത്രം...

ഭാര്യ പറഞ്ഞു.

"ഇതുണങ്ങുന്നതിനുമുമ്പായി രണ്ടു മൂന്നു കമ്പുകൾ വെട്ടിയെടുത്ത്..."

ഭാര്യ പറഞ്ഞുതീരുന്നതിനുമുമ്പായി ഞാൻ പറഞ്ഞു.

"വേണ്ട"

ഭാര്യ അത്ഭുതത്തോടെ ചോദിച്ചു.

'അതെന്താ?'

ഞാൻ നിഷേധഭാവത്തിൽ തലയാട്ടി..

വേണ്ട .. വേണ്ട

പിന്നീട് ഭാര്യ ഒന്നും ചോദിച്ചില്ല.

പിന്നീട് കാറ്റിന്റെ ദിവസങ്ങളായിരുന്നു. കാറ്റിന്റെ കൂടെ കഠിനമായ ചൂടും വന്നു. പുരമുകളിൽ നിന്നും പഴുത്ത് മഞ്ഞളിച്ച മുരിങ്ങയിലകൾ മുറ്റത്തേക്ക് പാറിവന്നുകൊണ്ടിരുന്നു. എത്രയടിച്ചുവാരിയാലും പിന്നെയും വാരാൻ ഇലകളുണ്ടായിരുന്നു.

ഒടുവിൽ -

ഇലകൾ വരുന്നത് പൂർണമായും നിന്നു.

ഞാൻ കൂടുതലും എന്റെ മുറിയിൽ തന്നെയായിരുന്നു. വലതുകൈയിലെ വേദന അപ്രതീക്ഷിതമായി വർധിച്ചതായിരുന്നു കാരണം. കൈപൊക്കാൻ ഏറെ വിഷമമുണ്ടായിരുന്നു. അതുകൊണ്ട് ഷർട്ടിന്റെ ഉള്ളിൽ കടന്നുകൂടി പുറത്തിറങ്ങാനും കഴിയില്ല. മുറിയിൽ ഒരേകാന്തതടവുകാരനെപ്പോലെ സമയം നീക്കിയപ്പോഴും മനസ്സിൽ മരവും കിളികളുമൊക്കെയുണ്ടായിരുന്നു. ഒരു കൊച്ചുകുട്ടിയെപ്പോലെ വളരെ അകലെ നിന്ന് ഒരു കമ്പ് ഇവിടെയെത്തിച്ചത്, വീട്ടുകാരിയുടെ എതിർപ്പിനെ അവഗണിച്ചു വീട്ടിനുവളരെ അരികിലായിത്തന്നെ അതുനട്ടത്. വളരെ വേഗം അത് വലിയ ഒരു മരമായി വളർന്നത്, അതിലെ കായ്കൾ പറിച്ചു സഞ്ചിയിലാക്കി അടുത്തും അകലെയുമുള്ള പരിചയക്കാർക്കും സ്നേഹിതന്മാർക്കും സന്തോഷപൂർവം എത്തിച്ചുകൊടുത്തത്, മരത്തിന്റെ മുകളിൽ വന്നിരുന്ന് എനിക്കുവേണ്ടി എന്നും പാടിയിരുന്ന കിളികളുമായി ദൃഢമായ ഒരു ചങ്ങാത്തം സഫാപിച്ചത് - എല്ലാം എന്റെ മനസ്സിലുണ്ടായിരുന്നു.

'എന്തിനാണ് ഇങ്ങനെ ഓരോന്ന് ആലോചിച്ചുകൊണ്ടിരിക്കുന്നത്'? എന്ന് ഭാര്യ ഒന്നിലധികം തവണ ചോദിക്കുകയുണ്ടായി. പക്ഷേ വ്യക്തമായ ഒരുത്തരവും പറയാതെ ഞാൻ വെറുതെ മൂളുക മാത്രമേ ചെയ്തുള്ളൂ. എന്തെങ്കിലും ഞാൻ പറഞ്ഞാൽ 'ഒരു കുട്ടി പോകുന്നതിലും വലുതാണോ ഇത്?' എന്ന് അവൾ ചോദിക്കുമോ എന്ന ഭയം എന്നിലുണ്ടായിരുന്നു.

ഇന്നലെ രാവിലെ ഞാൻ വരാന്തയിൽ വെറുതെ നിൽക്കുകയായിരുന്നു. വെറുതെ എന്നു പറഞ്ഞാലും സത്യത്തിൽ ഇടയ്ക്ക് എന്റെ കണ്ണുകൾ പൊട്ടിയ മരത്തിന്റെ തായ്ത്തടിയിലേക്ക് ചെല്ലുന്നുണ്ടായിരുന്നു. അപ്പോൾ പെട്ടെന്ന് എനിക്ക് തോന്നി, മരത്തിന്റെ ശൂന്യമായ തടിയിൽ നിന്നു ചില കിളിർപ്പുകൾ വരുന്നുണ്ടോ? ഞാൻ അടുത്തുചെന്നു സൂക്ഷിച്ചുനോക്കുക മാത്രമല്ല ഒന്നിലധികം തവണ പതുക്കെ തടവിനോക്കുകയും ചെയ്തു. ഒന്നും വളരെ വ്യക്തമായി കാണുവാനുണ്ടായിരുന്നില്ല. എങ്കിലും രണ്ടുമൂന്നു ദിക്കുകളിൽ ഒരു ചെറിയ.....

എന്റെ മനസ്സിൽ എന്തെന്നില്ലാത്ത സന്തോഷം നിറഞ്ഞു.

അപ്പോഴാണ് ഭാര്യ പറഞ്ഞത്:

"ഇതു മുറിച്ചുനീക്കേണ്ടേ"?

ഞാൻ ഭാര്യയുടെ നേരെ ഒരു ഞെട്ട

ലോടെ നോക്കി.

ഭാര്യ പറഞ്ഞു:

"ഈ കുറ്റിയല്ല; ഞാൻ പറയുന്നത് മുകളിലെ പൊട്ടിയ തടിയാണ്. അതിപ്പോൾ ഉണങ്ങിയിട്ടുണ്ടാകും. കാറ്റിനോ മറ്റോ അത് ചരിഞ്ഞു വീഴുകയാണെങ്കിൽ ഇലക്ട്രിക് വയറും ടെലിഫോൺ കമ്പിയുമൊക്കെ പൊട്ടുമെന്നു തീർച്ച. അതിനുമുമ്പായി ആരെയെങ്കിലും വിളിച്ച്..."

ഞാൻ മൂളി;എന്നിട്ടു പതുക്കെ പറഞ്ഞു:

"നോക്കട്ടെ".

സത്യത്തിൽ ഭാര്യ പറഞ്ഞ കാര്യം ഏതാനും ദിവസങ്ങളായി എന്റെ മനസ്സിലുണ്ടായിരുന്നു. പൊട്ടിയ മരം താഴെ വീഴുകയാണെങ്കിൽ ടെലിഫോൺ കമ്പിയും ഇലക്ട്രിക് കേബിളും പോകുമെന്നുള്ളത് തീർച്ചയായിരുന്നു. എങ്ങനെ വീണാലും. അല്ലെങ്കിൽ ആരെങ്കിലും മുകളിൽ കയറി മരം കഷണങ്ങളായി മുറിച്ച് കമ്പിക്ക് ഒരു ടവും വരുത്താതെ...

വരാന്തയിലും മുറ്റത്തുമായി നിന്നു സമയം പോക്കുമ്പോൾ റോഡിലൂടെ പോയിരുന്ന ചിലരോട് - അവർ ഇത്തരം പണികൾ ചെയ്യുന്നവരായിരുന്നു - ഞാനിതിനെക്കുറിച്ച് പറഞ്ഞിരുന്നു, പക്ഷേ അവരൊക്കെ വരാമെന്ന് പറഞ്ഞതല്ലാതെ വരികയുണ്ടായില്ല. എന്തെങ്കിലുമായി വൈകാതെ ചെയ്തേ പറ്റൂ എന്ന് വിചാരിച്ചുകൊണ്ടിരുന്നപ്പോഴാണു ഭാര്യയും പറഞ്ഞത്...

ഏറെ നാളുകൾക്ക് ശേഷം അന്നു വൈകുന്നേരം ഞാൻ ഷർട്ടിനുള്ളിൽ കടന്നുകൂടി. അതുകണ്ടപ്പോൾ ഭാര്യ ചോദിച്ചു.

"ഇതെന്താ?"

ഞാൻ പറഞ്ഞു:

"സ്ക്കൂളിന്റെ കവലവരെ പോയി ഇത് മുറിച്ചുനീക്കാൻ ആരെയെങ്കിലും കിട്ടുമോ എന്നു നോക്കട്ടെ".

അപ്പോൾ ഭാര്യ പറഞ്ഞു.

"അതു വേണ്ട... ഈ കൈയും കൊണ്ടു നിങ്ങൾ ... ഞാൻ അപ്പുവിനോടു പറയാം."

അപ്പു അയൽവക്കത്തെ കുട്ടി.

ഞാൻ പറഞ്ഞു:

"അപ്പു പറഞ്ഞാലൊന്നും ഇന്ന് ആരും വരില്ല. ഞാൻ തന്നെ പോയി നോക്കാം. വേഗം വരും...".

ഭാര്യ നോക്കിനിൽക്കെ ഞാൻ ഇറങ്ങി നടന്നു.

സ്ക്കൂളിന്റെ മുന്നിലുള്ള ചായപ്പീടികയുടെ പരിസരത്തിലായി ആരെങ്കിലുമുണ്ടാകും എന്നായിരുന്നു എന്റെ വിശ്വാസം, പക്ഷേ അവിടെ ചെന്നപ്പോൾ ആരെയും കണ്ടില്ല. ചായപ്പീടികക്കാരനോടന്വേഷിച്ചപ്പോൾ സൈക്കിൾഷോപ്പിന്റെ മുന്നിൽ ആരെങ്കിലുമുണ്ടാകാതിരിക്കില്ല എന്നു പറഞ്ഞു. പക്ഷേ, അവിടെ ചെന്നപ്പോൾ - അവിടെയും ആരുമുണ്ടായിരുന്നില്ല. എന്റെ മടുപ്പുകണ്ടപ്പോൾ സൈക്കിൾഷോപ്പുകാരൻ ചോദിച്ചു: "എന്തിനാ?"

ഞാൻ സംഗതി പറഞ്ഞപ്പോൾ അയാൾ പറഞ്ഞു.

"നിങ്ങൾ ആ നാരായണന്റെ 'കുടീല് ' അന്വേഷിക്ക്. ചിലപ്പോൾ അവനവിടെയുണ്ടാകും".

എന്റെ മുഖത്തെ അവിശ്വാസം കണ്ടിട്ടെന്നപോലെ സൈക്കിൾഷോപ്പുകാരൻ വീണ്ടും പറഞ്ഞു.

"അവൻ പണിക്കൊന്നും പോകാതെ കുറച്ചുദിവസമായി. എന്താണെന്നറിയില്ല. ഏതായാലും നിങ്ങളൊന്നുപോയി നോക്ക്".

നാരായണന്റെ കുടിയിലേക്കുള്ള വഴിയും പറഞ്ഞുതന്നു.

അവിടെ ചെന്നപ്പോൾ നാരായണനുണ്ട്.

നാരായണൻ എനിക്കുവേണ്ടി ചില്ലറ പണികൾ ചെയ്തിരുന്നു. ആ പരിചയത്തിന്റെ അടിസ്ഥാനത്തിലും കൂടിയായിരുന്നു ഞാൻ എന്റെ ആവശ്യം നാരായ

ണന്റെ മുമ്പിൽ വെച്ചത്.

എല്ലാം കേട്ടശേഷം നാരായണൻ അലസമായി ചോദിച്ചു.

"വലിയ മരമാണോ"?

ഞാൻ പറഞ്ഞു.

"അങ്ങനെയൊന്നുമില്ല. ഒരു മുരിങ്ങ. ഇപ്പോൾ നല്ലപോലെ ഉണങ്ങിയിട്ടുണ്ടാകും",

നാരായണൻ പറഞ്ഞു.

"എന്നാലും- സഹായിക്കാൻ ആരെങ്കിലും വേണ്ടി വരും. ഞാനൊന്നുവന്നു നോക്കട്ടെ".

ഞാൻ അപ്പോൾ ആശയോടെ ചോദിച്ചു:

"ഇന്നുവരുമോ"?

അവിശ്വസനീയമായ എന്തോ ഒന്നു കേട്ട പോലെ നാരായണൻ പറഞ്ഞു.

"ഇന്നോ? ഇന്നും നാളയുമൊന്നും കഴിയില്ല. പലേ തിരക്കുകളുമുണ്ട്. ഏതായാലും വരുന്നതിനുമുമ്പായി ഞാൻ നിങ്ങളെ അറിയിക്കാം".

എനിക്കു പിന്നീട് ഒന്നും പറയുവാനുണ്ടായിരുന്നില്ല.

നിരാശനായ ഞാൻ മടങ്ങിയത് മറ്റൊരു വഴിക്കായിരുന്നു. വേറെ ആരെയെങ്കിലും കാണുകയാണെങ്കിൽ അവരോട് ചോദിച്ചു നോക്കാമല്ലോ എന്നായിരുന്നു മനസ്സിൽ.

പക്ഷേ ആരെയും കണ്ടില്ല.

വീട്ടിലെത്തിയപ്പോൾ നല്ല ക്ഷീണമായിരുന്നു. ഏറെ ദിവസങ്ങൾക്കുശേഷം ആദ്യമായി പുറത്തിറങ്ങിയായിരുന്നല്ലോ.

വരാന്തയിലോ നടുവിലത്തെ മുറിയിലോ വീട്ടുകാരിയെ കണ്ടില്ല. മുറ്റത്ത് കാലുന്നിക്കൊണ്ടുവരാന്തയുടെ അറ്റത്തു കുറച്ചുനേരം ഇരുന്നതിനുശേഷം ഞാൻ വീട്ടിന്റെ പുറകിലേക്കുപോയി. പ്രത്യേകിച്ചൊരുദ്ദേശ്യമൊന്നുമുണ്ടായിരുന്നില്ല. വെറുതെ പോയി.

വീട്ടിന്റെ ചെരിഞ്ഞ മേൽക്കൂരയിലേക്കു കയറാനുള്ള വഴി പിറകിലായിരുന്നു. വഴി എന്നു പറഞ്ഞാൽ അലൂമിനിയത്തിന്റെ എടുത്തുനീക്കാവുന്ന ഒരേണി. അതുമണ്ണിൽകുഴിച്ചിട്ടിട്ടൊന്നുമുണ്ടായിരുന്നില്ല. വെറുതെ മേൽപ്പുരയോടു ചാരിവയ്ക്കുക മാത്രമേ ചെയ്തിരുന്നുള്ളു.

ഈ ഏണിയിലൂടെ കയറിയായിരുന്നു ഞാൻ വാട്ടർ ടാങ്കിലെ വെള്ളം നോക്കിയിരുന്നതും മുരിങ്ങക്കായ്കൾ പറിച്ചിരുന്നതും. അപ്പോഴൊക്കെ ഏണി ബലമായി പിടിച്ചുകൊണ്ടുതാഴെ വീട്ടുകാരിയും നിൽക്കാറുണ്ടായിരുന്നു...

ഏണിയുടെ മുമ്പിലെത്തിയപ്പോൾ ഞാൻ നിന്നു. ഒരു പക്ഷേ കുറച്ചധികം സമയംതന്നെ ഞാൻ അവിടെ നിന്നിരിക്കണം. മനസ്സിൽ വ്യക്തമായി ഒന്നും ഉണ്ടായിരുന്നില്ല. വെറുതെ മുകളിലേക്കു നോക്കിക്കൊണ്ട്...

പിന്നീട് എപ്പോഴോ എന്റെ ഇടതുകൈ ഏണിയുടെ തണ്ടിലായി. ആദ്യം പതുക്കെയായിരുന്നു. അലൂമിനയത്തിന്റെ സ്നിഗ്ധതയിൽ സ്നേഹപൂർവം തലോടുന്നപോലെ. പക്ഷേ പിന്നീടു പിടുത്തം ശക്തിയോടെയായി...

വലതുകൈയും ഞാൻ പതുക്കെ മറ്റേ തണ്ടിന്മേൽ വെച്ചു മുകളിലേക്ക് നോക്കി. നിമിഷനേരം പകച്ചുനിന്നപ്പോൾ ആകാശം വിളിക്കുന്നതുപോലെ തോന്നി.

ഞാൻ മുകളിലേക്കു കയറാൻ തുടങ്ങി.

വലതുകൈയുടെ വേദനയെക്കുറിച്ച് അപ്പോൾ ബോധമുണ്ടായിരുന്നില്ല.

മേൽപ്പുര ചരിഞ്ഞ രണ്ട് തട്ടുകളിലായിട്ടായിരുന്നു.

ആദ്യത്തെ തട്ടിൽനിന്നും കാൽവെച്ചുവെച്ചു രണ്ടാമത്തെ തട്ടിലേക്ക് കയറി...

അതവിടെ ചരിഞ്ഞുകിടക്കുകയായിരുന്നു.

പക്ഷേ...

എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

മുരിങ്ങ ഉണങ്ങിയിരുന്നില്ല!

ഉണങ്ങിയിരുന്നില്ല എന്നുതന്നെയല്ല, കമ്പുകൾ നിറയെ പച്ചത്തഴപ്പുകളായിരുന്നു.

ജീവന്റെ പ്രവാഹമുള്ള കുഞ്ഞിലകൾ! പൊട്ടാതെ ഇത്തിരിമാത്രം അവശേഷിച്ചിരുന്ന തടിയിലൂടെ .. എനിക്കു കരച്ചിൽ വരുന്നുണ്ടായിരുന്നു.

'നമ്മുടെ മുരിങ്ങ ഉണങ്ങിയിട്ടില്ല! ഉണങ്ങിയിട്ടില്ല... ! എന്ന് ഉറക്കെവിളിച്ചുപറയണമെന്നുതോന്നി.

പക്ഷേ ഞാൻ അപ്പോൾ മൗനത്തിന്റെ ലോകത്തായിരുന്നു.

ഏറെ വൈകിയാണ് ഞാൻ താഴേക്കിറങ്ങിവന്നത്.

(പുഴകടന്ന് മരങ്ങളുടെ ഇടയിലേക്ക്)

അവധാരണചോദ്യങ്ങൾ

1. മുറിപ്പാടിൽ നീരൊലിച്ചു നിന്നത് ആര്?
2. മുരിങ്ങമരം വീടിനോട് ചേർന്നുനടാനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു?
3. ഉറങ്ങാൻ കിടന്ന കഥാകാരനെ അസ്വസ്ഥമാക്കിയതെന്ത്?
4. മുരിങ്ങയിൽ കായ് പിടിക്കുമ്പോൾ കഥാകാരൻ ചെയ്തിരുന്നതെന്ത്?
5. ഏണിവെച്ച് വീടിനുമുകളിൽ കയറിയ കഥാകാരനെ അമ്പരപ്പിച്ച കാഴ്ച എന്തായിരുന്നു?
6. മുരിങ്ങമരം ഒടിയുന്നതിനുമുമ്പ് അതിൽ വെയിൽ മൂക്കുമ്പോൾ എത്തിയിരുന്ന വിരുന്നുകാർ ആരൊക്കെ?

അവധാരണചോദ്യങ്ങളുടെ ഉത്തരസൂചിക

1. മുരിങ്ങമരം
2. പാറപ്പുറത്ത് വീട്ടിൽ മുരിങ്ങനടാൻ പാകത്തിൽ മണ്ണുള്ള സ്ഥലങ്ങൾ വേറെയില്ലായിരുന്നു. മുരിങ്ങ ഒരിക്കലും പൊട്ടില്ലെന്നും അയാൾ വിശ്വസിച്ചിരുന്നു.
3. വീട്ടുകാരി പൊട്ടിവീണ മുരിങ്ങമരത്തെക്കുറിച്ച് ഒന്നും ചോദിക്കാത്തതിൽ അയാൾ അസ്വസ്ഥനായിരുന്നു.
4. മുരിങ്ങക്കായ്കൾ സഞ്ചിയിലാക്കി അടുത്തും അകലെയുമുള്ള സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും കൊണ്ടുക്കൊടുക്കുമായിരുന്നു.

5. പൊട്ടിയ മുരിങ്ങയുടെ ഭാഗത്ത് നിറയെ പച്ചത്തഴപ്പുകൾ; ജീവന്റെ പ്രവാഹമുള്ള കുഞ്ഞിലകൾ.

6. വെയിൽ മൂക്കുമ്പോളെത്തുന്ന പക്ഷികൾ. ചിലർ കലപില ശബ്ദമുണ്ടാക്കും. ചിലർ ആകാശത്തേക്ക് നോക്കി ഉറക്കെപ്പാടും. പലതരം കിളികൾ – ഓലേഞ്ഞാലി, ബുൾബുൾ, വണ്ണാത്തിപ്പുള്ള്. മരത്തിന്റെ തണലിൽ എപ്പോഴും ശബ്ദമുണ്ടാക്കി കൊത്തിപ്പെറുക്കുന്ന ചപ്പിലക്കിളികൾ. നൃത്തം ചെയ്യുന്ന ശലഭങ്ങൾ, മൂളിപ്പറക്കുന്ന വണ്ടുകൾ.

പാഠപഠനം

മരവും മണ്ണും മനുഷ്യനും മറ്റനേകം ചരാചരങ്ങളും കൈകോർത്തുനില്ക്കുന്ന വിസ്മയമാണ് പ്രകൃതി. 'ലോകാസമസ്താ സുഖിനോ ഭവന്തു' എന്ന ആശംസ ഈ യാഥാർഥ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ആർഷസംസ്കൃതിയുടെ 'വസുധൈവകുടുംബകം' എന്ന സങ്കല്പവും ലോകം എല്ലാവരുടേതുമാണെന്ന് ഉറക്കെ വിളിച്ചുപറയുന്നു. വർത്തമാനകാലമനുഷ്യനെ സംബന്ധിച്ച് മേൽപ്പറഞ്ഞ വചനങ്ങൾക്ക് പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ലാഭാധിഷ്ഠിത ജീവിതമാണ് അവരുടെ സങ്കല്പത്തിലുള്ളത്. സ്വന്തം സുഖത്തിനായി എന്തും ബലി കൊടുക്കാനും അവർക്ക് മടിയില്ല. എന്തിനെയും ബലി കൊടുത്ത് ഏറെക്കാലം നിൽക്കാമെന്ന അവന്റെ മോഹം വിനാശത്തിന്റെ മുന്നോടിയാണ്. അത്തരക്കാരെ ഇരുത്തിച്ചിന്തിപ്പിക്കുന്ന പ്രമേയമാണ് ടി.പത്മനാഭൻ 'ജീവന്റെ വഴി' എന്ന കഥയ്ക്ക് സ്വീകരിച്ചിരിക്കുന്നത്.

ഒരു ചെറുമരത്തിന്റെ വീഴ്ചയിൽ വേദനിക്കുന്ന മനുഷ്യന്റെ കഥ പറയുകയാണിവിടെ. തന്റെ വേദനകൾ മരത്തിന്റെ ക്ഷതത്തെ അപേക്ഷിച്ച് നിസാരമാണെന്ന് അയാൾ കരുതുന്നു. തറവാടുവിഹിതമായി കിട്ടിയ ഊഷരഭൂമിയിൽ ആകെ നട്ട മരമാണ് മുരിങ്ങ. ഒരു പ്രഭാതത്തിൽ യാതൊരു കാരണവുമില്ലാതെ അത് ഒടിഞ്ഞു വീഴുന്നു. മുറിവിൽ നീരൊലിപ്പിച്ചു നില്ക്കുന്ന മുരിങ്ങ അയാളെ സങ്കടത്തിലാക്കി. അതിനെ വളർത്തുന്നതിൽ ഭാര്യയ്ക്ക് താല്പര്യമുണ്ടായിരുന്നില്ല. മരം രണ്ടു കഷണമായില്ലെന്നത് മാത്രമായിരുന്നു അയാൾക്ക് ആശ്വാസം.

അന്ന് അയാൾ ഭാര്യയുടെ നിർബന്ധപ്രകാരം കുളിക്കാൻ കയറിയെങ്കിലും മനസ്സുനിറയെ ഒടിഞ്ഞുവീണ മരമായിരുന്നു. തനിക്ക് മുറിവേറ്റതായി അയാൾക്ക് അനുഭവപ്പെട്ടു. ഉറങ്ങാൻ കിടന്നപ്പോൾ ഭാര്യ മരത്തെക്കുറിച്ച് അന്വേഷിക്കാത്തതിൽ അയാൾ വ്യസനിച്ചു. ഏറെ നേരം ഉറങ്ങാതെ കിടന്ന അയാളോട് ഭാര്യ ചോദിച്ചു. 'ഉറങ്ങിയില്ലേ' അയാളുടെ മറുപടി ഇങ്ങനെയായിരുന്നു. 'നിനക്ക് സന്തോഷമായില്ലേ, നീ ഒരിക്കലും ഇഷ്ടപ്പെടാതിരുന്ന മരം കടപുഴകിയില്ലേ.' അവൾ തർക്കിച്ചു. അത് ശരിയല്ലല്ലോ. അങ്ങനെയങ്കിൽ ഞാൻ

ദിനവും മരത്തിന് വെള്ളം ഒഴിക്കുമായിരുന്നോ? അതിന്റെ തളിരില നുള്ളുന്നതിനെ എതിർക്കുമായിരുന്നോ? എനിക്ക് നിങ്ങളുടെ വിഷമം മനസ്സിലാക്കാൻ കഴിയും. നമ്മുടെ കുട്ടികൾതന്നെ പോകുന്നില്ലേ അതിലും വലുതാണോ ഒരു മരം?

പ്രഭാതത്തിൽ അയാൾ മുറ്റത്തെത്തി. ഭൂതകാലത്തിലേക്ക് എത്തിനോക്കി. വെയിൽ മൂക്കുമ്പോളെത്തുന്ന പക്ഷികൾ. ചിലർ കലപില ശബ്ദമുണ്ടാക്കും. ചിലർ ആകാശത്തേക്ക് നോക്കി ഉറക്കെപ്പാടും. പലതരം കിളികൾ - ഓലേഞ്ഞാലി, ബുൾബുൾ, വണ്ണാത്തിപ്പുള്ള്. മരത്തിന്റെ തണലിൽ എപ്പോഴും ശബ്ദമുണ്ടാക്കി കൊത്തിപ്പെറുക്കുന്ന ചപ്പിലക്കിളികൾ. നൃത്തം ചെയ്യുന്ന ശലഭങ്ങൾ, മൂളിപ്പറക്കുന്ന വണ്ടുകൾ. ഇന്ന് മുരിങ്ങയുടെ മുന്നിൽ മൂകനായി ഞാൻ മാത്രം.

മുരിങ്ങ ഉണങ്ങുന്നതിന് മുമ്പ് രണ്ടുകമ്പ് വെട്ടിയെടുക്കാൻ ഭാര്യ നിർബന്ധിച്ചെങ്കിലും അയാൾ വഴങ്ങിയില്ല. മഞ്ഞയിലകൾ അതിൽനിന്ന് കൊഴിഞ്ഞുകൊണ്ടിരുന്നു. അയാൾ മുറിയിൽ തന്നെയിരുന്നു. വീട്ടുകാരുടെ എതിർപ്പിനെ അവഗണിച്ചാണ് മരം നട്ടത്. വളരെവേഗം അത് വളർന്നു. അതിലെ കായ്കൾ സഞ്ചിയിലാക്കി അടുത്തും അകലെയുമുള്ള ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും നല്കിയിരുന്നു. ഇനി ... അയാളുടെ മനസ്സ് വേദനിച്ചു.

മുരിങ്ങയുടെ പൊട്ടിയ ഭാഗം വെട്ടിക്കളയാൻ ആളെത്തേടി സ്ക്കൂൾക്കവലയിലെത്തി. കണ്ടെത്തിയ വ്യക്തിക്ക് സമയക്കുറവ്. വരാൻ സമയമുള്ളപ്പോൾ അറിയിക്കാമെന്നായി അയാൾ. പിന്നൊന്നുമാലോചിച്ചില്ല. വീട്ടിലെത്തി അലുമിനിയം ഏണിയെടുത്ത് അല്പം പ്രയാസപ്പെട്ടാണെങ്കിലും വീടിന് മുകളിലെത്തി. അവിടുത്തെ കാഴ്ച അയാളെ അമ്പരിപ്പിച്ചുകളഞ്ഞു. മുരിങ്ങയുടെ പൊട്ടിയ ഭാഗത്ത് നിറയെ പച്ചത്തഴപ്പുകൾ. ജീവന്റെ പ്രവാഹമുള്ള കുഞ്ഞിലകൾ. നമ്മുടെ മുരിങ്ങ ഉണങ്ങിയിട്ടില്ലെന്ന് പലതവണ വിളിച്ചുപറയണമെന്ന് അയാൾക്ക് തോന്നി. എങ്കിലും കഴിഞ്ഞില്ല.

വളർത്തുമൃഗങ്ങളെയും ചെടികളെയും പക്ഷികളെയുമൊക്കെ സ്നേഹിച്ചുലാളിക്കുന്നവർ നമ്മുടെയിടയിൽ ചുരുക്കമായുണ്ട്. അവയുമായുള്ള അടുപ്പം അവരെ സന്തോഷിപ്പിക്കുന്നു. അവയുടെ വിയോഗം അവരെ ദു:ഖത്തിലാഴ്ത്തുന്നു. ചിലർ സ്വകാര്യദു:ഖങ്ങൾപോലും അവരുമായി പങ്കുവയ്ക്കുന്നു. അത്തരത്തിലുള്ള ഒരുവ്യക്തിയാണ് കഥയിലെ നായകൻ. സ്വന്തം വേദനകൾ മറന്ന് മുരിങ്ങയുടെ വേദനയിൽ അയാൾ ദു:ഖിക്കുന്നു. പ്രകൃതിവിരോധവുമായി അതിനെ വേട്ടയാടുന്നവർക്കുള്ള ജാഗ്രതാനിർദേശമാണ് ഈ കഥ. പ്രകൃതിയെയും അതിന്റെ നാനാവിധങ്ങളായ ജീവജാലങ്ങളെയും ആശ്രയിക്കാതെ ജീവിക്കാമെന്ന മോഹം വ്യർഥമാണ്. അവയെ നശിപ്പിക്കാതെ, മലിനപ്പെടുത്താതെ വരുംതലമുറയ്ക്ക് പകർന്നുനല്കാനുള്ള ഉത്തരവാദിത്തം നമ്മിൽ നിക്ഷിപ്തമായിരിക്കുന്നുവെന്ന് പത്മനാഭൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

3. തന്റെ വേദനകളല്ല. മുരിങ്ങയുടെ നാശമാണ് കഥാകാരനെ വേദനിപ്പിച്ചത്. കഥാഭാഗത്ത് നിന്നും ഉദാഹരണങ്ങൾ കണ്ടെത്തിയെഴുതുക

അപഗ്രഥനചോദ്യങ്ങൾ

1. നമ്മുടെ കുട്ടികൾ തന്നെ പോകുന്നില്ലേ? അതിലും വലുതാണോ ഒരു മരം? – വർത്തമാനകാല മനുഷ്യന്റെ പൊതുസ്വഭാവമാണോ ഈ വാക്കുകളിൽ പ്രകടമാകുന്നത്? വിശകലനക്കുറിപ്പെഴുതുക

2. 'ഇന്നോ? ഇന്നും നാളെയുമൊന്നും കഴിയില്ല, പലേ തിരക്കുകളുമുണ്ട്. ഏതായാലും വരുന്നതിന് മുമ്പായി ഞാൻ നിങ്ങളെ വിളിച്ചറിയിക്കാം.' ഒടിഞ്ഞ മുരിങ്ങയുടെ ഉണങ്ങിയ കമ്പ് വെട്ടാൻ തൊഴിലാളിയെ വിളിക്കുമ്പോൾ അയാളുടെ മറുപടിയാണിത്. അടിസ്ഥാന തൊഴിലുകളിലേർപ്പെടുന്നവരുടെ എണ്ണം നാൾക്കു നാൾ കുറഞ്ഞുവരുന്ന സാഹചര്യമുണ്ടാകാൻ കാരണങ്ങൾ എന്തെല്ലാം? നിരീക്ഷണക്കുറിപ്പെഴുതുക

അപഗ്രഥനചോദ്യങ്ങളുടെ ഉത്തരസൂചിക

1.
- ഇന്ന് ആർക്കും ആരോടും കടപ്പാടില്ല.
- ആധുനികർ സ്വാർഥമതികളാണ്.
- മറ്റുള്ളവരുടെ നഷ്ടങ്ങൾ നിസ്സാരവൽക്കരിക്കുന്നവർ
- സ്വന്തം നഷ്ടങ്ങളെ പെരുപ്പിച്ചുകാണിക്കുന്നവർ
- മരത്തിന്റെയും മക്കളുടെയുമൊക്കെ നഷ്ടം ഒരേ മനോഭാവത്തോടെ കാണുന്നവർ
- പ്രകൃതിയെ സ്നേഹിക്കാത്തവരും ചൂഷണം ചെയ്യുന്നവരും.

2.
- അടിസ്ഥാന തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ കുറവ്
- ഇല്ലാത്ത തിരക്ക് പ്രകടിപ്പിച്ച് കാര്യങ്ങൾ വൈകിപ്പിക്കൽ
- തൊഴിലാളികളുടെ മനോഭാവത്തിൽ വന്ന മാറ്റം
- അടിസ്ഥാനതൊഴിൽ മേഖലകളിലുള്ളവർക്ക് സമൂഹം നല്കുന്ന താഴ്ന്നപദവി
- ഉയർന്ന വിദ്യാഭ്യാസം നേടുന്നതിനുള്ള സാഹചര്യം
- കൂടുതൽ വിശ്രമം ലഭിക്കുന്ന ജോലിയോടുള്ള താല്പര്യം.
- വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ വന്ന മാറ്റം.
- വിദ്യാഭ്യാസം നേടിയവർക്ക് അടിസ്ഥാനതൊഴിലുകളോടുള്ള താല്പര്യക്കുറവ്.

3. * മുരിങ്ങയോട് അദ്ദേഹത്തിനുള്ള ആത്മബന്ധം
   * മുരിങ്ങ ഒടിഞ്ഞുവീഴുമ്പോൾ അയാൾ സ്വന്തം വേദന മറക്കുന്നു.
   * മേൽമണ്ണില്ലാത്ത ഭൂമിയിൽ മുരിങ്ങ നട്ടത്.
   * പ്രായത്തിന്റെ അവശതകൾ മറന്ന് ഏണിയിൽ കയറി മുരിങ്ങയുടെ ഉണങ്ങിയ കമ്പ് വെട്ടാനുള്ള ശ്രമം.
   * മുരിങ്ങയുടെ ഒടിഞ്ഞ ഭാഗങ്ങളിൽ പച്ചത്തഴപ്പുകൾ കണ്ടതിലുണ്ടായ അമ്പരപ്പും ആഹ്ലാദവും.

വിലയിരുത്തൽ ചോദ്യങ്ങൾ

1. തന്റെ വേദനകളെ മറന്നും മുരിങ്ങയുടെ ദു:സ്ഥിതിയിൽ വേദനിക്കുന്ന കഥാകാരനെ പ്രകൃതി സ്നേഹിയെന്ന് വിലയിരുത്താമോ? കുറിപ്പ് തയാറാക്കുക
2. ലാഭാധിഷ്ഠിത സമൂഹഘടനയിൽ മണ്ണും മലകളും പുഴകളുമെല്ലാം ചൂഷണത്തിനുള്ള ഉപാധികളാകുന്നു. ഈ പ്രസ്താവന പരിശോധിച്ച് സ്വന്തം നിരീക്ഷണങ്ങളും ഉൾപ്പെടുത്തി ഉപന്യാസം തയാറാക്കുക

വിലയിരുത്തൽചോദ്യങ്ങളുടെ ഉത്തരസൂചിക

1.
   - പ്രകൃതിസ്നേഹി പ്രപഞ്ചത്തിലുള്ള എല്ലാത്തിനെയും സമഭാവനയോടെ കാണുന്നു.
   - ഒരു പുൽനാമ്പ് പോലും അവരെ സംബന്ധിച്ച് പ്രധാനപ്പെട്ടതാണ്.
   - പ്രകൃതിസ്നേഹികൾ സ്വജീവൻ പണയപ്പെടുത്തിയും നല്ല നാളേക്കു വേണ്ടി പോരാടുന്നവരാണ്.
   - മുരിങ്ങയുടെ നാശത്തിൽപോലും വേദനിക്കുന്ന കഥാകാരൻ
   - സ്വന്തം വേദനകളെ മറന്ന് മുരിങ്ങയുടെ നാശത്തിൽ ദു:ഖിക്കുന്നയാൾ.
   - ഒടിഞ്ഞ മുരിങ്ങയിൽ പച്ചത്തഴപ്പുകണ്ട് സന്തോഷിക്കുന്നയാൾ.

2.
   - ഭോഗിക്കും ദ്രോഹിക്കും എല്ലാം ചൂഷണത്തിനുള്ള ഉപാധികളാണ്.
   - പ്രകൃതിയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും അറിവില്ലായ്മ
   - സ്വാർഥതയും അതിന്റെ ഭാഗമായ ചൂഷണസ്വഭാവവും.
   - എല്ലാത്തിനെയും കയ്യടക്കി ഭരിക്കാനുള്ള ആർത്തി
   - മുൻതലമുറകളുടെ വിവേകവും മുൻകാഴ്ചയുമില്ലാത്ത പുതുതലമുറ
   - എങ്ങനെയും ലാഭം നേടണമെന്ന ചിന്ത.

തുടർപ്രവർത്തനങ്ങൾ

- 'പ്രകൃതിയെ നശിപ്പിക്കുന്നവൻ സ്വയം നശിക്കുന്നു' - ഈ പ്രസ്താവന മുൻനിർത്തി ഒരു മുഖപ്രസംഗം തയാറാക്കുക
- പ്രകൃതി സംരക്ഷണത്തിനായി പോരാടുന്ന ഏതാനും വ്യക്തികളെക്കുറിച്ച് ലഘുകുറിപ്പുകൾ തയാറാക്കുക

വിപുലപഠനത്തിന്

- മലയാളത്തിലെ പരിസ്ഥിതികഥകൾ – അംബികാസുതൻ മാങ്ങാട്

ഗ്രന്ഥകാര പരിചയം

ടി.പത്മനാഭൻ

തിനക്കൽ പത്മനാഭൻ എന്ന ടി.പത്മനാഭൻ 1931 ജനുവരി 1ന് കണ്ണൂർ ജില്ലയിലെ പള്ളിക്കുന്നിൽ ജനിച്ചു. ലോകശ്രദ്ധ പിടിച്ചുപറ്റിയ മലയാള ചെറുകഥാകൃത്തുക്കളിൽ പ്രഥമഗണനീയൻ. പ്രധാന കൃതികൾ: പ്രകാശം പരത്തുന്ന പെൺകുട്ടി, ഗൗരി, കടൽ, പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക്, നളിനകാന്തി, മഖൻസിങിന്റെ മരണം. പുരസ്ക്കാരങ്ങൾ: എഴുത്തച്ഛൻ, വള്ളത്തോൾ, വയലാർ, ഓടക്കുഴൽ അവാർഡുകൾ, കേരളസാഹിത്യ അക്കാദമി അവാർഡ്, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്.

4

നാടോടികളും വീട്ടുകാരും

എസ്.ജോസഫ്

വീട്ടുകാർ അവർ പണിത ചെറുവീടുകളിൽ കഴിയുന്നു.
നാടോടികൾ ആരും പണിയാത്ത വലിയ വീട്ടിൽ കഴിയുന്നു.
വീട്ടുകാർ കസേരകളിലിരിക്കുന്നു. അടിയിൽ എട്ടുകാലികൾ
നാടോടികൾ പുൽത്തട്ടിൽ ഇരിക്കുന്നു. താഴെ ഞാഞ്ഞൂലുകൾ
വീട്ടുകാരുടെ എല്ലാ യാത്രകളും കൂട്ടിപ്പിടിച്ച വളയങ്ങളാണ്
നാടോടികൾ വളയമുരുട്ടിക്കൊണ്ട് അലയുന്നു
നാടോടികളെ കള്ളന്മാരെന്ന് വിളിക്കുന്നു വീട്ടുകാർ
മണ്ണും വെള്ളവും കട്ടവരെ ഒഴിഞ്ഞുപോകുന്നു നാടോടികൾ

ഒരേ തീ കത്തുന്നു ഒരേ ചൂട് കിട്ടുന്നു

ചന്ദ്രനുള്ള രാത്രി വീട്ടുകാരനും ഭാര്യയും ഉറങ്ങുന്നു
ചന്ദ്രൻ അവരെ കാണുന്നില്ല
ചന്ദ്രനുള്ള രാത്രി നാടോടിപ്പെണ്ണും ആണും ഉറങ്ങുന്നു
ചന്ദ്രൻ അവരെ കാണുന്നു

ഒരേ സൂര്യനുദിക്കുന്നു ഒരേ സൂര്യൻ മറയുന്നു

ഒരു വീട്ടമ്മ മകനെ കുളിപ്പിക്കുന്നു
നാടോടിപ്പയ്യനെ മഴ കുളിപ്പിക്കുന്നു.
ഒരു വീട്ടമ്മ മകനെ കുടചൂടിച്ച്

പള്ളിക്കൂടത്തിലേക്ക് വിടുന്നു.
നാടോടിയായ അമ്മ മകനെ വെയിൽ ചൂടിച്ച്
ജീവിതത്തിലേക്കുവിടുന്നു

ഒരേ പ്രകൃതി വിളിക്കുന്നു ഒരേ ശബ്ദം കേൾക്കുന്നു

വീട്ടുപെൺകുട്ടി വീട്ടുചെറുക്കന്റെ
കൂടെ പോകുന്നു
അവർ വീട്ടിലേക്ക് പോകുന്നു
നാടോടിപ്പെൺകുട്ടി നാടോടിച്ചെറുക്കന്റെ
കൂടെ പോകുന്നു
അവർ എങ്ങോട്ട് പോകുന്നു?

(ഉപ്പന്റെ കുവൽ വരയ്ക്കുന്നു)

പദപരിചയം: *എട്ടുകാലികൾ – ചിലന്തികൾ, ഞാഞ്ഞൂൽ-മണ്ണിര*

അവധാരണചോദ്യങ്ങൾ

1. ആരും പണിയാത്ത വലിയ വീട്ടിൽ കഴിയുന്നത് ആര്?
2. നാടോടികൾ ഉറങ്ങുന്നത് എവിടെയാണ്?
3. നാടോടിവർഗത്തെ വീട്ടുകാർ എങ്ങനെയാണ് നോക്കിക്കാണുന്നത്?
4. "അവർ എങ്ങോട്ട് പോകുന്നു". എന്ന് കവിതയിൽ പരാമർശിക്കുന്നത് ആരെയൊക്കെ?
5. കൂട്ടിപ്പിടിച്ച വളയങ്ങളുമായി യാത്ര പോകുന്നത് ആരാണ്?
6. നാടോടികളും വീട്ടുകാരും താമസിക്കുന്ന വീടുകളുടെ പ്രത്യേകതകൾ എന്തെല്ലാം?

അവധാരണചോദ്യങ്ങളുടെ ഉത്തരസൂചിക

1. നാടോടികൾ
2. ആരും പണിയാത്ത വലിയവീട്ടിലെ പുൽത്തട്ടിൽ (പ്രകൃതിയിൽ)
3. നാടോടികളെ കള്ളന്മാരായിട്ടാണ് വീട്ടുകാർ കാണുന്നത്.
4. നാടോടിപ്പെൺകുട്ടിയും ചെറുക്കനും.
5. വീട്ടുകാർ
6. വീട്ടുകാർ സ്വയം പണിത ചെറുവീടുകളിൽ കഴിയുന്നു. വീടിനു മേൽക്കൂരയുണ്ട്. നാടോടികൾ ആരും പണിയാത്ത വലിയവീടായ പ്രകൃതിയിൽ കഴിയുന്നു. അതിന് മേൽക്കൂരയില്ല.

പാഠപഠനം

പ്രകൃതിയിൽ പിറന്നവനാണ് മനുഷ്യൻ. ആദിമസംസ്കാരത്തിലെ മനുഷ്യൻ മണ്ണിനോട് ചേർന്നാണ് ജീവിച്ചിരുന്നത്. മണ്ണും വെള്ളവും വായുവും ഭക്ഷണവും അവനു പ്രകൃതിദത്തങ്ങളായിരുന്നു. നദീതടങ്ങളിൽ സംസ്കാരം രൂപപ്പെട്ടുവന്നപ്പോൾ മനുഷ്യൻ സംസ്കാരമുള്ളവനായി. ഓരോ കാലത്തും മനുഷ്യവർഗം സംസ്കരണപ്രക്രിയയിലൂടെ വളർന്നുകൊണ്ടിരുന്നു. കഴിവും കരുത്തുമുള്ളവർ ബുദ്ധിയും ശക്തിയുമുപയോഗിച്ച് മണ്ണിന്റെ അധികാരികളായി. അധികാരം ചൂഷണത്തിനുള്ള ഉപാധിയായി അവൻ കരുതി. ഉള്ളവരെന്നും ഇല്ലാത്തവരെന്നും രണ്ടുവിഭാഗം മനുഷ്യരുണ്ടായി. കുടുംബമെന്ന സാമൂഹ്യവ്യവസ്ഥിതിയിൽ ബന്ധങ്ങൾതീർത്ത് മനുഷ്യർ പരസ്പരം ബന്ധികളായി. സുരക്ഷിതത്വമുള്ളകുടുംബം എന്നസങ്കല്പം ശക്തിപ്രാപിച്ചതോടെ അവൻ വീടുകളിലേക്ക് കുടിയേറി. ആ വീടുകൾ ആഡംബരത്തിന്റെയും സ്വന്തം സമ്പാദ്യത്തിന്റെയും പ്രദർശനശാലകളായി. കൂട്ടുകുടുംബത്തിൽ നിന്നും വഴിമാറിനടന്ന അവൻ തീർത്ത കൊട്ടാരങ്ങൾ ഇന്നു രാവണൻ കോട്ടകളായി തലയുയർത്തി നിൽക്കുന്നു. വീട് എന്ന യാഥാർഥ്യത്തിൽ നിന്നും ഫ്ളാറ്റിലേക്ക് അവൻ ചുരുങ്ങിത്തുടങ്ങി.

ഇതിനിടയിൽ നാം കാണാതെ പോകുന്ന ചില വഴിയോരക്കാഴ്ചകളുണ്ട്. അതാണ് എസ്.ജോസഫിന്റെ 'നാടോടികളും വീട്ടുകാരും' എന്ന കവിതയുടെ പ്രമേയം. വഴിയോരക്കാഴ്ചകൾ കേവലം കാഴ്ചകളായി മാത്രം മാറിപ്പോകുന്ന സമകാലിക പരിതഃസ്ഥിതിയിലും ബിംബങ്ങളായി നിറയുന്ന ചില മനുഷ്യരുണ്ട്. എല്ലാം ഉണ്ടെങ്കിലും ഒന്നും നേടാതെ ഏറെ കാണാനുണ്ടായിട്ടും ഒന്നും കാണാൻ കഴിയാതെ ഒന്നു നിലവിളിച്ചാൽപോലും ആരും കേൾക്കാത്ത ശബ്ദങ്ങളായി വഴിയോരങ്ങളിലും പുറമ്പോക്കുകളിലും അവർ നിറയുന്നു. കവിയുടെ ദൃക്സാക്ഷിത്വം കവിതയുടെ ആഖ്യാനതലത്തെ അനുഭവവേദ്യമാക്കുന്നു. കവിതയിൽ നാടോടികളും വീട്ടുകാരുമുണ്ട്. ജീവിതത്തിന്റെ രണ്ടറ്റത്തു നിൽക്കുന്നവരാണവർ. അവർക്കിടയിൽ നിന്നുകൊണ്ട് കവി ഇരുവരുടെയും ജീവിതം വിശകലനം ചെയ്യുന്നു.

വീട്ടുകാർ അവർ പണിയിച്ച വീടുകളിൽ കഴിയുന്നു. അവർ കസേരകളിലിരിക്കുന്നു. തിരക്കേറിയ ജീവിതത്തിൽ അനിവാര്യമായ യാത്രകളിൽ വളയങ്ങൾ കൂട്ടിപ്പിടിച്ച് വേഗതയിൽ ഓടിയെത്തുന്നു. നാടോടികളാവട്ടെ ആരും പണിയാത്ത വലിയ വീട്ടിൽ (പ്രകൃതി) കഴിയുന്നവരാണ്. അവർ ഇരിക്കുന്നത് പുൽത്തട്ടിലാണ്. ജീവിതയാത്രകളിൽ സ്വയം വളയമുരുട്ടി അലയുന്നവരുമാണ്. വീട്ടുകാരിരിക്കുന്ന കസേരകളുടെ അടിയിൽ എട്ടുകാലികൾ വസിക്കുന്നു. സമകാലിക വീട്ടുജീവിതത്തിന്റെ ഉൾത്തളങ്ങളിൽ വലകെട്ടി ചുണ്ടിൽ വിഷംനിറച്ച് ഇരയെ (ഇണയെ) കാത്തിരിക്കുന്ന ദാമ്പത്യബന്ധങ്ങൾ എട്ടുകാലികൾക്കു സമമായി മാറുന്നു. പുൽത്തട്ടിൽ ഇരിക്കുന്ന നാടോടികൾക്ക് താഴെ ഞാഞ്ഞൂലുകളാണ് വസിക്കുന്നത്. പുൽത്തട്ടിൽ എന്നാൽ പ്രകൃതിയുടെ മടിത്തട്ടിൽ ഇരിക്കുന്നു എന്നർഥം. അടിയിൽ ഞാഞ്ഞൂലുകൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഗ്രഹണസമയത്ത് ഏതു

ഞാഞ്ഞൂലും തലപൊക്കും. അവഗണിക്കപ്പെട്ടവരാണ് നാടോടികളും പുറമ്പോക്കു വാസികളും. അവരുടേതായ ഒരു ഗ്രഹണത്തിനായി കാത്തിരിക്കുന്നവർ. നാടോടിവർഗത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനായിട്ടുള്ള ഒരു നിശബ്ദ ആഹ്വാനം ഈ വരികളിൽ ഒളിഞ്ഞിരിപ്പുണ്ടെന്നതു ശ്രദ്ധേയം.

നാടോടിവർഗത്തെ എന്നും സംശയദൃഷ്ടിയോടെ നോക്കിക്കാണുന്നവരാണ് മലയാളികൾ. അവരെ കള്ളന്മാരായി മുദ്രകുത്തിയിരിക്കുന്നു. അതിനാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും നാടോടികളെ അകറ്റിനിർത്തുകയാണ് പതിവ്. തങ്ങൾക്ക് അർഹതപ്പെട്ട മണ്ണും വെള്ളവും കവർന്നെടുത്തവരോട് ഒരു പരാതിയും പറയാതെ ഒഴിഞ്ഞുപോകുന്നവർ.

സൂര്യനും ചന്ദ്രനും മഴയും അഗ്നിയും പ്രകൃതിയിലെ മറ്റെല്ലാ പ്രതിഭാസങ്ങളും എല്ലാവർക്കും എല്ലാം തുല്യമായി നല്കുന്നു. തീ കത്തുമ്പോൾ ഏവർക്കും ഒരേ ചൂട് കിട്ടുന്നു. ചന്ദ്രനുള്ള രാത്രിയിൽ വീട്ടിനുള്ളിൽ വീട്ടുകാരനും ഭാര്യയും ഉറങ്ങുന്നു. അതേ രാത്രിയിൽ പ്രകൃതിയുടെ മടിത്തട്ടിൽ നാടോടിപ്പെണ്ണും ചെറുക്കനും ഉറങ്ങുന്നു. വീട് എന്ന സുരക്ഷിതവലയത്തിനുള്ളിൽ ഉറങ്ങുന്നവർ ചന്ദ്രനെയോ, ചന്ദ്രൻ അവരെയോ കാണുന്നില്ല. എന്നാൽ പുറമ്പോക്കിൽ ഉറങ്ങുന്നവർക്ക് മുകളിലാകാശവും തെളിഞ്ഞു നിൽക്കുന്ന ചന്ദ്രനും നക്ഷത്രങ്ങളും താഴെ ഭൂമിയും പ്രകൃതിയും മാത്രം. പട്ടുമെത്തയിൽ ഉറങ്ങുന്നതും പ്രകൃതിയിൽ ലയിച്ചുറങ്ങുന്നതും രണ്ടുതരം അനുഭൂതികളാണെന്നുള്ള തിരിച്ചറിവ് കവിത നല്കുന്നു.

പൈപ്പുവെള്ളത്തിൽ വീട്ടമ്മ മകനെ കുളിപ്പിക്കുമ്പോൾ, പ്രകൃതിദത്തമായ മഴവെള്ളത്തിൽ നാടോടിപ്പയ്യൻ കുളിക്കുന്നു. കുളിച്ചൊരുങ്ങിയ മകനെ കുടചൂടിച്ച് പള്ളിക്കൂടത്തിലേക്ക് വിടുമ്പോൾ നാടോടിയായ അമ്മ മകനെ വെയിൽ ചൂടിച്ച് ജീവിതത്തിലേക്കു വിടുന്നു. വീട്ടമ്മയുടെ മകൻ യാന്ത്രികമായി ജീവിതത്തെ പഠിക്കുന്നു. നാടോടിപ്പയ്യനാകട്ടെ തെരുവ് ജീവിതത്തിലെ ചുട്ടുപൊള്ളുന്ന വഴികളിലൂടെ നടന്ന് അനുഭവങ്ങളിലൂടെ ശരിയായജീവിതം മനസ്സിലാക്കുന്നു. "തീയിൽ കുരുത്തത് വെയിലേറ്റ് വാടില്ല. യഥാർഥപാഠശാലയും പാഠപുസ്തകവും പ്രകൃതിയും അതിൽനിന്നുള്ള അനുഭവങ്ങളും തന്നെയാണെന്നുള്ള" ഓർമ്മപ്പെടുത്തലാണിത്.

വീട്ടിൽ വളർന്ന പെൺകുട്ടി വീട്ടുചെറുക്കന്റെ കൂടെപ്പോകുന്നു. നാടോടിപ്പെൺകുട്ടി നാടോടി ചെറുക്കന്റെ കൂടെയും. വീട്ടുപെൺകുട്ടിക്കും ചെറുക്കനും പോകാനായി കൃത്യമായി ഒരു വീടുണ്ട്. എന്നാൽ നാടോടിപ്പെണ്ണിനും ചെറുക്കനും പോകാനിടമില്ല. അവർ എവിടെനിന്നു വന്നു എന്ന ചോദ്യത്തിന് കൃത്യമായ ഉത്തരം കിട്ടാത്തിടത്തോളം അവർ എവിടേക്കുപോകുന്നു എന്നത് അപ്രസക്തമാണ്. വിശാലമായ ലോകം തന്നെ അവർക്കു വീട്.

ലോകം തറവാടായി കാണുന്നവരാണ് നാടോടിവർഗം. അവരുടെ ജീവിതവും പിഴയ്ക്കലും ആർക്കും വാർത്തകളായിത്തീരുന്നില്ല. പുറമ്പോക്കിൽ എറിയപ്പെട്ടവർ. എവിടെ നിന്നോവന്ന് എങ്ങോട്ടോ പോകുന്നവർ. വ്യക്തിത്വം രേഖപ്പെടുത്തിയിട്ടില്ലാത്തവർ. നമുക്കു ചുറ്റിനുമായി എവിടെയും അവരുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരാത്തവർ. തിരിച്ചറിയൽ രേഖകൾക്കു പിടികൊടുക്കാത്തവർ. അതുകൊണ്ട് തന്നെ നാടോടിവർഗം രാജ്യത്തിനകത്താണെങ്കിലും ഭരണഘടനയ്ക്കു പുറ

ത്തായിപ്പോകുന്നു എന്നത് വേദനാജനകമാണ്.

കീഴാളരുടെയും പുറന്തള്ളപ്പെട്ടവരുടേയും ജീവിതം അതിജീവനത്തിന്റെ പാഠങ്ങളായിട്ടാണ് ജോസഫിന്റെ കവിതകളിൽ നിറയുന്നത്. പാർശ്വവത്കൃതരുടെ ശരീരങ്ങളും ആവാസവ്യവസ്ഥകളും കണ്ടറിഞ്ഞ് അവയോട് ചേർന്നുനിന്നുകൊണ്ടാണ് അദ്ദേഹം കവിതകൾ രചിക്കുന്നത്. നാടോടികൾക്കും പുറമ്പോക്കുകാർക്കും അറിവും ആരമാവുമടക്കം അവർ സ്വയം നെയ്തെടുത്ത ഒരു ജീവിതവുമുണ്ടെന്നുള്ള രേഖപ്പെടുത്തലാണ് ഈ കവിതയിലെ പ്രമേയമെന്നു പറയാം. പ്രത്യേകിച്ചും മുപ്പത്തിമൂന്നു ലക്ഷത്തോളം അന്യദേശക്കാർ തൊഴിൽ ചെയ്യാനാണെങ്കിൽപ്പോലും പ്രവാസികളായി ഈ കൊച്ചുകേരളത്തിൽ കഴിയുന്നു എന്ന യാഥാർഥ്യവും നമ്മുടെ മുന്നിലുണ്ടല്ലോ.

അപഗ്രഥനച്ചോദ്യങ്ങൾ

1. വീട്ടുകാരുടെ ജീവിതത്തെ കവി അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ? വിശകലനം ചെയ്തു കുറിപ്പുതയാറാക്കുക

2. "ഒരേതീ കത്തുന്നു, ഒരേചൂട് കിട്ടുന്നു
ഒരേസൂര്യനുദിക്കുന്നു ഒരേസൂര്യൻ മറയുന്നു
ഒരേ പ്രകൃതി വിളിക്കുന്നു ഒരേ ശബ്ദം കേൾക്കുന്നു"

   നാടോടികളുടെ ജീവിതത്തെ അവതരിപ്പിക്കുന്നതിന് കവി തിരഞ്ഞെടുത്ത ഇത്തരം സൂചകങ്ങളിലെ ആശയങ്ങൾ വിശകലനംചെയ്ത് കുറിപ്പെഴുതുക

3. 'മലയാളികളുടെ കുടുംബസങ്കല്പം' നാടോടികളും വീട്ടുകാരും എന്ന കവിതയിൽ എപ്രകാരം പ്രതിഫലിച്ചിരിക്കുന്നു. വിശദീകരണക്കുറിപ്പെഴുതുക

4. "ഒരു വീട്ടമ്മ മകനെ കുളിപ്പിക്കുന്നു
നാടോടിപ്പയ്യനെ മഴ കുളിപ്പിക്കുന്നു
ഒരു വീട്ടമ്മ മകനെ കുടചൂടിച്ച്
പള്ളിക്കൂടത്തിലേക്ക് വിടുന്നു
നാടോടിയായ അമ്മ മകനെ വെയിൽചൂടിച്ച്
ജീവിതത്തിലേക്കുവിടുന്നു"

   ഈ വരികളിൽ തെളിയുന്ന വൈരുദ്ധ്യങ്ങൾ താരതമ്യം ചെയ്തു കുറിപ്പുതയാറാക്കുക

അപഗ്രഥനച്ചോദ്യങ്ങളുടെ ഉത്തരസൂചിക

1. * വീട്ടുകാർ അവർ പണിതവീടുകളിൽ എട്ടുകാലികൾ വലകെട്ടിയ കസേരകളിലിരിക്കുന്നു.
   * വളയങ്ങൾ കൂട്ടിപ്പിടിച്ച് യാത്രചെയ്യുന്നു.
   * രാത്രികളിൽ ചന്ദ്രനെ കാണാതെ വീട്ടുകാരൻ വീടിനുള്ളിലുറങ്ങുന്നു.
   * സ്വന്തം മകനെ കുളിപ്പിച്ചൊരുക്കി കുടചൂടിച്ച് വീട്ടമ്മ പള്ളിക്കൂടത്തിലേക്കു വിടുന്നു.
   * വീട്ടുപെൺകുട്ടി വീട്ടുചെറുക്കന്റെ കൂടെ അവരുടെ വീട്ടിലേക്കു പോകുന്നു.

2. * തീ കത്തുമ്പോൾ ചൂടും സൂര്യനുദിക്കുമ്പോൾ പ്രകാശവും മഴപെയ്യുമ്പോൾ കുളിർമയും എല്ലാവർക്കും ഒരുപോലെ കിട്ടുന്നു.
   * നാടോടിശബ്ദങ്ങളെ ആരും ഗൗനിക്കുന്നില്ല.
   * നാടോടി വർഗത്തിന് ലഭിക്കാതെ പലതും ചിലരുടെ കൈകളിൽമാത്രം ഒതുങ്ങിപ്പോകുന്നു.
   * എല്ലാവർക്കും പ്രകൃതി ഒരുപോലെ നല്കുന്നത് ഒരുവിഭാഗം കവർന്നെടുക്കുന്നു
   * റേഷൻ, ഐഡന്റിറ്റി, പെൻഷൻകാർഡുകൾക്ക് പുറത്താകുന്ന നാടോടികൾ

3. * മലയാളികൾ കുടുംബജീവിതത്തിനു പ്രാധാന്യം കൽപ്പിക്കുന്നവരാണ്.
   * സമൂഹത്തിന്റെ നിലനിൽപ്പുതന്നെ കെട്ടുറപ്പുള്ള കുടുംബത്തിലാണ്.
   * മഞ്ഞും മഴയും വെയിലുമേൽക്കാതെ അന്തിചായാനൊരു സുരക്ഷിതസ്ഥാനമാണ് വീട്.
   * എവിടെ യാത്രപോയാലും സ്വന്തം കുടുംബത്തിലെത്തിച്ചേരാൻ അവർ വ്യഗ്രത കാട്ടുന്നു.
   * ബന്ധത്തിന്റെ ഊഷ്മളതയും സുരക്ഷിതത്വത്തിന്റെ പകർന്നു കൊടുക്കലുകളും കുടുംബത്തിൽ സമാധാനവും സന്തോഷവും വർധിപ്പിക്കും.

3. * വീട്ടമ്മ മകനെ കുളിപ്പിച്ചൊരുക്കി കുടചൂടിച്ച് പള്ളിക്കൂടത്തിലേക്കു വിടുന്നു.
   * നാടോടിയായ അമ്മ മകനെ മഴയിൽ കുളിപ്പിച്ച് വെയിൽചൂടിച്ച് ജീവിതത്തിലേക്കു വിടുന്നു.
   * വീട്ടമ്മയുടെ മകൻ പുസ്തകപരിചയത്തിലൂടെമാത്രം ജീവിതം പഠിക്കുന്നു.
   * നാടോടിപ്പയ്യൻ തെരുവിലെ പൊള്ളുന്ന വഴികളിലൂടെ നടന്ന് അനുഭവങ്ങളിലൂടെ ശരിയായ ജീവിതമറിയുന്നു.
   * തീയിൽ കുരുത്തത് വെയിലത്തു വാടില്ല.

വിലയിരുത്തൽ ചോദ്യങ്ങൾ

3. "യഥാർഥ പാഠശാലയും പാഠപുസ്തകങ്ങളും സ്വന്തം ജീവിതാനുഭവങ്ങൾ തന്നെയാണെന്നുള്ള തിരിച്ചറിവാണ് നാടോടികളെ വീട്ടുകാരിൽ നിന്നും വേറിട്ടു നിർത്തുന്നത്." ഈ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിച്ച് ഉപന്യാസം തയാറാക്കുക?
3. 'ലോകമേ തറവാട്' എന്ന വിശാലമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് നാടോടികളും വീട്ടുകാരും എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക?
3. എട്ടുകാലികൾ, ഞാഞ്ഞൂലുകൾ, കൂട്ടിപ്പിടിച്ച വളയങ്ങൾ, വെയിൽചൂടിച്ച ജീവിതം എന്നീ വാക്കുകൾ കവിതയ്ക്കു നൽകുന്ന പ്രയോഗഭംഗി കണ്ടെത്തി വിശദീകരിക്കുക?

വിലയിരുത്തൽചോദ്യങ്ങളുടെ ഉത്തരസൂചിക

3.
- നാടോടികൾ തെരുവിലും, വീട്ടുകാർ വീടിനുള്ളിലും ഉറങ്ങുന്നു.
- മഴയും വെയിലും സൂര്യനും ചന്ദ്രനും തങ്ങൾക്കുള്ളതെല്ലാം എല്ലാവർക്കും തുല്യമായി നല്കുന്നു.
- വീട്ടമ്മ മകനെ കുളിപ്പിച്ചൊരുക്കി സ്കൂളിൽ വിടുന്നു.
- നാടോടിസ്ത്രീ മകനെ മഴയിൽ കുളിപ്പിച്ച് തെരുവുജീവിതത്തിലേക്കു വിടുന്നു.
- അനുഭവമാണ് യഥാർഥഗുരു എന്ന കാഴ്ചപ്പാട്
- വീട്ടുകാർക്ക് ലഭിക്കാത്ത പ്രകൃതിയനുഭവങ്ങൾ നാടോടികൾക്കു ലഭിക്കുന്നു.

3.
- 'വസുധൈവകുടുംബകം' (ലോകം ഒരൊറ്റ കുടുംബം) എന്ന ഭാരതീയമായ കാഴ്ചപ്പാട്.
- പ്രകൃതി എല്ലാവർക്കും എല്ലാം തുല്യമായിനൽകുന്നു.
- പ്രകൃതിയിൽനിന്നുവേറിട്ട് മനുഷ്യന് നിലനിൽപ്പില്ല
- പാർശ്വവത്കൃതരുടെ ജീവിതചുറ്റുപാടുകൾ
- സമൂഹത്തിൽനിന്നും പുറന്തള്ളപ്പെട്ടവരുടെ അവസ്ഥ.

3.
- വീടിനുള്ളിൽ വലകെട്ടി ചുണ്ടിൽ വിഷംനിറച്ചുകൊണ്ട് ഇണയെ കാത്തിരിക്കുന്ന ദാമ്പത്യബന്ധങ്ങൾ (ദാമ്പത്യ-കുടുംബബന്ധങ്ങളിൽ ഒളിഞ്ഞിരിക്കുന്ന കാപട്യം)

- അവഗണിക്കപ്പെട്ട നാടോടികൾ ഞാഞ്ഞൂലിനെപ്പോലെ ഗ്രഹണസമയത്ത് ഉയിർത്തെഴുന്നേൽക്കുമെന്ന പ്രത്യാശ.
- കുടുംബം എന്ന വൃത്തത്തിനുള്ളിൽ കൂട്ടിപ്പിടിച്ച വളയങ്ങൾക്കുള്ളിലെ ജീവിതത്തിന്റെ പ്രതിസന്ധികൾ.
- തീയിൽ കുരുത്തത് വെയിലേറ്റ് വാടില്ല. (തീവ്രജീവിതാനുഭവങ്ങൾ ഉള്ളവർക്ക് ചെറിയകാര്യങ്ങളിൽ അസ്വസ്ഥതയുണ്ടാവില്ല)

തുടർപ്രവർത്തനങ്ങൾ

- സമകാലിക കവിതകളുടെ പ്രത്യേകതകളെക്കുറിച്ച് ഒരു ലഘുവിവരണം തയാറാക്കുക
- നാടോടികളുടെ കുടുംബജീവിതം' എന്ന വിഷയത്തിൽ ഒരു എഡിറ്റോറിയൽ തയാറാക്കുക

വിപുലപഠനത്തിന്

* ചെമ്മീൻ, തോട്ടിയുടെ മകൻ (നോവലുകൾ) - തകഴി ശിവശങ്കരപ്പിള്ള
* കോതമ്പുമണികൾ (കവിത) - ഒ.എൻ.വി.കുറുപ്പ്
* മാവേലി മൻറം (നോവൽ) - കെ.ജെ.ബേബി
* ദലിതം: (മലയാളത്തിലെ ദളിത്കവിതകൾ) - എഡിറ്റർ എം.ബി.മനോജ്.

ഗ്രന്ഥകാര പരിചയം

എസ്.ജോസഫ്

കോട്ടയം ജില്ലയിലെ ഏറ്റുമാനൂരിനടുത്തുള്ള പട്ടിത്താനത്ത് 1965-ൽ ജനിച്ചു. സമകാലീന മലയാള കവിതയിൽ പാർശ്വവത്കരിക്കപ്പെട്ട ജീവിതത്തിന്റെ ഉണർത്തു പാട്ടുകളെ കവിതകളാക്കി. പ്രധാനകൃതികൾ: കറുത്ത കല്ല്, മീൻകാരൻ, ഐഡന്റിറ്റി കാർഡ്. കവിതയ്ക്കുള്ള കേരളസാഹിത്യഅക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചു. ഇപ്പോൾ എറണാകുളം മഹാരാജാസ് കോളേജിൽ മലയാളം അധ്യാപകനായി ജോലി ചെയ്യുന്നു.

നേടിയ കഴിവുകൾ

	പൂർണമായി	ഭാഗികമായി	മെച്ചപ്പെടേണ്ടതുണ്ട്
രോഗികൾ, ദരിദ്രർ, പാർശ്വവൽക്കരിക്കപ്പെട്ടവർ തുടങ്ങിയവരുടെ ജീവിതാവസ്ഥകൾ വിവരിക്കുന്ന രചനകൾ വിശകലനം ചെയ്ത്, പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കാൻ.			
പ്രതിസന്ധികളെ അതിജീവിക്കാൻ ഇച്ഛാശക്തി അനിവാര്യമാണെന്ന ധാരണ നേടാനും പ്രവർത്തിക്കാനും.			
നാടോടികളുടെ ജീവിതാവസ്ഥ തിരിച്ചറിഞ്ഞ് മുഖ്യധാരാജീവിതത്തിലേക്ക് അവരെ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ			
ആതുരശുശ്രൂഷാകേന്ദ്രങ്ങൾ, അനാഥാലയങ്ങൾ എന്നിവ സന്ദർശിച്ച് രോഗികളെയും അനാഥരെയും ആശ്വസിപ്പിക്കാൻ അവർക്ക് വേണ്ടി സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കാനും.			
പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്ന രചനകൾ വിശകലനംചെയ്ത് വിവരശേഖരണം നടത്തി ലഘുലേഖകൾ തയാറാക്കാൻ.			
ജീവിതപ്രതിസന്ധികളെ വിജയകരമായി അതിജീവിച്ച് മുന്നേറിയവരെ കണ്ടെത്തി അഭിമുഖം നടത്തുന്നതിനുള്ള ചോദ്യാവലി തയാറാക്കാൻ.			

	പൂർണമായി	ഭാഗികമായി	മെച്ചപ്പെടേണ്ടതുണ്ട്
കുട്ടികൾ, സ്ത്രീകൾ, നാടോടികൾ എന്നിവരുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട കുറിപ്പുകൾ, പ്രബന്ധങ്ങൾ എന്നിവ തയാറാക്കി ചർച്ചകളിൽ അവതരിപ്പിക്കാൻ			
സമകാലികകവിതകൾ വിശകലനംചെയ്ത് അതിന്റെ പ്രത്യേകതകളെക്കുറിച്ച് വിവരണം, ആസ്വാദനം എന്നിവ തയാറാക്കാൻ.			

4

കാഴ്ചപ്പാട്

ഭൂമുഖത്തെ ഏറ്റവും ബുദ്ധിയുള്ള ജീവിയാണ് മനുഷ്യനെങ്കിലും വളരെ സങ്കീർണമാണ് അവന്റെ ജീവിതം. നിരവധി പരീക്ഷണങ്ങളെ അതിജീവിച്ചുവേണം അവന് മുന്നേറാൻ. അതിന് തുണയാകുന്നതാകട്ടെ, പൂർവസൂരികളുടെയും സമകാലികരുടെയും മാതൃകാപരമായ ജീവിതവും പ്രചോദനാത്മകമായ വാക്കുകളുമൊക്കെയാണ്. അവരുടെ നീരീക്ഷണങ്ങളും നിർദ്ദേശങ്ങളും വിവിധരചനകളിലൂടെ നമുക്ക് പകർന്നുകിട്ടിയിട്ടുണ്ട്. മനുഷ്യപുരോഗതിയും സമൂഹനന്മയും ലക്ഷ്യമാക്കിയുള്ള അത്തരം മൂന്നുരചനകൾ ഉൾപ്പെടുത്തിയ ഭാഗമാണ് 'കാഴ്ചപ്പാട്'. ഉള്ളൂർ.എസ്.പരമേശ്വരയ്യരുടെ 'ഉദ്ബോധനം' എന്ന കവിത പരാജയങ്ങളിൽ തളരാതെ മുന്നോട്ട് കുതിക്കുവാനുള്ള പ്രചോദനമാണ്. സമൂഹത്തിലും കുടുംബത്തിലും സ്ത്രീക്കും പുരുഷനും തുല്യപങ്കാളിത്തമാണുള്ളതെന്നും സ്ത്രീക്ക് മുന്നിൽ എല്ലാവാതിലുകളും തുറക്കേണ്ടതുണ്ടെന്നും ഗ്രേസിയുടെ 'ഗൗളിജന്മം' എന്ന കഥ ഓർമ്മപ്പെടുത്തുന്നു. ഉല്പാദനം വർധിപ്പിച്ച് കൃഷി ലാഭകരമാക്കാനുള്ള ആർത്തിയിൽ മനുഷ്യൻ വിവിധരോഗങ്ങൾക്ക് അടിമയായി. മണ്ണും വെള്ളവും മലിനമായി. ഈ മാരകവിപത്തിൽ നിന്ന് രക്ഷപെടാനുള്ള പോംവഴികളിലൊന്ന് രാസവളങ്ങളും കൃത്രിമകീടനാശിനികളും ഉപയോഗിക്കാതെ കൃഷി ചെയ്യുകയെന്നതാണ്. 'ജൈവകൃഷി' എന്ന ലേഖനം മണ്ണിനും മനുഷ്യനുമിണങ്ങിയ കൃഷിയുടെ സവിശേഷതകൾ വിശദമാക്കുന്നു. മനുഷ്യജീവിതത്തെ മുന്നോട്ട് നയിക്കുന്ന ഇത്തരം കാഴ്ചപ്പാടുകൾ പഠിതാക്കളിൽ രൂപപ്പെടാനുള്ള സാഹചര്യമാണ് ഈ ഭാഗത്ത് ഒരുക്കിയിട്ടുള്ളത്.

പഠനനേട്ടങ്ങൾ

- ആക്ഷേപഹാസ്യത്തിലൂടെ സാമൂഹ്യവിമർശനം നടത്തുന്ന രചനകൾ വിശകലനം ചെയ്ത് വിശകലനക്കുറിപ്പുകൾ, താരതമ്യക്കുറിപ്പുകൾ, ഉപന്യാസങ്ങൾ എന്നിവ തയാറാക്കുന്നു.
- വിവിധ ദിനാചരണങ്ങൾക്ക് നോട്ടീസ്, പോസ്റ്റർ, കാര്യപരിപാടികൾ എന്നിവ തയാറാക്കുകയും സംഘാടനത്തിന് നേതൃത്വംവഹിക്കുകയും ചെയ്യുന്നു.
- ആനുകാലിക സാമൂഹ്യപ്രശ്നങ്ങൾ പ്രതിപാദിക്കുന്ന രചനകളെ അടിസ്ഥാനപ്പെടുത്തി നിരൂപണം തയാറാക്കുന്നു.
- ഉദ്ബോധന/സന്ദേശപ്രദാനങ്ങളായ കവിതകൾ വിശകലനംചെയ്ത് അതിലെ ഭാഷാപരവും സാഹിത്യപരവുമായ സവിശേഷതകൾ കണ്ടെത്തി ഉപന്യാസം തയാറാക്കുന്നു.
- കവിത്രയകവിതകളെ വിശകലനം ചെയ്ത് സവിശേഷതകൾ കണ്ടെത്തുകയും അതിനെ അടിസ്ഥാനപ്പെടുത്തി പ്രബന്ധങ്ങൾ തയാറാക്കുകയും ചെയ്യുന്നു.
- പരിസ്ഥിതിസംരക്ഷണത്തിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്ന രചനകളുടെ അടിസ്ഥാനത്തിൽ വിവരശേഖരണം നടത്തുകയും അതിനെ വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ജൈവകൃഷിയുടെ പ്രാധാന്യം വിശദമാക്കുന്ന ലേഖനങ്ങൾ, ലഘുലേഖകൾ എന്നിവ വിശകലനം ചെയ്ത് പ്രചരിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

1

ഉദ്ബോധനം

ഉള്ളൂർ.എസ്.പരമേശ്വരയ്യർ

ജീവിതപ്പോരിലപജയം തെല്ലാർന്ന
യൗവനയുക്തനാമായുഷ്മാനേ!
എന്തുമേൽ വേണ്ടതെന്നേതുമറിയാതെ
ഹന്ത! നീ നില്ക്കയോ സോദരനേ?
പോരുംതളർന്നതു! പോരുംതളർന്നതു!
പൂരുഷചൈതന്യപ്പൊൽത്തിടമ്പേ
താടിക്കു കൈകുത്തിത്താഴോട്ടു നോക്കാതെ
ചൂടെഴും വീർപ്പൊന്നുമിട്ടിടാതെ
നിന്മിഴി മങ്ങാതെ, പാദം കുഴയാതെ
നട്ടെല്ലു തെല്ലും വളഞ്ഞിടാതെ
ധീരനായ് മുന്നോട്ടു ചാടിക്കുതിച്ചു നീ
പോരുക! പോരുക! പുണ്യവാനേ!
വെറ്റിയും തോൽവിയും പോർക്കളത്തിൽച്ചെന്നാൽ
പറ്റും; ഇതിനതു മീതേയല്ല.
എന്തിന്നുവേണ്ടി നീയെങ്ങനെ പോർചെയ്തു?
ചിന്തിച്ചിടേണ്ടതീ രണ്ടുകൂട്ടം.
നന്മയ്ക്കുവേണ്ടി നീ നേർവഴിയിൽനിന്നു
ധർമ്മയുദ്ധംചെയ്തു തോറ്റുപോയാൽ
പോകട്ടേ! ആത്തോൽവിതന്നെ ജയമെന്നു
ലോകർ കടശ്ശിയിൽസ്സമ്മതിക്കും
കാലത്തിരിപ്പിൽക്കറങ്ങുമീയൂഴിയിൽ
മേലുകീഴങ്ങിങ്ങു കീഴ്മേലാകെ
മേനിക്കരുത്തിൻ കുറവല്ല തോല്പതു;
വീഴ്വതടവിൻപിഴയുമല്ല.
വീഴുകിൽ വീഴട്ടേ: മാറിടത്തിൽ കുറെ-
ച്ചോരുപുരണ്ടാൽ പുരണ്ടിടട്ടേ.
വീണെടത്തല്പം കിടക്കുകയോ, ചെറു-
പാണിതൻ തുമ്പാൽ തുടയ്ക്കുകയോ
ചെയ്താലേയുള്ളു കുറച്ചി, ലെഴുന്നേറ്റു
ചെല്ലുക മുന്നോട്ടു ധീരാത്മാവേ!

(കിരണാവലി)

അപജയം - പരാജയം, പോര്-യുദ്ധം, വീർപ്പ്-നെടുവീർപ്പ്, പോർക്കളം-യുദ്ധക്കളം, കടശ്ശി-അവസാനം, ഊഴി-ഭൂമി, മേനി-ശരീരം, പാണി - കൈ

അവധാരണചോദ്യങ്ങൾ

1. ജീവിതപ്പോരിൽ അപജയം സംഭവിച്ചതാർക്ക്?
2. സോദരൻ എന്തുകൊണ്ടാണ് ഇങ്ങനെ നിൽക്കുന്നത്?
3. നട്ടെല്ലുവളയ്ക്കാതെ എന്തുചെയ്യാനാണ് കവി പറയുന്നത്?
4. വെറ്റിയും തോൽവിയും സംഭവിക്കുന്നത് എവിടെ?
5. യോദ്ധാവിന് കുറച്ചിൽ സംഭവിക്കുന്നത് എപ്പോൾ?

അവധാരണചോദ്യങ്ങളുടെ ഉത്തരസൂചിക

1. സോദരന്
2. ഇനി എന്തുചെയ്യണമെന്ന് അറിയില്ല.
3. ധീരനായി മുന്നോട്ട് ചാടിക്കുതിക്കാൻ
4. പോർക്കളത്തിൽ
5. വീണിടത്ത് കിടക്കുകയോ ചേറ് കൈയാൽ തുടയ്ക്കുകയോ ചെയ്താൽ.

പാഠാപഗ്രഥനം

മലയാള കവിതയിലെ ഏറ്റവും സമ്പന്നമായ കാലമാണ് ആധുനികകാലഘട്ടം. കുമാരനാശാൻ, ഉള്ളൂർ.എസ്.പരമേശ്വരയ്യർ, വള്ളത്തോൾ നാരായണമേനോൻ എന്നിവരുടെ കാവ്യസപര്യയാണ് ആ കാലഘട്ടത്തെ സമ്പന്നമാക്കിയത്. നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യസമരത്തിന്റെയും ചൂടും ചൂരും നിറഞ്ഞ അന്തരീക്ഷത്തിൽ രചിക്കപ്പെട്ട ആ കവിതകൾ അക്കാലത്തെ സാമൂഹ്യജീവിതത്തിന്റെ സ്പന്ദനം കൂടിയാണ്.

മറ്റു കവികളെ അപേക്ഷിച്ച് ഉള്ളൂർ കവിത ശ്രദ്ധേയമാകുന്നത് അവയിൽ കാണുന്ന ആർഷസംസ്കാര പ്രതിപത്തിയും ക്ലാസ്സിക്കൽ ശൈലിയും ശബ്ദപ്രൗഢിയും കൊണ്ടാണ്. നന്നേ ചെറുപ്പത്തിൽ ലഭിച്ച സംസ്കൃതവിദ്യാഭ്യാസമാകാം അതിനുകാരണം. ഖണ്ഡകാവ്യമാകട്ടെ മഹാകാവ്യമോ ലഘുകാവ്യമോ ആകട്ടെ അദ്ദേഹം സ്വീകരിക്കുന്ന ഭാഷയും പ്രമേയവും കല്പനയും ഇതരകവികളുമായി മാറ്റുരച്ചുനോക്കുമ്പോൾ പ്രൗഢവും ഉജ്ജ്വലവുമാണ്. ഉജ്ജ്വലശബ്ദാഢ്യനെന്ന വിശേഷണം അദ്ദേഹത്തിന് ചാർത്തിക്കൊടുത്തത് ഈ സവിശേഷതയാണ്. മഹാകാവ്യം, ഖണ്ഡകാവ്യം, ചമ്പു തുടങ്ങിയ സാഹിത്യരൂപങ്ങൾക്കുപുറമേ നിരവധി ലഘുകാവ്യങ്ങളും ഉള്ളൂർ രചിച്ചിട്ടുണ്ട്. കിരണാവലി, താരഹാരം, തരംഗിണി, മണിമഞ്ജൂഷ തുടങ്ങി പതിനൊന്ന് കൃതികളിൽ ഈ ലഘുകാവ്യങ്ങൾ സമാഹരിക്കപ്പെട്ടി

രിക്കുന്നു. 'കിരണാവലി'യിൽ ചേർത്തിരിക്കുന്ന 'ഉദ്ബോധനം' കവിതാഭാഗം സാമൂഹികമുന്നേറ്റങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മുന്നണിപ്പോരാളികൾക്ക് ഊർജം നല്കുവാൻ വേണ്ടി രചിക്കപ്പെട്ടതാണ്.

ജീവിതത്തിൽ ജയാപജയങ്ങൾ സാധാരണമാണ്. പരാജയം വിജയത്തിന്റെ ചവിട്ടുപടിയാണെന്ന് പറയാറുണ്ടല്ലോ. എന്നാൽ ജീവിതത്തിൽ പരാജയം സംഭവിക്കുമ്പോൾ എന്തുചെയ്യണമെന്നറിയാതെ വിഷണ്ണരായി നിൽക്കുന്നവരാണ് ഏറെയും. താടിക്ക് കൈകുത്തി, താഴോട്ടുനോക്കി, നെടുവീർപ്പിട്ട്, മിഴിമങ്ങി പാദങ്ങൾ കുഴഞ്ഞ് എന്തുചെയ്യണമെന്നറിയാതെ നിൽക്കുന്നവരോട് കവി പറയുന്നത് ഇങ്ങനെ:

നട്ടെല്ലുവളഞ്ഞിടാതെ
ധീരനായ് മുന്നോട്ട് ചാടിക്കുതിച്ചു നീ
പോരുക! പോരുക! പുണ്യവാനേ

പരാജയത്തിൽ നിരാശപൂണ്ടു നിൽക്കുന്നവർക്ക് ഊർജം നല്കുന്ന ഔഷധമാണ് ഇത്തരം ശുഭവാക്യങ്ങൾ. പരാജിതരെ അപഹസിക്കുന്നവരെ നാം കാണാറുണ്ട്. അത് അവരെ കൂടുതൽ നൈരാശ്യത്തിലെത്തിക്കും. പോർക്കളത്തിലെ യോദ്ധാക്കൾക്ക് ലേപനം വിമർശനമല്ല; ശുഭചിന്തയാണ്. പരാജയപ്പെടുന്നവർക്ക് വിജയത്തിന്റെ വഴി കണ്ടെത്താനുള്ള മരുന്നാണ് കവിവാക്യങ്ങളെന്ന് വ്യക്തം.

അപഗ്രഥനച്ചോദ്യങ്ങൾ

1. സോദരന് എന്താണ് സംഭവിച്ചത്? എങ്ങനെ മുന്നേറാനാണ് കവി ആവശ്യപ്പെടുന്നത്? കുറിപ്പ് തയാറാക്കുക
2. തോൽവി ജയമെന്ന് ലോകർ സമ്മതിക്കുന്നത് എപ്പോൾ? വിശദീകരിച്ച് കുറിപ്പെഴുതുക
3. 'യോദ്ധാവിന്റെ ആത്മാഭിമാനം ഉണർത്താൻ കവി പറയുന്ന കാര്യങ്ങൾ ലോകത്തോട് മൊത്തമുള്ളതാണ്'. വിശകലനക്കുറിപ്പെഴുതുക

അപഗ്രഥനച്ചോദ്യങ്ങളുടെ ഉത്തരസൂചിക

1.
- ജീവിതപ്പോരിൽ അപജയം സംഭവിച്ചതുകൊണ്ട് എന്തുചെയ്യണമെന്ന് അറിയാതെ നില്ക്കുകയാണ് സോദരൻ.
- താടിക്ക് കൈകുത്തി, താഴോട്ടുനോക്കി നെടുവീർപ്പിടാതെ, മിഴിമങ്ങി, പാദം കുഴയാതെ, നട്ടെല്ലുവളയ്ക്കാതെ ധീരനെപ്പോലെ മുന്നോട്ട് ചാടിക്കുതിക്കാൻ കവി ആവശ്യപ്പെടുന്നു.
- ജീവിതത്തിൽ ജയവും തോൽവിയും സ്വാഭാവികമാണ്.
- പ്രതിസന്ധികളെ അതിജീവിക്കുമ്പോഴാണ് ജീവിതവിജയം ഉണ്ടാകുന്നത്.
- ശുഭചിന്ത നമ്മെ വിജയത്തിലെത്തിക്കും.

2.
- പോർക്കളത്തിൽ ജയവും തോൽവിയും സാധാരണമാണ്.
- യുദ്ധം എന്തിനുവേണ്ടിചെയ്യുന്നു എന്നതോന്നലല്ല വേണ്ടത്.
- നന്മയ്ക്കുവേണ്ടി യുദ്ധം ചെയ്തുതോറ്റാൽ പോകട്ടെ എന്നുകരുതുക.
- നന്മയ്ക്ക് വേണ്ടിയുള്ള തോൽവി ജയമെന്ന് ലോകം അംഗീകരിക്കും.

3.
- കാലഗതിയിൽ ഭൂമി കീഴ്മേലായും മേൽകീഴായും വരാം.
- വീഴ്ച ഭൂമിയുടെ പിഴവുകൊണ്ടോ കരുത്തിന്റെ കുറവുകൊണ്ടോ അല്ല.
- വീണിടത്തുകിടക്കുകയും ചേറ് കൈകൊണ്ട് തുടയ്ക്കുകയും ചെയ്യുന്നത് കുറച്ചിലാണ്.
- പരാജയത്തിൽ നിരാശനായി പിന്മാറുന്നതും ദു:ഖിക്കുന്നതും നന്നല്ല.
- നന്മയ്ക്കുവേണ്ടി മരണംവരെ പോരാടുക.
- ലോകത്തിനാകമാനം നല്കാവുന്ന ഉന്നതസന്ദേശം.

വിലയിരുത്തൽ ചോദ്യങ്ങൾ

1. 'മലയാള കവിതാസാഹിത്യചരിത്രത്തിൽ ആധുനിക കവിത്രയത്തിന്റെ സ്ഥാനം' എന്ന വിഷയത്തിൽ ലഘുപ്രബന്ധം തയാറാക്കുക.

2. പോരുംതളർന്നതു പോരുംതളർന്നതു
പൂരുഷചൈതന്യപ്പൊൽത്തിടമ്പേ
ഇവിടെ 'ര' എന്ന അക്ഷരത്തിന്റെ ആവർത്തനം കവിതയ്ക്ക് നല്കുന്ന ഭംഗി വിശദീകരിക്കുക?

വിലയിരുത്തൽചോദ്യങ്ങളുടെ ഉത്തരസൂചിക

1.
   - പ്രകൃതിസ്നേഹി പ്രപഞ്ചത്തിലുള്ള എല്ലാത്തിനെയും സമഭാവനയോടെ കാണുന്നു.
   - കവിതാസാഹിത്യചരിത്രം നാം വേർതിരിക്കുന്നത് കവിത്രയത്തിന് മുമ്പും ശേഷവും എന്നരീതിയിലാണ്.
   - പാശ്ചാത്യസാഹിത്യരീതിയിൽ കവിതയിൽ മാറ്റങ്ങൾക്ക് കവിത്രയം വഴി തെളിച്ചു.
   - വസ്തുനിഷ്ഠകവിതയെ ആത്മനിഷ്ഠാതലത്തിൽ പ്രതിഷ്ഠിച്ചു.
   - കാല്പനികപ്രസ്ഥാനത്തിന്റെ തുടക്കം കവിത്രയത്തിലാണ്
   - ഭാഷയുടെ കെട്ടിലും മട്ടിലും ചലനങ്ങളുണ്ടാക്കി.
   - ഖണ്ഡകാവ്യങ്ങൾ, ഭാവഗാനങ്ങൾ തുടങ്ങി വ്യത്യസ്തങ്ങളായ കാവ്യരൂപങ്ങൾ നിർമ്മിക്കപ്പെട്ടു.
2.
   - പ്രാസപ്രയോഗം ആലാപനത്തിന് സുഖംനല്കുന്നു.
   - കവിതയുടെ ചമൽക്കാരം വർധിപ്പിക്കുന്നു.
   - ചൊല്ലലിൽ ഭാവത്തിനും വികാരങ്ങൾക്കും പ്രാധാന്യംവരുന്നു.
   - താളബോധമുണർത്തുന്നു.

തുടർപ്രവർത്തനങ്ങൾ

- ഭാഷയിലും കല്പനയിലും പാരമ്പര്യശൈലിയുടെ വക്താവാണ് ഉള്ളൂർ.എസ്. പരമേശ്വരയ്യർ. കാവ്യഭാഗം ആസ്പദമാക്കി ലഘു ഉപന്യാസം തയാറാക്കുക.
- പരാജയത്തിൽ നിരാശപൂണ്ടവർക്ക് ശുഭചിന്ത പകരാൻ കവി നല്കുന്ന ഉദ്ബോധനം, വരും തലമുറയ്ക്ക് പ്രചോദനമാകുമോ? വിലയിരുത്തൽക്കുറിപ്പ് തയാറാക്കുക?
- If many mind can conceive it,
  and my heart can believe it-
  then I can achieve it
  - Mohammad Ali

  ലോകപ്രശസ്ത അമേരിക്കൻ ബോക്സിംഗ് ഇതിഹാസമായ മുഹമ്മദ് അലിയുടെ പ്രസ്താവനയാണ് മുകളിൽ തന്നിരിക്കുന്നത്. ഈ ഭാഗം മലയാളത്തിലേക്ക് വിവർത്തനംചെയ്ത് ആശയം വിശദീകരിക്കുക?

വിപുലപഠനത്തിന്

- ഉള്ളൂർ കവിതകൾ(സമ്പൂർണം) – ഉള്ളൂർ.എസ്.പരമേശ്വരയ്യർ
- മലയാളകവിതാസാഹിത്യചരിത്രം – ഡോ.എം. ലീലാവതി

ഗ്രന്ഥകാര പരിചയം

ഉള്ളൂർ.എസ്.പരമേശ്വരയ്യർ

ആധുനിക മലയാളകവിതയ്ക്ക് അടിത്തറപാകിയ ത്രിമൂർത്തികളിൽ ഒരാൾ. ചങ്ങനാശ്ശേരി പെരുന്ന താമരശ്ശേരി ഇല്ലത്ത് 1877 ജൂൺ 5ന് ജനനം. ഉള്ളൂർക്കവിതകളുടെ അന്തർധാര ക്ലാസിക് പക്ഷ പാതമാണ്. ഉജ്ജ്വലമായ ശബ്ദപ്രൗഢിയാണ് കവി തകളുടെ മുഖമുദ്ര. മഹാകാവ്യം, ഖണ്ഡകാവ്യം, ചമ്പു, ലഘുകാവ്യങ്ങൾ, ഗവേഷണം, സാഹിത്യചരിത്രരചന തുടങ്ങി നിരവധി മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. പ്രധാനകൃതികൾ: കർണഭൂഷണം, ഉമാകേര ളം, പിംഗള, താരഹാരം, കിരണാവലി, തരംഗിണി, മണിമഞ്ജുഷ, കേരള സാഹിത്യചരിത്രം (5 വാല്യം). ഔദ്യോഗികജീവിതത്തിൽ ഉന്നതസ്ഥാന ങ്ങൾ അലങ്കരിച്ചിട്ടുണ്ട്. കൂടാതെ അനേകം ബഹുമതികളും നേടി. 1949 ജൂൺ 15ന് അന്തരിച്ചു.

2

ഗൗളിജന്മം

ഗ്രേസി

നഗരത്തിലെ പ്രസിദ്ധമായ ഒരാശുപത്രിയിൽ രണ്ട് ഗൗളികൾ പാർത്തിരുന്നു. ഒരാൺ ഗൗളിയും ഒരു പെൺഗൗളിയും. യാതനാനിർഭരമായ ആശുപത്രിജീവിതം ഒരുതുടർനാടകം പോലെ കണ്ട് വിഷണ്ണരായിത്തീർന്ന അവർ ആരോഗ്യത്തിന് ഹാനികരം എന്ന മുന്നറിയിപ്പ്

പദപരിചയം: *നിശ്ചലം - ചലിക്കാത്ത, പാദുകം-ചെരുപ്പ്, സ്വൈരം - സ്വസ്ഥത, തിരസ്കരിക്കുക - ഉപേക്ഷിക്കുക, ഇച്ഛാഭംഗം - നിരാശ, അബോർട് - അലസിപ്പിക്കൽ*

ചീന്തിയെറിഞ്ഞ് ദാമ്പത്യം ശീലിക്കാൻ തുടങ്ങിയിട്ട് കുറച്ചു ദിവസങ്ങളേ ആയിരുന്നുള്ളൂ. ആസക്തി പെയ്തൊഴിഞ്ഞപ്പോൾ തെളിഞ്ഞ കണ്ണുകളോടെ അവർ മുറിയാകെ നിരീക്ഷിച്ചു. അവശനായി കിടക്കുന്ന യുവാവും അവന്റെ കാൽക്കീഴിലിരിക്കുന്ന യുവതിയും അപ്പോഴും ഒരു നിശ്ചലദൃശ്യം തന്നെയായിരുന്നു. യുവതിയുടെ കണ്ണുകളിൽ ഹൃദയത്തെയും ഈർന്നുമുറിക്കുന്ന ഒരു ശൂന്യത കണ്ട് ആൺഗൗളി അസ്വസ്ഥനായി രണ്ട് പാദുകങ്ങളുടെ കുളമ്പടി ശബ്ദം കേട്ട് അവന്റെ ശ്രദ്ധ മുറിയുടെ വാതിക്കലേക്കു തെന്നി. ഇരുട്ട് കുത്തനെ പതിച്ച പോലെ മുറിയിലേക്കു കടന്ന സന്ദർശകയെ കണ്ട് ആൺഗൗളി പെൺഗൗളിയോട് പറഞ്ഞു.

"നോക്കൂ ആ പെൺപിറന്നവർക്ക് ചാകാൻ കിടക്കുന്ന ഈ ചെറുപ്പക്കാരനോടോ അവന്റെ സുന്ദരിയായ ഭാര്യയോടോ തെല്ലും അനുതാപമോ കാരുണ്യമോ ഇല്ല. രോഗമില്ലാത്തവൻ രോഗിയെ സന്ദർശിക്കുന്നത് തന്റെ ആരോഗ്യതരംഗം കൊണ്ട് ആ പാവത്തെ വശക്കേടിലാക്കാനാണ്. സ്വൈരമായി ചാകാൻ കൂടി സമ്മതിക്കില്ല ഈ വർഗം. സന്ദർശക മൊഴിയുന്നത് ചെവിയോർത്താൽ നിനക്കത് മനസ്സിലാകും".

സന്ദർശക, ചിത്രത്തിലെഴുതിയതുപോലെ ഇരിക്കുന്ന യുവതിയുടെ ചുമലിൽ കൈത്തലമർപ്പിച്ച് നെടുവീർപ്പിട്ടു:

"എന്റെ ഒരു കസിൻ ഇതുപോലെതന്നെ ആക്സിഡന്റിൽപ്പെട്ട് പിന്നെ മഞ്ഞപ്പിത്തം കയറിയാണ് തുലഞ്ഞത്".

യുവതിയിൽ പ്രതികരണമൊന്നുമില്ലെന്നു കണ്ട് ഊറിവരുന്ന നൈരാശ്യം അമർത്തിത്തുടച്ച് സന്ദർശക തുടർന്നു:

"നീ തളരരുത് ആരതീ. നിനക്ക് ചെറുപ്പമല്ലേ!. 'ജീവിതം ഇതുകൊണ്ടൊന്നും തീർന്നുപോവുകയില്ല. നീ പ്രെഗ്നന്റോ മറ്റോ ആണോ? എങ്കിൽ അതങ്ങ് അബോർട്ട് ചെയ്യിച്ചേക്കൂ. ഇക്കാലത്ത് തന്തയില്ലാത്ത ഒരു കുട്ടിയെ വളർത്തിയെടുക്കുകാന്നൊക്കെ പറഞ്ഞാൽ വലിയ മെനക്കേടാ".

പെൺഗൗളി ചിലച്ച് കലശലായി പ്രതിഷേധിച്ചു. "കഷ്ടം തന്നെ! സത്യം ഇത്ര നിർദയമായി പറയാവോ? ഒരു മയമൊക്കെ വേണ്ടായോ?"

ആൺഗൗളി അമർഷത്തോടെ ചോദിച്ചു:

"നീയിപ്പോൾ ചിലച്ചതെന്തിന്! മനുഷ്യൻ എത്ര പുരോഗമിച്ചാലും അവർക്ക് ഗൗളിയുടെ ചിലയ്ക്കലിൽ വലിയ വിശ്വാസമാണെന്ന് നിനക്കറിഞ്ഞുകൂടേ? പ്രത്യേകിച്ച് ബുധനാഴ്ച തെക്കുപടിഞ്ഞാറിരുന്ന് ഗൗളി ചിലച്ചാൽ ബന്ധുമരണം നിശ്ചയമെന്നാണ് അവരുടെ ശാസ്ത്രം. ദിവസങ്ങളായി ആ ചെറുപ്പക്കാരി ശങ്കിച്ചുകൊണ്ടിരുന്ന കാര്യത്തിൽ ദാ, ഈ നിമിഷം തീർപ്പായി".

പെൺഗൗളി കുറ്റബോധത്തോടെ തലതാഴ്ത്തി.

"ഛേ! ഞാനത്രയ്ക്ക് കരുതിയില്ല."

ആൺഗൗളി ഇരുത്തംവന്ന ഭാവത്തിൽ തുടർന്നു:

"ഇപ്പോഴത്തെ മനുഷ്യർ തലച്ചോറിനാണ് മുൻതൂക്കം നല്കുക; ഹൃദയത്തിനല്ല. ആണെങ്കിൽത്തന്നെയും നീയൊന്ന് ആലോചിച്ചുനോക്ക്. തന്തയെത്തീനിയെന്ന ബഹുമതിയോടെ ആ പാവം കുഞ്ഞ് ഈ ലോകത്തിലേക്ക് വന്നാലത്തെ അവസ്ഥ! അതിന് പിന്നെ ജീവിതം

ദു:സ്സഹമാവുകയില്ലേ?;"

മുറിയിൽ നിശബ്ദതയുടെ നിഴൽ കനക്കുന്ന തറിഞ്ഞ് സന്ദർശക കടുത്ത ഇച്ഛാഭംഗത്തോടെ എഴുന്നേറ്റു.

ഞാനിവിടെ ഇരുന്നാൽ ശരിയാവുകയില്ല. ഡോക്ടർ റൗണ്ട്സിന് വരേണ്ട സമയമായി. ഞാ വീണ്ടും കാണാം.

പട്ടുസാരിയുടെ മിനുക്കം വാതിൽ കടന്നു മറഞ്ഞപ്പോൾ ചെറുപ്പക്കാരന്റെ കരിവാളിച്ച ചുണ്ടുകൾ ഞരങ്ങി.

ആരതീ നീയത് ചെയ്യുമോ

ചെറുപ്പക്കാരി ഞെട്ടി.

എന്ത്?

എന്റെ കുഞ്ഞിനെ നീ കൊന്നുകളയുമോ?

ചെറുപ്പക്കാരിയുടെ കണ്ണുകളിൽ നിന്ന് രണ്ട് നീർത്തുള്ളികൾ പ്രയാണമാരംഭിച്ചു. മുഖത്തിന്റെ അതിരിൽ ഒരു നിമിഷം ചിന്തിച്ചുനിന്ന് ചുട്ടുവിങ്ങുന്ന നെഞ്ചിലേക്ക് പാടി.

അപ്പോൾ ഡോക്ടറും സംഘവും തിടുക്കത്തിൽ വാതിൽ കടന്നുവന്നു. ആൺഗൗളി പെൺഗൗളിയോട് പറഞ്ഞു.

സത്യത്തിൽ ഈ ചെറുപ്പക്കാരനെ കൊലയ്ക്ക് കൊടുത്തത് ഈ ഭയങ്കരനാണ്. അപകടത്തിലേറ്റ പരിക്കുമൂലമാണല്ലോ ഇയാൾ മരിക്കാൻ പോകുന്നത്. ജനറൽ ഫിസിഷ്യൻ റഫർ ചെയ്തിരുന്നെങ്കിൽ അങ്ങേര് മഞ്ഞപ്പിത്തത്തിന് ചികിത്സിക്കുമായിരുന്നു. ഈ മൂപ്പരുടെ ഈഗോ അതിന് സമ്മതിച്ചില്ല. ഇനിയിപ്പോ മരിക്കുകയല്ലാതെ മറ്റെന്ത് ഗതി?

പെൺഗൗളി ഭർത്താവിന്റെ മുഖത്ത് അത്ഭുതാദരങ്ങളോടെ നോക്കി. ആ നോട്ടം കണ്ടില്ലെന്ന് നടിച്ച് ആൺഗൗളി തന്നോടു തന്നെ പറഞ്ഞു.

കഷ്ടം കിശോരലാലിന്റെ വർഗത്തിന് അഹന്ത ഇപ്പോഴുമുണ്ട്. അങ്ങോർക്ക് ഒടുവിലുണ്ടായ തിരിച്ചറിവ് ഈ ജന്മം ഇവയ്ക്കൊട്ട് കിട്ടുകയുമില്ല.

പെൺഗൗളിക്ക് ജിജ്ഞാസ അടക്കാനായില്ല.

ആരാണ് കിശോരലാൽ?

ആൺഗൗളിയുടെ കണ്ണുകളിൽ പോയ ജന്മത്തിന്റെ ഓർമ്മ, മുറിഞ്ഞുവീണ വാൽപോലെ പിടഞ്ഞു.

"അത് പൊൻകുന്നം വർക്കിയുടെ ഒരു കഥാപാത്രമാണ്. പ്രഗല്ഭനായ ഒരു ഡോക്ടർ".

പെൺഗൗളിയുടെ വട്ടക്കണ്ണുകളിൽ അജ്ഞത തുറിച്ചുവന്നു.

"പൊൻകുന്നം വർക്കിയോ?"

അതെ, അങ്ങോർ മലയാളത്തിലെ ഒരു കഥാകൃത്തായിരുന്നു.

തന്റെ ആൺപിറന്നവന്റെ പൊതുവിജ്ഞാനത്തെക്കുറിച്ച് പെൺഗൗളിക്ക് വളരെ മതിപ്പുതോന്നി. അത് അവൾ പുറത്തെടുക്കുകയും ചെയ്തു.

"നിങ്ങൾ വെറുമൊരു ഗൗളിയല്ലേ, പിന്നെ

ഇതൊക്കെ എങ്ങനെയാണ് അറിഞ്ഞത്?"

ഒരു നെടുവീർപ്പോടെ ആൺഗൗളി പറഞ്ഞു.

"ഞാൻ മുജ്ജന്മത്തിൽ ഒരു കഥാകൃത്തായിരുന്നു. എന്റെ കഥകൾ മലയാളത്തിലെ ഏറ്റവും മികച്ച കഥകളാണെന്ന് ഞാൻ അഭിമാനിച്ചു. അതുകൊണ്ടാണ് ഈ ജന്മത്തിൽ ഞാൻ മേൽക്കൂര താങ്ങുന്ന ഒരു ഗൗളിയായത്.

പെൺഗൗളി ആത്മനിന്ദയോടെ തലതല്ലി.

"കഷ്ടം! എനിക്ക് മുജ്ജന്മത്തെക്കുറിച്ച് ഓർമ്മയും തെളിയുന്നില്ലല്ലോ. ഞാൻ ആരായിരുന്നുവെന്നറിയാൻ എനിക്ക് വളരെയേറെ ആഗ്രഹമുണ്ട്."

പുരുഷന്റെ അഹന്ത ഗൗളിജന്മത്തിലും തീർത്തും തേഞ്ഞുപോയിരുന്നില്ല.

"അതിന് ബോധോദയം ഉണ്ടാകണം. എല്ലാവരുടേയും ഉള്ളിലുണ്ട് ഒരു ബോധിവൃക്ഷം. അത് തിരിച്ചറിഞ്ഞ് ബോധിവൃക്ഷച്ചുവട്ടിൽ ധ്യാനത്തിലമരണം, ബുദ്ധൻ ചെയ്തതുപോലെ"

പെൺഗൗളി ഔൽസുക്യത്തോടെ ചോദിച്ചു: "എന്നിട്ട് അങ്ങോർക്ക് എന്ത് ബോധമാണ് ഉദിച്ചത്"

ആൺഗൗളിയൊന്ന് പതറി. അതുകൊണ്ടു തന്നെ അവൻ തിടുക്കത്തിൽ അനാവശ്യമായ ഒരു പ്രസംഗത്തിന്റെ ചാലിൽ വീണു.

" നിങ്ങൾ പെണ്ണുങ്ങൾക്ക് ഒരിക്കലും സാധ്യമല്ലാത്ത ഒരു കാര്യമാണ് ബുദ്ധൻ ചെയ്തത്. പ്രാപഞ്ചികദു:ഖത്തിന്റെ കാരണം കണ്ടെത്താൻ കൊട്ടാരവും കിരീടവുമൊക്കെ വെടിഞ്ഞു. കെട്ടിയ പെണ്ണിനെയും അവളിലുണ്ടായ ഓമനപ്പുത്രനെയും തിരസ്ക്കരിച്ചു. ബോധിവൃക്ഷച്ചുവട്ടിലിരുന്ന് ധ്യാനത്തിന്റെ കവാടം തുറന്നു, അപ്പോൾ സർവ്വവും തെളിഞ്ഞുവന്നു".

അവന്റെ ഇണ പെണ്ണുങ്ങൾക്ക് കൈമുതലായ പിടിവാശി ഉപേക്ഷിക്കാൻ തയാറായില്ല.

" എന്റെ ചോദ്യത്തിനുത്തരം കിട്ടിയില്ല".

ആൺഗൗളി പിന്നെയും പതറി. വട്ടക്കണ്ണുകൾ ഒന്നുരണ്ടുവട്ടം ചിമ്മിത്തുറന്ന് അവൻ പറഞ്ഞൊപ്പിച്ചു:

"മമതയാണ് സർവദു:ഖങ്ങൾക്കും കാരണമെന്ന ബോധം."

പെൺഗൗളി പൊട്ടിച്ചിലച്ചു.

"ഇത് കണ്ടെത്താനാണോ ആ പാവം രാജകുമാരൻ ഇക്കണ്ട ത്യാഗങ്ങളൊക്കെ സഹിച്ചത്'

കഷ്ടം! അടുക്കളച്ചുവരുകൾക്കുള്ളിൽ കരിയും പുകയും പിടിച്ചുകിടക്കുന്ന പെണ്ണുങ്ങൾക്കുപോലും അറിയാമല്ലോ ഇത്?

ആൺഗൗളിയുടെ അഭിമാനം നുറുങ്ങിപ്പോയി.

മുറിയിൽ നിന്നും പൊടുന്നനെ ഉയർന്ന കരച്ചിലിൽ അവരുടെ ശ്രദ്ധ താഴെക്കൂർന്നു. കാര്യം മനസ്സിലായപ്പോൾ പെൺഗൗളിയുടെ കണ്ണുകൾ നനഞ്ഞു.

ദാ.. ആ പാവം ചെറുപ്പക്കാരൻ മരിക്കുകയാണ്. അയാളുടെ ചുണ്ടുകളിൽ ഇപ്പോഴും എന്റെ കുഞ്ഞ്! എന്റെ കുഞ്ഞ്! എന്നൊരു സങ്കടം പിടഞ്ഞുകൊണ്ടിരിക്കുകയാണ്. ആ

പാവത്തിന്റെ ആത്മാവിന് പിതൃലോകത്ത് പ്രവേശനം കിട്ടാതെ അലഞ്ഞുനടക്കേണ്ട ഗതികേട് വരുമെന്ന് തോന്നുന്നു.

ആൺഗൗളി കനത്ത സ്വരത്തിൽ പ്രതിവചിച്ചു.

ആ ചെറുപ്പക്കാരൻ ഇനി അവളുടെ ഉദരത്തിലെ കുഞ്ഞിനെ വെളിച്ചം കാണിക്കുകയില്ല, തീർച്ച. മറ്റൊരു ജീവിതം അവൾക്കായി കാത്തിരിക്കുന്നു.

പെൺഗൗളി ചിന്താവിഷ്ടയായി. പിന്നെ തിടുക്കത്തിൽ പറഞ്ഞു.

"ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഈ മുറിയിൽ ബന്ധുക്കളുടെ തിരക്കാവും. അതിനുമുമ്പുതന്നെ ഞാൻ ആ ചെറുപ്പക്കാരിയുടെ ബാഗിലടുക്കിവച്ചിരിക്കുന്ന വസ്ത്രങ്ങൾക്കിടയിൽ കടന്നുകൂടാൻ പോവുകയാണ്. അവളുടെ ഇനിയുള്ള ജീവിതത്തെക്കുറിച്ചറിയാൻ എനിക്ക് വളരെ മോഹമുണ്ട്".

ആൺഗൗളി ഞെട്ടിപ്പോയി,

"പെണ്ണേ അബദ്ധമൊന്നും കാണിക്കരുത്! അവളുടെ ജീവിതം അവൾ ജീവിച്ചു തീർത്തോളും. നീ നിന്റെ കാര്യം നോക്ക്. എന്റെ കുഞ്ഞുങ്ങളുടെ അമ്മയാകാനുള്ളവളാണ് നീയെന്ന കാര്യം വിസ്മരിക്കേണ്ട.

വാൽ വിറപ്പിച്ച് പെൺഗൗളി തിരിഞ്ഞു.

" നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയാവാൻ ഏത് പെൺഗൗളിക്കും കഴിയും, പക്ഷേ, ഇത് ഞാൻ തന്നെ കണ്ടെത്തേണ്ട കാര്യമാണ്. തന്നെയുമല്ല, പെണ്ണുങ്ങളെക്കൊണ്ട് എന്തൊക്കെ സാധിക്കുമെന്നും എനിക്കറിയേണ്ടതുണ്ട്".

ഇത്രയും പറഞ്ഞ് പെൺഗൗളി താഴേക്ക് കുതിച്ചുചാടി ആൺഗൗളിയുടെ ജീവിതത്തിൽ നിന്ന് അപ്രത്യക്ഷയായി.

(രണ്ടു സ്വപ്നദർശികൾ)

അവധാരണചോദ്യങ്ങൾ

1. "മനുഷ്യർ എത്ര പുരോഗമിച്ചാലും അവർക്ക് ഗൗളിയുടെ ചിലയ്ക്കലിൽ നല്ല വിശ്വാസ മാണെന്ന് അറിഞ്ഞുകൂടേ"? ഇതാരുടെ വാക്കുകൾ?
2. "സത്യത്തിൽ ഈ ചെറുപ്പക്കാരനെ കൊലയ്ക്ക് കൊടുത്തത് ഈ ഭയങ്കരനാണ്". ഇവിടെ പരാമർശിക്കുന്ന ഭയങ്കരനാര്?
3. പൊൻകുന്നംവർക്കിയുടെ ഏതുകഥാപാത്രത്തെയാണ് ഗൗളിജന്മം കഥയിൽ പരാ മർശിക്കുന്നത്?
4. താൻ മുജ്ജന്മത്തിൽ ആരായിരുന്നുവെന്നാണ് ആൺഗൗളി അഭിപ്രായപ്പെടുന്നത്?
5. മുജ്ജന്മത്തെക്കുറിച്ചോർമ്മ വരാൻ എന്തുണ്ടാവണമെന്നാണ് ആൺഗൗളി പറ യുന്നത്?
6. ആശുപത്രിയിലെത്തിയ സന്ദർശക യുവതിയോട് പറഞ്ഞതെന്തെല്ലാം?
7. ആൺഗൗളിയുടെ ജീവിതത്തിൽ നിന്ന് അപ്രത്യക്ഷയാകുന്നതിനുമുമ്പ് പെൺ ഗൗളി വാൽ വിറപ്പിച്ചുകൊണ്ട് പറഞ്ഞതെന്ത്?

അവധാരണചോദ്യങ്ങളുടെ ഉത്തരസൂചിക

1. ആൺഗൗളി
2. യുവാവിനെ ചികിത്സിക്കുന്ന ഡോക്ടർ
3. കിശോരലാൽ
4. ഒരു കഥാകൃത്ത്
5. ബോധോദയം
6. എന്റെ കസിൻ ഇതുപോലത്തെ ആക്സിഡന്റിൽപ്പെട്ട് പിന്നെ മഞ്ഞപ്പിത്തം കയ റിയാണ് തുലഞ്ഞത്. നീ തളരരുത് ആരതീ. നിനക്ക് ചെറുപ്പമല്ലേ! ജീവിതം ഇതു കൊണ്ടൊന്നും തീർന്നുപോവുകയില്ല. നീ പ്രഗ്നന്റോ മറ്റോ ആണോ? എങ്കിൽ അതങ്ങ് അബോർട്ട് ചെയ്തിച്ചേക്ക്. ഇക്കാലത്ത് തന്തയില്ലാത്ത ഒരു കുട്ടിയെ വളർത്തി യെടുക്കുകയെന്നൊക്കെ പറഞ്ഞാൽ വലിയ മെനക്കേടാ.
6. നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയാവാൻ ഏത് പെൺഗൗളിക്കും കഴിയും.പക്ഷേ, ഇത് ഞാൻ തന്നെ കണ്ടെത്തേണ്ട കാര്യമാണ്. തന്നെയുമല്ല പെണ്ണുങ്ങളെക്കൊണ്ട് എന്തൊക്കെ സാധിക്കുമെന്നും എനിക്കറിയേണ്ടതുണ്ട്.

പാഠപ്രഥനം

പുരുഷാധിപത്യസമൂഹം അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങൾക്കും യാതനകൾക്കും വിധേയരാവുന്ന സ്ത്രീകളുടെ ജീവിതചിത്രങ്ങൾ പല എഴുത്തുകാരും അവതരിപ്പിച്ചിട്ടുണ്ട്. മാറിയകാലത്തും സ്ത്രീയുടെ 'സാമൂഹ്യപദവി' ചോദ്യച്ചിഹ്നമായി തുടരുന്നു. കരുതിക്കൂട്ടി വരയ്ക്കുന്ന അതിർത്തികൾക്കുള്ളിൽ അകപ്പെട്ടുപോകുന്ന സ്ത്രീയുടെ ഉയർത്തെഴുന്നേല്പിനായുള്ള പോരാട്ടങ്ങൾ പലതും പുരുഷന്റേതാണെന്നതാണ് വാസ്തവം. അത്തരം ഫെമിനിസ്റ്റ് കാഴ്ചപ്പാടിന് വരച്ചുചേർക്കാൻ കഴിയാത്ത ദുരന്തചിത്രങ്ങൾ വേറെയുമുണ്ട്. സ്ത്രീക്കുവേണ്ടി സ്ത്രീ പോരാടുമ്പോഴാണ് യഥാർഥചിത്രങ്ങൾ പുറത്തുവരുന്നത്. സ്ത്രീക്കുവേണ്ടിയുള്ള സ്ത്രീരചന എന്ന തലത്തിലാണ് 'ഗൗളിജന്മം' കഥയ്ക്ക് പ്രസക്തിയേറുന്നത്.

ആക്ഷേപഹാസ്യത്തിന്റെ ചുവടുപിടിച്ച് മുന്നേറുന്ന 'ഗൗളിജന്മം' പരിഹാസത്തിലൂടെ സാമൂഹ്യപരിവർത്തനം ലക്ഷ്യംവയ്ക്കുന്ന കഥകളിലൊന്നാണ്. മുനയുള്ള ഹാസ്യം പുരുഷന്റെയും സമൂഹത്തിന്റെയും ഒളിച്ചുവയ്ക്കലുകളെ പുകച്ച് പുറത്തുചാടിക്കുന്നു. തോലനിൽ തുടങ്ങുന്ന നമ്മുടെ ഹാസ്യസാഹിത്യത്തിന്റെ അറിയപ്പെടുന്ന ചരിത്രം കുഞ്ചൻ നമ്പ്യാരെന്ന മഹാപ്രതിഭയുടെ തൂലികയും കടന്ന് വർത്തമാനത്തിലും അതിന്റെ സാന്നിധ്യമുറപ്പിക്കുന്നു. ഗ്രേസിയുടെ കഥകളിലും അതിന്റെ അനുരണനങ്ങൾ കാണാം. ഗൗളിജന്മത്തിലെ തീക്ഷ്ണമായ ആക്ഷേപഹാസ്യം സാമൂഹ്യശുദ്ധീകരണം ലക്ഷ്യമാക്കിയുള്ളതാണ്.

ആശുപത്രിയിലെ ഒരു മുറിക്കുള്ളിൽ ജീവിക്കുന്ന രണ്ട് ഗൗളികളുടെ വീക്ഷണകോണിൽ നിന്നുകൊണ്ടുള്ള കഥപറച്ചിലാണ് ഗ്രേസി നടത്തുന്നത്. നിരവധി ജീവിതങ്ങൾ നരകിക്കുന്നതും വിഷമിക്കുന്നതും ഗൗളികൾ കണ്ടിരിക്കുന്നു. മരണാസന്നനായ യുവാവും അയാളുടെ കാല്പാദത്തിനരികിലിരിക്കുന്ന യുവതിയും രോഗീസന്ദർശനത്തിനെത്തുന്ന മധ്യവയസ്കയുമാണ് ഗൗളികൾക്ക് മുന്നിലുള്ള കഥാപാത്രങ്ങൾ. യുവാവ് മരിച്ചുപോയാൽ അവളുടെ വയറ്റിൽ വളരുന്ന കുഞ്ഞ് തന്തയെത്തീനി എന്ന പേരിലായിരിക്കും പുറത്തുവരുന്നതെന്ന് സന്ദർശക യുവതിയെ ഓർമ്മപ്പെടുത്തുന്നു. കുട്ടിയെ അബോർഷനിലൂടെ നശിപ്പിച്ചാൽ യുവതിക്ക് യുവാവിന്റെ മരണശേഷം ശോഭനമായ ഭാവിയുണ്ടെന്നും അവൾ ഓർമ്മിപ്പിക്കുന്നു.

ഇതുകേൾക്കാനിടയായ പെൺഗൗളി ശക്തമായി പ്രതിഷേധിച്ച് ചിലച്ചു. ആൺഗൗളി പെണ്ണിനെ ശകാരിച്ചു. കാലമെത്രമാറിയാലും ഗൗളിയുടെ ചിലയ്ക്കലിൽ മനുഷ്യർക്ക് വിശ്വാസമാണെന്നും പ്രത്യേകിച്ച് ബുധനാഴ്ച തെക്കുപടിഞ്ഞാറിരുന്ന് ഗൗളി ചിലച്ചാൽ മരണം നിശ്ചയമെന്നും അവർ വിശ്വസിക്കുന്നു. ശകുനത്തിലും സ്വപ്നങ്ങളിലും വിശ്വസിക്കുന്നവരെ ഗ്രേസി പരിഹസിക്കുകയാണിവിടെ. തന്റെ കുഞ്ഞിനെ നശിപ്പിക്കുമോയെന്ന് ചെറുപ്പക്കാരൻ ഭാര്യയോട് തുടർച്ചയായി ചോദിക്കുന്നു. ഭൂമിയിൽ തന്റെ തുടർച്ച അവൻ ആഗ്രഹിക്കുന്നു. ജീവിതഭോഗങ്ങളിൽ അഭിരമിക്കുന്ന ജനതയ്ക്ക് ബന്ധങ്ങളും

കുഞ്ഞുങ്ങളും തടസ്സങ്ങളല്ല. മറ്റൊരു സുഖ ജീവിതത്തിനായ് അവർ അതെല്ലാം ഉപേക്ഷിച്ചു കൂടായ്കയില്ല. ദാമ്പത്യത്തിന്റെയും കുടുംബബന്ധത്തിന്റെയും പരിപാവനത കാത്തുസൂക്ഷിക്കേണ്ടതാണെന്ന സന്ദേശം ഗ്രേസി നല്കുന്നുണ്ട്.

യുവാവിനെ ഈ അവസ്ഥയിലെത്തിച്ചത് അയാളെ ചികിത്സിച്ച ഡോക്ടറാണ്. അപകടത്തിൽപ്പെട്ട് ആശുപത്രിയിലായ യുവാവിനിപ്പോൾ മഞ്ഞപ്പിത്തമാണ് വില്ലനായിരിക്കുന്നത്. ഫിസിഷ്യന് റഫർ ചെയ്തിരുന്നെങ്കിൽ അയാളെ രക്ഷിക്കാമായിരുന്നു. ഡോക്ടർമാരുടെ ഇടയിലുള്ള മത്സരവും ഈഗോയും നിരപരാധികളുടെ ജീവനെടുക്കുന്നതെങ്ങനെയെന്ന് ഗ്രേസി വ്യക്തമാക്കുന്നു. രോഗികളെ ഗിനിപ്പന്നികളെപ്പോലെ മരുന്നുകളുടെ പരീക്ഷണത്തിനുള്ള ജീവികളായി കാണുന്ന പ്രവണതയും സമൂഹത്തിൽ അപൂർവമായി കാണാൻ കഴിയും. വിലകൂടിയ മരുന്നുകൾ നല്കി രോഗികളെ സാമ്പത്തികമായി പാപ്പരാക്കുന്ന ഡോക്ടർമാരും ഇല്ലാതില്ല.

തന്റെ ആൺപിറന്നവന്റെ പൊതുവിജ്ഞാനത്തിൽ പെണ്ണിന് മതിപ്പുതോന്നുന്നസന്ദർഭങ്ങളും കഥാകാരി ഒരുക്കിയിട്ടുണ്ട്. കേമമെന്ന് പുരുഷൻ കരുതുന്നതിനെ കളിയാക്കുകയാണ് ഗ്രേസിയിവിടെ. ചില ഉദാഹരണങ്ങൾ നോക്കുക. മുജ്ജന്മത്തിൽ താനൊരു കഥാകൃത്തായിരുന്നെന്നും തന്റെ കഥകൾ ഏറ്റവും മികച്ചവയായിരുന്നുവെന്നും കരുതിയതിനാലാണ് താനീ ജന്മത്തിൽ ഉത്തരം താങ്ങുന്ന പല്ലിയായതെന്നും ആൺഗൗളി പറയുന്നു. സാഹിത്യകാർക്കിടയിലെ മേനിപറച്ചിലിനെ പരിഹസിക്കാൻ ഈ പ്രയോഗം ധാരാളം. പുരുഷന്റെ അഹന്ത ഈ ജന്മത്തിലും തേഞ്ഞുപോയിരുന്നില്ല. തന്റെ പൂർവജന്മത്തെക്കുറിച്ച് ഓർമ്മ തെളിയാത്തതിൽ പെൺഗൗളിക്ക് ആരമനിന്ദ അനുഭവപ്പെട്ടു. ഭൂതം മറന്ന് വർത്തമാനകാലത്തിൽ മാത്രം ജീവിക്കുന്നവളാണ് സ്ത്രീയെന്നൊരു ധ്വനി ഇവിടെയുണ്ട്. പുരുഷൻ തുടരുന്നു: 'മുജ്ജന്മങ്ങളെക്കുറിച്ചറിയാൻ ബോധോദയം ഉണ്ടാവണം. എല്ലാവരുടെ ഉള്ളിലും ഒരു ബോധിവൃക്ഷമുണ്ട്. അത് കണ്ടെത്തി അതിനു താഴെ ധ്യാനിച്ചാൽ ബുദ്ധനെപ്പോലെ ബോധോദയം ഉണ്ടാകും. ബോധോദയം ഉണ്ടാവാൻ എല്ലാം ത്യജിക്കണം. അപ്പോൾ ദു:ഖത്തിന്റെ കാരണം മമതയാണെന്ന് തെളിഞ്ഞുവരും'. ഇതുകണ്ടെത്താനാണോ ആ പാവം രാജകുമാരൻ ഈ കഷ്ടങ്ങളൊക്കെ സഹിച്ചതെന്ന് പെൺഗൗളി തിരിച്ചുചോദിച്ചപ്പോൾ പുരുഷന്റെ ആത്മാഭിമാനം തകർന്നുപോയി. ഗാർഹസ്ഥ്യവും ദാമ്പത്യവുമെല്ലാം സ്ത്രീയെ സംബന്ധിച്ച് തപസ്സുതന്നെയാണ്. അതിലൂടെ കടന്നുപോകുമ്പോൾ തിരിച്ചറിവുണ്ടാകുമെന്നും ബോധമുദിക്കുമെന്നുമുള്ള ധ്വനി ഇവിടെയുണ്ട്. പുരുഷൻ പലതും ത്യജിച്ചു നേടുന്നത് സ്ത്രീ കുടുംബത്തിൽത്തന്നെ കണ്ടെത്തുന്നു.

ഗൗളികൾ നോക്കി നില്ക്കെ യുവാവ് മരിച്ചു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ മുറിയിൽ ബന്ധുക്കളുടെ തിരക്കാവും. അതിന് മുമ്പ് പെൺകുട്ടിയുടെ വസ്ത്രങ്ങളടങ്ങിയ ബാഗിനുള്ളിലൊളിച്ച് യുവതിയുടെ ഇനിയുള്ള ജീവിതത്തെക്കുറിച്ചറിയാൻ പെൺഗൗളി ആഗ്രഹിച്ചു. അബദ്ധമൊന്നും കാണിക്കരുതെന്നും നിന്റെ കാര്യം നീ നോക്കണമെന്നും തന്റെ കുഞ്ഞുങ്ങളുടെ അമ്മയാകാനുള്ളവളാണ് അവളെന്നും ആൺഗൗളി ഓർമ്മിപ്പിക്കുമ്പോൾ പെൺഗൗളി തിരിച്ചടിച്ചു. നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയാകാൻ ഏത് പെൺഗൗളിക്കും കഴിയും.

പക്ഷേ ഇത് താൻ കണ്ടെത്തേണ്ട കാര്യമാണ്. പെണ്ണുങ്ങളെക്കൊണ്ട് എന്തൊക്കെ സാധിക്കുമെന്ന് എനിക്കറിയേണ്ടതുണ്ട്. ഇത്രയും പറഞ്ഞുകൊണ്ട് അവൾ താഴേക്ക് കുതിച്ചുചാടി ആൺഗൗളിയുടെ ജീവിതത്തിൽ നിന്നും മറഞ്ഞു.

അന്യാപദേശരൂപത്തിൽ കുടുംബബന്ധങ്ങളുടെയും സാമൂഹ്യജീവിതത്തിന്റെയും കഥപറയുകയാണ് ഗ്രേസി. സ്ത്രീ ഉപഭോഗവസ്തുവും പുരുഷന് വിധേയയും അവന്റെ കുഞ്ഞുങ്ങളുടെ അമ്മയാകാനുള്ള വളുമാണെന്ന കാഴ്ചപ്പാട് കഥാകാരി പൊളിച്ചെഴുതുന്നു.സമൂഹത്തിൽ സ്ത്രീക്ക് അവളുടേതായ ഇടവും സ്വാതന്ത്ര്യവും വേണം. അതവളുടെ അവകാശമാണ്. സ്ത്രീസ്വാതന്ത്ര്യത്തിന് സ്ത്രീതന്നെ മുന്നിട്ടിറങ്ങണം. ഭയപ്പെടുത്തിയും വിധേയപ്പെടുത്തിയും സ്ത്രീയെ അടിമയാക്കാമെന്നുള്ളത് വ്യാമോഹം മാത്രമാണെന്നും കഥാകാരി ഓർമ്മിപ്പിക്കുന്നു. ആചാരം, വിശ്വാസം, സ്വാതന്ത്ര്യം എന്നിവയിലെല്ലാം കാലോചിതമായ പൊളിച്ചെഴുത്ത് ആവശ്യമാണെന്നും ഗ്രേസി ഊന്നിപ്പറയുന്നു.

അപഗ്രഥനചോദ്യങ്ങൾ

1. ആക്ഷേപഹാസ്യത്തിലൂടെ ഗ്രേസി നടത്തുന്നത് സാമൂഹ്യവിമർശനമാണ്. പാഠഭാഗത്തുനിന്നും ഉദാഹരണങ്ങൾ കണ്ടെത്തി വിശകലനക്കുറിപ്പെഴുതുക
2. 'ഗൗളിജന്മ'ത്തിലെ പെൺഗൗളിയും 'കോഴി'യിലെ അമ്മയും സ്ത്രീജീവിതത്തിന്റെ വ്യത്യസ്തമുഖങ്ങളാണ്. താരതമ്യംചെയ്ത് കുറിപ്പെഴുതുക
3. മനുഷ്യൻ എത്ര പുരോഗമിച്ചാലും ഗൗളിയുടെ ചിലയ്ക്കലിൽ അവർക്ക് വലിയ വിശ്വാസമാണ്. ആൺഗൗളിയുടെ ഈ നിരീക്ഷണം വിലയിരുത്തി കുറിപ്പ്തയാറാക്കുക

അപഗ്രഥനചോദ്യങ്ങളുടെ ഉത്തരസൂചിക

1.
- മനുഷ്യർക്ക് ഗൗളിയുടെ ചിലയ്ക്കലിലുള്ള വിശ്വാസം.
- മരണാസന്നനായ യുവാവിനെ ചികിത്സിക്കുന്ന ഡോക്ടറുടെ ഈഗോ.
- സന്ദർശകയുടെ വാക്കുകളിലെ സ്വാർഥത.
- ഇന്നത്തെ മനുഷ്യൻ തലച്ചോറിനാണ് മുൻതൂക്കം നല്കുന്നത്, ഹൃദയത്തിനല്ല.
- അച്ഛൻ മരിച്ചുകഴിഞ്ഞ് ജനിക്കുന്ന കുഞ്ഞിനെ 'തന്തയെത്തീനി' എന്നുവിളിക്കൽ.
- സാമൂഹികപരിഷ്ക്കരണം എഴുത്തിലൂടെ നിർവഹിക്കൽ.
- സ്ത്രീ, പ്രസവിക്കാനും കുടുംബം നോക്കാനും മാത്രമുള്ളവളല്ലെന്ന പ്രഖ്യാപനം.
- സ്ത്രീയെ സഹായിക്കേണ്ടത് സ്ത്രീ തന്നെ.
- ഗാർഹസഹ്യം ബോധോദയത്തിനുള്ള തപസ്സാണ്.

2.

പെൺഗൗളി	അമ്മക്കോഴി
സ്വാതന്ത്ര്യബോധമുള്ളവൾ	സംരക്ഷണത്തിന്റെ പ്രതീകം
പുരുഷാധിപത്യത്തെ നിഷേധിക്കുന്നവൾ	അപകടങ്ങളെ മുൻകൂട്ടിക്കാണാൻ മകളെ പഠിപ്പിക്കുന്നവൾ
സ്ത്രീയെ സംരക്ഷിക്കേണ്ടത്	ജാഗ്രതയാണ് ജീവിതത്തിന് അടിസ്ഥാനമെന്ന് വിശ്വസിക്കുന്നവൾ
സ്ത്രീയാണെന്ന് വിശ്വസിക്കുന്നവൾ	കുറവുകൾ കണ്ടറിഞ്ഞ് ജീവിക്കാൻ ഉപദേശിക്കുന്നവൾ
മറ്റുള്ളവരുടെ ജീവിതത്തെ കരുണയോടെ കാണുന്നവൾ	നല്ലകാലം സ്വപ്നം കാണുന്നവൾ
പ്രതിസന്ധികളെ തന്റേടത്തോടെ നേരിടുന്നവൾ	പുരുഷനു കീഴടങ്ങുന്നത് തലമുറകളെ നിലനിർത്തുന്ന ധർമ്മമായി കരുതുന്നവൾ
ശരിയായ സമയത്ത് തീരുമാനങ്ങളെടുക്കാൻ കഴിവുള്ളവൾ	

3.

- ശാസ്ത്രം വികസിച്ച കാലത്തും മനുഷ്യൻ അന്ധവിശ്വാസിയാണ്.
- അന്ധവിശ്വാസങ്ങൾ അവന്റെ തന്നെ സൃഷ്ടി.
- ശകുനത്തിൽ വിശ്വസിക്കുന്നവർ.
- അപശകുനങ്ങളെ പേടിക്കുന്നവർ.
- കാലത്തിനനുസരിച്ച് മാനസികവികാസം നേടാത്തവർ.
- അബദ്ധധാരണകളിൽ ജീവിക്കുന്നവർ.
- അന്ധവിശ്വാസത്തിന്റെ പ്രചാരകർ.

വിലയിരുത്തൽ ചോദ്യങ്ങൾ

1. ഗൗളികളെ കേന്ദ്രകഥാപാത്രമാക്കി ഗ്രേസി സാമൂഹികവൈകല്യങ്ങളെ ചികിത്സിക്കുകയാണ് 'ഗൗളിജന്മം' എന്ന കഥയിലൂടെ. ഈ പ്രസ്താവന മുൻനിർത്തി ഉപന്യാസം തയാറാക്കുക.
2. ഗൗളിജന്മം എന്ന കഥയിലെ സന്ദർശകയുടെ സ്വഭാവം നിരൂപണംചെയ്ത് കുറിപ്പെഴുതുക

വിലയിരുത്തൽചോദ്യങ്ങളുടെ ഉത്തരസൂചിക

1. ◈ ഗൗളികളെ കഥാപാത്രങ്ങളാക്കിയുള്ള അന്യാപദേശകഥ.
   ◈ അന്യന്റെ ജീവിതത്തെ കാഴ്ചക്കാരൻ നോക്കിക്കാണുന്ന വിധം ചിത്രീകരിക്കപ്പെട്ടിരിക്കുന്ന കഥ.
   ◈ മനുഷ്യന്റെ അന്ധവിശ്വാസങ്ങൾ, ഈഗോ, അഹങ്കാരം എന്നിവയെ പരിഹസിച്ചു ചികിത്സിക്കൽ.
   ◈ കാലത്തിനനുസരിച്ചുമാറാൻ മനുഷ്യനെ പ്രേരിപ്പിക്കൽ.
   ◈ പുരുഷാധിപത്യത്തെ ചോദ്യംചെയ്യൽ.
   ◈ സ്ത്രീശക്തിയിലുള്ള വിശ്വാസം പ്രകടിപ്പിക്കൽ.
   ◈ താൻ മുജ്ജന്മത്തിൽ ഒരു കഥാകൃത്തായിരുന്നുവെന്ന ആൺഗൗളിയുടെ പ്രസ്താവന.
2. ◈ അന്യരുടെ സ്വകാര്യതയിൽ കടന്നുകയറുന്നവൾ.
   ◈ നൈതികതയ്ക്ക് വിരുദ്ധമായ അഭിപ്രായം പറയുന്നവൾ.
   ◈ മറ്റുള്ളവരുടെ വീഴ്ചയിൽ ഉള്ളുകൊണ്ട് സന്തോഷിക്കുന്നവൾ.
   ◈ സാഹചര്യത്തിനനുസരിച്ച് സംസാരിക്കാനറിയാത്തവൾ.
   ◈ തന്റെ വഴികളാണ് ശരിയെന്നുപറഞ്ഞ് ആ വഴികളിലൂടെ സഞ്ചരിക്കാൻ മറ്റുള്ളവരെ നിർബന്ധിക്കുന്നവൾ.
   ◈ ഭീതിയുളവാക്കുന്ന ഉദാഹരണങ്ങൾ നിരത്തി രോഗിയെ പരിഭ്രമിപ്പിക്കുന്നവൾ.

തുടർപ്രവർത്തനങ്ങൾ

- മാർച്ച് എട്ടിലെ ലോകവനിതാദിനവുമായി ബന്ധപ്പെട്ട് നിങ്ങളുടെ പ്രദേശത്ത് നടക്കുന്ന പൊതുപരിപാടിക്ക് ഒരു നോട്ടീസ് തയാറാക്കുക
- 'സ്ത്രീശാക്തീകരണം കാലഘട്ടത്തന്റെ ആവശ്യം' എന്ന വിഷയത്തിൽ ഒരു എഡിറ്റോറിയിൽ തയാറാക്കുക

വിപുലപഠനത്തിന്

- ശ്രീഭഗവതി (കഥ) – ഗീതാഹിരണ്യൻ
- കോതമ്പുമണികൾ (കവിത) – ഒ.എൻ.വി.കുറുപ്പ്
- നങ്ങേമക്കുട്ടി (കവിത) – ഒളപ്പമണ്ണ

ഗ്രന്ഥകാരപരിചയം

ഗ്രേസി

1951-ൽ മൂവാറ്റുപുഴയ്ക്കടുത്ത് മാറാടിയിൽ ജനനം. സ്ത്രീ ജീവിതത്തിന്റെ വൈവിധ്യങ്ങൾ കഥകളിൽ ആവിഷ്കരിച്ച എഴുത്തുകാരി. ആദ്യകഥാസമാഹാരം 'പടിയിറങ്ങിപ്പോയ പാർവതി' 1991ൽ പ്രസിദ്ധീകരിച്ചു. പ്രധാനകൃതികൾ: നരകവാതിൽ, ഭ്രാന്തൻ പൂക്കൾ, രണ്ടുസ്വപ്നദർശികൾ, കാവേരിയുടെ നേര്, പനിക്കണ്ണ്, ഏഴ് പെൺകഥകൾ, ഗ്രേസിയുടെ കഥകൾ. കേരള സാഹിത്യഅക്കാദമി അവാർഡ് (2000), ലളിതാംബിക അന്തർജനം അവാർഡ്, തോപ്പിൽരവി പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഹാസസാഹിത്യം

ഏറ്റവും കൂടുതൽ പഠനവിധേയമായിട്ടുള്ള മനുഷ്യന്റെ സ്വഭാവസവിശേഷതയാണ് ചിരി. ഹാസ്യം ചിരിയോടൊപ്പം ചിന്തയെയും ഉണർത്തുന്ന പ്രക്രിയയാണ്. എന്താണ് ഹാസ്യത്തിനടിസ്ഥാനം? വികൃതമായ അനുകരണം, വിചിത്രവേഷങ്ങൾ, പൊരുത്തക്കേടുകൾ ഇങ്ങനെ നിരവധി കാരണങ്ങൾ അതിന് പിന്നിലുണ്ട്. ചിരിയില്ലാത്ത ജീവിതത്തെക്കുറിച്ച് ചിന്തിക്കാനാവില്ല. പത്താം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തോലനിൽ തുടങ്ങുന്ന നമ്മുടെ ഹാസ്യസാഹിത്യചരിത്രം മണിപ്രവാളസാഹിത്യം, തുള്ളൽ, പച്ചമലയാളം തുടങ്ങി ഇന്നുവരെയുള്ള രചനകളിൽ വളരെ സജീവമായി നിലകൊള്ളുന്നു. പൊരുത്തക്കേടിലാണ് ഹാസ്യമെന്ന തത്ത്വം പൊതുവേ അംഗീകരിക്കപ്പെട്ടതാണ്. ഗൗരവമുള്ളതിൽ നിസ്സാരത കാണുമ്പോഴോ നിസ്സാരമായതിൽ ഗൗരവം കാണുമ്പോഴോ ചിരിയുണരുക സ്വാഭാവികം. പാശ്ചാത്യർ ഹാസ്യത്തെ വിറ്റ്, ഹ്യൂമർ, സറ്റയർ എന്നിങ്ങനെ തിരിച്ചിട്ടുണ്ട്.

വിറ്റ്

ഉക്തിഹാസ്യമാണ് വിറ്റ്. സാദൃശ്യമില്ലാത്തവയ്ക്ക് അപ്രതീക്ഷിത സന്ദർഭത്തിലും രീതിയിലും സാദൃശ്യം കാണുക വിറ്റിന്റെ പ്രത്യേകതയാണ്. സൗന്ദര്യബോധത്തോട് സമ്പർക്കം പുലർത്തുന്നതും അനിയന്ത്രിതമായി ചിരിയുണർത്തുന്നതുമാണ് വിറ്റ് അഥവാ ഫലിതം.

ഹ്യൂമർ

ഹാസ്യത്തിന്റെ സമുന്നതരൂപമാണ് ഹ്യൂമർ. തത്ത്വചിന്തയോടു ബന്ധപ്പെട്ടതും ദു:ഖാത്മകവുമായ ചിരിയാണിത്. മനുഷ്യപ്രകൃതിയിലും ജീവിതത്തിലുമുള്ള പൊരുത്തക്കേടുകളെ അനുകമ്പാപൂർവം അവതരിപ്പിക്കുകയാണ് ഹ്യൂമറിസ്റ്റ്. ഹ്യൂമർ ആസ്വദിക്കുമ്പോൾ ചിരി തന്നെ ഉണ്ടാവണമെന്നില്ല. അതുകൊണ്ടാണിതിനെ ഉൽകൃഷ്ടഹാസ്യമെന്ന് വിളിക്കുന്നത്.

സറ്റയർ (ആക്ഷേപഹാസ്യം)

വ്യക്തിയിലോ സ്ഥാപനത്തിലോ സമൂഹത്തിലോ കാണുന്ന ആക്ഷേപാർഹമായ പ്രവണതകളെ പരിഹാസത്തോടെ വിമർശിക്കുന്ന സാഹിത്യരൂപമാണ് സറ്റയർ. തിരുത്തൽ എന്ന ലക്ഷ്യം മുൻനിർത്തി നിശിതമായി നടത്തുന്ന പരിഹാസമാണിത്. ബി.സി. ഏഴിൽ ജീവിച്ചിരുന്ന ഗ്രീക്കുകാരനായ ആർക്കിലോക്കസാണ് ആദ്യത്തെ സറ്റയറിസ്റ്റായി പരിഗണിക്കപ്പെടുന്നയാൾ. 'സാറ്റിയ' എന്ന ഗ്രീക്ക് പദത്തിന് വിവിധ ഭക്ഷ്യപദാർഥങ്ങൾക്കൊണ്ട് നിറഞ്ഞപാത്രം എന്നാണർഥം. ഇത്തരം കൃതികൾ ആത്യന്തികമായി ചിരിയെ പരിഹാസ്യപാത്രത്തിനെതിരെയുള്ള ആയുധമാക്കുന്നു. സറ്റയറുകളെ രണ്ടായി തരംതിരിച്ചിട്ടുണ്ട്. ഹൊറേഷ്യൻസറ്റയർ, ജൂവനാലിയൻസറ്റയർ. നാഗരികവും സഹിഷ്ണുതാപരവുമായ നേരംപോക്കാണ് ഹൊറേഷ്യൻ. ജുവനാലിയൻ സറ്റയർ ജീവിച്ചിരിക്കുന്ന കാലത്തോടുള്ള പ്രതികരണവും. സറ്റയറിന് പാരഡി,ബാർലസ്ക്, ഐറണി, ലംപൂൺ, എപ്പിഗ്രാം, കാരിക്കേച്ചർ എന്നിങ്ങനെ വേർതിരിവുകളുണ്ട്.

3

ജൈവകൃഷി

ഡോ.ആർ.പ്രകാശ്
ഡോ.കെ.രാജ്മോഹൻ

ക്രമാതീതമായ ജനസംഖ്യയ്ക്കൊപ്പം ഭക്ഷ്യോൽപ്പന്നങ്ങളുടെ ആവശ്യകതയും കൂടി വന്നപ്പോൾ വളങ്ങളും കീടനാശിനികളും പരമാവധി ഉപയോഗിച്ച് വിളകളുടെ ഉൽപ്പാദനക്ഷമത കൂട്ടാനായി നമ്മുടെ ശ്രമം. വികസിച്ച സാങ്കേതികവിജ്ഞാനവും ഇതിന് മാറ്റ് കൂട്ടി. പക്ഷേ ഇതിന്റെ ദോഷഫലങ്ങളെപ്പറ്റി ആരും ചിന്തിച്ചില്ല. വിളകളുടെ ഉൽപ്പാദനക്ഷമത ഒരു പരിധിവരെ കൂട്ടാനായെങ്കിലും ഇതുമൂലമുണ്ടായ ദോഷങ്ങൾ എത്രയോ അധികമാണ്!

മണ്ണിന്റെ കാര്യമെടുത്താൽ, കാറ്റും, കുത്തിയൊലിക്കുന്ന വെള്ളവും വളക്കൂറുള്ള മേൽമണ്ണ് നീക്കം ചെയ്ത് മണ്ണിന്റെ ഫലഭൂയിഷ്ഠത ഇല്ലാതാക്കുന്നു. തന്മൂലം കൂടുതൽ വളവും മറ്റും വിളകളുടെ വളർച്ചയ്ക്ക് വേണ്ടിവരുന്നു.

വിളകളുടെ വളർച്ചയ്ക്ക് വെള്ളം അത്യന്താപേക്ഷിതമാണ്. ഇന്ത്യയിൽ ജലസേചനത്തിനുപയോഗിക്കുന്ന വെള്ളത്തിന്റെ പകുതിയും ലഭിക്കുന്നത് ഭൂഗർഭസ്രോതസ്സുകളിൽനിന്നുമാണ്. എന്നാൽ ഇവയിലെ ജലനിരപ്പ് ഇന്നു താഴുകയാണ്. അതുപോലെതന്നെ വിളകൾക്ക് ജലത്തിന്റെ ഉപയോഗം അധികമായാൽ ജലനിരപ്പുയർന്ന് മണ്ണിലെ ധാതുലവണങ്ങളെ ലയിപ്പിച്ച് വിളകളുടെ ഉൽപ്പാദനം കുറയ്ക്കുന്നു. വെള്ളം ബാഷ്പീകരിക്കുമ്പോൾ ഈ ലവണങ്ങൾ മണ്ണിൽ അടിഞ്ഞ് മണ്ണിന്റെ കൃഷിസാധ്യത കുറയ്ക്കുന്നു.

നൈട്രജൻ വളങ്ങളുടെ അമിത ഉപയോഗംമൂലം നൈട്രേറ്റ് ജലത്തിലൂടെ ഒലിച്ചിറങ്ങി കിണറുകളെ മലിനപ്പെടുത്തുകയും നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അമിത രാസവളപ്രയോഗം മണ്ണിന്റെ വളക്കൂറ് കുറയ്ക്കുന്നു. കീടനാശിനികളുടെ അമിതപ്രയോഗം പരിസ്ഥിതിയിലും കർഷകത്തൊഴിലാളികളിലും ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഒരു വർഷത്തിൽ ഇരുപത് ദിവസം കീടനാശിനി കൈകാര്യം ചെയ്യുന്ന തൊഴിലാളിക്ക് ക്യാൻസർ ഉണ്ടാകാനുള്ള സാധ്യത മറ്റുള്ളവരെ അപേക്ഷിച്ച് വളരെ കൂടുതലാണ് എന്നാണ് ചില പഠനങ്ങൾ കാണിക്കുന്നത്.

കൂടുതൽ വിളവിനായി പുതിയ ഇനങ്ങൾ മാത്രം കൃഷിചെയ്യുന്നതുമൂലം പ്രകൃത്യാ കീടരോഗപ്രതിരോധശേഷി ഉള്ളവയുടെ കൃഷികുറയുകയും ക്രമേണ അവ അപ്രത്യക്ഷമാവുകയും ചെയ്യുന്നു. ഇവയെല്ലാം ആധുനിക കൃഷിരീതികളുടെ ദോഷഫലങ്ങളാണ്. കൃഷിയിടങ്ങളിൽ നിന്നകലെയും ഇതിന്റെ ദൃഷ്യവശങ്ങൾ കാണാം.

പദപരിചയം: *അതീതം – കവിഞ്ഞുനിൽക്കുന്നത്, വിജ്ഞാനം–ശാസ്ത്രീയമായ അറിവ്, സ്രോതസ്സ്–ഉറവിടം, പ്രകൃത്യാ–സ്വാഭാവികമായ, ക്രമാതീതം –ക്രമ+അതീതം, ഭക്ഷ്യോൽപ്പന്നം – ഭക്ഷ്യ+ഉൽപ്പന്നം,*

കൃത്രിമമായി നിർമ്മിച്ച രാസവളങ്ങൾ, കീടനാശിനികൾ, വളർച്ചാസഹായികൾ തുടങ്ങിയവ ഉപയോഗിക്കാതെ പരമാവധി ജൈവവളങ്ങളായ കാലിവളം, കമ്പോസ്റ്റ്, പച്ചിലവളങ്ങൾ, മറ്റു ജൈവവസ്തുക്കൾ എന്നിവ ഉപയോഗിച്ച് കൃഷിചെയ്യുകയും ജൈവ-കീടനിയന്ത്രണമാർഗങ്ങൾ ഉപയോഗിക്കുകയും അതുവഴി മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുകയും ചെയ്യുക എന്നതാണ് ജൈവകൃഷികൊണ്ടുദ്ദേശിക്കുന്നത്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് ചെടികളുടെ പ്രകൃത്യാ ഉള്ള രോഗ-കീട പ്രതിരോധശക്തിയും നിലനിർത്താൻ സാധിക്കും.

ജൈവകൃഷിയിൽ പ്രധാനമായും ഊന്നൽ നൽകുന്നത് ജൈവവളങ്ങൾക്കാണ്. അതിനോടൊപ്പം തന്നെ എല്ലാ രാസകീട നിയന്ത്രണമാർഗങ്ങളും ഒഴിവാക്കുന്നു. എന്നിരുന്നാലും ജിപ്സം, റോക്ക് ഫോസ്ഫേറ്റ് തുടങ്ങിയ വളങ്ങൾ ഉപയോഗിക്കാവുന്നതാണ്. കൂടാതെ ഗന്ധകം, സസ്യജന്യകീടനാശിനികൾ, വൈറസുകളെ ഉപയോഗിച്ചുള്ള രോഗകീടനിയന്ത്രണം എന്നിവയ്ക്ക് ജൈവകൃഷിയിൽ പ്രസക്തിയുണ്ട്. ജൈവകൃഷിയിൽ പ്രധാനമായും രണ്ടു തത്വങ്ങളാണുള്ളത്. രാസവളങ്ങൾക്കുപകരം ജൈവവളങ്ങളും മറ്റു ജൈവവസ്തുക്കളും ഉപയോഗിക്കലും രാസകീടനിയന്ത്രണത്തിനുപകരം ജൈവ കീടനിയന്ത്രണവുമാണത്.

ജൈവകൃഷി എന്നത് ഒരു കൃഷിരീതി എന്നതിലുപരി ഒരു ജീവിതരീതിയാണ്. അനുയോജ്യമായ സാങ്കേതികവിദ്യയും പരമ്പരാഗത കൃഷിരീതികളും കൂട്ടിയിണക്കി പരിസ്ഥിതിക്കിണങ്ങുംവിധം കൃഷിചെയ്യുന്നതിലാണ് ജൈവകൃഷിയുടെ വിജയം. ജൈവകൃഷി സ്വീകരിക്കുന്ന കർഷകൻ രാസവളങ്ങളും രാസകീടനാശിനികളും ഉപയോഗിക്കുന്നതിനെ അനുകൂലിക്കുന്നില്ല.

മണ്ണിനെ പൊന്നുപോലെ നോക്കുക എന്നത് ജൈവകൃഷിയിൽ അനുവർത്തിക്കേണ്ട ഒരു പ്രധാന സംഗതിയാണ്. ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപിനാധാരം ഏറ്റവും മേൽത്തട്ടിലുള്ള ഒരടി മണ്ണാണ്. ഒരിഞ്ച് മേൽമണ്ണ് ഉണ്ടാകുവാൻ ആയിരത്തോളം വർഷങ്ങൾ വേണ്ടിവരുമ്പോൾ അത് നശിച്ചുപോകാൻ കേവലം ദിവസങ്ങൾ മാത്രം മതിയാകും. മേൽമണ്ണ് ഒലിച്ചുപോകുന്നതുവഴി കൃഷിയിടങ്ങളിലെ വളക്കൂറ് നശിക്കുന്നു. മാത്ര

മല്ല അവ പുഴകളിലും കുളങ്ങളിലും വന്നടിഞ്ഞ് അതിന്റെ സംഭരണശേഷി കുറയ്ക്കുകയും ചെയ്യുന്നു. തന്മൂലം വേനൽക്കാലത്ത് കൊടും ജലക്ഷാമവും വർഷകാലത്ത് വെള്ളപ്പൊക്കവും ഉണ്ടാകുന്നു.

മണ്ണുസംരക്ഷണംപോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് ജലസംരക്ഷണവും. ആവശ്യത്തിലധികം മഴ ലഭിക്കുന്ന കേരളത്തിൽ ജലസംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം നൽകാത്തതുമൂലമാണ് വരൾച്ച നേരിടേണ്ടിവരുന്നത്. അസന്തുലിതമെങ്കിലും സമൃദ്ധമായി ലഭിക്കുന്ന വെള്ളം സംഭരിച്ചുവയ്ക്കുകയും ശ്രദ്ധയോടെ ഉപയോഗിക്കുകയും ചെയ്യേണ്ടത് ജൈവകൃഷിയിൽ അനുവർത്തിക്കേണ്ട പ്രധാനകാര്യമാണ്.

ജൈവകൃഷിയുടെ ഉദയത്തിനും വികാസത്തിനുമായി നിരവധി സംഭാവനകൾ നൽകിയ പ്രമുഖരാണ് സർ ആൽബർട്ട് ഹോവാർഡും മസനോബു ഫുക്കുവോക്കയും. 'ജൈവകൃഷിയുടെ സ്ഥാപകൻ' എന്നറിയപ്പെടുന്ന ഹോവാർഡ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ മണ്ണിന്റെ ഫലപുഷ്ടിയും ചെടികളുടെ ആരോഗ്യവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ മനസ്സിലാക്കിയിരുന്നു. മണ്ണിനെ കിളച്ചുനോവിക്കാതെ രാസവളങ്ങൾ, കീടനാശിനികൾ എന്നിവ പ്രയോഗിക്കാതെ, കള പറിക്കാതെ പ്രകൃതിയുടെ താളത്തിനൊത്ത് കൃഷിചെയ്യാമെന്ന് പഠിപ്പിച്ച മഹാനായ കർഷകനാണ് ഫുക്കുവോക്ക. പ്രകൃതിയെ അതിന്റെ വഴിയേ വിട്ടാൽ നമുക്കുവേണ്ടതെല്ലാം പ്രകൃതിതരുമെന്ന് അദ്ദേഹം നമ്മളെ പഠിപ്പിക്കുന്നു.

(ജൈവകൃഷി ഒരവലോകനം)

അവധാരണചോദ്യങ്ങൾ

1. ഇന്ത്യയിൽ ജലസേചനത്തിനുപയോഗിക്കുന്ന വെള്ളത്തിന്റെ പകുതിയും ലഭിക്കുന്നത് എവിടെ നിന്നാണ്?
2. ജൈവകൃഷിയിൽ പ്രധാനമായും ഊന്നൽനൽകുന്നത് എന്തിന്?
3. ജൈവകൃഷിയിലെ രണ്ടുപ്രധാനതത്ത്വങ്ങൾ ഏതെല്ലാം?
4. ഒരിഞ്ച് മേൽമണ്ണുണ്ടാകാൻ ഉദ്ദേശം എത്രവർഷങ്ങൾ വേണ്ടിവരും?
5. ജൈവകൃഷിയുടെ സ്ഥാപകൻ എന്നറിയപ്പെടുന്നതാര്?
6. ജൈവകൃഷി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?

അവധാരണചോദ്യങ്ങളുടെ ഉത്തരസൂചിക

1. ഭൂഗർഭസ്രോതസ്സുകളിൽനിന്ന്.
2. ജൈവവളങ്ങൾക്ക്.
3. രാസവളങ്ങൾക്കുപകരം ജൈവവളം, ജൈവവസ്തുക്കൾ എന്നിവ ഉപയോഗിക്കൽ
   രാസകീടനിയന്ത്രണത്തിനുപകരം ജൈവകീടനിയന്ത്രണം
4. ആയിരംവർഷം
5. സർ ആൽബർട്ട് ഹോവാർഡ്
6. കൃത്രിമമായി നിർമ്മിച്ച രാസവളങ്ങൾ, കീടനാശിനികൾ, വളർച്ചാസഹായികൾ തുടങ്ങിയവ കൃഷിക്ക് ഉപയോഗിക്കരുത്. ജൈവവളങ്ങളായ കാലിവളം, കമ്പോസ്റ്റ്, പച്ചിലവളങ്ങൾ, മറ്റുജൈവ വസ്തുക്കൾ തുടങ്ങിയവ മാത്രം പരമാവധി ഉപയോഗിക്കുക. ജൈവ-കീട നിയന്ത്രണമാർഗങ്ങൾ മാത്രം ഉപയോഗിക്കുക. ഇത്തരം മാർഗങ്ങളിലൂടെ മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുക.

പാഠാപഗ്രഥനം

കൃഷി ഒരു സംസ്കാരമാണ്. മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിലൊന്നായ ആഹാരവുമായി ബന്ധപ്പെട്ടാണ് ആ സംസ്കാരം വളർന്നത്. ശാസ്ത്രവും സാങ്കേതികവിദ്യയും എത്രതന്നെ വളർന്നു വികസിച്ചാലും ഭക്ഷണവും അതിനുവേണ്ടിയുള്ള കൃഷിയും ഒഴിവാക്കാനാവില്ല. അതുകൊണ്ടുതന്നെ പുത്തൻ സമ്പ്രദായങ്ങളിലൂടെ കാർഷികോൽപ്പാദനം കൂടുതൽ മെച്ചപ്പെട്ടതും ഗുണകരവുമാക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്.

ജനസംഖ്യയ്ക്കാനുപാതികമായി ഭക്ഷ്യോൽപ്പാദനം കൂട്ടാൻ രാസവളങ്ങളും കീടനാശിനികളുമെല്ലാം വൻതോതിൽ ഉപയോഗിച്ചു. കൃഷി ലാഭകരമാക്കുക എന്നൊരു ഉദ്ദേശ്യവും ഇതിന്റെ പിന്നിലുണ്ടായിരുന്നു. എന്നാൽ ഉൽപ്പാദനം വർധിച്ചുവെങ്കിലും പ്രകൃതിക്കും മനുഷ്യനും അങ്ങേയറ്റം ഹാനികരമായിത്തീർന്നു ഈ കാർഷികവിപ്ലവം. മണ്ണും ജലവും വായുവുമെല്ലാം മലിനീകരിക്കപ്പെട്ടു. കാർഷികമേഖലയിൽ ചെലവിടുന്നതിനേക്കാൾ ഏറെ പണം അതുമൂലമുണ്ടാകുന്ന രോഗങ്ങളുടെ ചികിത്സയ്ക്കായി മാറ്റിവയ്ക്കേണ്ടിവരുന്നു. ഇതിനൊരു പരിഹാരമാണ് ജൈവകൃഷി മുന്നോട്ടുവയ്ക്കുന്നത്. കശുമാവിൻതോട്ടങ്ങളിൽ പ്രയോഗിച്ച എൻഡോസൾഫാൻ എന്ന കീടനാശിനി കാസർകോട്ടെ 'എൻമകജെ' എന്ന ഗ്രാമത്തിലുണ്ടാക്കിയ ദുരന്തത്തിന്റെ ഭീകര

ചിത്രം നമ്മുടെ മുന്നിലുണ്ട്.

കൃത്രിമ രാസവളങ്ങളോ കീടനാശിനികളോ വളർച്ചാസഹായികളോ ഒന്നും ഉപയോഗിക്കാതെയുള്ള കൃഷിയാണ് ജൈവകൃഷി. ഇതിൽ നമുക്കുചുറ്റും സ്വാഭാവികമായി ലഭിക്കുന്ന കാലിവളം, കമ്പോസ്റ്റ്, പച്ചിലവളം തുടങ്ങിയവമാത്രമാണ് ഉപയോഗിക്കുന്നത്. കീടങ്ങളെ നശിപ്പിക്കാനാകട്ടെ ജൈവ-കീടനിയന്ത്രണമാർഗങ്ങൾ മാത്രം. ഇത് മണ്ണിന്റെ ഫലപുഷ്ടിയും പോഷകസമൃദ്ധിയും നിലനിർത്താൻ സഹായിക്കുന്നു. വിഷരഹിതമായ ഭക്ഷ്യോൽപ്പന്നങ്ങൾ ലഭിക്കുന്നു. ജൈവകൃഷിയുടെ ഉദ്ദേശ്യവും ഇതുതന്നെയാണ്. സസ്യങ്ങൾക്ക് സ്വാഭാവിക പ്രതിരോധശേഷി നിലനിർത്താനും ജൈവകൃഷി ഉപകരിക്കുന്നു.

കൃഷി മെച്ചപ്പെടുന്നതിനും കൂടുതൽ വിളവുലഭിക്കുന്നതിനും വളങ്ങൾ അത്യന്താപേക്ഷിതമാണ്. ജൈവകൃഷിയിൽ ജൈവവളങ്ങൾക്കാണ് സ്ഥാനം. എന്നിരുന്നാലും ജിപ്സം, റോക്ക്ഫോസ്ഫേറ്റ്, ഗന്ധകം തുടങ്ങിയവും ഉപയോഗിക്കുന്നു. വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ ഘടനയനുസരിച്ച് സസ്യങ്ങൾക്ക് ആവശ്യമായ മൂലകങ്ങൾ ലഭ്യമാക്കുന്നതിന് ഇവ പ്രയോഗിക്കേണ്ടിവരും.

രാസകീടനാശിനികൾ ഉപയോഗിച്ചുള്ള കീടനിയന്ത്രണ-നിവാരണമാർഗങ്ങൾ ജൈവകൃഷിയിൽ പൂർണമായും ഒഴിവാക്കുന്നു. സസ്യങ്ങളിൽനിന്നോ ജൈവാവശിഷ്ടങ്ങളിൽനിന്നോ ഉണ്ടാക്കുന്ന കീടനാശിനികൾ, വൈറസുകളെ ഉപയോഗിച്ചുള്ള രോഗ-കീടനിയന്ത്രണം തുടങ്ങിയവയാണ് ജൈവകൃഷിയിൽ സ്വീകരിക്കുന്നത്.

ജൈവകൃഷിയെന്നത് കേവലം ഒരു കൃഷിരീതിയല്ല. അതൊരു ജീവിതരീതി തന്നെയാണ്. മനുഷ്യൻ പരമ്പരാഗതമായി ചെയ്തുപോന്നിരുന്ന കൃഷിരീതികളും പുത്തൻ സാങ്കേതികവിദ്യകളും കൂട്ടിയിണക്കി കാർഷികോൽപ്പാദനം മെച്ചപ്പെടുത്തുന്നതിലാണ് ജൈവകൃഷിയുടെ വിജയം.

മണ്ണ് സംരക്ഷണത്തിന് ജൈവകൃഷിയിൽ വളരെ പ്രാധാന്യമുണ്ട്. ജീവജാലങ്ങളുടെ നിലനില്പിന് അടിസ്ഥാനം ഭൂമിയുടെ ഉപരിതലത്തിലെ ഒരടിമണ്ണാണ്. അതിൽത്തന്നെ ഒരിഞ്ച് മേൽമണ്ണ് രൂപപ്പെടാൻ വേണ്ടിവരുന്നത് ഏകദേശം ആയിരം വർഷമാണ്. പക്ഷേ, ഈ മണ്ണ് നശിക്കാനോ നഷ്ടപ്പെടാനോ ഏതാനും ദിവസങ്ങൾ മതിയാകും. രാസവളങ്ങളുടെയും കീടനാശിനികളുടെയും പ്രയോഗവും മണ്ണൊലിപ്പും മണ്ണിന്റെ ശത്രുക്കളാണ്. മേൽമണ്ണ് ഒലിച്ചുപോയാൽ കൃഷിയിടങ്ങളിലെ ഫലപുഷ്ടി നഷ്ടപ്പെടുന്നു. ഒലിച്ചുപോകുന്ന മണ്ണ് ചെന്നടിഞ്ഞ് പുഴകളും കുളങ്ങളും നികന്ന് അതിലെ ജലസംഭരണശേഷി കുറയും. ഇത് വേനൽക്കാലത്ത് ജലക്ഷാമത്തിനും മഴക്കാലത്ത് വെള്ളപ്പൊക്കത്തിനും കാരണമാകുന്നു.

ജൈവകൃഷി ജലസംരക്ഷണത്തിനും ഊന്നൽ നൽകുന്നു. ആവശ്യത്തിലധികം മഴ ലഭിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. എന്നിട്ടും ഇവിടെ വരൾച്ചയും ജലക്ഷാമവും ഉണ്ടാകുന്നത് ജലസംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം നൽകാത്തതുകൊണ്ടാണ്. സമൃദ്ധമായി ലഭിക്കുന്ന മഴവെള്ളം സംഭരിച്ചുവച്ച് വേണ്ടതുപോലെ ഉപയോഗിക്കാൻ ജൈവകൃഷിയിൽ ശ്രദ്ധവയ്ക്കുന്നു.

അപഗ്രഥനച്ചോദ്യങ്ങൾ

1. ജനസംഖ്യ കൂടിയതിനനുസരിച്ച് ഭക്ഷ്യോൽപ്പാദനം കൂട്ടാൻ രാസവളങ്ങളും കീടനാശിനികളും സാങ്കേതികവിദ്യയും സഹായിച്ചു. ഇതിലൂടെ ഉൽപ്പാദനം കൂട്ടാനായെങ്കിലും അതിലധികം ദോഷങ്ങളുമുണ്ടായി. ഈ അഭിപ്രായം വിശകലനംചെയ്ത് കുറിപ്പെഴുതുക.
2. ജൈവകൃഷിയെക്കുറിച്ച് കുറിപ്പുതയാറാക്കുക.
3. മണ്ണ് സംരക്ഷണത്തിന് ജൈവകൃഷിയിൽ പ്രാധാന്യം നൽകുന്നതിന്റെ അടിസ്ഥാനം വ്യക്തമാക്കുക.
4. ജലസംരക്ഷണത്തിന് ജൈവകൃഷിയിൽ ഊന്നൽ നൽകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

അപഗ്രഥനച്ചോദ്യങ്ങളുടെ ഉത്തരസൂചിക

1.
   - ആഹാരം അനിവാര്യഘടകമാണ്.
   - ജനസംഖ്യയ്ക്കനുസരിച്ച് ഭക്ഷ്യോൽപ്പാദനം കൂടണം.
   - രാസവളങ്ങളും കീടനാശിനികളും വിള വർധിപ്പിച്ചു.
   - ക്യാൻസർ പോലുള്ള മാരകരോഗങ്ങളുടെ വ്യാപനവും വർധിച്ചുവരുന്ന മാനസികാരോഗ്യപ്രശ്നങ്ങളും.
   - മണ്ണ്, വായു, ജലം എന്നിവയുടെ മലിനീകരണം.

3.
   - രാസവളങ്ങൾ, രാസകീടനാശിനികൾ, കൃത്രിമ വളർച്ചാസഹായികൾ തുടങ്ങിയവ ഉപയോഗിക്കുന്നില്ല.
   - ജൈവകീടനിയന്ത്രണമാർഗങ്ങൾ മാത്രം സ്വീകരിക്കുന്നു.
   - മണ്ണിന്റെ പോഷകസമൃദ്ധി പരിഗണിക്കുന്നു.
   - വിഷരഹിതമായ ഭക്ഷ്യോൽപ്പന്നങ്ങൾ ലഭിക്കുന്നു.

3. * മണ്ണ് ജീവജാലങ്ങളുടെ നിലനിൽപിന് അടിസ്ഥാനം.
   * മണ്ണൊലിപ്പിലൂടെയുള്ള മേൽമണ്ണുനഷ്ടം.
   * രാസവളകീടനാശിനി പ്രയോഗങ്ങളാലുള്ള മണ്ണിന്റെ മലിനീകരണം.
   * മണ്ണൊലിപ്പിലൂടെ ജലാശയങ്ങൾ നികരുന്നു.
   * ജലക്ഷാമം, വെള്ളപ്പൊക്കം.

3. * ജലം കൃഷിയുടെ അടിസ്ഥാനഘടകങ്ങളിൽ ഒന്നാണ്.
   * കേരളത്തിൽ ധാരാളം മഴ ലഭിച്ചിട്ടും ജലക്ഷാമവും വരൾച്ചയും.
   * ജലസംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല
   * മഴവെള്ളം സംഭരിച്ചുപയോഗിക്കുന്നതിന്റെ പ്രാധാന്യം.

വിലയിരുത്തൽ ചോദ്യം

1. 'മനുഷ്യന്റെയും മറ്റുജീവജാലങ്ങളുടെയും പ്രകൃതിയുടെയും ആരോഗ്യകരമായ നില നില്പിന് നൂറുശതമാനവും ജൈവകൃഷിതന്നെയാണ് ഉത്തമം'- ജൈവകൃഷിയുടെ പ്രാധാന്യവും പ്രസക്തിയും പാഠഭാഗത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

വിലയിരുത്തൽ ചോദ്യത്തിന്റെ ഉത്തരസൂചിക

1. ◈ രാസവളങ്ങൾ, കീടനാശിനികൾ തുടങ്ങിയവ പ്രകൃതിയുടെ താളം തെറ്റിക്കുന്നു.
   ◈ മണ്ണ്, വായു, ജലം എന്നിവ മലിനപ്പെടുന്നു, വിഷലിപ്തമാകുന്നു.
   ◈ ജൈവകൃഷി പ്രകൃത്യനുകൂലമായ കൃഷിരീതി.
   ◈ സ്വാഭാവികമായ വളങ്ങൾമാത്രം ജൈവകൃഷിയിൽ ഉപയോഗിക്കുന്നു.

- ജൈവകീടനാശിനികൾ മാത്രം ഉപയോഗിക്കുന്നു.
- മണ്ണ്, ജലം തുടങ്ങിയവയുടെ സംരക്ഷണത്തിന് ജൈവകൃഷി പ്രാധാന്യം നൽകുന്നു.
- വിഷരഹിതമായ കാർഷികോല്പന്നങ്ങൾ ജൈവകൃഷിയിൽനിന്ന് ലഭിക്കുന്നു.
- ആരോഗ്യപൂർണമായ സമൂഹത്തിന്റെ സൃഷ്ടിക്ക് ജൈവകൃഷി അനിവാര്യം.

തുടർപ്രവർത്തനങ്ങൾ

- 'ജൈവകൃഷിയെ സംബന്ധിച്ച് കേന്ദ്ര, സംസ്ഥാന കൃഷിവകുപ്പുകൾ പുറത്തിറക്കിയിട്ടുള്ള ലഘുലേഖകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ ശേഖരിച്ച് വിശദാംശങ്ങൾ മനസ്സിലാക്കുക.
- പ്രദേശത്തെ കൃഷിഭവൻ സന്ദർശിച്ച്, ജൈവകൃഷിരീതിയിൽ വീട്ടുവളപ്പിൽ പച്ചക്കറി വളർത്തുന്നതിനുവേണ്ട കാര്യങ്ങൾ കൃഷിഓഫീസറോട് ചോദിച്ചറിയുക.
- ഒരു ജൈവകൃഷിയിടം സന്ദർശിച്ച് റിപ്പോർട്ട് തയാറാക്കുക.

വിപുലപഠനത്തിന്

ജൈവകൃഷി - ഡോ.ആർ.പ്രകാശ് &
ഡോ.കെ.രാജ്മോഹൻ

ഗ്രന്ഥകാര പരിചയം

ഡോ. ആർ. പ്രകാശ്

കേരള കാർഷികസർവകലാശാല വിജ്ഞാന വ്യാപനവിഭാഗം മേധാവിയായും അസോസ്സിയേറ്റ് ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ജൈവ കൃഷി, കാർഷികമേഖലയിലെ സ്വയംതൊഴിൽസംരംഭങ്ങൾ തുടങ്ങി 12-ഓളം പുസ്തകങ്ങളും 25-ഓളം ഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാനേജ്മെന്റ്, സൈക്കോളജി എന്നിവയിൽ പി.ജി. ബിരുദവും ജേർണലിസം, കൗൺസിലിംഗ് എന്നിവയിൽ പി.ജി. ഡിപ്ലോമയുമുള്ള ഇദ്ദേഹം ഐ.എം.ജിയിൽ ഗസ്റ്റ് ഫാക്കൽട്ടിയായി സേവനമനുഷ്ഠിക്കുന്നു.

ഡോ.രാജ്മോഹൻ

കേരള കാർഷികസർവകലാശാലയിൽ മുപ്പത്തിനാല് വർഷത്തോളം സേവനമനുഷ്ഠിച്ചു. ഇന്റഗ്രേറ്റഡ് ബയോടെക്നോളജി കോഴ്സ് ഡയറക്ടറായിരുന്നു. ഹോർട്ടികൾച്ചറിൽ ബിരുദാനന്തരബിരുദവും പി.എച്ച്.ഡിയും നേടി. വിസിറ്റിംഗ് പ്രൊഫസറായും സേവനമനുഷ്ഠിക്കുന്നു.

പ്രധാന ജൈവവളങ്ങൾ

- **കാലിവളം**

കാലിത്തൊഴുത്തിൽനിന്നു ലഭിക്കുന്ന ചാണകവും ഗോമൂത്രവും തീറ്റപ്പുല്ലിന്റെ അവശിഷ്ടങ്ങളും ചേർത്തുണ്ടാക്കിയെടുക്കുന്നതാണ് കാലിവളം. ഒരു മീറ്റർ താഴ്ചയിലും ഒന്നര-രണ്ട് മീറ്റർ വീതിയിലും ലഭ്യമായ നീളത്തിലും ദീർഘചതുരാകൃതിയിൽ ഒരു കുഴിയെടുക്കണം. ചാണകവും ഗോമൂത്രംകലർന്ന ജൈവാവശിഷ്ടവും ദിവസവും തൊഴുത്തിൽനിന്ന് കുഴിയിൽ നിക്ഷേപിക്കണം. കുഴി നിറയുമ്പോൾ അത് മണ്ണിന്റെയും ചാണകത്തിന്റെയും മിശ്രിതംകൊണ്ട് മൂടണം. മൂന്ന്-നാല് മാസത്തിനുള്ളിൽ കാലിവളം തയാറാകുന്നു.

കമ്പോസ്റ്റ്

ഉണക്കയില, ചപ്പുചവറുകൾ, പച്ചില, മൂക്കാത്ത കമ്പുകൾ എന്നിവ ശേഖരിച്ച് രണ്ടടി വീതിയിൽ സൗകര്യമുള്ളത്ര നീളത്തിൽ ഒരടി കനത്തിൽ നിരത്തുക. അതിനുമീതെ നല്ല കൊഴുത്ത ചാണകക്കുഴമ്പ് നിരത്തണം. വീണ്ടും ഒരട്ടി ഇല, വേസ്റ്റ് തുടങ്ങിയവ നിരത്തുക. ചാണകപ്പാൽ തളിക്കുക. ഇങ്ങനെ മൂന്ന് തവണ നിരത്തിയശേഷം മഴയും വെയിലും കൊള്ളാതെ സിൽപാളിൻകൊണ്ട് മൂടിയിടുക. കുന കൂട്ടാതെ മണ്ണിൽ കുഴിയെടുത്തും കമ്പോസ്റ്റുണ്ടാക്കാം. ഇടയ്ക്കിടയ്ക്ക് വെള്ളം തളിച്ചുകൊടുക്കണം. രണ്ട്-മൂന്ന് മാസംകൊണ്ട് ജൈവാംശങ്ങളെല്ലാം നന്നായി ജീർണിച്ച് കമ്പോസ്റ്റ് തയാറാകുന്നു.

മണ്ണിര കമ്പോസ്റ്റ്

കുഴിയെടുത്തോ തൊട്ടികെട്ടിയോ കമ്പോസ്റ്റ് കുഴിയുണ്ടാക്കാം. സൗകര്യാനുസരണം നീളം, ഒന്നര മീറ്റർ വീതി, അറുപത് സെ.മീ. പൊക്കം (ആഴം). മഴയും വെയിലും ഏൽക്കാതിരിക്കാൻ മേൽക്കൂരയും വേണം. ഉറുമ്പുകയറാതിരിക്കാൻ ചുറ്റും ചാലെടുത്ത് വെള്ളം നിർത്തണം. കുഴിയിൽ ഒരു നിരപ്പ് തൊണ്ട് മലർത്തി അടുക്കുക. രണ്ട്-മൂന്ന് ഇഞ്ച് കനത്തിൽ നനവുള്ള ചാണകം നിരത്തുക. മണ്ണിരകളെ (യൂഡ്രില്ലസ് ഇനം) നിക്ഷേപിക്കുക. രണ്ട് ചതുരശ്രമീറ്ററിന് മുന്നൂറ്-നാനൂറ് വിരകൾ വേണം. അല്പം ജീർണിച്ച ഇലകൾ, പച്ചക്കറി വേസ്റ്റ്, കൂൺബെഡ് വേസ്റ്റ് തുടങ്ങിയവ ഒരടി കനത്തിൽ നിരത്തുക. ചാണകം കട്ടിക്ക് കലക്കി ഒഴിക്കണം. വീണ്ടും ഒരടി കനത്തിൽ ജൈവാവശിഷ്ടം നിരത്തുക. ഒരു നിരകൂടി ചാണകം കലക്കി ഒഴിച്ച് കുഴിവണ്ടു തുളയ്ക്കാത്തവിധം വലകൊണ്ട് മൂടുക. ആറുമുതൽ എട്ട് ആഴ്ചയ്ക്കുള്ളിൽ വളം തയാറാകും.

ജീവാണുവളങ്ങൾ

സൂക്ഷ്മജീവികളായ ബാക്ടീരിയയും കുമിളുകളുമാണ് ജീവാണുവളങ്ങൾ. റൈസോബിയം, അസറ്റോബാക്ടർ, അസോസ്പൈറില്ലം, മൈക്കോറൈസ മുതലായവ ജീവാണുവളങ്ങളാണ്.

(അവലംബം:
പോഷകത്തോട്ടം വീട്ടിലും വിദ്യാലയത്തിലും
കൃഷിവകുപ്പ്, ഫാം ഇൻഫർമേഷൻ ബ്യൂറോ)

1. ജൈവകീടനിയന്ത്രണ മാർഗങ്ങൾ

വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം

ഒരു ലിറ്റർ വെള്ളത്തിൽ അഞ്ചു ഗ്രാം ബാർസോപ്പ് ലയിപ്പിക്കുക. ഇതിൽ ഇരുപത് ഗ്രാം വെളുത്തുള്ളി തൊലികളഞ്ഞ് അരച്ച് നീരെടുത്ത് ചേർക്കുക. ഈ മിശ്രിതത്തിൽ ഇരുപത് മില്ലി വേപ്പെണ്ണയും ചേർത്ത് നന്നായി യോജിപ്പിച്ച് ചെടി

കളിൽ തളിക്കാം.

വേപ്പെണ്ണ എമൽഷൻ

അറുപതുഗ്രാം ബാർസോപ്പ് അരലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച ലായനി ഒരു ലിറ്റർ വേപ്പെണ്ണയിൽ ചേർത്തിളക്കുക. ഇത് പത്തിരട്ടി വെള്ളത്തിൽ ചേർത്ത് പയർചെടിയിൽ പ്രയോഗിക്കാം. ഇരുപതിരട്ടി വെള്ളംചേർത്ത് പാവൽ, പടവലം എന്നിവയിൽ തളിക്കാം.

വേപ്പിൻ കഷായം

നൂറുഗ്രാം വേപ്പില അഞ്ചുലിറ്റർ വെള്ളത്തിൽ തിളപ്പിച്ച് തണുത്തശേഷം ചെടികളിൽ തളിക്കാം.

വേപ്പിൻ പിണ്ണാക്ക്

തടങ്ങളിൽ അടിവളത്തോടൊപ്പം വേപ്പിൻ പിണ്ണാക്ക് ചേർക്കാം. ഒരു ചതുരശ്ര മീറ്ററിന് ഇരുനൂറുഗ്രാം എന്ന തോതിലാണ് ഇത് മണ്ണിൽ ചേർക്കേണ്ടത്.

പുകയിലക്കഷായം

ഇരുനൂറ്റിയൻപതുഗ്രാം പുകയില ചെറുതായി അരിഞ്ഞ് രണ്ടേകാൽ ലിറ്റർ വെള്ളത്തിൽ കുതിർത്ത് ഒരു ദിവസം വയ്ക്കുക. അതിനുശേഷം പുകയിലക്കഷണങ്ങൾ പിഴിഞ്ഞ് ചണ്ടി മാറ്റുക. അറുപതുഗ്രാം ബാർസോപ്പ് ചെറിയ കഷണങ്ങളാക്കി കാൽ ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് പുകയിലക്കഷായവുമായി നന്നായി യോജിപ്പിക്കുക. ലായനി അരിച്ചെടുത്ത് ഏഴിരട്ടി വെള്ളം ചേർത്ത് പ്രയോഗിക്കാം.

ഗോമൂത്ര-കാന്താരിമുളക് മിശ്രിതം

ഒരു കൈനിറയെ കാന്താരിമുളകെടുത്ത് അരച്ച് ഒരു ലിറ്റർ ഗോമൂത്രത്തിൽച്ചേർത്ത് അരിച്ചെടുക്കുക. ഇതിൽ അറുപതുഗ്രാം ബാർസോപ്പ് ലയിപ്പിച്ച് ചേർക്കുക. ഇതിൽ പത്തുലിറ്റർ വെള്ളം ചേർത്ത് ഉപയോഗിക്കാം.

പപ്പായ ജലസത്ത്

അൻപതു ഗ്രാം നുറുക്കിയ പപ്പായയില നൂറ് മില്ലീലിറ്റർ വെള്ളത്തിൽ ഒരു രാത്രി ഇട്ടുവയ്ക്കുക. അടുത്തദിവസം ഇല ഞെരടിപ്പിഴിഞ്ഞെടുത്ത് സത്ത് മൂന്നുനാലിരട്ടി വെള്ളം ചേർത്ത് ചെടികളിൽ തളിക്കാം.

(അവലംബം:
പച്ചക്കറികൃഷിക്ക് ഒരു സഹായി
കൃഷിവകുപ്പ്, ഫാം ഇൻഫർമേഷൻ ബ്യൂറോ)

നേടിയകഴിവുകൾ

	പൂർണമായി	ഭാഗികമായി	മെച്ചപ്പെടേണ്ടതുണ്ട്
ആക്ഷേപഹാസ്യത്തിലൂടെ സാമൂഹ്യവിമർശനം നടത്തുന്ന രചനകൾ വിശകലനംചെയ്ത് നിരീക്ഷണക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ, ഉപന്യാസങ്ങൾ, താരതമ്യക്കുറിപ്പുകൾ എന്നിവ തയാറാക്കാൻ.			
ലോകവനിതാദിനം, വൃദ്ധദിനം തുടങ്ങി പ്രധാന ദിനാചരണങ്ങളുടെ നോട്ടീസുകൾ, പോസ്റ്ററുകൾ എന്നിവ തയാറാക്കാൻ.			
ആനുകാലിക വിഷയങ്ങൾ അടിസ്ഥാനപ്പെടുത്തി നിരൂപണക്കുറിപ്പ് തയാറാക്കാൻ.			
സന്ദേശപ്രധാനമായ കവിതകളിലെ ഭാഷാപരവും സാഹിത്യപരവുമായ പ്രത്യേകതകൾ കണ്ടെത്താൻ.			
കവിത്രയകവിതകളെ വിശകലനം ചെയ്ത് സവിശേഷതകൾകണ്ടെത്തി പ്രബന്ധം തയാറാക്കാൻ			
പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത കണ്ടറിഞ്ഞ് വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്ക്കരിക്കാൻ.			
ജൈവകൃഷിയുടെ പ്രാധാന്യം ഉൾക്കൊണ്ട് ലഘുലേഖകൾ നിർമ്മിക്കാനും ജൈവകൃഷിയിലേർപ്പെടാനും.			